भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| सं० | 4422 | नई दिल्ली | बुधवार | 31 दिसंबर | 2025 | 10. पौष, 1947 (शक) | खण्ड | 14 |
| No. | 4422 | NEW DELHI | Wednesday | 31 December | 2025 | 10. Pousha, 1947 (Saka) | Vol. | 14 |
| നമ്പർ | 4422 | ന്യൂഡൽഹി | ബുധൻ | 31 ഡിസംബർ | 2025 | 10. പൌഷം, 1947 (ശക) | വാല്യം | 14 |


MINISTRY OF LAW AND JUSTICE
**(Legislative Department)**

*New Delhi, 8th May, 2025/18th Vaisakha, 1947 (Saka).*

The translation in Malayalam of The Bharatiya Nyaya Sanhitha, 2023 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ഭാരതീയ നീതി സംഹിത, 2023-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. RAJIV MANI,
*Secretary to the Government of India.*

GCPT.212/1497/2025/S-6.

# ഭാരതീയ നീതി സംഹിത, 2023

2023-ലെ 45-ാം നമ്പർ

[2023 ഡിസംബർ, 25]

കുറ്റങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് വിഷയങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:-

## അധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും പ്രാരംഭവും ബാധകതയും.

1. (1) ഈ ആക്റ്റിന് ഭാരതീയ നീതി സംഹിത, 2023 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി[1]യിൽ പ്രാബല്യത്തിൽ വരുന്നതും ഈ സംഹിതയിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

(3) ഓരോ ആളും ഈ സംഹിതയിൻകീഴിൽ, അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെയ്യുന്നതും അയാൾ ഇൻഡ്യയിൽ അപരാധിയാകുന്നതുമായ ഓരോ കൃത്യത്തിനും അല്ലെങ്കിൽ കൃത്യവിലോപത്തിനും, ശിക്ഷാർഹനാകുന്നതും മറ്റുവിധത്തിൽ ആകാത്ത തുമാണ്.

(4) ഇൻഡ്യയ്ക്ക് വെളിയിൽ വച്ച് ചെയ്യപ്പെട്ട ഒരു കുറ്റത്തിന് വിചാരണചെയ്യപ്പെടുവാൻ, ഇൻഡ്യയിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം, അർഹനായ ഏതൊരാളേയും സംബന്ധിച്ച്, ഇൻഡ്യയ്ക്ക് വെളിയിൽ വച്ച് ചെയ്യപ്പെട്ട ഏതെങ്കിലും

---

1. 2024 ജൂലൈ 1.—106-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഒഴികെ എല്ലാ വകുപ്പുകളും [2024 ഫെബ്രുവരി 23-ാം തീയതിയിലെ എസ്. ഒ. 850 (ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3 (ii) കാണുക].

കൃത്യത്തിന് അങ്ങനെയുള്ള കൃത്യം ഇൻഡ്യയ്ക്കുള്ളിൽ വച്ച് ചെയ്തിരുന്നുവെങ്കിലെന്നപോലെ ഈ സംഹിതയിലെ വ്യവസ്ഥകൾ അനുസരിച്ച് നടപടി എടുക്കപ്പെടേണ്ടതാണ്.

(5) ഈ സംഹിതയിലെ വ്യവസ്ഥകൾ—

(ക) ഇൻഡ്യയിലെ ഏതെങ്കിലും പൗരൻ ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്യുന്ന ഏതെങ്കിലും കുറ്റത്തിനും;

(ഖ) ഏതെങ്കിലും ആൾ ഇൻഡ്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും കപ്പലിലോ വ്യോമയാനത്തിലോ വച്ച്, അത് എവിടെയായിരുന്നാലും, ചെയ്യുന്ന ഏതെങ്കിലും കുറ്റത്തിനും;

(ഗ) ഏതെങ്കിലും ആൾ ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് ഇൻഡ്യയിൽ സ്ഥിതിചെയ്യുന്ന ഒരു കമ്പ്യൂട്ടർ റിസോഴ്സിനെ ലക്ഷ്യം വച്ചുകൊണ്ട് ചെയ്യുന്ന ഏതെങ്കിലും കുറ്റത്തിനും;

കൂടി ബാധകമാകുന്നതാണ്.

*വിശദീകരണം.*— ഈ വകുപ്പിൽ, "കുറ്റം" എന്ന വാക്കിൽ ഇൻഡ്യയ്ക്ക് പുറത്തുവച്ച് ചെയ്യുന്നതും ഇൻഡ്യയിൽ വച്ച് ചെയ്തിരുന്നുവെങ്കിൽ ഈ സംഹിതയിൻകീഴിൽ ശിക്ഷാർഹമാകുമായിരുന്നതുമായ ഏതൊരു കൃത്യവും ഉൾപ്പെടുന്നതാണ്.

*ദൃഷ്ടാന്തം*

ഇൻഡ്യയിലെ ഒരു പൗരനായ <u>ക</u> ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് ഒരു കൊലപാതകം നടത്തുന്നു. ഇൻഡ്യയിൽ അയാളെ കണ്ടെത്തുന്ന ഏത് സ്ഥലത്തുവച്ചും അയാളെ വിചാരണ ചെയ്യുകയും അയാളുടെമേൽ കൊലക്കുറ്റം സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

(6) ഈ സംഹിതയിലെ യാതൊന്നും ഇൻഡ്യാ ഗവൺമെന്റിന്റെ സേവനത്തിലുള്ള ഉദ്യോഗസ്ഥൻമാരുടെയോ സൈനികരുടെയോ നാവികരുടെയോ വൈമാനികരുടെയോ കലാപത്തിനും ഉപേക്ഷിച്ചുപോകലിനും ശിക്ഷ നൽകുന്നതിനുള്ള ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകളെയോ ഏതെങ്കിലും പ്രത്യേകമോ തദ്ദേശീയമോ ആയ നിയമത്തിലെ വ്യവസ്ഥകളെയോ ബാധിക്കുന്നതല്ല.

നിർവചനങ്ങൾ

2. ഈ സംഹിതയിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "കൃത്യം" എന്ന വാക്ക് ഒരൊറ്റ കൃത്യത്തെ മാത്രമല്ല കൃത്യങ്ങളുടെ പരമ്പരയെയും കുറിക്കുന്നു;

(2) "മൃഗം" എന്നാൽ മനുഷ്യൻ അല്ലാതെയുള്ള ഏതെങ്കിലും ജീവി എന്നർഥമാകുന്നു;

(3) "കുട്ടി" എന്നാൽ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ഏതെങ്കിലും ആൾ എന്നർഥമാകുന്നു;

(4) "കപടാനുകരണം".— ഒരു സാധനത്തിന് മറ്റൊരു സാധനത്തിനോട് സദൃശമുള്ളത്, ആ സാദൃശ്യംവഴി കബളിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ അതുവഴി കബളിപ്പിക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആക്കുന്ന ഒരാൾ, "കപടാനുകരണം" നടത്തുന്നതായി പറയപ്പെടുന്നു.

*വിശദീകരണം* 1.— കപടാനുകരണത്തിന് അനുകരണം ശരിക്കും ഒത്തതായിരിക്കണമെന്നത് ആവശ്യമല്ല.

*വിശദീകരണം* 2.— ഒരാൾ ഒരു സാധനം മറ്റൊരു സാധനത്തിന് സദൃശമാക്കുകയും, ആ സാദൃശ്യം വഴി ഒരാൾ കബളിപ്പിക്കപ്പെടാവുന്ന ഒന്നായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെ ഒരു സാധനം മറ്റൊരു സാധനത്തിന് സദൃശമാക്കുന്ന ആൾ ആ സാദൃശ്യം വഴി കബളിപ്പിക്കൽ നടത്തണമെന്ന് ഉദ്ദേശിച്ചിരുന്നുവെന്നോ അല്ലെങ്കിൽ അതുവഴി കബളിപ്പിക്കൽ നടക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞിരുന്നുവെന്നോ, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാകുന്നു;

(5) "കോടതി" എന്നാൽ തനിയെ ജുഡീഷ്യലായി പ്രവർത്തിക്കുവാൻ നിയമം അധികാരപ്പെടുത്തിയ ഒരു ജഡ്ജിയെയോ, ഒരു നികായമായി ജുഡീഷ്യലായി പ്രവർത്തിക്കുവാൻ നിയമം അധികാരപ്പെടുത്തിയ ജഡ്ജിമാരുടെ ഒരു നികായത്തെയോ, അങ്ങനെയുള്ള ജഡ്ജിയോ ജഡ്ജിമാരുടെ നികായമോ ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ, എന്നർഥമാകുന്നു;

(6) "മരണം" എന്നാൽ വിപരീതമായത് സന്ദർഭത്തിൽ നിന്ന് തോന്നാത്തപക്ഷം, ഒരു മനുഷ്യന്റെ മരണം എന്നർഥമാകുന്നു;

(7) "നേരുകേടായി" എന്നാൽ ഒരാൾക്ക് അന്യായമായ ലാഭമോ മറ്റൊരാൾക്ക് അന്യായമായ നഷ്ടമോ ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി എന്തെങ്കിലും ചെയ്യുന്നത് എന്നർഥമാകുന്നു;

(8) "രേഖ" എന്നാൽ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗങ്ങളിലൂടെയോ ഏതെങ്കിലും പദാർഥത്തിൻമേൽ പ്രകടമാക്കുകയോ വിവരിക്കുകയോ ചെയ്തിട്ടുള്ളതായ ഏതെങ്കിലും കാര്യം എന്നർഥമാകുന്നതും, ആ കാര്യത്തിന്റെ തെളിവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ഉപയോഗിക്കാവുന്നതോ ആയ ഇലക്ട്രോണിക്കും ഡിജിറ്റലുമായ റിക്കാർഡും ഉൾപ്പെടുന്നതുമാകുന്നു.

*വിശദീകരണം* 1.— ഏത് മാർഗത്തിലൂടെയാണോ അല്ലെങ്കിൽ ഏത് പദാർഥത്തിൻമേലാണോ ആ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ രൂപപ്പെടുത്തിയിട്ടുള്ളത് എന്നുള്ളതോ, ആ തെളിവ് ഒരു കോടതിയിലേക്ക് ഉദ്ദേശിച്ചിട്ടുള്ളതാണോ അല്ലയോ അല്ലെങ്കിൽ ഉപയോഗിക്കാവുന്നതാണോ അല്ലയോ എന്നുള്ളതോ സാരമുള്ളതല്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു കരാറിലെ വ്യവസ്ഥകൾ പ്രകടമാക്കുന്നതും ആ കരാറിന് തെളിവായി ഉപയോഗിക്കാവുന്നതുമായ ഒരു ലിഖിതം ഒരു രേഖയാകുന്നു.

(ഖ) ഒരു ബാങ്കർക്കുള്ള ഒരു ചെക്ക് ഒരു രേഖയാകുന്നു.

(ഗ) ഒരു മുക്ത്യാർനാമം ഒരു രേഖയാകുന്നു.

(ഘ) തെളിവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ഉപയോഗിക്കാവുന്നതോ ആയ ഒരു ഭൂപടമോ പ്ലാനോ ഒരു രേഖയാകുന്നു.

(ങ) നിർദേശങ്ങളും ബോധനങ്ങളും അടങ്ങിയതായ ഒരു ലിഖിതം ഒരു രേഖയാകുന്നു.

*വിശദീകരണം* 2.— അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി കച്ചവടമോ മറ്റ് വഴക്കമോ അനുസരിച്ചുള്ള വിശദീകരണ പ്രകാരം എന്തുതന്നെ പ്രകടമാക്കിയിട്ടുണ്ടെങ്കിലും, അത് യഥാർഥത്തിൽ പ്രകടമാക്കപ്പെട്ടതല്ലെങ്കിലും ഈ വകുപ്പിന്റെ അർഥത്തിൽ അങ്ങനെയുള്ള അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി പ്രകടമാക്കിയതായി കരുതപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തം*

ക, അയാളുടെ ഓർഡർ പ്രകാരം പണം കൊടുക്കേണ്ടുന്ന വിനിമയപത്രത്തിന്റെ പുറകുവശത്ത് അയാളുടെ പേര് എഴുതുന്നു. കച്ചവടവഴക്കമനുസരിച്ചുള്ള വിശദീകരണപ്രകാരം ആ എൻഡോഴ്സ് മെന്റിന്റെ അർഥം ആ വിനിമയപത്രപ്രകാരമുള്ള പണം അതിന്റെ കൈവശക്കാരന് കൊടുക്കണമെന്നാണ്. ആ എൻഡോഴ്സ്മെന്റ് ഒരു രേഖയാകുന്നു, അതിന് "കൈവശക്കാരന് കൊടുക്കുക" എന്ന വാക്കുകളോ ആ അർഥം വരുന്ന വാക്കുകളോ കൈയൊപ്പിനുമുകളിൽ എഴുതിയിട്ടുണ്ടാ യിരുന്നാലെന്ന അതേ രീതിയിൽ തന്നെ അർഥം കൽപിക്കേണ്ടതുമാണ്;

(9) "വഞ്ചനാപൂർവം" എന്നാൽ വഞ്ചിക്കണമെന്ന ഉദ്ദേശ്യ ത്തോടുകൂടി എന്തെങ്കിലും ചെയ്യുന്നത് എന്നർഥമാകുന്നതും എന്നാൽ മറ്റ് വിധത്തിലാണെങ്കിൽ അങ്ങനെ അല്ലാത്തതും ആകുന്നു;

(10) "ലിംഗം".—"അയാൾ" എന്ന സർവനാമവും അതിന്റെ വ്യുത്പന്നങ്ങളും ഏതൊരു ആളെക്കുറിച്ചും, ആണോ പെണ്ണോ ട്രാൻസ്ജെൻഡറോ ആയാലും, ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

*വിശദീകരണം.*— "ട്രാൻസ്ജെൻഡർ" എന്നതിന് ട്രാൻസ്ജെൻഡർ ആളുകൾ (അവകാശങ്ങളുടെ സംരക്ഷണം) ആക്റ്റ്, 2019 (2019-ലെ 40) 2-ാം വകുപ്പ് (ട) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(11) "ഉത്തമവിശ്വാസം".— വേണ്ടത്ര അവധാനത്തോടും ശ്രദ്ധയോടും കൂടിയല്ലാതെ ചെയ്യുന്നതോ വിശ്വസിക്കുന്നതോ ആയ യാതൊന്നും "ഉത്തമവിശ്വാസ" പൂർവം ചെയ്യുന്നതോ വിശ്വസിക്കുന്നതോ ആയി പറയപ്പെടുന്നില്ല;

(12) "സർക്കാർ" എന്നാൽ കേന്ദ്രസർക്കാർ അല്ലെങ്കിൽ ഒരു സംസ്ഥാനസർക്കാർ എന്നർത്ഥമാകുന്നു;

(13) "അഭയം" എന്നതിൽ ഒരാൾക്ക് ആശ്രയമോ ഭക്ഷണമോ പാനീയമോ പണമോ വസ്ത്രങ്ങളോ ആയുധങ്ങളോ വെടിക്കോപ്പോ വാഹനസൗകര്യമോ നൽകുന്നതോ അല്ലെങ്കിൽ പിടിക്കപ്പെടുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനുവേണ്ടി ഏതെങ്കിലും മാർഗം മുഖേന അത് ഈ ഖണ്ഡത്തിൽ എണ്ണിപ്പറഞ്ഞിട്ടുള്ള തരത്തിൽത്തന്നെയുള്ളതായാലും അല്ലെങ്കിലും, ഒരാളെ സഹായിക്കുന്നതോ ഉൾപ്പെടുന്നതുമാകുന്നു;

(14) "ക്ഷതി" എന്നാൽ ഏതെങ്കിലും ആൾക്ക് അയാളുടെ ശരീരത്തിനോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ നിയമ വിരുദ്ധമായി ഉണ്ടാക്കുന്ന ഏതൊരു ഹാനിയും എന്നർത്ഥമാകുന്നു;

(15) "നിയമവിരുദ്ധ"വും "നിയമപ്രകാരം ചെയ്യുവാൻ ബാധ്യസ്ഥ"വും.— "നിയമവിരുദ്ധം" എന്ന വാക്ക് കുറ്റമായതോ, നിയമത്താൽ നിരോധിക്കപ്പെട്ടതോ ഒരു സിവിൽ നടപടിക്ക് കാരണം നൽകുന്നതോ ആയ ഏതൊരു കാര്യത്തിനും ബാധകമാകുന്നതും; ഏതൊരു കാര്യത്തിൽ ഒരാൾ കൃത്യവിലോപം വരുത്തുന്നത് നിയമവിരുദ്ധമാകുന്നുവോ അത് അയാൾ "നിയമപ്രകാരം ചെയ്യുവാൻ ബാധ്യസ്ഥ"മാണെന്ന് പറയപ്പെടുന്നതും, ആകുന്നു;

(16) "ജഡ്ജി" എന്നാൽ ജഡ്ജിയായി ഔദ്യോഗികമായി സ്ഥാനനിർദേശം ചെയ്യപ്പെട്ട ഒരാളായിരിക്കുന്നതും, അതിൽ,—

(i) സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും നിയമനടപടിയിൽ ഒരു അന്തിമമായ വിധിന്യായമോ, എതിരായി അപ്പീൽ ബോധിപ്പിച്ചിട്ടില്ലെങ്കിൽ അന്തിമമായിത്തീരുന്ന ഒരു വിധിന്യായമോ, മറ്റേതെങ്കിലും അധികാരസ്ഥാനത്താലും സ്ഥിരീകരിക്കപ്പെടുന്നുവെങ്കിൽ അന്തിമമായിത്തീരുന്ന ഒരു വിധിന്യായം, നൽകുവാൻ നിയമത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാളും; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഒരു വിധിന്യായം നൽകുവാൻ നിയമത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ആളുകളുടെ നികായമായ, ഒരു നികായത്തിലെയോ അല്ലെങ്കിൽ ആളുകളിലേയോ ഏതൊരാളും,

ഉൾപ്പെടുന്നതുമാകുന്നു.

*ദൃഷ്ടാന്തം*

ഒരു മജിസ്ട്രേറ്റ്, തനിക്ക് പിഴയോ തടവോ ശിക്ഷവിധിക്കുവാൻ അധികാരമുള്ളതായ ഒരു ചാർജിനെ സംബന്ധിച്ച്, അപ്പീൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും, അധികാരിത വിനിയോഗിക്കുമ്പോൾ ഒരു ജഡ്ജിയാകുന്നു;

(17) "ജീവൻ" എന്നാൽ വിപരീതമായത് സന്ദർഭത്തിൽനിന്ന് തോന്നാത്തപക്ഷം, ഒരു മനുഷ്യന്റെ ജീവൻ എന്നർഥമാകുന്നു;

(18) "തദ്ദേശനിയമം" എന്നാൽ ഇൻഡ്യയിലെ ഒരു പ്രത്യേക ഭാഗത്തിനുമാത്രം ബാധകമാകുന്ന ഒരു നിയമം എന്നർഥമാകുന്നു;

(19) "പുരുഷൻ" എന്നാൽ മനുഷ്യരിലെ ഏത് പ്രായത്തിലുമുള്ള ആൺ എന്നർഥമാകുന്നു;

(20) "മാസവും", "വർഷവും". —"മാസം" എന്ന വാക്കോ "വർഷം" എന്ന വാക്കോ ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം ആ മാസമോ ആ വർഷമോ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് ഗണിക്കണമെന്ന് മനസ്സിലാക്കേണ്ടതാകുന്നു;

(21) "ജംഗമവസ്തു" എന്നതിൽ ഭൂമിയും ഭൂബദ്ധമായതോ ഭൂബദ്ധമായ ഏതിനോടെങ്കിലും സ്ഥിരമായി ബന്ധിച്ചിട്ടുള്ളതോ ആയ സാധനങ്ങളും ഒഴികെ, ഏതുതരത്തിലുള്ള വസ്തുവും ഉൾപ്പെടുന്നതാകുന്നു;

(22) "വചനം".— സന്ദർഭത്തിൽ വിപരീതമാണെന്ന് തോന്നാത്ത പക്ഷം, ഏകവചനം കുറിക്കുന്ന വാക്കുകളിൽ ബഹുവചനവും, ബഹുവചനം കുറിക്കുന്ന വാക്കുകളിൽ ഏകവചനവും ഉൾപ്പെടുന്ന താകുന്നു;

(23) "ശപഥം" എന്നതിൽ നിയമത്താൽ ശപഥത്തിനുപകരം ചേർക്കപ്പെട്ടിട്ടുള്ള സഗൗരവപ്രതിജ്ഞയും ഒരു പബ്ലിക് സർവന്റിന്റെ മുമ്പാകെ ചെയ്യുവാനോ, ഒരു കോടതിയിൽ ആയാലും അല്ലെങ്കിലും, തെളിവിന്റെ ആവശ്യത്തിലേക്കായി ഉപയോഗിക്കുവാനോ നിയമത്താൽ ആവശ്യപ്പെട്ടിട്ടുള്ളതോ അധികാരം നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും പ്രഖ്യാപനവും ഉൾപ്പെടുന്നതാകുന്നു;

(24) "കുറ്റം".— (ക) യും (ഖ)യും ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള അധ്യായങ്ങളിലും വകുപ്പുകളിലും ഒഴികെ, "കുറ്റം" എന്ന വാക്കിന് ഈ സംഹിതയാൽ ശിക്ഷാർഹമാക്കിയിട്ടുള്ള ഒരു കാര്യം ചെയ്തിട്ടുള്ളത് എന്നർഥമാകുന്നു, എന്നാൽ—

(ക) III-ാം അധ്യായത്തിലും താഴെപ്പറയുന്ന വകുപ്പുകളിലും, അതായത്, 8-ാം വകുപ്പിന്റെ (2), (3), (4), (5) എന്നീ ഉപ വകുപ്പുകളിലും 9, 49, 50, 52, 54, 55, 56, 57, 58, 59, 60, 61, 119, 120, 123 വകുപ്പുകളിലും 127-ാം വകുപ്പിന്റെ (7) ഉം (8) ഉം ഉപ വകുപ്പുകളിലും 222, 230, 231, 240, 248, 250, 251, 259, 260, 261, 262, 263, 308-ാം വകുപ്പിന്റെ (6)ഉം (7)ഉം ഉപ വകുപ്പുകളിലും 330-ാം വകുപ്പിന്റെ (2)-ാം ഉപ വകുപ്പിലും "കുറ്റം" എന്ന വാക്കിന് ഈ സംഹിതയിൻകീഴിൽ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക നിയമത്തിന്റെയോ തദ്ദേശനിയമത്തിന്റെയോ കീഴിൽ ശിക്ഷാർഹമായ ഒരു കാര്യം എന്നർഥമാകുന്നു; കൂടാതെ

(ഖ) 189-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലും 211, 212, 238, 239, 249, 253 എന്നീ വകുപ്പുകളിലും 329-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലും "കുറ്റം"എന്ന വാക്കിനുള്ള ആ അർഥം തന്നെ, പ്രത്യേക നിയമത്തിന്റെയോ തദ്ദേശനിയമത്തിന്റെയോ കീഴിൽ ശിക്ഷാർഹമായിട്ടുള്ള കൃത്യം, അങ്ങനെയുള്ള നിയമത്തിനുകീഴിൽ ആറ് മാസത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള തടവിന്, അത് പിഴയോടുകൂടിയോ കൂടാതെയോ ആയിരുന്നാലും ശിക്ഷാർഹമായിരിക്കുമ്പോൾ, ഉണ്ടായിരിക്കുന്നതും ആകുന്നു;

(25) "കൃത്യവിലോപം" എന്നത് ഒരൊറ്റ കൃത്യവിലോപത്തെ മാത്രമല്ല കൃത്യവിലോപങ്ങളുടെ പരമ്പരയെയും കുറിക്കുന്നു;

(26) "ആൾ" എന്നതിൽ ഏതെങ്കിലും കമ്പനിയോ സമാജമോ ആളുകളുടെ നികായമോ, അത് ഏകാംഗീകൃതമായതോ അല്ലാത്തതോ ആയാലും, ഉൾപ്പെടുന്നതാകുന്നു;

(27) "പൊതുജനം" എന്നതിൽ പൊതുജനങ്ങളിലെ ഏതെങ്കിലും വിഭാഗമോ ഏതെങ്കിലും സമുദായമോ ഉൾപ്പെടുന്നതാകുന്നു;

(28) "പബ്ലിക് സർവന്റ്" എന്നാൽ താഴെക്കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ഏതിലെങ്കിലുംപെടുന്ന ഒരാൾ എന്നർഥമാകുന്നു, അതായത്:—

(ക) കരസേനയിലെയോ നാവികസേനയിലെയോ വ്യോമസേനയിലെയോ ഏതൊരു കമ്മീഷൻഡ് ഓഫീസറും;

(ഖ) തനിച്ചോ, അല്ലെങ്കിൽ ആളുകളുടെ ഏതെങ്കിലും നികായത്തിലെ ഒരു അംഗമെന്ന നിലയിലോ, ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള ഏതെങ്കിലും ചുമതല നിർവഹിക്കുന്നതിന് നിയമം അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ ഉൾപ്പെടെ, ഏതൊരു ജഡ്ജിയും ;

(ഗ) അങ്ങനെയുള്ള ഓഫീസർ എന്ന നിലയ്ക്ക്, നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലും വിഷയത്തെ കുറിച്ച് അന്വേഷണം നടത്തുകയോ റിപ്പോർട്ട് ചെയ്യുകയോ

ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ ഏതെങ്കിലും വസ്തു ഏറ്റെടുക്കുകയോ വ്യയനം ചെയ്യുകയോ ഏതെങ്കിലും ജൂഡീഷ്യൽ പ്രോസസ്സ് നടത്തുകയോ ഏതെങ്കിലും ശപഥം ചെയ്യിക്കുകയോ ദ്വിഭാഷിയായി പ്രവർത്തിക്കുകയോ കോടതിയിൽ സമാധാനം പാലിക്കുകയോ ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള ഒരു ലിക്വിഡേറ്ററോ റിസീവറോ കമ്മീഷണറോ ഉൾപ്പെടെ ഒരു കോടതിയിലെ ഏതൊരു ഓഫീസറും, അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവഹിക്കുവാൻ ഒരു കോടതി പ്രത്യേകമായി അധികാരം നൽകിയിട്ടുള്ള ഏതൊരാളും;

(ഘ) ഒരു കോടതിക്കോ പബ്ലിക് സർവന്റിനോ സഹായം നൽകുന്ന ഏതൊരു അസ്സസ്സറും അല്ലെങ്കിൽ പഞ്ചായത്തംഗവും;

(ങ) ഏതെങ്കിലും കോടതിയോ ക്ഷമതയുള്ള മറ്റ് ഏതെങ്കിലും പൊതു അധികാരസ്ഥാനമോ ഏതെങ്കിലും വിവാദമോ വിഷയമോ തീരുമാനത്തിനോ റിപ്പോർട്ടിനോ ആയി അയച്ചു കൊടുക്കപ്പെട്ടിട്ടുള്ളതായ ഏതൊരു മധ്യസ്ഥനും അല്ലെങ്കിൽ മറ്റ് ആളും;

(ച) ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നത് വഴി, തനിക്ക് ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുവാനോ സൂക്ഷിക്കുവാനോ അധികാരപ്പെടുത്തപ്പെട്ടതായ ഏതൊരാളും;

(ഛ) അങ്ങനെയുള്ള ഓഫീസർ എന്ന നിലയ്ക്ക്, കുറ്റങ്ങൾ തടയുകയോ കുറ്റങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നൽകുകയോ കുറ്റക്കാരെ ന്യായവിധേയരാക്കുകയോ അല്ലെങ്കിൽ പൊതു ജനങ്ങളുടെ ആരോഗ്യമോ ഭദ്രതയോ സൗകര്യമോ സംരക്ഷിക്കുകയോ ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള സർക്കാരിന്റെ ഏതൊരു ഓഫീസറും;

(ജ) അങ്ങനെയുള്ള ഓഫീസർ എന്ന നിലയ്ക്ക്, സർക്കാരിനുവേണ്ടി ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ

അല്ലെങ്കിൽ സർക്കാരിനുവേണ്ടി ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ കരാറിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും റവന്യൂ-പ്രോസസ്സ് നടത്തുകയോ, അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപര്യങ്ങളെ ബാധിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയോ റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപര്യങ്ങളുടെ സംരക്ഷണത്തിനുള്ള ഏതെങ്കിലും നിയമത്തിന്റെ ലംഘനം തടയുകയോ ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള ഏതൊരു ഓഫീസറും;

(ഝ) അങ്ങനെയുള്ള ഓഫീസർ എന്ന നിലയ്ക്ക് ഏതെങ്കിലും ഗ്രാമത്തിന്റെയോ പട്ടണത്തിന്റെയോ ജില്ലയുടെയോ മതേതരമായ പൊതു ആവശ്യത്തിനുവേണ്ടി ഒരു ഓഫീസർ എന്ന നിലയിൽ ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ, ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ, ഏതെങ്കിലും നിരക്കോ നികുതിയോ ചുമത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും ഗ്രാമത്തിലെയോ പട്ടണത്തിലെയോ ജില്ലയിലെയോ ജനങ്ങളുടെ അവകാശങ്ങൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള ഏതൊരു ഓഫീസറും;

(ഞ) ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നത്വഴി, തനിക്ക് ഒരു തിരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ വച്ചുപോരുകയോ പുതുക്കുകയോ ചെയ്യുവാനോ അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പോ ഒരു തിരഞ്ഞെടുപ്പിന്റെ ഭാഗമോ നടത്തുവാനോ അധികാരപ്പെടുത്തപ്പെട്ടതായ ഏതൊരാളും;

(ട) (i) സർക്കാരിന്റെ സർവീസിലോ ശമ്പളത്തിലോ ഇരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് കർത്തവ്യം നിർവഹിക്കുന്നതിന് ഫീസോ കമ്മീഷനോ വേതനമായി സർക്കാരിൽ നിന്നും ലഭിക്കുകയോ;

(ii) സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 3-ാം വകുപ്പിന്റെ (31)-ാം ഖണ്ഡത്തിൽ നിർവചിച്ച പ്രകാരമുള്ള ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ ഒരു ആക്റ്റിൻകീഴിൽ സ്ഥാപിക്കപ്പെട്ട ഒരു ഏകാംഗയോഗത്തിന്റെയോ അല്ലെങ്കിൽ കമ്പനീസ് ആക്റ്റ്, 2013 (2013-ലെ 18)-ലെ 2-ാം വകുപ്പിന്റെ (45)-ാം ഖണ്ഡത്തിൽ നിർവചിച്ചപ്രകാരമുള്ള ഒരു സർക്കാർ കമ്പനിയുടെയോ സർവീസിലോ ശമ്പളത്തിലോ ഉള്ളതായ,

ഏതൊരാളും.

*വിശദീകരണം.—*

(ക) ഈ ഖണ്ഡത്തിൽ കൊടുത്തിട്ടുള്ള വിവരണങ്ങളിൽ ഏതിലെങ്കിലും കീഴിൽപ്പെടുന്ന ആളുകൾ, സർക്കാരിനാൽ നിയമിക്കപ്പെട്ടവരാണെങ്കിലും അല്ലെങ്കിലും പബ്ലിക് സർവന്റുമാരാകുന്നതാണ്;

(ഖ) ഒരു പബ്ലിക് സർവന്റിന്റെ സ്ഥാനം യഥാർത്ഥത്തിൽ വഹിക്കുന്ന ഏതൊരാളും, ആ സ്ഥാനം വഹിക്കാനുള്ള അയാളുടെ അവകാശത്തിന് എന്തെല്ലാം നിയമപ്രകാരമുള്ള ന്യൂനത ഉണ്ടായിരുന്നാലും, ഒരു പബ്ലിക് സർവന്റ് ആകുന്നതാണ്;

(ഗ) "തിരഞ്ഞെടുപ്പ്" എന്നാൽ ഏതെങ്കിലും നിയമനിർമ്മാണാധികാരസ്ഥാനത്തേക്കോ മുനിസിപ്പൽ അധികാരസ്ഥാനത്തേക്കോ മറ്റ് പൊതു അധികാരസ്ഥാനത്തേക്കോ, ഏത് സ്വഭാവത്തിലുള്ളതായാലും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ നിയമത്തിൻകീഴിലോ ഉള്ള തിരഞ്ഞെടുപ്പ് രീതിയിലൂടെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള തിരഞ്ഞെടുപ്പ് എന്നർത്ഥമാകുന്നു.

*ദൃഷ്ടാന്തം*

ഒരു മുനിസിപ്പൽ കമ്മീഷണർ ഒരു പബ്ലിക് സർവന്റ് ആകുന്നു;

(29) "വിശ്വസിക്കുവാനുള്ള കാരണം".— ഒരാൾക്ക് ഒരു കാര്യം, ആ കാര്യം തനിക്ക് വിശ്വസിക്കുവാൻ മതിയായ കാരണമുണ്ടെങ്കിൽ, "വിശ്വസിക്കുവാനുള്ള കാരണം" ഉണ്ടെന്ന് പറയപ്പെടുന്നതും എന്നാൽ മറ്റുവിധത്തിൽ അല്ലാത്തതുമാകുന്നു;

(30) ‘‘പ്രത്യേക നിയമം’’ എന്നാൽ ഒരു പ്രത്യേക വിഷയത്തിന് ബാധകമാകുന്ന ഒരു നിയമം എന്നർഥമാകുന്നു;

(31) ‘‘മൂല്യമുള്ള ഈട്’’ എന്നാൽ നിയമപ്രകാരമുള്ള ഏതെങ്കിലും അവകാശം സൃഷ്ടിക്കുകയോ വ്യാപിപ്പിക്കുകയോ കൈമാറ്റം ചെയ്യുകയോ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ഒഴിഞ്ഞുകൊടുക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ അതിലൂടെ ഏതെങ്കിലും ആൾ താൻ നിയമപ്രകാരമുള്ള ബാധ്യതയ്ക്ക് വിധേയനായിരിക്കുന്നുവെന്നോ നിയമപ്രകാരമുള്ള ഏതെങ്കിലും ഒരു പ്രത്യേക അവകാശം ഇല്ലെന്ന് സമ്മതിക്കുന്നതോ ആയ ഒരു രേഖയോ, അല്ലെങ്കിൽ അങ്ങനെയുള്ള രേഖയാണെന്ന് കരുതപ്പെടുന്ന ഒരു രേഖയോ എന്നർഥമാകുന്നു.

*ദൃഷ്ടാന്തം*

<u>ക</u> ഒരു വിനിമയപത്രത്തിന്റെ പുറകുവശത്ത് അയാളുടെ പേര് എഴുതുന്നു. ഈ എൻഡോഴ്സ്മെന്റിന്റെ ഫലം ആ പത്രത്തിന്റെ അവകാശം അതിന്റെ നിയമാനുസൃതം കൈവശക്കാരനായിത്തീരാവുന്ന ഏതെങ്കിലും ഒരാൾക്ക് കൈമാറ്റം ചെയ്യുക എന്നതാകയാൽ ഈ എൻഡോഴ്സ്മെന്റ് ഒരു ‘‘മൂല്യമുള്ള ഈട്’’ ആകുന്നു;

(32) ‘‘ജലയാനം’’ എന്നാൽ മനുഷ്യരെയോ വസ്തുവിനെയോ ജലമാർഗം കൊണ്ടുപോകുന്നതിന് ഉണ്ടാക്കിയിട്ടുള്ളതായ എന്തും എന്നർഥമാകുന്നു;

(33) ‘‘സ്വേച്ഛയാ’’ ഒരാൾ ഒരു ഫലം, താൻ അത് ഉളവാക്കുവാൻ ഉദ്ദേശിച്ചിരുന്നതായ മാർഗങ്ങളിലൂടെയോ അങ്ങനെയുള്ള മാർഗങ്ങൾ ഉപയോഗിക്കുന്ന സമയത്ത് ഉളവാക്കുവാൻ ഇടയുണ്ടെന്ന് അയാൾക്ക് അറിവുള്ളതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ മാർഗങ്ങളിലൂടെയോ ഉളവാക്കുമ്പോൾ, ‘‘സ്വേച്ഛയാ’’ ഉളവാക്കിയതായി പറയപ്പെടുന്നു.

*ദൃഷ്ടാന്തം*

ഒരു കവർച്ച സുകരമാക്കുന്നതിനുവേണ്ടി ഒരു വലിയ പട്ടണത്തിലെ ആൾത്താമസമുള്ള ഒരു വീടിന് <u>ക</u> രാത്രി തീ വയ്ക്കുകയും, അങ്ങനെ ഒരാളുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ മരണം സംഭവിപ്പിക്കണമെന്ന് <u>ക</u> ഉദ്ദേശിച്ചിട്ടില്ലായിരിക്കാമെന്ന് തന്നെയല്ല അയാളുടെ കൃത്യംമൂലം മരണം സംഭവിച്ചതിൽ ദു:ഖിക്കുന്നുമുണ്ടാകാം; എന്നാലും താൻ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അയാൾക്ക് അറിയാമായിരുന്നുവെങ്കിൽ അയാൾ സ്വേച്ഛയാ മരണം സംഭവിപ്പിച്ചിരിക്കുന്നു;

(34) "മരണശാസനം" എന്നാൽ ഏതെങ്കിലും മരണപത്രമാകുന്ന രേഖ എന്നർഥമാകുന്നു;

(35) "സ്ത്രീ" എന്നാൽ മനുഷ്യനിലെ ഏത് പ്രായത്തിലുമുള്ള ഒരു പെണ്ണ് എന്നർഥമാകുന്നു;

(36) "അന്യായമായ ലാഭം" എന്നാൽ ലാഭം കിട്ടുന്ന ആൾക്ക് നിയമപ്രകാരം അവകാശമില്ലാത്ത വസ്തുവിന്റെ നിയമവിരുദ്ധമായ മാർഗത്തിലൂടെയുള്ള ലാഭം എന്നർഥമാകുന്നു;

(37) "അന്യായമായ നഷ്ടം" എന്നാൽ നഷ്ടപ്പെടുന്ന ആൾക്ക് നിയമപ്രകാരം അവകാശമുള്ള വസ്തുവിന്റെ നിയമവിരുദ്ധമായ മാർഗത്തിലൂടെയുള്ള നഷ്ടം എന്നർഥമാകുന്നു;

(38) "അന്യായമായി ലാഭമുണ്ടാക്കുന്നതും" "അന്യായമായി നഷ്ടപ്പെടുന്നതും".— ഒരാൾ, അങ്ങനെയുള്ള ആൾ അന്യായമായി വച്ചുകൊണ്ടിരിക്കുമ്പോഴും കൂടാതെ അങ്ങനെയുള്ള ആൾ അന്യായമായി ആർജിക്കുമ്പോഴും, അന്യായമായി ലാഭമുണ്ടാക്കിയതായി പറയപ്പെടുന്നു. ഒരാൾക്ക്, അങ്ങനെയുള്ള ആളെ ഏതെങ്കിലും വസ്തുവിൽനിന്ന് അന്യായമായി അകറ്റിനിറുത്തുമ്പോഴും കൂടാതെ അങ്ങനെയുള്ള ആൾക്ക് അന്യായമായി വസ്തു ഇല്ലാതാക്കുമ്പോഴും, അന്യായമായി നഷ്ടപ്പെടുന്നതായി പറയപ്പെടുന്നു; കൂടാതെ

(39) ഈ സംഹിതയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 2000 (2000–ലെ 21) –ലും ഭാരതീയ പൗര സുരക്ഷാ സംഹിത, 2023–ലും നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിലും സംഹിതയിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. (1) ഈ സംഹിതയിൽ എല്ലായിടത്തും കുറ്റത്തിന്റെ ഓരോ നിർവചനവും ഓരോ ശിക്ഷാവ്യവസ്ഥയും, അങ്ങനെയുള്ള ഓരോ നിർവചനത്തിന്റെയും അല്ലെങ്കിൽ ശിക്ഷാവ്യവസ്ഥയുടെയും ഓരോ ദൃഷ്ടാന്തവും, "സാമാന്യമായ അപവാദങ്ങൾ" എന്ന ശീർഷകത്തിലുള്ള അധ്യായത്തിൽ അടങ്ങിയിരിക്കുന്ന അപവാദങ്ങൾക്ക് വിധേയമായി, ആ അപവാദങ്ങൾ അങ്ങനെയുള്ള നിർവചനത്തിലോ ശിക്ഷാവ്യവസ്ഥയിലോ ദൃഷ്ടാന്തത്തിലോ ആവർത്തിക്കുന്നില്ലെങ്കിലും, മനസ്സിലാക്കേണ്ടതാണ്. സാമാന്യമായ വിശദീകരണങ്ങൾ.

*ദൃഷ്ടാന്തങ്ങൾ*

(ക) കുറ്റങ്ങളുടെ നിർവചനങ്ങൾ അടങ്ങിയിട്ടുള്ള ഈ സംഹിതയിലെ വകുപ്പുകൾ, ഏഴ് വയസ്സിന് താഴെ പ്രായമുള്ള ഒരു കുട്ടിക്ക് അങ്ങനെയുള്ള കുറ്റങ്ങൾ ചെയ്യുവാൻ കഴിയുകയില്ലെന്ന് പ്രകടമാക്കുന്നില്ല; എന്നാൽ ആ നിർവചനങ്ങൾ ഏഴ് വയസ്സിന് താഴെ പ്രായമുള്ള ഒരു കുട്ടി ചെയ്യുന്ന യാതൊന്നും ഒരു കുറ്റമാവുകയില്ലെന്ന് വ്യവസ്ഥചെയ്യുന്ന സാമാന്യമായ അപവാദത്തിന് വിധേയമായി മനസ്സിലാക്കേണ്ടതാകുന്നു.

(ഖ) ഒരു പോലീസ് ഓഫീസറായ ക കൊലപാതകം നടത്തിയ യ യെ വാറണ്ട് കൂടാതെ പിടിക്കുന്നു. ഇവിടെ അന്യായമായി തടഞ്ഞുവയ്ക്കൽ എന്ന കുറ്റത്തിന് ക അപരാധിയാകുന്നതല്ല; എന്തെന്നാൽ അയാൾ യ യെ പിടിക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരുന്നതും, അതുകൊണ്ട് "നിയമപ്രകാരം അത് ചെയ്യുവാൻ ബാധ്യസ്ഥനായ ഒരാൾ ചെയ്യുന്ന യാതൊന്നും ഒരു കുറ്റമാകുന്നതല്ല" എന്ന് വ്യവസ്ഥചെയ്യുന്ന സാമാന്യമായ അപവാദത്തിൽ ഈ സംഗതി ഉൾപ്പെടുന്നതുമാണ്.

(2) ഈ സംഹിതയിൽ ഏതെങ്കിലും ഭാഗത്ത് വിശദീകരിച്ചിട്ടുള്ള ഓരോ പദപ്രയോഗവും ആ വിശദീകരണത്തിന് അനുരൂപമായി ഈ സംഹിതയുടെ ഓരോ ഭാഗത്തും പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

(3) ഒരാൾക്ക് വേണ്ടി അയാളുടെ ജീവിതപങ്കാളിയുടെയോ ക്ലാർക്കിന്റെയോ ഭൃത്യന്റെയോ കൈവശത്തിൽ വസ്തു ഇരിക്കുമ്പോൾ, അത് ഈ സംഹിതയുടെ അർഥത്തിൽ അയാളുടെ കൈവശത്തിലാണ്.

*വിശദീകരണം.*— താൽക്കാലികമായോ ഒരു പ്രത്യേക അവസരത്തിലോ ഒരു ക്ലാർക്കിന്റെയോ ഭൃത്യന്റെയോ നിലയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഒരാൾ ഈ ഉപവകുപ്പിന്റെ അർഥത്തിൽ ഒരു ക്ലാർക്കോ ഭൃത്യനോ ആകുന്നു.

(4) ഈ സംഹിതയിലെ ഏതൊരു ഭാഗത്തും, വിപരീതമായ ഉദ്ദേശ്യം ഉള്ളതായി സന്ദർഭത്തിൽനിന്ന് തോന്നുമ്പോളൊഴികെ, ചെയ്യപ്പെട്ട കൃത്യങ്ങളെ പരാമർശിക്കുന്ന വാക്കുകൾ നിയമവിരുദ്ധമായ കൃത്യവിലോപങ്ങളിലേക്കും കൂടി വ്യാപിക്കുന്നതാണ്.

(5) പല ആളുകൾ കൂടി, അവരെല്ലാവരുടെയും പൊതു ഉദ്ദേശ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ കുറ്റകരമായ ഒരു കൃത്യം ചെയ്യുമ്പോൾ, അങ്ങനെയുള്ള ആളുകളിൽ ഓരോരുത്തരും, ആ കൃത്യത്തിന് അയാൾ അത് തനിയെ ചെയ്തിരുന്നുവെങ്കിലെന്ന രീതിയിൽ തന്നെ ഉത്തരവാദി ആകുന്നതാണ്.

(6) കുറ്റകരമായ അറിവോടോ ഉദ്ദേശ്യത്തോടോ കൂടി ചെയ്തതാണെന്ന കാരണത്താൽ മാത്രം കുറ്റകരമായ ഒരു കൃത്യം പല ആളുകൾ കൂടി ചെയ്യുമ്പോൾ അങ്ങനെയുള്ള അറിവോടോ ഉദ്ദേശ്യത്തോടോ കൂടി ആ കൃത്യത്തിൽ ചേരുന്ന അങ്ങനെയുള്ള ആളുകളിൽ ഓരോരുത്തരും, ആ അറിവോടോ ഉദ്ദേശ്യത്തോടോ കൂടി ആ കൃത്യം അയാൾ തനിയെ ചെയ്തിരുന്നുവെങ്കിലെന്ന രീതിയിൽ തന്നെ ആ കൃത്യത്തിന് ഉത്തരവാദി ആകുന്നതാണ്.

(7) ഒരു കൃത്യത്താലോ ഒരു കൃത്യവിലോപത്താലോ ഏതെങ്കിലും ഫലം ഉളവാക്കുന്നതോ അല്ലെങ്കിൽ ആ ഫലം ഉളവാക്കുവാൻ ശ്രമിക്കുന്നതോ ഒരു കുറ്റമാകുമ്പോൾ, ഭാഗികമായി കൃത്യത്താലും ഭാഗികമായി കൃത്യവിലോപത്താലും ആ ഫലം ഉളവാക്കുന്നത് അതേ കുറ്റം തന്നെയാണെന്ന് മനസ്സിലാക്കേണ്ടതാണ്.

*ദൃഷ്ടാന്തം*

ക, യ യ്ക്ക് ഭക്ഷണം കൊടുക്കുന്നതിൽ നിയമവിരുദ്ധമായി കൃത്യവിലോപം വരുത്തി ഭാഗികമായും, യ യെ അടിച്ച് ഭാഗികമായും ഉദ്ദേശ്യപൂർവം യ യുടെ മരണം സംഭവിപ്പിക്കുന്നു. ക കൊലപാതകം നടത്തിയിരിക്കുന്നു.

(8) പല കൃത്യങ്ങൾ വഴിയായി ഒരു കുറ്റം ചെയ്യുമ്പോൾ, ഒറ്റയ്ക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോട് ചേർന്ന് കൂട്ടായോ ആ കൃത്യങ്ങളിൽ ഏതെങ്കിലും ഒന്ന് ചെയ്ത് ആ കുറ്റം ചെയ്യുന്നതിൽ ഉദ്ദേശ്യപൂർവം സഹകരിക്കുന്ന ഏതൊരാളും ആ കുറ്റം ചെയ്യുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) യ യ്ക്ക് വെവ്വേറെയായും വ്യത്യസ്ത സമയങ്ങളിലായും ചെറിയ മാത്രകളിലുള്ള വിഷം കൊടുത്ത് അയാളെ കൊലചെയ്യുന്നതിന് ക യും ഖ യും കൂടി നിശ്ചയിക്കുന്നു. ആ നിശ്ചയം അനുസരിച്ച് യ യെ കൊലചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ക യും ഖ യും വിഷം കൊടുക്കുന്നു. യ യ്ക്ക് അപ്രകാരം കൊടുത്ത വിഷത്തിന്റെ പല മാത്രകളുടെ ഫലമായി അയാൾ മരിക്കുന്നു. ഇവിടെ ക യും ഖ യും കൊലപാതകം നടത്തുന്നതിൽ ഉദ്ദേശ്യപൂർവം സഹകരിക്കുന്നു. മരണം സംഭവിപ്പിച്ച ഒരു കൃത്യം അവരിൽ ഓരോരുത്തരും ചെയ്യുന്നതിനാൽ അവരുടെ കൃത്യങ്ങൾ വെവ്വേറെ ഉള്ളതാണെങ്കിലും അവർ രണ്ടുപേരും ആ കുറ്റത്തിന് അപരാധികളാകുന്നതാണ്.

(ഖ) ക യും ഖ യും കൂട്ടുജയിലർമാർ ആകുന്നു, ആ നിലയ്ക്ക് അവർക്ക് ഓരോ തവണയും ആറ് മണിക്കൂർ വീതം ഊഴമിട്ട് യ എന്ന തടവുകാരന്റെ രക്ഷണത്തിനുള്ള ചുമതലയുണ്ട്. ക യും ഖ യും യ യുടെ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഓരോരുത്തരും അയാൾക്ക് ഹാജരുള്ള സമയത്ത് യ യ്ക്ക് കൊടുക്കുന്നതിനുവേണ്ടി അവരെ ഏൽപ്പിച്ച ഭക്ഷണം യ യ്ക്ക് കൊടുക്കുന്നതിൽ നിയമവിരുദ്ധമായി കൃത്യവിലോപം വരുത്തി ആ ഫലം ഉളവാക്കുന്നതിൽ അറിഞ്ഞുകൊണ്ട് സഹകരിക്കുന്നു. യ വിശപ്പുമൂലം മരിക്കുന്നു. ക യും ഖ യും യ യുടെ കൊലപാതകത്തിന് അപരാധികളാണ്.

(ഗ) ജയിലറായ ക യ്ക്ക് തടവുകാരനായ യ യുടെ രക്ഷണത്തിനുള്ള ചുമതലയുണ്ട്. ക, യ യുടെ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി യ യ്ക്ക് ഭക്ഷണം നൽകുന്നതിൽ നിയമവിരുദ്ധമായ കൃത്യവിലോപം വരുത്തുന്നു; അനന്തര ഫലമായി യ യുടെ ശക്തി വളരെ ക്ഷയിക്കുന്നു, എന്നാൽ ആ പട്ടിണി അയാളുടെ മരണം സംഭവിപ്പിക്കുവാൻ മതിയാകുന്നതല്ല. ക അയാളുടെ ഉദ്യോഗത്തിൽ നിന്ന് ഡിസ്മിസ്സ് ചെയ്യപ്പെടുകയും ഖ അയാളുടെ പിൻഗാമിയാവുകയും ചെയ്യുന്നു. ക യുമായി കപടസന്ധിയിൽ ഏർപ്പെടുകയോ സഹകരിക്കുകയോ ചെയ്യാതെ യ യ്ക്ക് ഭക്ഷണം നൽകുന്നതിൽ കൃത്യവിലോപം വരുത്തിയാൽ അതുവഴി താൻ യ യുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് നിയമവിരുദ്ധമായി അങ്ങനെയുള്ള കൃത്യവിലോപം വരുത്തുന്നു. യ വിശപ്പുമൂലം മരിക്കുന്നു. ഖ കൊലപാതകത്തിന് അപരാധിയാകുന്നു, എന്നാൽ ക, ഖ യുമായി സഹകരിക്കാതിരുന്നതുകൊണ്ട് കൊലപാതകത്തിനുള്ള ശ്രമത്തിന് മാത്രമേ ക അപരാധിയാകുന്നുള്ളൂ.

(9) കുറ്റകരമായ ഒരു കൃത്യം ചെയ്യുന്നതിൽ പല ആളുകളും ഏർപ്പെടുകയോ ബന്ധപ്പെടുകയോ ചെയ്യുമ്പോൾ അവർ ആ കൃത്യം വഴിയായി വ്യത്യസ്തങ്ങളായ കുറ്റങ്ങൾക്ക് അപരാധികളായേക്കാവുന്നതാണ്.

*ദൃഷ്ടാന്തം*

ഗുരുതരമായ പ്രകോപനത്താൽ ക, യ യെ കൊല്ലുന്നത് കൊലപാതകം ആകാത്ത കുറ്റകരമായ നരഹത്യ മാത്രമാകുന്നതായ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ക, യ യെ ആക്രമിക്കുന്നു. യ യോട് ദ്വേഷമുള്ള ഖ, യ യെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടിയും ആ പ്രകോപനത്തിന് വിധേയനാകാതെയും യ യെ കൊല്ലുന്നതിൽ ക യെ സഹായിക്കുന്നു. അവിടെ, യ യുടെ മരണം സംഭവിപ്പിക്കുന്നതിൽ ക യും ഖ യും ഏർപ്പെടുന്നുവെങ്കിലും ഖ കൊലപാതകത്തിന് അപരാധിയും ക കുറ്റകരമായ നരഹത്യയ്ക്ക് മാത്രം അപരാധിയുമാണ്.

# അധ്യായം II

## ശിക്ഷകളെക്കുറിച്ച്

4. ഈ സംഹിതയിലെ വ്യവസ്ഥകൾക്കുകീഴിൽ കുറ്റക്കാർ അർഹരാകുന്നതായ ശിക്ഷകൾ— ശിക്ഷകൾ.

(ക) മരണം;

(ഖ) ജീവപര്യന്തത്തടവ്;

(ഗ) തടവ്, അത് രണ്ട് തരത്തിൽ, അതായത്:-

(1) കഠിനതടവ്, അതായത്, കടുപ്പമുള്ള ജോലിയോടു കൂടിയത്;

(2) വെറുംതടവ്;

(ഘ) വസ്തുകണ്ടുകെട്ടൽ;

(ങ) പിഴ;

(ച) സാമൂഹ്യസേവനം,

എന്നിവയാണ്.

5. സമുചിത സർക്കാരിന്, കുറ്റക്കാരന്റെ സമ്മതം കൂടാതെ, ഈ സംഹിതയിൻകീഴിലുള്ള ഏതൊരു ശിക്ഷയെയും മറ്റേതെങ്കിലും ശിക്ഷയായി ഭാരതീയ പൗര സുരക്ഷാ സംഹിത, 2023-ന്റെ 474-ാം വകുപ്പിനനുസൃതമായി ലഘൂകരിക്കാവുന്നതാണ്. ശിക്ഷാവിധി ലഘൂകരിക്കൽ.

*വിശദീകരണം.*— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "സമുചിത സർക്കാർ" എന്ന പദപ്രയോഗത്തിന്,—

(ക) ശിക്ഷാവിധി, മരണശിക്ഷാവിധിയോ അല്ലെങ്കിൽ യൂണിയന്റെ നിർവാഹകാധികാരം വ്യാപിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിനെതിരായ ഒരു കുറ്റത്തിനുള്ള ശിക്ഷാവിധിയോ ആകുന്ന സംഗതികളിൽ, കേന്ദ്രസർക്കാർ എന്നും;

(ഖ) ശിക്ഷാവിധി (മരണശിക്ഷ ആയാലും അല്ലെങ്കിലും) സംസ്ഥാനത്തിന്റെ നിർവാഹകാധികാരം വ്യാപിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിനെതിരായ കുറ്റത്തിനാകുന്ന

സംഗതികളിൽ, ആ കുറ്റക്കാരന് ശിക്ഷ വിധിച്ചിട്ടുള്ള സംസ്ഥാനത്തിലെ സർക്കാർ എന്നും,

അർത്ഥമാകുന്നു.

ശിക്ഷയുടെ കാലാവധി യുടെ ഭിന്ന സംഖ്യകൾ.

6. ശിക്ഷയുടെ കാലാവധിയുടെ ഭിന്നസംഖ്യകൾ കണക്കാക്കുന്നതിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം ജീവപര്യന്തത്തടവ്, ഇരുപത് വർഷത്തെ തടവിന് തുല്യമായി കണക്കാക്കേണ്ടതാണ്.

ശിക്ഷാവിധി (തടവിനെക്കുറിച്ചുള്ള ചില സംഗതികളിൽ) പൂർണ്ണമോ ഭാഗികമോ ആയി കഠിനതടവോ വെറുംതടവോ ആകാമെന്ന്.

7. ഒരു കുറ്റക്കാരന് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കാവുന്ന ഏതൊരു സംഗതിയിലും, അങ്ങനെയുള്ള കുറ്റക്കാരന് ശിക്ഷ വിധിക്കുന്ന കോടതിക്ക്, അങ്ങനെയുള്ള തടവ് മുഴുവനും കഠിനതടവായിരിക്കണമെന്നോ, അങ്ങനെയുള്ള തടവ് മുഴുവനും വെറും തടവായിരിക്കണമെന്നോ അങ്ങനെയുള്ള തടവിന്റെ ഏതെങ്കിലും ഭാഗം കഠിനതടവും ബാക്കി വെറുംതടവും ആയിരിക്കണമെന്നോ ശിക്ഷാവിധിയിൽ നിർദേശിക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

പിഴയുടെ തുക, പിഴ ഒടുക്കാത്തതിനുള്ള ബാധ്യത തുടങ്ങിയവ.

8. (1) പിഴയുടെ തുക എത്രയാകാമെന്ന് വ്യക്തമാക്കിയിട്ടില്ലാത്തിടത്ത്, കുറ്റക്കാരൻ അർഹനാകുന്ന പിഴയുടെ തുകയ്ക്ക് പരിധിയില്ലാത്തതും, എന്നാൽ അത് അധികമാകുവാൻ പാടില്ലാത്തതുമാണ്.

(2) (ക) പിഴ മാത്രമല്ല തടവും നൽകി ശിക്ഷിക്കാവുന്ന ഒരു കുറ്റത്തിന്, തടവോടുകൂടിയോ അല്ലാതെയോ, കുറ്റക്കാരന് പിഴ വിധിച്ചിട്ടുള്ളതും;

(ഖ) തടവോ പിഴയോ അല്ലെങ്കിൽ പിഴ മാത്രമോ നൽകി ശിക്ഷിക്കാവുന്ന ഒരു കുറ്റത്തിന്, കുറ്റക്കാരന് പിഴ വിധിച്ചിട്ടുള്ളതും,

ആയ ഒരു കുറ്റത്തിന്റെ ഏതൊരു സംഗതിയിലും, അങ്ങനെയുള്ള കുറ്റക്കാരന് ശിക്ഷ വിധിക്കുന്ന കോടതിക്ക്, പിഴ ഒടുക്കുന്നതിനുള്ള വീഴ്ചയ്ക്ക്, അയാൾക്ക് ശിക്ഷയായി വിധിക്കപ്പെടാവുന്നതോ ശിക്ഷാവിധിയുടെ ലഘൂകരണത്തിലൂടെ അയാൾ അർഹനാകുമായിരുന്നതോ ആയ മറ്റേതൊരു തടവിനും അധികമായ തടവ് ഒരു നിശ്ചിതകാലയളവിലേക്ക് അനുഭവിക്കേണ്ടതാണെന്ന് ശിക്ഷാവിധിയിലൂടെ നിർദേശിക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

(3) പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് കുറ്റക്കാരനെ തടവിൽ വയ്ക്കുവാൻ കോടതി നിർദേശിക്കുന്ന കാലാവധി, ആ കുറ്റം പിഴ മാത്രമല്ല തടവും നൽകി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ, ആ കുറ്റത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തടവിന്റെ കാലാവധിയുടെ നാലിലൊന്നിൽ കവിയുവാൻ പാടുള്ളതല്ല.

(4) പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് അല്ലെങ്കിൽ സാമൂഹ്യ സേവനത്തിനുള്ള വീഴ്ചയ്ക്ക് കോടതി ചുമത്തുന്ന തടവ്, കുറ്റക്കാരന് ആ കുറ്റത്തിന് ശിക്ഷയായി വിധിക്കപ്പെടാമായിരുന്ന, ഏത് തരത്തിലുള്ള തടവും ആകാവുന്നതാണ്.

(5) കുറ്റം പിഴയോ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ, പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് അല്ലെങ്കിൽ സാമൂഹ്യസേവനത്തിനുള്ള വീഴ്ചയ്ക്ക് കോടതി ചുമത്തുന്ന തടവ് വെറുംതടവായിരിക്കേണ്ടതും പിഴ അടയ്ക്കുന്നതിനുള്ള അല്ലെങ്കിൽ സാമൂഹ്യസേവനത്തിനുള്ള വീഴ്ചയ്ക്ക് കുറ്റക്കാരനെ തടവിൽ വയ്ക്കുവാൻ കോടതി നിർദേശിക്കുന്ന കാലാവധി,—

(ക) പിഴയുടെ തുക അയ്യായിരം രൂപയിൽ കവിയാത്തപ്പോൾ രണ്ട് മാസവും;

(ഖ) പിഴയുടെ തുക പതിനായിരം രൂപയിൽ കവിയാത്തപ്പോൾ നാല് മാസവും; കൂടാതെ

(ഗ) മറ്റ് ഏതെങ്കിലും സംഗതിയിൽ ഒരു വർഷവും, കവിയുവാൻ പാടില്ലാത്തതാണ്.

(6) (ക) പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് ചുമത്തുന്ന തടവ്, ഒന്നുകിൽ ആ പിഴ ഒടുക്കുകയോ അല്ലെങ്കിൽ അത് നിയമപ്രക്രിയ മുഖേന ഈടാക്കപ്പെടുകയോ ചെയ്യുമ്പോൾ, അത് എപ്പോഴായാലും, അവസാനിക്കുന്നതാണ്;

(ഖ) പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് നിശ്ചയിച്ചിട്ടുള്ള തടവിന്റെ കാലാവധി കഴിയുന്നതിന് മുമ്പ്, ഒടുക്കുവാൻ വീഴ്ച വരുത്തിയ തുകയ്ക്ക് അനുഭവിച്ച തടവിന്റെ കാലയളവ് ഇനി അടയ്ക്കുവാനുള്ള പിഴയുടെ ഭാഗത്തിന്റെ അനുപാതത്തേക്കാൾ കുറവല്ലാത്ത പിഴയുടെ അങ്ങനെയുള്ള ഒരു അനുപാതം ഒടുക്കുകയോ ഈടാക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ തടവ് അവസാനിക്കുന്നതാണ്.

*ദൃഷ്ടാന്തം*

ക യ്ക്ക് ആയിരം രൂപ പിഴയും പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് നാല് മാസത്തെ തടവും ശിക്ഷ വിധിക്കുന്നു. ഇവിടെ, ഒരു മാസത്തെ തടവ് കഴിയുന്നതിനുമുമ്പ് പിഴയിൽ എഴുന്നൂറ്റി അൻപത് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക ആദ്യത്തെ മാസം അവസാനിച്ച ഉടനെ വിമോചിപ്പിക്കപ്പെടും. ആദ്യത്തെ മാസത്തിന്റെ അവസാനത്തിലോ ക തടവ് തുടർന്ന് അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ പിന്നീട് ഏതെങ്കിലും സമയത്തോ എഴുന്നൂറ്റി അൻപത് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക ഉടൻ തന്നെ വിമോചിക്കപ്പെടും. രണ്ട് മാസത്തെ തടവ് അവസാനിക്കുന്നതിനുമുമ്പ് പിഴയിൽ അഞ്ഞൂറ് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക രണ്ട് മാസം തികഞ്ഞാൽ ഉടനെ, വിമോചിക്കപ്പെടും. ആ രണ്ട് മാസക്കാലത്തിന്റെ അവസാനത്തിലോ ക തടവ് തുടർന്ന് അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ പിന്നീട് ഏതെങ്കിലും സമയത്തോ അഞ്ഞൂറ് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, ക ഉടനെതന്നെ വിമോചിക്കപ്പെടും.

(7) പിഴയോ, ഒടുക്കാതെ അവശേഷിക്കുന്ന അതിന്റെ ഏതെങ്കിലും ഭാഗമോ, ശിക്ഷാവിധി പ്രസ്താവിച്ചതിനുശേഷം ആറ് വർഷത്തിനുള്ളിൽ ഏത് സമയത്തും, ശിക്ഷാവിധിക്ക് കീഴിൽ കുറ്റക്കാരൻ ആറ് വർഷത്തേക്കാൾ കൂടുതലായുള്ള കാലത്തെ തടവിന് വിധേയനാണെങ്കിൽ, ആ കാലം അവസാനിക്കുന്നതിനുമുമ്പ് ഏത് സമയത്തും ഈടാക്കാവുന്നതും; കുറ്റക്കാരന്റെ മരണം, അയാളുടെ മരണശേഷം തന്റെ കടങ്ങൾക്ക് നിയമപ്രകാരം ബാധ്യസ്ഥമാകുന്ന ഏതെങ്കിലും വസ്തുവിനെ ആ ബാധ്യതയിൽ നിന്ന് വിമോചിപ്പിക്കുന്നതല്ലാത്തതും ആകുന്നു.

പല കുറ്റങ്ങൾ ചേർന്നുണ്ടായ കുറ്റത്തിനുള്ള ശിക്ഷയുടെ പരിധി.

9. (1) ഒരു കുറ്റമായ ഏതെങ്കിലും കാര്യം, ഭാഗങ്ങൾ ചേർന്നതായിരിക്കുകയും, ആ ഭാഗങ്ങളിൽ ഏതെങ്കിലും തനിയെ ഒരു കുറ്റമായിരിക്കുകയും ചെയ്യുമ്പോൾ, കുറ്റക്കാരൻ അയാളുടെ അങ്ങനെയുള്ള കുറ്റങ്ങളിൽ ഒന്നിൽ കൂടുതൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടാമെന്ന് പ്രകടമായി വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം, അപ്രകാരം ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല.

(2) (ക) കുറ്റങ്ങൾ നിർവചിക്കപ്പെടുകയോ അല്ലെങ്കിൽ ശിക്ഷ നൽകപ്പെട്ടിരിക്കുകയോ ചെയ്യുന്നതായ തത്സമയം പ്രാബല്യത്തിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ രണ്ടോ അതിലധികമോ വ്യത്യസ്ത നിർവചനങ്ങളിൽപെടുന്ന ഏത് കാര്യവും ഒരു കുറ്റമാകുമ്പോഴോ; അല്ലെങ്കിൽ

(ഖ) പല കൃത്യങ്ങൾ, അതിൽ ഒന്നോ ഒന്നിലധികമോ തനിച്ചോ എല്ലാം ചേർന്നോ ഒരു കുറ്റമാവുകയോ, കൂട്ടിച്ചേർക്കപ്പെടുമ്പോൾ ഒരു വ്യത്യസ്ത കുറ്റമാകുമ്പോഴോ,

കുറ്റക്കാരന്, അയാളെ വിചാരണ ചെയ്യുന്ന കോടതിക്ക് അങ്ങനെയുള്ള കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നിന് നൽകാവുന്ന ശിക്ഷയേക്കാൾ തീവ്രമായ ഒരു ശിക്ഷ നൽകുവാൻ പാടുള്ളതല്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യെ ഒരു വടികൊണ്ട് അമ്പത് അടി അടിക്കുന്നു. ഇവിടെ ക മുഴുവൻ പ്രഹരത്താലും കൂടാതെ മുഴുവൻ പ്രഹരത്തിന്റെ ഭാഗമായ ഓരോ അടിയാലും യ യെ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുക എന്ന കുറ്റം ചെയ്തിട്ടുണ്ടാവാം. ഓരോ അടിക്കും ക ശിക്ഷാർഹനാകുമെങ്കിൽ ഓരോ അടിക്കും ഒരു വർഷം എന്ന കണക്കിൽ അമ്പത് വർഷം അയാളെ തടവിൽ വയ്ക്കാവുന്നതാണ്. എന്നാൽ മുഴുവൻ പ്രഹരത്തിനും ഒരു ശിക്ഷയ്ക്കേ അയാൾ അർഹനാകുന്നുള്ളൂ.

(ഖ) എന്നാൽ ക, യ യെ പ്രഹരിക്കവെ മ ഇടപെടുകയും ക ഉദ്ദേശ്യപൂർവം മ യെ അടിക്കുകയും ചെയ്യുന്നുവെങ്കിൽ, ഇവിടെ മ യ്ക്ക് കൊടുത്ത അടി ക, യ യെ സ്വേച്ഛയാ ദേഹോപദ്രവമേൽപ്പിക്കുക എന്ന കൃത്യത്തിന്റെ ഭാഗമല്ലാത്തതിനാൽ, യ യെ സ്വേച്ഛയാ ദേഹോപദ്രവമേൽപ്പിച്ചതിന് ഒരു ശിക്ഷയ്ക്കും, മ യ്ക്ക് കൊടുത്ത അടിക്ക് മറ്റൊരു ശിക്ഷയ്ക്കും ക അർഹനാകുന്നതാണ്.

പല കുറ്റങ്ങളിൽ ഒന്നിന് അപരാധിയായ ആൾക്ക്, അവയിൽ ഏതിനാണെന്ന് സംശയമുണ്ടെന്ന് വിധിന്യായത്തിൽ പ്രസ്താവിച്ചിരിക്കുമ്പോൾ, ഉള്ള ശിക്ഷ.

10. വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ള പല കുറ്റങ്ങളിൽ ഒന്നിന് ഒരാൾ അപരാധിയാണെന്നും, എന്നാൽ ഈ കുറ്റങ്ങളിൽ ഏതിനാണ് അയാൾ അപരാധിയായിരിക്കുന്നത് എന്നതിൽ സംശയമുണ്ടെന്നും വിധിന്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന എല്ലാ കേസുകളിലും, എല്ലാ കുറ്റങ്ങൾക്കും ഒരേ ശിക്ഷതന്നെ വ്യവസ്ഥചെയ്തിട്ടില്ലെങ്കിൽ, അവയിൽ

ഏതിനാണോ ഏറ്റവും കുറഞ്ഞ ശിക്ഷയ്ക്ക് വ്യവസ്ഥചെയ്തിട്ടുള്ളത്, ആ കുറ്റത്തിന് കുറ്റക്കാരൻ ശിക്ഷിക്കപ്പെടേണ്ടതാണ്.

ഏകാന്തത്തടവ്.

11. ഏതെങ്കിലും ആളെ ഈ സംഹിതയിൻകീഴിൽ കോടതിക്ക് അയാളെ കഠിനതടവിന് ശിക്ഷിക്കുവാൻ അധികാരമുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യുമ്പോഴെല്ലാം, കോടതിക്ക് അതിന്റെ ശിക്ഷാവിധിയാൽ, അയാൾക്ക് ശിക്ഷയായി വിധിച്ചിട്ടുള്ള തടവിന്റെ ഏതെങ്കിലും ഭാഗമോ ഭാഗങ്ങളോ, ആകെ മൂന്ന് മാസത്തിൽ കവിയാതെ താഴെപ്പറയുന്ന തോതിൽ, അതായത്:—

(ക) തടവിന്റെ കാലാവധി ആറ് മാസത്തിൽ കവിയുന്നില്ലെങ്കിൽ, ഒരു മാസത്തിൽ കവിയാത്ത സമയത്തേക്കും;

(ഖ) തടവിന്റെ കാലാവധി ആറ് മാസത്തിൽ കവിയുകയും, ഒരു വർഷത്തിൽ കവിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, രണ്ട് മാസത്തിൽ കവിയാത്ത സമയത്തേക്കും;

(ഗ) തടവിന്റെ കാലാവധി ഒരു വർഷത്തിൽ കവിയുന്നുവെങ്കിൽ, മൂന്ന് മാസത്തിൽ കവിയാത്ത സമയത്തേക്കും,

ആ കുറ്റക്കാരനെ ഏകാന്തത്തടവിൽ വയ്ക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഏകാന്തത്തടവിന്റെ പരിധി.

12. ഏകാന്തത്തടവിനുള്ള ഒരു ശിക്ഷാവിധി നടപ്പിലാക്കുമ്പോൾ, അങ്ങനെയുള്ള തടവ് യാതൊരു സംഗതിയിലും ഒരിക്കൽ പതിന്നാല് ദിവസത്തിൽ കവിയാതിരിക്കുകയും, ഏകാന്തത്തടവിന്റെ കാലാവധികൾക്കിടയിൽ അങ്ങനെയുള്ള കാലാവധികളിൽ കുറയാത്ത ഇടവേളകൾ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതും; കൂടാതെ ശിക്ഷയായി നൽകപ്പെട്ടിട്ടുള്ള തടവ് മൂന്ന് മാസത്തിൽ കവിയുമ്പോൾ ആ മുഴുവൻ തടവിൽ ഏകാന്തത്തടവ് ഏതെങ്കിലും ഒരു മാസം ഏഴ് ദിവസത്തിൽ കവിയാതിരിക്കുകയും ഏകാന്തത്തടവിന്റെ കാലാവധികൾക്കിടയിൽ അങ്ങനെയുള്ള കാലാവധികളിൽ കുറയാത്ത ഇടവേളകൾ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതുമാണ്.

13. ഈ സംഹിതയിലെ X-ാം അധ്യായത്തിന്റെയോ XVII-ാം അധ്യായത്തിന്റെയോ കീഴിൽ മൂന്ന് വർഷത്തേക്കോ അതിൽ കൂടിയ കാലത്തേക്കോ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കാവുന്ന ഒരു കുറ്റത്തിന് ഇൻഡ്യയിലെ ഒരു കോടതിയിൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടതിനുശേഷം, ആ അധ്യായങ്ങളിൽ ഏതിന്റെയെങ്കിലും കീഴിൽ അതുപോലെയുള്ള കാലത്തേക്ക് അതുപോലെയുള്ള തടവ് നൽകി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുറ്റത്തിന് അപരാധിയാകുന്ന ഏതൊരാളും, പിന്നീട് ചെയ്യുന്ന അങ്ങനെയുള്ള ഏതൊരു കുറ്റത്തിനും ജീവപര്യന്തത്തടവിനോ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവിനോ വിധേയനാകുന്നതാണ്.

ചില കുറ്റങ്ങൾക്ക് മുൻകുറ്റ സ്ഥാപനത്തിന് ശേഷം വർദ്ധിപ്പിച്ച ശിക്ഷ.

# അധ്യായം III

## സാമാന്യമായ അപവാദങ്ങൾ

14. ഒരാൾ, വസ്തുതയുടെ തെറ്റിനാലോ തെറ്റുമൂലമോ ഏതൊന്ന് ചെയ്യുന്നതിനാണോ നിയമത്താൽ ഉള്ളതും നിയമത്തിലെ തെറ്റുമൂലമല്ലാതെയും അത് ചെയ്യുവാൻ താൻ നിയമത്താൽ ബാധ്യസ്ഥനാണെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിച്ചുകൊണ്ട്, ചെയ്യുന്ന യാതൊന്നും ഒരു കുറ്റമാകുന്നതല്ല.

നിയമത്താൽ ചെയ്യുവാൻ ബാധ്യസ്ഥനോ, അല്ലെങ്കിൽ വസ്തുതയെക്കുറിച്ചുള്ള തെറ്റുമൂലം ചെയ്യുവാൻ നിയമത്താൽ താൻ ബാധ്യസ്ഥനാണെന്ന് വിശ്വസിക്കുന്നതോ ആയ ഒരാൾ ചെയ്യുന്ന കൃത്യം.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു സൈനികനായ ക തന്റെ മേലുദ്യോഗസ്ഥന്റെ ഉത്തരവുപ്രകാരം നിയമശാസനങ്ങൾക്ക് അനുസൃതമായി ഒരു ആൾക്കൂട്ടത്തിന്റെ നേരെ വെടിവയ്ക്കുന്നു. ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

(ഖ) ഒരു കോടതിയിലെ ഓഫീസറായ ക, മ യെ അറസ്റ്റ് ചെയ്യണമെന്ന് ആ കോടതിയാൽ ആജ്ഞാപിക്കപ്പെട്ടിട്ടും, മുറപ്രകാരമുള്ള അന്വേഷണത്തിനുശേഷവും യ യെ മ ആണെന്ന് വിശ്വസിച്ച്, യ യെ അറസ്റ്റ് ചെയ്യുന്നു. ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ ജഡ്ജിയുടെ കൃത്യം.

15. ഒരു ജഡ്ജി നിയമത്താൽ തനിക്ക് ദത്തമായിട്ടുള്ളതോ നിയമത്താൽ തനിക്ക് ദത്തമാണെന്ന് ഉത്തമവിശ്വാസപൂർവം താൻ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗത്തിൽ ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

കോടതിയുടെ വിധിന്യായമോ ഉത്തരവോ അനുസരിച്ച് ചെയ്യുന്ന കൃത്യം.

16. ഒരു കോടതിയുടെ വിധിന്യായമോ ഉത്തരവോ അനുസരിച്ച് ചെയ്യുന്നതോ നീതീകരിക്കപ്പെടുന്നതോ ആയ യാതൊന്നും, അത് ആ വിധിന്യായമോ ഉത്തരവോ പ്രാബല്യത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ പുറപ്പെടുവിക്കുവാൻ കോടതിക്ക് അധികാരിത ഉണ്ടായിരുന്നില്ലെങ്കിൽ ത്തന്നെയും, കൃത്യം ചെയ്യുന്ന ആൾ കോടതിക്ക് അങ്ങനെയുള്ള അധികാരിത ഉണ്ടായിരുന്നുവെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിക്കുന്ന പക്ഷം, കുറ്റമാകുന്നതല്ല.

നിയമത്താൽ ന്യായീകരിക്കപ്പെടുകയോ വസ്തുതയെക്കുറിച്ചുള്ള തെറ്റുമൂലം ന്യായീകരിക്കപ്പെട്ടതാണെന്ന് താൻ വിശ്വസിക്കുന്നതോ ആയ ഒരാൾ ചെയ്യുന്ന കൃത്യം.

17. ഏതെങ്കിലും ഒരാൾ, നിയമത്താൽ ന്യായീകരിക്കപ്പെടുന്നതോ വസ്തുതയുടെ തെറ്റുമൂലമോ നിയമത്തിന്റെ തെറ്റുമൂലമല്ലാതെയും അത് ചെയ്യുന്നതിന് താൻ നിയമത്താൽ ന്യായീകരിക്കപ്പെടുന്നതാണെന്ന് ഉത്തമ വിശ്വാസപൂർവം വിശ്വസിച്ചുകൊണ്ട്, ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

*ദൃഷ്ടാന്തം*

കൊലപാതകമാണെന്ന് ക യ്ക്ക് തോന്നുന്ന ഒരു കൃത്യം യ ചെയ്യുന്നത് ക കാണുന്നു. ക, കൊലപാതകികളെ ആ കൃത്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ പിടിക്കുന്നതിന് എല്ലാ ആളുകൾക്കും നിയമം നൽകുന്ന അധികാരം, ഉത്തമവിശ്വാസപൂർവം തന്റെ നിർണ്ണയശക്തിയുടെ പരമാവധിക്കൊത്ത വിധം, വിനിയോഗിച്ച് യ യെ തക്കതായ അധികാരികളുടെ മുമ്പിൽ ഹാജരാക്കുന്നതിനുവേണ്ടി യ യെ അഭിഗ്രഹിക്കുന്നു. യ ആത്മരക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുകയായിരുന്നുവെന്ന് വരാമെങ്കിലും ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

നിയമപരമായ ഒരു കൃത്യം ചെയ്യവെയുള്ള യാദൃച്ഛികമായ സംഭവം.

18. നിയമപരമായ ഒരു കൃത്യം നിയമപരമായ ഒരു രീതിയിലും നിയമപരമായ മാർഗങ്ങളിലൂടെയും വേണ്ടത്ര അവധാനത്തോടും കരുതലോടും കൂടിയും ചെയ്യവെ യാദൃച്ഛികമായോ ദൗർഭാഗ്യത്താലോ, കുറ്റകരമായ യാതൊരു ഉദ്ദേശ്യമോ അറിവോ കൂടാതെ, ചെയ്യപ്പെടുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

*ദൃഷ്ടാന്തം*

ക ഒരു കൈക്കോടാലികൊണ്ട് ജോലി ചെയ്യുകയാകുന്നു; അതിന്റെ തല ഊരിത്തെറിച്ച് അടുത്തുനിൽക്കുന്ന ഒരാളെ കൊല്ലുന്നു. ഇവിടെ ക യുടെ ഭാഗത്ത് വേണ്ടത്ര കരുതലിന്റെ അഭാവം ഇല്ലായിരുന്നുവെങ്കിൽ അയാളുടെ കൃത്യം ക്ഷന്തവ്യവും കുറ്റമല്ലാത്തതുമാകുന്നു.

ഹാനി ഉളവാക്കുവാൻ ഇടയുള്ളതും എന്നാൽ കുറ്റകരമായ ഉദ്ദേശ്യം കൂടാതെ മറ്റ് ഹാനി തടയുവാൻ വേണ്ടി ചെയ്യുന്നതുമായ കൃത്യം.

19. ഹാനിയുളവാക്കുവാൻ ഇടയുള്ളതാണെന്നുള്ള അറിവോടുകൂടി അത് ചെയ്യുന്നതുകൊണ്ടുമാത്രം യാതൊന്നും, അത് ഹാനി ഉളവാക്കണമെന്നുള്ള കുറ്റകരമായ യാതൊരു ഉദ്ദേശ്യവും കൂടാതെയും ഉത്തമവിശ്വാസപൂർവം ആൾക്കോ വസ്തുവിനോ ഉള്ള മറ്റ് ഹാനി തടയുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുവേണ്ടിയും ചെയ്യുന്നതാണെങ്കിൽ, കുറ്റമാകുന്നതല്ല.

*വിശദീകരണം.*—തടയുവാനുള്ളതോ ഒഴിവാക്കുവാനുള്ളതോ ആയ ഹാനി, അത് ഹാനി ഉളവാക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി അപായസാധ്യത നേരിട്ടുകൊണ്ട് ചെയ്യുന്നത് ന്യായീകരിക്കുകയോ ക്ഷന്തവ്യമാക്കുകയോ ചെയ്യത്തക്ക സ്വഭാവത്തോട് കൂടിയതും അത്രയ്ക്ക് ആസന്നവും ആയിരുന്നുവോ എന്നുള്ളത് അങ്ങനെയുള്ള ഒരു സംഗതിയിൽ, ഒരു വസ്തുതാപ്രശ്നമാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു കപ്പലിന്റെ കപ്പിത്താനായ ക പെട്ടെന്നും തന്റെ ഭാഗത്ത് യാതൊരു വീഴ്ചയോ ഉപേക്ഷയോ കൂടാതെയും, തന്റെ കപ്പലിന്റെ ഗതി മാറ്റാത്തപക്ഷം അത് നിറുത്തുവാൻ അയാൾക്ക് സാധിക്കുന്നതിനുമുമ്പ് ഇരുപതോ മുപ്പതോ യാത്രക്കാരുള്ള ഖ എന്ന ബോട്ട് അനിവാര്യമായും ഇടിച്ചുമുക്കുമെന്നും, തന്റെ ഗതി മാറ്റുന്നതുകൊണ്ട് രണ്ട് യാത്രക്കാർ മാത്രമുള്ള ഗ എന്ന ബോട്ട് ഇടിച്ചുമുക്കുമെന്ന അപായസാധ്യത നേരിടേണ്ടിവരുമെന്നും ആ അപായം ഒഴിവാക്കുവാൻ അയാൾക്ക് സാധിച്ചേക്കാമെന്നുമുള്ള ഒരു നിലയിലാണ് താനെന്ന് കാണുന്നു. ഇവിടെ ക, ഗ എന്ന ബോട്ടിനെ ഇടിച്ചുമുക്കണമെന്നുള്ള യാതൊരു ഉദ്ദേശ്യവും കൂടാതെയും ഉത്തമവിശ്വാസപൂർവം ഖ എന്ന ബോട്ടിലെ യാത്രക്കാർക്ക് അപായം ഒഴിവാക്കുവാൻ വേണ്ടിയും തന്റെ ഗതി ഭേദപ്പെടുത്തുകയാണെങ്കിൽ, അയാൾ ഒഴിവാക്കണമെന്ന് ഉദ്ദേശിച്ച അപായം ഗ എന്ന ബോട്ട് ഇടിച്ചുമുക്കുക എന്ന അപായസാധ്യത അയാൾ നേരിട്ടത് ക്ഷന്തവ്യമാക്കുന്ന വിധത്തിലുള്ളതായിരുന്നുവെന്ന് വസ്തുതാപരമായി

കാണപ്പെടുന്നുവെങ്കിൽ, തന്റെ കൃത്യം ഗ എന്ന ബോട്ടിനെ ഇടിച്ചുമുക്കുകയെന്ന ഫലം ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ട് അങ്ങനെയുള്ള കൃത്യത്താൽ ആ ബോട്ട് ഇടിച്ചുമുക്കിയെന്നിരുന്നാലും അയാൾ ഒരു കുറ്റത്തിന് അപരാധിയാകുന്നതല്ല.

(ഖ) ക, ഒരു വലിയ അഗ്നിബാധയിൽ തീ പടർന്നുപിടിക്കുന്നത് തടയുവാൻ വീടുകൾ പൊളിച്ചിടുന്നു. മനുഷ്യജീവനോ വസ്തുവോ രക്ഷിക്കണമെന്നുള്ള ഉത്തമവിശ്വാസപൂർവമായ ഉദ്ദേശ്യത്തോടുകൂടിയാണ് അയാൾ അത് ചെയ്യുന്നത്. ഇവിടെ തടയപ്പെടുവാനുള്ള ഹാനി ക യുടെ കൃത്യം ക്ഷന്തവ്യമാക്കത്തക്ക സ്വഭാവത്തോടുകൂടിയതും അത്രയ്ക്ക് ആസന്നവുമായിരുന്നുവെന്ന് കാണപ്പെട്ടാൽ ക കുറ്റത്തിന് അപരാധിയാകുന്നതല്ല.

*ഏഴ് വയസ്സിന് താഴെ പ്രായമുള്ള കുട്ടിയുടെ കൃത്യം.*

20. ഏഴ് വയസ്സിന് താഴെ പ്രായമുള്ള കുട്ടി ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

*അപക്വമായ ധാരണാശക്തിയും ഏഴ് വയസ്സിന് മുകളിലും പന്ത്രണ്ട് വയസ്സിന് താഴെയും പ്രായമുള്ള ഒരു കുട്ടിയുടെ കൃത്യം.*

21. ഏഴ് വയസ്സിന് മുകളിൽ പ്രായമുള്ളതും പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ളതും, ആ സന്ദർഭത്തിലെ തന്റെ നടപടിയുടെ സ്വഭാവവും അനന്തരഫലങ്ങളും ഗ്രഹിക്കുന്നതിന് ധാരണാശക്തിക്ക് വേണ്ടത്ര പക്വത വന്നിട്ടില്ലാത്തതുമായ ഒരു കുട്ടി ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

*ചിത്തഭ്രമമുള്ള ഒരാളുടെ കൃത്യം.*

22. ഒരു കൃത്യം ചെയ്യുന്ന സമയത്ത് ചിത്തഭ്രമം കാരണമായി അതിന്റെ സ്വഭാവമോ താൻ തെറ്റായതോ അല്ലെങ്കിൽ നിയമത്തിന് വിരുദ്ധമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാത്ത ഒരാൾ ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

*തന്റെ ഇച്ഛയ്ക്കെതിരായി ലഹരി പിടിപ്പിക്കപ്പെട്ടത് കാരണമായി നിർണ്ണയശക്തി ഉപയോഗിക്കുവാൻ കഴിവില്ലാത്ത ഒരാളുടെ കൃത്യം.*

23. ഒരു കൃത്യം ചെയ്യുന്ന സമയത്ത് ലഹരി കാരണമായി അതിന്റെ സ്വഭാവമോ താൻ തെറ്റായതോ അല്ലെങ്കിൽ നിയമത്തിന് വിരുദ്ധമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാത്ത ഒരാൾ ചെയ്യുന്ന യാതൊന്നും കുറ്റമാകുന്നതല്ല; എന്നാൽ, അയാളെ ലഹരി പിടിപ്പിച്ച സാധനം അയാൾക്ക്, അയാളുടെ അറിവ് കൂടാതെയോ അയാളുടെ ഇച്ഛയ്ക്കെതിരായോ കൊടുത്തതായിരിക്കണം.

24. ഒരു കൃത്യം പ്രത്യേകമായ ഒരു അറിവോടോ ഉദ്ദേശ്യത്തോടോ കൂടി ചെയ്യാത്തപക്ഷം കുറ്റമാകാത്ത സംഗതികളിൽ, ലഹരിപിടിച്ച അവസ്ഥയിൽ ആ കൃത്യം ചെയ്യുന്ന ഒരാളെ സംബന്ധിച്ച്, അയാളെ ലഹരി പിടിപ്പിച്ച സാധനം അയാൾക്ക് അയാളുടെ അറിവ് കൂടാതെയോ അയാളുടെ ഇച്ഛയ്ക്കെതിരായോ കൊടുത്തതല്ലാത്തപക്ഷം, അയാൾക്ക് ലഹരി പിടിച്ചിരുന്നില്ലെങ്കിൽ ഉണ്ടായിരിക്കുമായിരുന്ന അറിവ് തന്നെ അയാൾക്ക് ഉണ്ടായിരുന്നെങ്കിലെന്നപോലെ, നടപടി എടുക്കേണ്ടതാണ്.

പ്രത്യേകമായ ഒരു ഉദ്ദേശ്യമോ അറിവോ വേണ്ട ഒരു കുറ്റം ലഹരി പിടിച്ച ഒരാൾ ചെയ്യുന്നത്.

25. മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്തതും, മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് ചെയ്യുന്ന ആൾ അറിയാത്തതുമായ യാതൊന്നും, അത് ഏതെങ്കിലും ഹാനി സഹിക്കുവാൻ പ്രകടമോ വ്യംഗ്യമോ ആയ സമ്മതം നൽകിയിട്ടുള്ളതും പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ളതുമായ ഏതെങ്കിലും ആൾക്ക് ഉളവാക്കാവുന്നതോ ഉളവാക്കുവാൻ ചെയ്യുന്ന ആൾ ഉദ്ദേശിക്കുന്നതോ ആയ ഹാനി കാരണമായോ അല്ലെങ്കിൽ ഏതെങ്കിലും ഹാനിക്കുള്ള സാധ്യത നേരിടുന്നതിന് സമ്മതിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് ഉളവാക്കുവാൻ ഇടയുണ്ടെന്ന് ചെയ്യുന്ന ആൾക്ക് അറിയാവുന്ന ആ ഹാനി കാരണമായോ, ഒരു കുറ്റമാകുന്നതല്ല.

മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്തതും സംഭവിക്കുവാൻ ഇടയുണ്ടെന്ന് അറിയാത്തതുമായ കൃത്യം സമ്മതത്തോടെ ചെയ്യുന്നത്.

*ദൃഷ്ടാന്തം*

<u>ക</u> യും <u>യ</u> യും വിനോദത്തിനായി, അവർ തമ്മിൽ വാൾപ്പയറ്റ് നടത്താമെന്ന് സമ്മതിക്കുന്നു. അങ്ങനെയുള്ള പയറ്റിനിടയിൽ ചതി പ്രയോഗം കൂടാതെ ഉണ്ടാകാവുന്ന ഏതെങ്കിലും ഹാനി സഹിക്കാമെന്ന് ഓരോരുത്തരും സമ്മതിക്കുന്നു എന്നത് ഈ ഉഭയസമ്മതത്തിൽ വ്യംഗ്യമാകുന്നതും; <u>ക</u>, <u>യ</u> യെ ദേഹോപദ്രവം ഏൽപ്പിക്കുകയാണെങ്കിൽ <u>ക</u> യാതൊരു കുറ്റവും ചെയ്യുന്നില്ല.

26. മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്ത യാതൊന്നും, അത് ഏതൊരാളുടെ ഗുണത്തിനുവേണ്ടി ഉത്തമവിശ്വാസപൂർവം ചെയ്യപ്പെടുകയും അയാളുടെ പ്രകടമോ വ്യംഗ്യമോ ആയ സമ്മതം ഏതെങ്കിലും ഹാനി സഹിക്കുവാനോ ആ ഹാനിക്കുള്ള സാധ്യത നേരിടുന്നതിനോ നൽകപ്പെടുകയും ചെയ്തിട്ടുണ്ടോ, അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക്

മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്തതും ഒരാളുടെ ഗുണത്തിനായി സമ്മതത്തോടെ ഉത്തമവിശ്വാസപൂർവം ചെയ്യുന്നതുമായ കൃത്യം.

ഉളവാക്കാവുന്നതോ ഉളവാക്കുവാൻ ചെയ്യുന്ന ആൾ ഉദ്ദേശിക്കുന്നതോ, ഉളവാക്കുവാൻ ഇടയുണ്ടെന്ന് ചെയ്യുന്ന ആൾ അറിയുന്നതോ ആയ ആ ഹാനി കാരണമായി, ഒരു കുറ്റമാകുന്നതല്ല.

*ദൃഷ്ടാന്തം*

ക എന്ന സർജൻ, ഒരു പ്രത്യേക ശസ്ത്രക്രിയ, വേദനയുണ്ടാക്കുന്ന ഒരു സുഖക്കേട് ബാധിച്ച യ യുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടും എന്നാൽ യ യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാതെയും യ യുടെ ഗുണം ഉത്തമവിശ്വാസപൂർവം ഉദ്ദേശിച്ചുകൊണ്ടും, യ യുടെ മേൽ യ യുടെ സമ്മതത്തോടെ ആ ശസ്ത്രക്രിയ നടത്തുന്നു. ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

കുട്ടിയുടെയോ ചിത്തഭ്രമമുള്ള ആളുടെയോ ഗുണത്തിനു വേണ്ടി രക്ഷാകർത്താവിനാലോ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിയോ ഉത്തമ വിശ്വാസപൂർവം ചെയ്യപ്പെടുന്ന കൃത്യം.

27. പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ളതോ ചിത്തഭ്രമമുള്ളതോ ആയ ഒരാളുടെ ഗുണത്തിനുവേണ്ടി, ആ ആളുടെ രക്ഷാകർത്താവിനാലോ നിയമാനുസൃത രക്ഷണത്തിന്റെ ചുമതല വഹിക്കുന്ന മറ്റ് ആളാലോ അല്ലെങ്കിൽ അവരുടെ പ്രകടമോ വ്യംഗ്യമോ ആയ സമ്മതത്തോടുകൂടിയോ ഉത്തമവിശ്വാസപൂർവം ചെയ്യപ്പെടുന്ന യാതൊന്നും, അയാൾക്ക് ഉളവാക്കാവുന്നതോ, ഉളവാക്കണമെന്ന് ചെയ്യുന്ന ആൾ ഉദ്ദേശിക്കുന്നതോ, ഉളവാക്കുവാൻ ഇടയുണ്ടെന്ന് ചെയ്യുന്ന ആൾ അറിയുന്നതോ ആയ ഏതെങ്കിലും ഹാനി കാരണമായി, കുറ്റമാകുന്നതല്ല:

എന്നാൽ—

(ക) ഉദ്ദേശ്യപൂർവം മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക്;

(ഖ) താൻ ചെയ്യുന്നത് മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് അത് ചെയ്യുന്ന ആൾ അറിയുന്ന എന്തെങ്കിലും മരണമോ കഠിനമായ ദേഹോപദ്രവമോ തടയുകയോ ഏതെങ്കിലും മാരകമായ രോഗമോ ദൗർബല്യമോ സുഖപ്പെടുത്തുകയോ ചെയ്യുന്ന തല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ചെയ്യുന്നതിലേക്ക്;

(ഗ) മരണമോ കഠിനമായ ദേഹോപദ്രവമോ തടയുകയോ ഏതെങ്കിലും മാരകമായ രോഗമോ ദൗർബല്യമോ സുഖപ്പെടുത്തുകയോ ചെയ്യുന്നതിനുവേണ്ടിയല്ലാത്തപക്ഷം കഠിനമായ ദേഹോപദ്രവം സ്വേച്ഛയാ ഏൽപ്പിക്കുകയോ, കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക്;

(ഘ) ഏതെങ്കിലും കുറ്റത്തിന്, ചെയ്യുന്നതായ കുറ്റത്തിന് ഇത് ബാധകമാകാത്തതായത്, പ്രേരണ നൽകുന്നതിലേക്ക്;

ഈ അപവാദം വ്യാപിക്കുന്നതല്ല.

*ദൃഷ്ടാന്തം*

ക ഉത്തമവിശ്വാസപൂർവം തന്റെ കുട്ടിയുടെ ഗുണത്തിനായി കുട്ടിയുടെ സമ്മതം കൂടാതെ കുട്ടിക്ക് കല്ലടപ്പിനുള്ള ശസ്ത്രക്രിയ, അത് കുട്ടിയുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് അറിഞ്ഞുകൊണ്ടും എന്നാൽ കുട്ടിയുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാതെയും, ഒരു സർജനെ കൊണ്ട് ചെയ്യിക്കുന്നു. ക യുടെ ഉദ്ദേശ്യം കുട്ടിയുടെ രോഗശമനം ആയിരുന്നതുകൊണ്ട് ക, ഈ അപവാദത്തിൽപ്പെടുന്നു.

28. (ക) ക്ഷതിയുണ്ടാകുമെന്ന ഭയത്താലോ വസ്തുതയെക്കുറിച്ചുള്ള മിഥ്യാബോധത്താലോ ഒരാൾ സമ്മതം നൽകുകയും, അങ്ങനെയുള്ള ഭയത്തിന്റെയോ മിഥ്യാബോധത്തിന്റെയോ അനന്തരഫലമായിട്ടാണ് ആ സമ്മതം നൽകിയതെന്ന് കൃത്യം ചെയ്യുന്ന ആൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാനുള്ള കാരണം ഉണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുകയാണെങ്കിലോ;

ഭയത്താലോ മിഥ്യാബോധത്താലോ നൽകിയതായി അറിയപ്പെടുന്ന സമ്മതം.

(ഖ) ചിത്തഭ്രമത്താലോ, ലഹരിയാലോ താൻ സമ്മതം നൽകുന്നത് ഏതിനാണോ അതിന്റെ സ്വഭാവവും അനന്തരഫലവും മനസ്സിലാക്കുവാൻ കഴിവില്ലാത്ത ഒരാളാണ് സമ്മതം നൽകുന്നതെങ്കിലോ;

(ഗ) സന്ദർഭത്തിൽ നിന്ന് വിപരീതമായി തോന്നാത്തപക്ഷം പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള ഒരാളാണ് സമ്മതം നൽകുന്നതെങ്കിലോ,

ഒരു സമ്മതം ഈ സംഹിതയിലെ ഏതെങ്കിലും വകുപ്പുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സമ്മതമല്ല.

ഉളവാക്കുന്ന ഹാനിയെ ആശ്രയിക്കാതെ തന്നെ കുറ്റമാകുന്ന കൃത്യങ്ങൾ ഒഴിച്ചു നിറുത്തൽ.

29. 25ഉം 26ഉം 27ഉം വകുപ്പുകളിലെ അപവാദങ്ങൾ, സമ്മതം നൽകിയതോ സമ്മതം നൽകപ്പെട്ടിട്ടുള്ളതോ ആയ ആൾക്കോ ഉളവാക്കുന്നതോ ഉളവാക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിയപ്പെടുന്നതോ ആയ ഏതെങ്കിലും ഹാനിയെ ആശ്രയിക്കാതെ തന്നെ കുറ്റമാകുന്ന, കൃത്യങ്ങളിലേക്ക് വ്യാപിക്കുന്നതല്ല.

*ദൃഷ്ടാന്തം*

ഗർഭം അലസിക്കുന്നത് (സ്ത്രീയുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഉത്തമവിശ്വാസപൂർവം ചെയ്യുന്നതല്ലാത്തപക്ഷം) അത് സ്ത്രീക്ക് ഉളവാക്കാവുന്നതോ ഉളവാക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ആയ ഏതെങ്കിലും ഹാനിയെ ആശ്രയിക്കാതെതന്നെ ഒരു കുറ്റമാകുന്നു. അതുകൊണ്ട് അങ്ങനെയുള്ള "ഹാനി കാരണമായി"ട്ടല്ല അത് കുറ്റമാകുന്നത്; അങ്ങനെ ഗർഭം അലസിക്കുന്നതിന് സ്ത്രീയോ അവളുടെ രക്ഷാകർത്താവോ നൽകുന്ന സമ്മതം ആ കൃത്യത്തെ ന്യായീകരിക്കുന്നതുമല്ല.

ഒരാളുടെ ഗുണത്തിനായി സമ്മതം കൂടാതെ ഉത്തമവിശ്വാസ പൂർവം ചെയ്യുന്ന കൃത്യം.

30. യാതൊന്നും, അത് ഏതൊരാളുടെ ഗുണത്തിനുവേണ്ടിയാണോ അയാളുടെ സമ്മതം കൂടാതെതന്നെ ഉത്തമവിശ്വാസപൂർവം ചെയ്യുന്നത്, ആ ആൾക്ക് അത് ഉളവാക്കാവുന്ന ഹാനി കാരണമായി, സാഹചര്യങ്ങൾ അയാൾക്ക് തന്റെ സമ്മതം പ്രകടിപ്പിക്കുവാൻ അസാധ്യമായവിധത്തിൽ ഉള്ളവയാണെങ്കിലോ, സമ്മതം നൽകുവാൻ അയാൾ കഴിവില്ലാത്ത തായിരിക്കുകയും, കാര്യം ഗുണകരമായി ചെയ്യുവാൻവേണ്ടി തക്കസമയത്ത് സമ്മതം വാങ്ങുവാൻ സാധിക്കാത്തവിധമുള്ള ഒരു രക്ഷാകർത്താവോ നിയമപരമായ രക്ഷണത്തിന്റെ ചുമതല വഹിക്കുന്ന മറ്റ് ആളോ അയാൾക്ക് ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിലോ, കുറ്റമാകുന്നതല്ല:

എന്നാൽ–

(ക) ഉദ്ദേശ്യപൂർവം മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക്;

(ഖ) മരണമോ കഠിനമായ ദേഹോപദ്രവമോ തടയുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും മാരകമായ രോഗമോ ദൗർബല്യമോ ഭേദപ്പെടുത്തുന്നതിനോ അല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനു വേണ്ടി ചെയ്യുന്നതിലേക്ക്, മരണം സംഭവിപ്പിക്കുവാൻ ഇടയാക്കുമെന്ന് അത് ചെയ്യുന്ന ആൾക്ക് അറിവുള്ള എന്തെങ്കിലും ചെയ്യുന്നതിലേക്ക്;

(ഗ) മരണമോ ദേഹോപദ്രവമോ തടയുന്നതല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുകയോ ദേഹോപദ്രവം ഏൽപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക്;

(ഘ) ഏതെങ്കിലും കുറ്റത്തിന്, അത് ചെയ്യുന്നതായ കുറ്റത്തിന് ഈ അപവാദം ബാധകമാകാത്തതായത്, പ്രേരണ നൽകുന്നതിലേക്ക്,

ഈ അപവാദം വ്യാപിക്കുന്നതല്ല.

*ദൃഷ്ടാന്തങ്ങൾ*

(1) <u>യ</u> അയാളുടെ കുതിരപ്പുറത്തുനിന്ന് തെറിച്ചുവീഴുകയും അയാൾക്ക് ബോധക്ഷയം ഉണ്ടാവുകയും ചെയുന്നു. <u>ക</u> എന്ന സർജൻ <u>യ</u> യ്ക്ക് കപാല ശസ്ത്രക്രിയ നടത്തുന്നത് ആവശ്യമാണെന്നു കാണുന്നു. <u>യ</u> യുടെ മരണം ഉദ്ദേശിക്കാതെയും എന്നാൽ ഉത്തമവിശ്വാസപൂർവം <u>യ</u> യുടെ ഗുണത്തിനുവേണ്ടിയും <u>യ</u> സ്വയം നിർണ്ണയിക്കുവാനുള്ള ശക്തി വീണ്ടെടുക്കുന്നതിനുമുമ്പ് <u>ക</u>, ആ കപാല ശസ്ത്രക്രിയ നടത്തുന്നു. <u>ക</u> യാതൊരു കുറ്റവും ചെയ്തിട്ടില്ല.

(2) <u>യ</u> യെ ഒരു കടുവ എടുത്തുകൊണ്ടുപോകുന്നു. വെടികൊണ്ട് <u>യ</u> മരിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട്, എന്നാൽ <u>യ</u> യെ കൊല്ലണമെന്ന ഉദ്ദേശ്യം ഇല്ലാതെയും ഉത്തമവിശ്വാസപൂർവം <u>യ</u> യുടെ ഗുണം ഉദ്ദേശിച്ചുകൊണ്ട് <u>ക</u> കടുവയുടെ നേരെ വെടിവയ്ക്കുന്നു. <u>ക</u> യുടെ വെടിയുണ്ട <u>യ</u> യ്ക്ക് മരണകാരണമായ മുറിവ് ഏൽപ്പിക്കുന്നു. <u>ക</u> യാതൊരു കുറ്റവും ചെയ്തിട്ടില്ല.

(3) ഒരു കുട്ടിക്ക് ഉടനടി ഒരു ശസ്ത്രക്രിയ നടത്താത്തപക്ഷം മാരകമായിത്തീരുവാൻ ഇടയുള്ള ഒരു അപകടം നേരിട്ടതായി ക എന്ന സർജൻ കാണുന്നു. കുട്ടിയുടെ രക്ഷാകർത്താവിനോട് ചോദിക്കുവാൻ സമയമില്ല. കുട്ടിയുടെ അഭ്യർഥനകൾ ഉണ്ടായിരുന്നിട്ടും ഉത്തമ വിശ്വാസപൂർവം കുട്ടിയുടെ ഗുണം ഉദ്ദേശിച്ചുകൊണ്ട് ക ശസ്ത്രക്രിയ നടത്തുന്നു. ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

(4) തീപിടിച്ച് കത്തുന്ന ഒരു വീട്ടിൽ ക, യ എന്ന ഒരു കുട്ടിയുമായി നിൽക്കുന്നു. താഴെ നിൽക്കുന്ന ആളുകൾ ഒരു കമ്പിളി നിവർത്തിപ്പിടിക്കുന്നു. വീഴ്ചമൂലം കുട്ടി മരിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് എന്നാൽ കുട്ടിയെ കൊല്ലണമെന്ന് ഉദ്ദേശിക്കാതെയും ഉത്തമവിശ്വാസപൂർവം കുട്ടിയുടെ ഗുണം ഉദ്ദേശിച്ചുകൊണ്ടും ക കുട്ടിയെ വീടിനുമുകളിൽ നിന്ന് താഴേക്ക് ഇടുന്നു. ഇവിടെ വീഴ്ചമൂലം കുട്ടി കൊല്ലപ്പെട്ടാൽ കൂടി ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

*വിശദീകരണം.*— കേവലം ധനപരമായ ഗുണം 26 ഉം 27 ഉം വകുപ്പു കളുടെയും ഈ വകുപ്പിന്റെയും അർഥത്തിനുള്ളിലും ഗുണമാകുന്നതല്ല.

ഉത്തമവിശ്വാസ പൂർവം നൽകുന്ന അറിയിപ്പ്.

31. ഉത്തമവിശ്വാസപൂർവം നൽകുന്ന യാതൊരു അറിയിപ്പും, അത് അയാളുടെ ഗുണത്തിനാണ് നൽകുന്നതെങ്കിൽ അയാൾക്ക് ഉളവാക്കുന്ന ഏതെങ്കിലും ഹാനി കാരണം ഒരു കുറ്റമാകുന്നതല്ല.

*ദൃഷ്ടാന്തം*

ക എന്ന സർജൻ ഒരു രോഗിയെ, അയാൾക്ക് ജീവിക്കുവാൻ സാധിക്കുന്നതല്ലെന്ന തന്റെ അഭിപ്രായം ഉത്തമവിശ്വാസപൂർവം അറിയിക്കുന്നു. ആ ആഘാതത്തിന്റെ അനന്തരഫലമായി രോഗി മരിക്കുന്നു. ആ അറിയിപ്പ് രോഗിയുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞിരുന്നുവെങ്കിലും ക യാതൊരു കുറ്റവും ചെയ്തിട്ടില്ല.

ഭീഷണികൾ മൂലം ചെയ്യുവാൻ ഒരാൾ നിർബന്ധിത നാകുന്ന കൃത്യം.

32. കൊലപാതകവും സ്റ്റേറ്റിനെതിരായുള്ള മരണശിക്ഷ നൽകാവുന്ന കുറ്റങ്ങളും ഒഴികെയുള്ള യാതൊന്നും, അത് ചെയ്യാത്തപക്ഷം ഉടനടിയുള്ള തന്റെ മരണമായിരിക്കും അനന്തരഫലമെന്നുള്ള ആശങ്ക അത് ചെയ്യുന്ന സമയത്ത് ന്യായമായി ഉളവാക്കുന്ന ഭീഷണികളാൽ ചെയ്യുവാൻ നിർബന്ധിതനാകുന്ന ഒരാൾ ചെയ്യുന്നതായാൽ, കുറ്റമാകുന്നതല്ല:

എന്നാൽ അതിന് ആ കൃത്യം ചെയ്യുന്ന ആൾ സ്വമേധയാ, അല്ലെങ്കിൽ ഉടനടിയുള്ള മരണത്തിൽ കുറവായ ഹാനി തനിക്ക് ഉളവാകാമെന്ന ന്യായമായ ആശങ്കയാൽ, തന്നെ അങ്ങനെയുള്ള നിർബന്ധത്തിന് വിധേയനാക്കിയ സ്ഥിതിവിശേഷത്തിൽ സ്വയം എത്തിച്ചതായിരിക്കരുത്.

*വിശദീകരണം* 1.— സ്വമേധയാ അല്ലെങ്കിൽ അടിക്കപ്പെടുമെന്ന ഭീഷണി കാരണമായി കൂട്ടായ്മക്കവർച്ചക്കാരുടെ ഒരു സംഘത്തിൽ അവരുടെ സ്വഭാവം അറിഞ്ഞുകൊണ്ട് ചേരുന്ന ഒരാൾ, നിയമപ്രകാരം കുറ്റമായ ഏതെങ്കിലും കൃത്യം ചെയ്യുവാൻ അയാളുടെ കൂട്ടാളികളാൽ നിർബന്ധിതനായി എന്ന കാരണത്തിൻമേൽ ഈ അപവാദത്തിന്റെ ആനുകൂല്യത്തിന് അർഹനാകുന്നതല്ല.

*വിശദീകരണം* 2.— കൂട്ടായ്മക്കവർച്ചക്കാരുടെ ഒരു സംഘത്താൽ പിടിക്കപ്പെടുകയും ഉടനടി കൊല്ലുമെന്ന ഭീഷണിമൂലം നിയമപ്രകാരം കുറ്റമായ ഒരു കാര്യം ചെയ്യുവാൻ നിർബന്ധിക്കപ്പെടുകയും ചെയ്ത ഒരാൾ; ഉദാഹരണമായി, കവർച്ചക്കാർക്ക് ഒരു വീട്ടിനകത്ത് കടന്ന് കൊള്ള ചെയ്യുവാൻ വേണ്ടി ആ വീടിന്റെ വാതിൽ തന്റെ പണിയായുധങ്ങൾ എടുത്ത് കുത്തിത്തുറക്കുവാൻ നിർബന്ധിതനായ ഒരു കൊല്ലൻ ഈ അപവാദത്തിന്റെ ആനുകൂല്യത്തിന് അർഹനാകുന്നതാണ്.

തുച്ഛമായ ഹാനി ഉളവാക്കുന്ന കൃത്യം.

33. യാതൊന്നും, അത് ഏതെങ്കിലും ഹാനി ഉളവാക്കുന്നുവെന്നോ ഉളവാക്കുവാൻ ഉദ്ദേശിക്കപ്പെട്ടതാണെന്നോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിയപ്പെടുന്നതാണെന്നോ ഉള്ള കാരണത്താൽ ആ ഹാനി സാധാരണമായ വകതിരിവും പ്രകൃതവുമുള്ള യാതൊരാളും അങ്ങനെയുള്ള ഹാനിയെക്കുറിച്ച് പരാതിപ്പെടാത്തവിധം അത്ര തുച്ഛമാണെങ്കിൽ ഒരു കുറ്റമാകുന്നതല്ല.

## *സ്വരക്ഷാവകാശത്തെക്കുറിച്ച്*

സ്വരക്ഷയ്ക്കായി ചെയ്യുന്ന കാര്യങ്ങൾ.

34. സ്വരക്ഷാവകാശത്തിന്റെ പ്രയോഗത്തിൽ ചെയ്യപ്പെടുന്ന യാതൊന്നും കുറ്റമാകുന്നതല്ല.

ശരീരത്തെയും വസ്തുവിനെയും കുറിച്ചുള്ള സ്വരക്ഷാവകാശം.

35. ഏതൊരാൾക്കും–

(ക) മനുഷ്യശരീരത്തെ ബാധിക്കുന്ന ഏതെങ്കിലും കുറ്റത്തിനെതിരായി തന്റെ ശരീരവും മറ്റ് ഏതെങ്കിലും ആളുടെ ശരീരവും;

(ഖ) മോഷണത്തിന്റെയോ കവർച്ചയുടെയോ ദ്രോഹത്തിന്റെയോ കുറ്റകരമായ വസ്തുകൈയേറ്റത്തിന്റെയോ നിർവചനത്തിൽപ്പെടുന്ന കുറ്റമോ മോഷണമോ കവർച്ചയോ ദ്രോഹമോ കുറ്റകരമായ വസ്തുകൈയേറ്റമോ നടത്തുവാനുള്ള ശ്രമമോ ആയ ഏതെങ്കിലും കൃത്യത്തിനെതിരായി തന്റെയോ മറ്റേതെങ്കിലും ആളുടെയോ ജംഗമമോ സ്ഥാവരമോ ആയ വസ്തുവും,

രക്ഷിക്കുവാൻ 37–ാം വകുപ്പിൽ അടങ്ങിയ നിയന്ത്രണങ്ങൾക്ക് വിധേയമായി അവകാശമുണ്ട്.

ചിത്തഭ്രമമുള്ള ആളുടെയും മറ്റും കൃത്യത്തിനെതിരായി സ്വരക്ഷാവകാശം.

36. ഒരു കൃത്യം ചെയ്യുന്ന ആളുടെ യുവത്വം മൂലമോ ധാരണാശക്തിയുടെ പക്വതയുടെ അഭാവമോ ചിത്തഭ്രമമോ ലഹരിയോ കാരണമായോ, അയാൾക്കുണ്ടായ ഏതെങ്കിലും മിഥ്യാബോധം കാരണമായോ, മറ്റുവിധത്തിലാണെങ്കിൽ ഏതെങ്കിലും ഒരു പ്രത്യേക കുറ്റമാകുമായിരുന്ന ആ കൃത്യം ആ കുറ്റമല്ലാതാകുമ്പോൾ, ആ കൃത്യത്തിനെതിരായി ഏതൊരാൾക്കും ആ കൃത്യം ഒരു കുറ്റമായിരുന്നെങ്കിൽ അയാൾക്കുണ്ടാകുമായിരുന്ന അതേ സ്വരക്ഷാവകാശം ഉണ്ടായിരിക്കുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ചിത്തഭ്രമമുള്ള യ, ക യെ കൊല്ലുവാൻ ശ്രമിക്കുന്നു. യ യാതൊരു കുറ്റത്തിനും അപരാധിയല്ല, എന്നാൽ ക യ്ക്ക് യ യുടെ ബുദ്ധിക്ക് സ്ഥിരതയുണ്ടായിരുന്നുവെങ്കിൽ തനിക്ക് ഉണ്ടാകുമായിരുന്ന അതേ സ്വരക്ഷാവകാശം ഉണ്ടായിരിക്കുന്നതാണ്.

(ഖ) ക തനിക്ക് പ്രവേശിക്കുവാൻ നിയമപ്രകാരം അവകാശമുള്ള ഒരു വീട്ടിൽ രാത്രി പ്രവേശിക്കുന്നു. ക ഭവനഭേദകനാണെന്ന് യ ഉത്തമവിശ്വാസപൂർവം ധരിച്ച് ക യെ ആക്രമിക്കുന്നു. ഇവിടെ യ ഈ മിഥ്യാബോധത്തോടെ ക യെ

ആക്രമിക്കുന്നതുകൊണ്ട് യാതൊരു കുറ്റവും ചെയ്യുന്നില്ല. എന്നാൽ ക യ്ക്ക് യ ആ മിഥ്യാബോധത്തോടെയല്ലാതെ പ്രവർത്തിച്ചിരുന്നുവെങ്കിൽ യ യ്ക്കെതിരെ തനിക്കുണ്ടാകുമായിരുന്ന അതേ സ്വരക്ഷാവകാശം ഉണ്ടായിരിക്കുന്നതാണ്.

സ്വരക്ഷാവകാശം ഇല്ലാത്തതായ കൃത്യങ്ങൾ.

37. (1) യാതൊരു സ്വരക്ഷാവകാശവും,—

(ക) മരണമോ കഠിനമായ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ആശങ്ക ന്യായമായി ഉളവാക്കാത്ത ഒരു കൃത്യം ഒരു പബ്ലിക് സർവന്റ്, തന്റെ ഔദ്യോഗികനിലയിൽ ആണെന്ന് തോന്നിക്കുന്ന വിധത്തിൽ ഉത്തമവിശ്വാസപൂർവം പ്രവർത്തിക്കുമ്പോൾ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തതാണെങ്കിൽ അതിനെതിരായി ആ കൃത്യം നിയമത്താൽ കണിശമായി ന്യായീകരിക്കാവുന്നതല്ലെങ്കിലും;

(ഖ) മരണമോ കഠിനമായ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ആശങ്ക ന്യായമായി ഉളവാക്കാത്ത ഒരു കൃത്യം, ഒരു പബ്ലിക് സർവന്റ് തന്റെ ഔദ്യോഗികനിലയിലാണെന്ന് തോന്നിക്കുന്ന വിധത്തിൽ ഉത്തമവിശ്വാസപൂർവം പ്രവർത്തിക്കുമ്പോൾ നൽകുന്ന നിർദേശ പ്രകാരം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തതാണെങ്കിൽ, അതിനെതിരായി ആ നിർദേശം നിയമത്താൽ കണിശമായി ന്യായീകരിക്കാവുന്നതല്ലെങ്കിലും;

(ഗ) പൊതു അധികാരസ്ഥാനങ്ങളുടെ രക്ഷണത്തിനുവേണ്ടി സമീപിക്കുവാൻ സമയമുള്ള സംഗതികളിലും,

ഉണ്ടായിരിക്കുന്നതല്ല.

(2) രക്ഷയ്ക്കുവേണ്ടി ഏൽപ്പിക്കുവാൻ ആവശ്യമായതിലും കൂടുതൽ ഹാനി യാതൊരു സംഗതിയിലും ഏൽപ്പിക്കുന്നത് സ്വരക്ഷാവകാശത്തിൽ പെടുന്നതല്ല.

*വിശദീകരണം* 1.— ഒരു പബ്ലിക് സർവന്റ് ആ നിലയിൽ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരു കൃത്യത്തിനെതിരായി ഒരാൾക്കുള്ള സ്വരക്ഷാവകാശം, കൃത്യം ചെയ്യുന്ന ആൾ അങ്ങനെയുള്ള പബ്ലിക് സർവന്റാണെന്ന് അയാൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യാത്തപക്ഷം, അയാൾക്ക് ഇല്ലാതാകുന്നതല്ല.

*വിശദീകരണം* 2.— ഒരു പബ്ലിക് സർവന്റിന്റെ നിർദേശമനുസരിച്ച് ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന കൃത്യത്തിനെതിരായി, ഒരാൾക്കുള്ള സ്വരക്ഷാവകാശം, കൃത്യം ചെയ്യുന്ന ആൾ അങ്ങനെയുള്ള നിർദേശമനുസരിച്ച് പ്രവർത്തിക്കുകയാണെന്ന് അയാൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യാത്ത പക്ഷമോ താൻ ഏത് അധികാരത്തിൻകീഴിലാണ് പ്രവർത്തിക്കുന്നതെന്ന് അങ്ങനെയുള്ള ആൾ പറയാത്തപക്ഷമോ, അങ്ങനെയുള്ള ആൾക്ക് രേഖാമൂലമായ അധികാരമുണ്ടെങ്കിൽ അങ്ങനെയുള്ള അധികാരം, ആവശ്യപ്പെട്ടാൽ ഹാജരാക്കാത്തപക്ഷമോ, അയാൾക്ക് ഇല്ലാതാകുന്നതല്ല.

ശരീരം സംബന്ധിച്ച സ്വരക്ഷാ വകാശം മരണം സംഭവിപ്പിക്കു ന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

38. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം, ആ അവകാശം വിനിയോഗിക്കുന്നതിന് അവസരം ഉണ്ടാക്കുന്ന കുറ്റം, ഇതിനുശേഷം എണ്ണിപ്പറയുന്ന വിവരണങ്ങളിൽ ഏതിലെങ്കിലും പെടുന്നതാണെങ്കിൽ കൈയേറ്റക്കാരന് മരണമോ മറ്റ് ഏതെങ്കിലും ഹാനിയോ സ്വേച്ഛയാ സംഭവിപ്പിക്കുന്നതിലേക്ക് 37–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണ ങ്ങൾക്ക് വിധേയമായി വ്യാപിക്കുന്നതാണ്, അതായത്:–

(ക) മറ്റുവിധത്തിലാണെങ്കിൽ, അനന്തരഫലം മരണം ആയിരിക്കുമെന്ന ആശങ്ക ന്യായമായി ഉളവാക്കാവുന്ന കൈയേറ്റം;

(ഖ) മറ്റുവിധത്തിലാണെങ്കിൽ, അനന്തരഫലം കഠിനമായ ദേഹോപദ്രവം ആയിരിക്കുമെന്ന ആശങ്ക ന്യായമായി ഉളവാക്കാവുന്ന കൈയേറ്റം;

(ഗ) ബലാൽസംഗം നടത്തണമെന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള കൈയേറ്റം;

(ഘ) പ്രകൃതിവിരുദ്ധമായ കാമാർത്തി പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള കൈയേറ്റം;

(ങ) ആൾമോഷണമോ ആളപഹരണമോ നടത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള കൈയേറ്റം;

(ച) തന്റെ മോചനത്തിന്, പൊതു അധികാരസ്ഥാനങ്ങളെ സമീപിക്കുവാൻ കഴിയുകയില്ലെന്ന ആശങ്ക ന്യായമായി ഒരാൾക്ക് ഉളവാക്കാവുന്ന സാഹചര്യങ്ങളിൽ അന്യായമായി അയാളെ തടഞ്ഞുവയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള കൈയേറ്റം;

(ഛ) മറ്റുവിധത്തിലാണെങ്കിൽ, അങ്ങനെയുള്ള കൃത്യത്തിന്റെ അനന്തരഫലം കഠിനമായ ദേഹോപദ്രവം ആയിരിക്കുമെന്ന ആശങ്ക ന്യായമായി ഉളവാക്കാവുന്ന, ആസിഡ് എറിയുകയോ നൽകുകയോ ചെയ്യുന്ന അല്ലെങ്കിൽ ആസിഡ് എറിയുന്നതിനോ നൽകുന്നതിനോ ഒരു പ്രേരണ നൽകുന്ന, ഒരു കൃത്യം.

39. കുറ്റം, 38–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവരണങ്ങളിൽ ഏതിലെങ്കിലും പെടുന്നതല്ലെങ്കിൽ, ശരീരത്തിന്റെ സ്വരക്ഷാവകാശം കൈയേറ്റക്കാരന് മരണം സ്വേച്ഛയാ സംഭവിപ്പിക്കുന്നതിലേക്ക് വ്യാപിക്കുന്നതല്ലാത്തതും, എന്നാൽ 37–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് കീഴിൽ കൈയേറ്റക്കാരന് മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി സ്വേച്ഛയാ ഉളവാക്കുന്നതിലേക്ക് വ്യാപിക്കുന്നതും ആകുന്നു.

അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

40. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം, കുറ്റം ചെയ്തിട്ടില്ലായിരിക്കാമെങ്കിലും, കുറ്റം ചെയ്യുവാനുള്ള ശ്രമത്തിൽ നിന്നോ ചെയ്യുമെന്ന ഭീഷണിയിൽ നിന്നോ ശരീരത്തിന് അപായം ഉണ്ടാകുമെന്ന ന്യായമായ ആശങ്ക ഉദ്ഭവിപ്പിക്കുന്നതോടുകൂടി തുടങ്ങുന്നതും, അത് ശരീരത്തിന് അപായം ഉണ്ടാകുമെന്ന അങ്ങനെയുള്ള ആശങ്ക തുടരുന്നിടത്തോളം തുടരുന്നതുമാണ്.

ശരീരം സംബന്ധിച്ച സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.

41. 37–ാം വകുപ്പിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് കീഴിൽ, അപകർത്താവിന് സ്വേച്ഛയാ മരണമോ മറ്റെന്തെങ്കിലും ഹാനിയോ സംഭവിപ്പിക്കുന്നതിന് വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം ബാധകമാകുന്നത്, ആ അവകാശം വിനിയോഗിക്കുന്നതിന് ചെയ്യുന്നതോ ചെയ്യുവാൻ ശ്രമിക്കുന്നതോ ആയ കുറ്റം അവസരമുണ്ടാക്കുന്നുവെങ്കിൽ, ഇതിനുശേഷം എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിവരണങ്ങളിൽപ്പെടുന്ന ഒരു കുറ്റമാകുന്നതാണ്, അതായത് :—

വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം മരണം സംഭവിപ്പിക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

(ക) കവർച്ച;

(ഖ) സൂര്യാസ്തമനത്തിനുശേഷവും സൂര്യോദയത്തിനു മുമ്പും ഉള്ള ഭവനഭേദനം;

(ഗ) ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ ആയിട്ടുള്ളതായ ഒരു മനുഷ്യവാസ സ്ഥലമായോ വസ്തു സൂക്ഷിപ്പ് സ്ഥലമായോ ഉപയോഗിക്കപ്പെടുന്ന കെട്ടിടമോ കൂടാരമോ ജലയാനമോ തീയാലോ മറ്റേതെങ്കിലും സ്ഫോടക വസ്തുക്കളാലോ ഉണ്ടാക്കുന്ന ദ്രോഹം;

(ഘ) അങ്ങനെയുള്ള സ്വരക്ഷാവകാശം വിനിയോഗിച്ചില്ലെങ്കിൽ മരണമോ കഠിനമായ ദേഹോപദ്രവമോ ആയിരിക്കും അനന്തരഫലമെന്നുള്ള ആശങ്ക ന്യായമായി ഉളവാക്കാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിലുള്ള മോഷണമോ ദ്രോഹമോ ഭവനകൈയേറ്റമോ.

അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

42. കുറ്റം, അത് ചെയ്യുന്നതോ അതിനുവേണ്ടി ശ്രമിക്കുന്നതോ സ്വരക്ഷാവകാശം വിനിയോഗിക്കുന്നതിന് അവസരം ഉണ്ടാക്കുന്ന, 41–ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിവരണങ്ങളിൽ ഏതിലെങ്കിലും പെടാത്ത മോഷണമോ ദ്രോഹമോ കുറ്റകരമായ വസ്തുകൈയേറ്റമോ ആണെങ്കിൽ ആ അവകാശം സ്വേച്ഛയാ മരണം സംഭവിപ്പിക്കുന്നതിലേക്ക് വ്യാപിക്കുന്നതല്ലാത്തതും, എന്നാൽ, 37–ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, അപകർത്താവിന് മരണമല്ലാത്ത ഏതെങ്കിലും ഹാനി സ്വേച്ഛയാ ഉളവാക്കുന്നതിലേക്ക് വ്യാപിക്കുന്നതുമാണ്.

വസ്തു സംബന്ധിച്ച സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.

43. വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം,—

(ക) വസ്തുവിന് നാശമുണ്ടാകുമെന്നുള്ള ഒരു ന്യായമായ ആശങ്ക തുടങ്ങുമ്പോൾ, തുടങ്ങുന്നു;

(ഖ) മോഷണത്തിന് എതിരായത്, കുറ്റക്കാരൻ വസ്തുവുമായി പിൻവാങ്ങിക്കഴിയുകയോ പൊതു അധികാരസ്ഥാനങ്ങളുടെ സഹായം ലഭിക്കുകയോ വസ്തു തിരികെകിട്ടുകയോ ചെയ്യുന്നതുവരെ, തുടരുന്നു;

(ഗ) കവർച്ചയ്ക്ക് എതിരായത്, കുറ്റക്കാരൻ ഏതെങ്കിലും ആൾക്ക് മരണമോ ദേഹോപദ്രവമോ അന്യായമായ തടഞ്ഞു നിറുത്തലോ സംഭവിപ്പിക്കുകയോ സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നിടത്തോളമോ അല്ലെങ്കിൽ ഉടനടി മരണമോ ഉടനടി

ദേഹോപദ്രവമോ ഉടനടി വൈയക്തികമായ തടഞ്ഞുനിറുത്തലോ ഉണ്ടാകുമെന്നുള്ള ഭയം തുടരുന്നതുവരെയോ, തുടരുന്നു;

(ഘ) കുറ്റകരമായ വസ്തുകൈയേറ്റത്തിനോ ദ്രോഹത്തിനോ എതിരായത്, കുറ്റക്കാരൻ കുറ്റകരമായ വസ്തുകൈയേറ്റമോ ദ്രോഹമോ തുടർന്ന് ചെയ്യുന്നിടത്തോളം, തുടരുന്നു;

(ങ) സൂര്യാസ്തമനത്തിനുശേഷവും സൂര്യോദയത്തിനുമുമ്പും ഉള്ള ഭവനഭേദനത്തിന് എതിരായത്, അങ്ങനെയുള്ള ഭവനഭേദനം കൊണ്ട് ആരംഭിച്ച ഭവനകൈയേറ്റം തുടരുന്നിടത്തോളം, തുടരുന്നു.

44. മരണം സംഭവിപ്പിക്കുമെന്നുള്ള ആശങ്ക ന്യായമായി ഉണ്ടാക്കുന്ന കൈയേറ്റത്തിന് എതിരായുള്ള സ്വരക്ഷാവകാശം വിനിയോഗിക്കുന്നതിൽ അത് വിനിയോഗിക്കുന്ന ആൾ ഒരു നിരപരാധിയായ ആൾക്ക് ഹാനി ഉണ്ടാകുവാൻ അപായസാധ്യതയില്ലാതെ ആ അവകാശം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണെങ്കിൽ, അയാളുടെ സ്വരക്ഷാവകാശം ആ അപായസാധ്യത നേരിടുന്നതിലേക്ക് വ്യാപിക്കുന്നതാണ്.

നിരപരാധിയായ ആൾക്ക് ഹാനി ഉണ്ടാക്കുവാൻ സാധ്യതയുള്ളപ്പോൾ മാരകമായ കൈയേറ്റത്തിനെതിരായുള്ള സ്വരക്ഷാവകാശം.

*ദൃഷ്ടാന്തം*

ക, തന്നെ കൊലചെയ്യുവാൻ ശ്രമിക്കുന്ന ഒരു ആൾക്കൂട്ടത്താൽ ആക്രമിക്കപ്പെടുന്നു. ആൾക്കൂട്ടത്തിന്റെ മേൽ വെടിവയ്ക്കാതെ അയാൾക്ക് തന്റെ സ്വരക്ഷാവകാശം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നതല്ലാത്തതും ആൾക്കൂട്ടത്തിൽ ഇടകലർന്ന കുട്ടികൾക്ക് ഹാനി ഉളവാക്കുമെന്ന അപായസാധ്യത കൂടാതെ അയാൾക്ക് വെടിവയ്ക്കുവാനും കഴിയുന്നതല്ലാത്തതുമാകുന്നു. അങ്ങനെ വെടിവയ്ക്കുന്നതുമൂലം കുട്ടികളിൽ ആർക്കെങ്കിലും ഹാനി ഉളവാക്കുന്നുവെങ്കിൽ ക യാതൊരു കുറ്റവും ചെയ്യുന്നില്ല.

# അധ്യായം IV

## പ്രേരണയെയും കുറ്റകരമായ ഗൂഢാലോചനയെയും ശ്രമത്തെയും കുറിച്ച്

*പ്രേരണയെക്കുറിച്ച്*

ഒരു കാര്യത്തിനുള്ള പ്രേരണ.

45. ഏതൊരാളാണോ—

(ക) ഒരു കാര്യം ചെയ്യുന്നതിന് ഏതെങ്കിലും ആളെ ഉൽസാഹിപ്പിക്കുകയോ; അല്ലെങ്കിൽ

(ഖ) ഒരു കാര്യം ചെയ്യുന്നതിന് ഒന്നോ ഒന്നിലധികമോ വേറെ ആളോടോ ആളുകളോടോ കൂടെ ഏതെങ്കിലും ഗൂഢാലോചനയിൽ ഏർപ്പെടുകയും, ആ ഗൂഢാലോചനയെ തുടർന്നും ആ കാര്യം ചെയ്യുന്നതിനുവേണ്ടിയും ഏതെങ്കിലും കൃത്യമോ നിയമവിരുദ്ധമായ കൃത്യവിലോപമോ സംഭവിക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഗ) ഒരു കാര്യം ചെയ്യുന്നതിന് ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ ഉദ്ദേശ്യപൂർവം സഹായിക്കുകയോ,

ചെയ്യുന്നത്, അയാൾ ആ കാര്യം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

*വിശദീകരണം* 1.— കരുതിക്കൂട്ടി തെറ്റിദ്ധരിപ്പിക്കുകയോ വെളിപ്പെടുത്തുവാൻ തനിക്ക് ബാധ്യതയുള്ള സാരവത്തായ ഒരു വസ്തുത കരുതിക്കൂട്ടി മറച്ചുവയ്ക്കുകയോ ചെയ്യുന്നതുമൂലം സ്വേച്ഛയാ ഒരു കാര്യം ചെയ്യിക്കുകയോ ചെയ്യപ്പെടുവാൻ ഏർപ്പാടാക്കുകയോ അല്ലെങ്കിൽ ചെയ്യിക്കുവാനോ ചെയ്യപ്പെടുവാൻ ഏർപ്പാടാക്കുവാനോ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ആ കാര്യം ചെയ്യുവാൻ ഉൽസാഹിപ്പിക്കുന്നതായി പറയപ്പെടുന്നു.

*ദൃഷ്ടാന്തം*

<u>യ</u> യെ പിടിക്കുവാൻ <u>ക</u> എന്ന പബ്ലിക് ഓഫീസറെ ഒരു കോടതിയിൽ നിന്നുള്ള വാറണ്ട് മുഖേന അധികാരപ്പെടുത്തുന്നു. <u>ഖ</u> ആ വസ്തുതയും <u>ഗ,</u> <u>യ</u> അല്ലെന്നുള്ളതും അറിഞ്ഞുകൊണ്ട് <u>ഗ,</u> <u>യ</u> ആണെന്ന് <u>ക</u> യെ കരുതിക്കൂട്ടി

ധരിപ്പിക്കുകയും അതുവഴി ക യെക്കൊണ്ട് ഗ യെ ഉദ്ദേശ്യപൂർവം പിടിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഖ, ഗ യെ പിടിക്കുന്നതിന് ഉൽസാഹനം വഴി പ്രേരണ നൽകുന്നു.

*വിശദീകരണം* 2.– ഒരു കൃത്യം ചെയ്യുന്നതിനുമുമ്പോ ചെയ്യുന്ന സമയത്തോ ആ കാര്യം ചെയ്യുന്നത് സുകരമാക്കുന്നതിനായി എന്തെങ്കിലും ചെയ്യുകയും അതുവഴി ആ കൃത്യം ചെയ്യുന്നത് സുകരമാക്കുകയും ചെയ്യുന്ന ഏതൊരാളും, ആ കൃത്യം ചെയ്യുന്നതിനെ സഹായിക്കുന്നതായി പറയപ്പെടുന്നു.

46. ഒരു കുറ്റം ചെയ്യുന്നതിനോ ഒരു കുറ്റം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുള്ള ഒരാൾ പ്രേരകനുള്ള അതേ ഉദ്ദേശ്യത്തോടോ അറിവോടോ കൂടി ചെയ്തിരുന്നുവെങ്കിൽ കുറ്റമാകുമായിരുന്ന ഒരു കൃത്യം ചെയ്യുന്നതിനോ പ്രേരണ നൽകുന്ന ഒരാൾ ഒരു കുറ്റത്തിന് പ്രേരണ നൽകുന്നു. പ്രേരകൻ.

*വിശദീകരണം* 1.— ഒരു കൃത്യത്തിന്റെ നിയമവിരുദ്ധമായ വിലോപത്തിന് പ്രേരണ നൽകുന്നത്, പ്രേരകൻ ആ കൃത്യം ചെയ്യുവാൻ സ്വയം ബാധ്യസ്ഥനല്ലെന്നിരിക്കുമെങ്കിലും, ഒരു കുറ്റമായിത്തീരാവുന്നതാണ്.

*വിശദീകരണം* 2.— പ്രേരണ കുറ്റമാകുന്നതിന് പ്രേരിപ്പിക്കപ്പെടുന്ന കൃത്യം ചെയ്തിരിക്കുകയോ കുറ്റമാകുന്നതിനാവശ്യമായ ഫലം ഉളവായിരിക്കുകയോ ചെയ്യണമെന്നില്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, ഗ യെ കൊലചെയ്യുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ അപ്രകാരം ചെയ്യുവാൻ വിസമ്മതിക്കുന്നു. കൊലപാതകം നടത്തുവാൻ ഖ യ്ക്ക് പ്രേരണ നൽകിയതിന് ക അപരാധിയാകുന്നു.

(ഖ) ക, ഘ യെ കൊലചെയ്യുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ ആ ഉൽസാഹനത്തെ തുടർന്ന് ഘ യെ കുത്തുന്നു. ഘ യുടെ മുറിവ് ഭേദമാകുന്നു. ക കൊലപാതകം നടത്തുവാൻ ഖ യെ ഉൽസാഹിപ്പിച്ചതിന് അപരാധിയാകുന്നു.

*വിശദീകരണം* 3.— പ്രേരിപ്പിക്കപ്പെട്ട ആൾക്ക് കുറ്റം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുണ്ടായിരിക്കുകയോ അയാൾക്ക് പ്രേരകനുള്ള അതേ അപരാധികമായ ഉദ്ദേശ്യമോ അറിവോ അല്ലെങ്കിൽ അപരാധികമായ ഏതെങ്കിലും ഉദ്ദേശ്യമോ അറിവോ ഉണ്ടായിരിക്കുകയോ ചെയ്യണമെന്നില്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) ക അപരാധികമായ ഉദ്ദേശ്യത്തോടുകൂടി, കുറ്റം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുള്ളവനും ക യ്ക്കുള്ള അതേ ഉദ്ദേശ്യം ഉള്ളതുമായ ഒരാൾ ചെയ്തിരുന്നാൽ ഒരു കുറ്റമാകുമായിരുന്ന കൃത്യം ചെയ്യുവാൻ ഒരു കുട്ടിയെയോ ചിത്തഭ്രമമുള്ള ആളെയോ പ്രേരിപ്പിക്കുന്നു. ഇവിടെ ആ കൃത്യം ചെയ്താലും ചെയ്തില്ലെങ്കിലും ഒരു കുറ്റം ചെയ്യുന്നതിന് പ്രേരണ നൽകിയതിന് ക അപരാധിയാകുന്നു.

(ഖ) യ യെ കൊലചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ക ഏഴ് വയസ്സിന് താഴെയുള്ള ഒരു കുട്ടിയായ ഖ യെ യ യുടെ മരണം സംഭവിപ്പിക്കുന്ന ഒരു കൃത്യം ചെയ്യുവാൻ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി, ഖ ആ കൃത്യം ക യുടെ അഭാവത്തിൽ ചെയ്യുകയും അതുവഴി യ യുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഒരു കുറ്റം ചെയ്യുവാൻ നിയമപ്രകാരം ഖ പ്രാപ്തിയുള്ളവനായിരുന്നില്ലെങ്കിലും ഖ നിയമ പ്രകാരം ഒരു കുറ്റം ചെയ്യുവാൻ പ്രാപ്തിയുള്ളവനായിരിക്കുകയും കൊലപാതകം നടത്തുകയും ചെയ്തിരുന്നുവെങ്കിലെന്ന രീതിയിൽ ശിക്ഷിക്കപ്പെടുവാൻ ക അർഹനാകുന്നതും അതുകൊണ്ട് അയാളെ മരണശിക്ഷയ്ക്ക് വിധേയനാക്കാവുന്നതുമാണ്.

(ഗ) ക ഒരു വാസഗൃഹത്തിന് തീവയ്ക്കുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ ചിത്തഭ്രമത്തിന്റെ അനന്തരഫലമായി ആ കൃത്യത്തിന്റെ സ്വഭാവമോ താൻ അന്യായമായതോ നിയമവിരുദ്ധ മായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാതെ ക യുടെ ഉൽസാഹനത്തിന്റെ അനന്തരഫലമായി ആ വീടിന് തീവയ്ക്കുന്നു.

ഖ യാതൊരു കുറ്റവും ചെയ്തിട്ടില്ല, എന്നാൽ ഒരു വാസഗൃഹത്തിന് തീവയ്ക്കുക എന്ന കുറ്റത്തിന് പ്രേരണ നൽകി എന്നതിന് ക അപരാധിയാകുകയും ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അർഹനാകുകയും ചെയ്യുന്നു.

(ഘ) ക ഒരു മോഷണം നടത്തിക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ട് യ യുടെ വകയായ വസ്തു യ യുടെ കൈവശത്തിൽ നിന്ന് എടുക്കുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ക, ആ വസ്തു തന്റെ വകയാണെന്ന് ഖ യെ പറഞ്ഞ് വിശ്വസിപ്പിക്കുന്നു. ഖ ഉത്തമ വിശ്വാസപൂർവം വസ്തു ക യുടേതാണെന്ന് വിശ്വസിച്ച് യ യുടെ കൈവശത്തിൽ നിന്ന് എടുക്കുന്നു. ഈ മിഥ്യാബോധത്തോടെ പ്രവർത്തിക്കുന്ന ഖ അത് എടുക്കുന്നത് നേരുകേടായിട്ടല്ല, അതുകൊണ്ട് മോഷണം നടത്തുന്നതുമില്ല. എന്നാൽ ക മോഷണത്തിന് പ്രേരണ നൽകിയതിന് അപരാധിയാകുകയും ഖ മോഷണം നടത്തിയിട്ടുണ്ടായിരുന്നുവെങ്കിൽ താൻ അർഹനാകുമായിരുന്ന അതേ ശിക്ഷയ്ക്ക് ക അർഹനാകുകയും ചെയ്യുന്നു.

*വിശദീകരണം* 4.— കുറ്റത്തിനുള്ള പ്രേരണ കുറ്റമാകയാൽ, അങ്ങനെയുള്ള ഒരു പ്രേരണയ്ക്കുള്ള പ്രേരണയും കുറ്റമാകുന്നു.

*ദൃഷ്ടാന്തം*

യ യെ കൊല ചെയ്യുന്നതിന് ഗ യെ ഉൽസാഹിപ്പിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. അതനുസരിച്ച് ഖ, യ യെ കൊലചെയ്യുവാൻ ഘ യെ ഉൽസാഹിപ്പിക്കുകയും ഖ യുടെ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഗ ആ കുറ്റം ചെയ്യുകയും ചെയ്യുന്നു. ഖ തന്റെ കുറ്റത്തിന് കൊലപാതകത്തിനുള്ള ശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടുവാൻ അർഹനാകുന്നു; കൂടാതെ ആ കുറ്റം ചെയ്യുവാൻ ഖ യെ ക ഉൽസാഹിപ്പിച്ചതിനാൽ അതേ ശിക്ഷയ്ക്ക് ക യും അർഹനാകുന്നു.

*വിശദീകരണം* 5.—*ഗൂഢാലോചന* വഴിയുള്ള പ്രേരണാക്കുറ്റം ചെയ്യുന്നതിന്, പ്രേരകൻ കുറ്റം ചെയ്യുന്ന ആളുമായി കുറ്റത്തെപ്പറ്റി

ഒത്തുചേർന്ന് ആലോചിക്കണമെന്നില്ല. ആ കുറ്റം ചെയ്യുന്നതിനായുള്ള ഗൂഢാലോചനയിൽ അയാൾ ഏർപ്പെട്ടാൽ മതിയാകുന്നതാണ്.

*ദൃഷ്ടാന്തം*

യ യ്ക്ക് വിഷം കൊടുക്കുവാനുള്ള ഒരു പദ്ധതിയെക്കുറിച്ച് ക, ഖ യുമായി ഒത്തുചേർന്ന് ആലോചിക്കുന്നു. വിഷം ക കൊടുക്കണമെന്ന് കരാർ ചെയ്യുന്നു. മൂന്നാമതൊരാളാണ് വിഷം കൊടുക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട്, എന്നാൽ ക യുടെ പേരുപറയാതെ, ഖ ആ പദ്ധതി പിന്നീട് ഗ യ്ക്ക് വിശദീകരിച്ചുകൊടുക്കുന്നു. ഗ വിഷം സമ്പാദിക്കാമെന്ന് സമ്മതിക്കുകയും അത് സമ്പാദിച്ച് വിശദീകരിക്കപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ഖ യുടെ കൈയിൽ കൊടുക്കുകയും ചെയ്യുന്നു. ക വിഷം കൊടുക്കുന്നു; അനന്തരഫലമായി യ മരിക്കുന്നു. ഇവിടെ ക യും ഗ യും തമ്മിൽ ഗൂഢാലോചന നടത്തിയിട്ടില്ലെങ്കിലും യ കൊലചെയ്യപ്പെട്ടതായ ഗൂഢാലോചനയിൽ ഗ ഏർപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഗ ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിട്ടുള്ളതും അയാൾ കൊലപാതകത്തിനുള്ള ശിക്ഷയ്ക്ക് അർഹനുമാകുന്നു.

ഇൻഡ്യയ്ക്ക് പുറത്തുവച്ചുള്ള കുറ്റങ്ങൾക്ക് ഇൻഡ്യയിൽ വച്ച് പ്രേരണ നൽകൽ.

47. ഇൻഡ്യയ്ക്ക് പുറത്തുവച്ച് ചെയ്യുന്നതും ഇൻഡ്യയിൽ വച്ച് ചെയ്തിരുന്നുവെങ്കിൽ കുറ്റമാകുമായിരുന്നതുമായ ഏതെങ്കിലും കൃത്യം ചെയ്യുന്നതിന് ഇൻഡ്യയിൽ വച്ച് പ്രേരണ നൽകുന്ന ഒരാൾ ഈ സംഹിതയുടെ അർഥത്തിൽ ഒരു കുറ്റത്തിന് പ്രേരണ നൽകുന്നു.

*ദൃഷ്ടാന്തം*

ഇൻഡ്യയിലുള്ള ക, ഭ രാജ്യത്തിലുള്ള ഒരു വിദേശീയനായ ഖ യെ ആ രാജ്യത്തുവച്ച് ഒരു കൊലപാതകം നടത്തുവാൻ ഉൽസാഹിപ്പിക്കുന്നു. കൊലപാതകത്തിന് പ്രേരണ നൽകിയതിന് ക അപരാധിയാകുന്നു.

ഇൻഡ്യയിൽ ചെയ്യുന്ന കുറ്റങ്ങൾക്ക് ഇൻഡ്യയ്ക്ക് പുറത്തുവച്ച് പ്രേരണ നൽകൽ.

48. ഇൻഡ്യയിൽ ചെയ്യുന്നതും ഇൻഡ്യയിൽ വച്ച് ചെയ്തിരുന്നെങ്കിൽ ഒരു കുറ്റമാകുമായിരുന്നതുമായ ഏതെങ്കിലും കൃത്യം ചെയ്യുന്നതിന് ഇൻഡ്യയ്ക്ക് പുറത്തുവച്ച് പ്രേരണ നൽകുന്ന ഒരാൾ ഈ സംഹിതയുടെ അർഥത്തിൽ ഒരു കുറ്റത്തിന് പ്രേരണ നൽകുന്നു.

*ദൃഷ്ടാന്തം*

ഭ രാജ്യത്തിലുള്ള ക, ഖ യെ ഇൻഡ്യയിൽ വച്ച് ഒരു കൊലപാതകം നടത്തുവാൻ ഉൽസാഹിപ്പിക്കുന്നു. കൊലപാതകത്തിന് പ്രേരണ നൽകിയതിന് ക അപരാധിയാകുന്നു.

49. ഏതെങ്കിലും കുറ്റത്തിന് പ്രേരണ നൽകുന്ന ഏതൊരാളും, പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരണ നൽകിയതിന്റെ അനന്തരഫലമായി ചെയ്യപ്പെടുകയും, അങ്ങനെയുള്ള പ്രേരണ നൽകിയതിന് ശിക്ഷ നൽകുവാൻ ഈ സംഹിതയിൽ പ്രകടമായ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പ്രേരിപ്പിക്കപ്പെട്ട കൃത്യം അനന്തര ഫലമായി ചെയ്യപ്പെടുകയും അതിനുള്ള ശിക്ഷയ്ക്ക് പ്രകടമായ വ്യവസ്ഥയില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് പ്രേരണയ്ക്കുള്ള ശിക്ഷ.

*വിശദീകരണം.*– ഒരു കൃത്യമോ കുറ്റമോ പ്രേരണയായിത്തീരാവുന്ന ഉൽസാഹനത്തിന്റെ അനന്തരഫലമായോ ഗൂഢാലോചനയെത്തുടർന്നോ സഹായത്തോടുകൂടിയോ ചെയ്യുമ്പോൾ, പ്രേരണ നൽകിയതിന്റെ അനന്തരഫലമായി ചെയ്യപ്പെട്ടതാണെന്ന് പറയപ്പെടുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, ഖ യെ വ്യാജമായ തെളിവ് നൽകുവാൻ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഖ ആ കുറ്റം ചെയ്യുന്നു. ആ കുറ്റത്തിന് പ്രേരണ നൽകിയതിന് ക അപരാധിയും ഖ യ്ക്കുള്ള അതേ ശിക്ഷയ്ക്ക് അർഹനുമാകുന്നു.

(ഖ) യ യ്ക്ക് വിഷം കൊടുക്കുവാൻ ക യും ഖ യും കൂടി ഗൂഢാലോചന നടത്തുന്നു. ഗൂഢാലോചനയെത്തുടർന്ന് ക വിഷം സമ്പാദിക്കുകയും യ യ്ക്ക് കൊടുക്കുവാൻവേണ്ടി അത് ഖ യെ ഏൽപ്പിക്കുകയും ചെയ്യുന്നു. ആ ഗൂഢാലോചനയെത്തുടർന്ന് ഖ, ക യുടെ അസാന്നിധ്യത്തിൽ യ യ്ക്ക് വിഷം കൊടുക്കുകയും അതുവഴി യ യുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഖ കൊലപാതകത്തിന് അപരാധിയാകുന്നു, ഗൂഢാലോചന വഴി ആ കുറ്റത്തിന് പ്രേരണ നൽകിയതിന് ക അപരാധിയും കൊലപാതകത്തിനുള്ള ശിക്ഷയ്ക്ക് അർഹനുമാകുന്നു.

പ്രേരിപ്പിക്കപ്പെട്ട ആൾ പ്രേരകനുള്ള ഉദ്ദേശ്യത്തിൽനിന്ന് വ്യത്യസ്തമായ ഉദ്ദേശ്യത്തോടു കൂടി കൃത്യം ചെയ്യുന്നുവെങ്കിൽ പ്രേരണ നൽകുന്നതിനുള്ള ശിക്ഷ.

50. ഒരു കുറ്റം ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും, പ്രേരിപ്പിക്കപ്പെട്ട ആൾ പ്രേരകനുള്ള ഉദ്ദേശ്യത്തിൽ നിന്ന് വ്യത്യസ്തമായ ഉദ്ദേശ്യത്തോടോ അറിവോടോ കൂടി ഒരു കൃത്യം ചെയ്യുന്നുവെങ്കിൽ, പ്രേരകനുള്ള ഉദ്ദേശ്യത്തോടോ അറിവോടോ കൂടിയും വേറെ ഉദ്ദേശ്യമോ അറിവോ കൂടാതെയും ആ കൃത്യം ചെയ്തിരുന്നുവെങ്കിൽ ചെയ്യപ്പെടുന്ന ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരു കൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ പ്രേരകനുള്ള ബാധ്യത.

51. ഒരു കൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ ഒരു കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ പ്രേരകൻ ചെയ്യപ്പെട്ട കൃത്യത്തിന് അയാൾ അതിന് നേരിട്ട് പ്രേരണ നൽകിയിരുന്നുവെന്ന അതേ രീതിയിലും അത്രത്തോളം തന്നെയും ബാധ്യസ്ഥനാകുന്നതാണ്:

എന്നാൽ ചെയ്യപ്പെട്ട കൃത്യം പ്രേരണ നൽകലിന്റെ സംഭവ്യമായ ഒരു അനന്തരഫലമായിരിക്കുകയും പ്രേരണയായിത്തീർന്ന, ആ ഉൽസാഹനത്തിന്റെ സ്വാധീനത്താലോ സഹായത്തോടുകൂടിയോ ഗൂഢാലോചനയെത്തുടർന്നോ ചെയ്യപ്പെട്ടതായിരിക്കുകയും ചെയ്യേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) യ യുടെ ഭക്ഷണത്തിൽ വിഷം ഇടുവാൻ ക ഒരു കുട്ടിയെ ഉൽസാഹിപ്പിക്കുകയും ആ ആവശ്യത്തിന് വിഷം അവന് കൊടുക്കുകയും ചെയ്യുന്നു. ആ ഉൽസാഹനത്തിന്റെ അനന്തര ഫലമായി കുട്ടി അബദ്ധത്തിൽ യ യുടെ ഭക്ഷണത്തിനടുത്തുവച്ചിട്ടുള്ള മ യുടെ ഭക്ഷണത്തിൽ വിഷം ഇടുന്നു. ഇവിടെ ക യുടെ ഉൽസാഹനത്തിന്റെ സ്വാധീനത്താൽ കുട്ടി പ്രവർത്തിക്കുകയും, ചെയ്യപ്പെട്ട കൃത്യം ആ സാഹചര്യങ്ങളിൽ പ്രേരണയുടെ സംഭവ്യമായ ഒരു അനന്തരഫലമാവുകയും ചെയ്തിരുന്നുവെങ്കിൽ, മ യുടെ ഭക്ഷണത്തിൽ വിഷം ഇടുവാൻ ക കുട്ടിയെ ഉൽസാഹിപ്പിച്ചിരുന്നെങ്കിലെന്ന അതേ രീതിയിലും അത്രത്തോളവും തന്നെ ക ബാധ്യസ്ഥനാകുന്നതാണ് .

(ഖ) യ യുടെ വീട് കത്തിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ വീടിന് തീവയ്ക്കുകയും അതേസമയം അവിടത്തെ വസ്തു മോഷണം നടത്തുകയും ചെയ്യുന്നു. ക വീട് കത്തിക്കുവാൻ പ്രേരണ നൽകിയതിന് അപരാധിയാണെങ്കിലും മോഷണത്തിന് പ്രേരണ നൽകിയതിന് അപരാധിയല്ല; എന്തുകൊണ്ടെന്നാൽ മോഷണം ഒരു വിഭിന്ന കൃത്യമായിരുന്നു, അത് കത്തിക്കലിന്റെ സംഭവ്യമായ അനന്തരഫലമായിരുന്നതുമില്ല.

(ഗ) ക കവർച്ചയ്ക്കുവേണ്ടി അർദ്ധരാത്രി ആൾപ്പാർപ്പുള്ള ഒരു ഭവനം ഭേദിക്കുവാൻ ഖ യെയും ഗ യെയും ഉൽസാഹിപ്പിക്കുകയും ആ ആവശ്യത്തിലേക്ക് അവർക്ക് ആയുധങ്ങൾ നൽകുകയും ചെയ്യുന്നു. ഖ യും ഗ യും ആ ഭവനം ഭേദിക്കുകയും താമസക്കാരിൽ ഒരാളായ യ എതിർത്തപ്പോൾ യ യെ കൊല്ലുകയും ചെയ്യുന്നു. ഇവിടെ ആ കൊലപാതകം പ്രേരണ നൽകലിന്റെ സംഭവ്യമായ അനന്തരഫലമായിരുന്നുവെങ്കിൽ ക ആ കൊലപാതകത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

52. 51–ാം വകുപ്പിൻകീഴിൽ പ്രേരകൻ ബാധ്യസ്ഥനാകുന്ന കൃത്യം, പ്രേരിപ്പിക്കപ്പെട്ട കൃത്യത്തിന് പുറമെ ചെയ്യുകയും ഒരു വിഭിന്നമായ കുറ്റമാവുകയും ചെയ്യുന്നുവെങ്കിൽ, പ്രേരകൻ ആ കുറ്റങ്ങളിൽ ഓരോന്നിനും ശിക്ഷാർഹനാകുന്നതാണ്. പ്രേരിപ്പിക്കപ്പെട്ട കൃത്യത്തിനും ചെയ്യപ്പെട്ട കൃത്യത്തിനുമുള്ള ഉപചിത ശിക്ഷയ്ക്ക് പ്രേരകൻ എപ്പോൾ അർഹനാകുമെന്ന്.

*ദൃഷ്ടാന്തം*

ഒരു പബ്ലിക് സർവന്റ് വരുത്തുന്ന വൈഷമ്യം ബലം പ്രയോഗിച്ച് ചെറുക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. അനന്തരഫലമായി ഖ ആ വൈഷമ്യത്തെ ചെറുക്കുന്നു. ചെറുക്കുന്നതിനിടയിൽ വൈഷമ്യം വരുത്തുന്ന ഓഫീസർക്ക് ഖ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നു. വൈഷമ്യം ചെറുക്കുക എന്ന കുറ്റവും സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുക എന്ന കുറ്റവും ഖ ചെയ്തിട്ടുള്ളതുകൊണ്ട് ഈ രണ്ട് കുറ്റങ്ങൾക്കും ഖ ശിക്ഷാർഹനായിരിക്കുന്നതും; വൈഷമ്യത്തെ ചെറുക്കുന്നതിനിടയിൽ ഖ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് ക അറിഞ്ഞിരുന്നുവെങ്കിൽ ആ കുറ്റങ്ങളിൽ ഓരോന്നിനും ക യും ശിക്ഷാർഹനായിരിക്കുന്നതുമാണ്.

53. പ്രേരകൻ ഒരു പ്രത്യേക ഫലം ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു കൃത്യം ചെയ്യുവാൻ പ്രേരണ നൽകുകയും ആ പ്രേരണ നൽകിയതിന്റെ അനന്തരഫലമായി പ്രേരകനെ ബാധ്യസ്ഥനാക്കുന്ന ഒരു കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു ഫലം ഉളവാക്കുകയും ചെയ്യുമ്പോൾ, പ്രേരിപ്പിക്കപ്പെട്ട കൃത്യം ആ ഫലം ഉളവാക്കുവാൻ ഇടയുണ്ടെന്ന് പ്രേരകൻ അറിഞ്ഞിട്ടുണ്ടായിരുന്നപക്ഷം ആ ഫലം ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ കൃത്യം ചെയ്യുവാൻ അയാൾ പ്രേരണ നൽകിയിരുന്നുവെങ്കിലെന്ന അതേ രീതിയിലും അത്രത്തോളം തന്നെയും ഉളവാക്കപ്പെട്ട ഫലത്തിന് ബാധ്യസ്ഥനാകുന്നതുമാണ്. പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽ നിന്ന് വ്യത്യസ്തമായി ഉളവാക്കുന്ന ഫലത്തിന് പ്രേരകനുള്ള ബാധ്യത.

*ദൃഷ്ടാന്തം*

യ യ്ക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഖ, യ യ്ക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നു. അനന്തരഫലമായി യ മരിക്കുന്നു. ഇവിടെ പ്രേരിപ്പിക്കപ്പെട്ട കഠിനമായ ദേഹോപദ്രവം മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് ക യ്ക്ക് അറിയാമായിരുന്നുവെങ്കിൽ കൊലപാതകത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷ നൽകി ക ശിക്ഷിക്കപ്പെടുവാൻ അർഹനാകുന്നതാണ്.

കുറ്റം ചെയ്യപ്പെടുമ്പോൾ പ്രേരകൻ സന്നിഹിതനായാൽ.

54. തന്റെ അസാന്നിധ്യത്തിൽ പ്രേരകനെന്ന നിലയിൽ ശിക്ഷിക്കപ്പെടുവാൻ അർഹനാകുമായിരുന്ന ഏതെങ്കിലും ആൾ, പ്രേരണ നൽകലിന്റെ അനന്തരഫലമായി അയാൾ ശിക്ഷാർഹനാകുന്ന കൃത്യമോ കുറ്റമോ ചെയ്യപ്പെടുമ്പോൾ അയാൾ അങ്ങനെയുള്ള കൃത്യമോ കുറ്റമോ ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിനുള്ള പ്രേരണ.

55. മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്യുവാൻ പ്രേരണ നൽകുന്ന ഏതൊരാളും ആ പ്രേരണ നൽകലിന്റെ അനന്തരഫലമായി ആ കുറ്റം ചെയ്യപ്പെടാതിരിക്കുകയും അങ്ങനെയുള്ള പ്രേരണ നൽകലിന് ശിക്ഷ നൽകുവാൻ ഈ സംഹിതയിൻകീഴിൽ പ്രകടമായ യാതൊരു വ്യവസ്ഥയും ഇല്ലാതിരിക്കുകയാണെങ്കിൽ, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനായിരിക്കുന്നതും; കൂടാതെ പ്രേരണ നൽകലിന്റെ അനന്തരഫലമായി പ്രേരകനെ ബാധ്യസ്ഥനാക്കുന്നതും ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കുന്നതുമായ ഏതെങ്കിലും കൃത്യം ചെയ്യപ്പെടുന്നുവെങ്കിൽ പ്രേരകൻ പതിന്നാല് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവിന് അർഹനാകുന്നതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തം*

<u>യ</u> യെ കൊലചെയ്യുവാൻ <u>ക</u>, <u>ഖ</u> യെ ഉൽസാഹിപ്പിക്കുന്നു. ആ കുറ്റം ചെയ്യപ്പെടുന്നില്ല. <u>ഖ</u>, <u>യ</u> യെ കൊലചെയ്തിരുന്നെങ്കിൽ അയാൾ മരണശിക്ഷയ്ക്കോ ജീവപര്യന്തത്തടവിനോ വിധേയനാകുമായിരുന്നു. അതുകൊണ്ട് ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്കുള്ള തടവിനും പിഴയ്ക്കും കൂടി <u>ക</u> അർഹനായിരിക്കുന്നതും, പ്രേരണ നൽകിയതിന്റെ അനന്തരഫലമായി <u>യ</u> യ്ക്ക് ഏതെങ്കിലും ദേഹോപദ്രവം ഏൽപ്പിക്കുന്നുവെങ്കിൽ പതിന്നാല് വർഷംവരെയാകാവുന്ന കാലത്തേക്ക് തടവിനും പിഴയ്ക്കും കൂടി അയാൾ അർഹനാകുന്നതുമാണ്.

56. തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് പ്രേരണ നൽകുന്ന ഏതൊരാളും, പ്രേരണ നൽകിയതിന്റെ അനന്തരഫലമായി ആ കുറ്റം ചെയ്യപ്പെടാതിരിക്കുകയും അങ്ങനെയുള്ള പ്രേരണ നൽകലിന് ശിക്ഷ നൽകുവാൻ ഈ സംഹിതയിൻ കീഴിൽ പ്രകടമായ യാതൊരു വ്യവസ്ഥയും ഇല്ലാതിരിക്കുകയാണെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരുഭാഗം വരെയാകാവുന്ന കാലത്തേക്ക് ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതും; പ്രേരകനോ പ്രേരിപ്പിക്കപ്പെട്ടിട്ടുള്ള ആളോ, അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനെ തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ഒരു പബ്ലിക് സർവന്റാണെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ പകുതിവരെയാകാവുന്ന കാലത്തേക്ക്, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതുമാണ്.

തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിനുള്ള പ്രേരണ.

*ദൃഷ്ടാന്തങ്ങൾ*

(ക) <u>ക</u> വ്യാജമായ തെളിവ് നൽകുവാൻ <u>ഖ</u> യെ ഉൽസാഹിപ്പിക്കുന്നു. ഇവിടെ <u>ഖ</u> വ്യാജമായ തെളിവ് നൽകുന്നില്ല, എന്നിരുന്നാലും <u>ക</u> ഈ വകുപ്പിൽ നിർവചിക്കപ്പെട്ട കുറ്റം ചെയ്തിട്ടുണ്ട്; അതനുസരിച്ച് ശിക്ഷാർഹനുമാണ്.

(ഖ) കവർച്ച തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ക എന്ന പോലീസ് ഓഫീസർ കവർച്ച ചെയ്യുന്നതിന് പ്രേരണ നൽകുന്നു. ഇവിടെ കവർച്ച ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, ക ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ പകുതി കാലത്തെ തടവിനും പിഴയ്ക്കും കൂടി അർഹനാകുന്നതാണ്.

(ഗ) ഖ ഒരു കവർച്ച ചെയ്യുന്നതിന്, ആ കുറ്റം തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ക എന്ന പോലീസ് ഓഫീസർ പ്രേരണ നൽകുന്നു. ഇവിടെ, കവർച്ച ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, ഖ കവർച്ചക്കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ഏറ്റവും കൂടിയ കാലത്തിന്റെ പകുതി തടവിനും പിഴയ്ക്കും കൂടി അർഹനാകുന്നതാണ്.

കുറ്റം പൊതു ജനങ്ങളോ പത്തിലധികം ആളുകളോ ചെയ്യുന്നതിന് പ്രേരണ നൽകൽ.

57. പൊതുജനങ്ങൾ പൊതുവായോ അല്ലെങ്കിൽ പത്തിൽ കൂടുതൽ എണ്ണമുള്ള ആളുകളോ പത്തിൽ കൂടുതൽ ആളുകളുള്ള ഒരു വിഭാഗമോ ഒരു കുറ്റം ചെയ്യുന്നതിന്, പ്രേരണ നൽകുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തം*

ക, പത്തിലധികം അംഗങ്ങൾ ഉൾപ്പെടുന്ന ഒരു വിഭാഗത്തെ, ഒരു എതിർവിഭാഗത്തിലെ അംഗങ്ങളെ ഘോഷയാത്രയായി പോകുമ്പോൾ ആക്രമിക്കുന്നതിനായി നിശ്ചിതമായ ഒരു സമയത്തും സ്ഥലത്തും കൂടിച്ചേരുവാൻ ഉൽസാഹിപ്പിക്കുന്ന ഒരു പ്ലക്കാർഡ് ഒരു പൊതുസ്ഥലത്ത് പതിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകാവുന്ന കുറ്റം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ.

58. മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്യുന്നതുവഴി സുകരമാക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ടോ, അയാൾ സുകരമാക്കാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത്, ഒരു കൃത്യത്താലോ കൃത്യവിലോപത്താലോ അല്ലെങ്കിൽ എൻക്രിപ്ഷന്റെയോ വിവരങ്ങൾ മറച്ചുവയ്ക്കുന്ന മറ്റേതെങ്കിലും ഉപകരണത്തിന്റെ ഉപയോഗത്താലോ സ്വേച്ഛയാ ഒളിച്ചുവയ്ക്കുകയോ

അല്ലെങ്കിൽ അങ്ങനെയുള്ള പദ്ധതി സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന എന്തെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) ആ കുറ്റം ചെയ്യപ്പെടുന്നുവെങ്കിൽ, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും; അല്ലെങ്കിൽ

(ഖ) കുറ്റം ചെയ്യപ്പെടുന്നില്ലെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവിനും,

പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തം*

ഖ എന്ന സ്ഥലത്ത് വച്ച് കൂട്ടായ്മക്കവർച്ച നടത്തപ്പെടുവാൻ പോകുന്നുവെന്നറിഞ്ഞുകൊണ്ട് അതിന് എതിരായ ദിക്കിലുള്ള ഗ എന്ന സ്ഥലത്ത് വച്ച് ഒരു കൂട്ടായ്മക്കവർച്ച നടത്തപ്പെടുവാൻ പോകുന്നുവെന്ന് വ്യാജമായി ക മജിസ്ട്രേറ്റിനെ അറിയിക്കുകയും അതുവഴി ആ കുറ്റം ചെയ്യുന്നത് സുകരമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി മജിസ്ട്രേറ്റിനെ വഴി തെറ്റിക്കുകയും ചെയ്യുന്നു. പദ്ധതിയനുസരിച്ച് ഖ യിൽ വച്ച് കൂട്ടായ്മക്കവർച്ച നടത്തപ്പെടുന്നു. ക ഈ വകുപ്പിൻകീഴിൽ ശിക്ഷാർഹനാണ്.

59. ഒരു പബ്ലിക് സർവന്റായിരിക്കുകയും അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിൽ തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ളതായ ഒരു കുറ്റം ചെയ്യുന്നത് സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, അതുവഴി അയാൾ സുകരമാക്കാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് ഒരു കൃത്യത്താലോ കൃത്യവിലോപത്താലോ അല്ലെങ്കിൽ എൻക്രിപ്ഷന്റെയോ വിവരങ്ങൾ മറച്ചുവയ്ക്കുന്ന മറ്റേതെങ്കിലും ഉപകരണത്തിന്റെ ഉപയോഗത്താലോ സ്വേച്ഛയാ ഒളിപ്പിച്ചുവയ്ക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുവാനുള്ള ഒരു പദ്ധതി സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന എന്തെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

കുറ്റം ചെയ്യുവാനുള്ള പദ്ധതി, ആ കുറ്റം ചെയ്യുന്നത് തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള പബ്ലിക് സർവന്റ് ഒളിച്ചുവയ്ക്കുന്നത്.

(ക) ആ കുറ്റം ചെയ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ പകുതിവരെയാകാവുന്ന കാലത്തേക്ക്, ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപെട്ട തടവോ, ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും; അല്ലെങ്കിൽ

(ഖ) ആ കുറ്റം മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും; അല്ലെങ്കിൽ

(ഗ) ആ കുറ്റം ചെയ്യപ്പെടുന്നില്ലെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപെട്ട, ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗംവരെയാകാവുന്ന കാലത്തേക്ക്, അങ്ങനെയുള്ള തടവോ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

*ദൃഷ്ടാന്തം*

തന്റെ അറിവിൽപ്പെടുന്ന കവർച്ച ചെയ്യുവാനുള്ള പദ്ധതികളെല്ലാം സംബന്ധിച്ച അറിവ് നൽകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ <u>ക</u> എന്ന പോലീസ് ഓഫീസർ <u>ഖ</u> യ്ക്ക് കവർച്ച ചെയ്യുവാനുള്ള ഒരു പദ്ധതി ഉണ്ടെന്നറിഞ്ഞുകൊണ്ട്; ആ കുറ്റം ചെയ്യുന്നത് സുകരമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള അറിവ് നൽകുന്നതിൽ കൃത്യവിലോപം വരുത്തുന്നു. ഇവിടെ നിയമവിരുദ്ധമായ ഒരു കൃത്യവിലോപത്താൽ <u>ഖ</u> യ്ക്ക് പദ്ധതി ഉണ്ടെന്നുള്ളത് <u>ക</u> ഒളിച്ചുവച്ചിട്ടുള്ളതും ഈ വകുപ്പിലെ വ്യവസ്ഥയനുസരിച്ച് അയാൾ ശിക്ഷാർഹനാകുന്നതുമാണ്.

തടവ് നൽകി ശിക്ഷിക്കാവുന്ന കുറ്റം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചു വയ്ക്കൽ.

60. തടവ് നൽകി ശിക്ഷിക്കാവുന്ന ഒരു കുറ്റം ചെയ്യുന്നത് സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ അതുവഴി അയാൾ സുകരമാക്കാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെയുള്ള കുറ്റം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് ഏതെങ്കിലും കൃത്യത്താലോ കൃത്യവിലോപത്താലോ സ്വേച്ഛയാ ഒളിച്ചുവയ്ക്കുകയോ അങ്ങനെയുള്ള പദ്ധതി സംബന്ധിച്ച് വ്യാജമായതാണെന്ന് തനിക്ക് അറിയാവുന്ന എന്തെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആ

കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുളള അങ്ങനെയുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ,—

(ക) കുറ്റം ചെയ്യപ്പെടുന്നുവെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലുള്ള തടവിന്റെ നാലിലൊരു ഭാഗം വരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) കുറ്റം ചെയ്യപ്പെടുന്നില്ലെങ്കിൽ, എട്ടിലൊരു ഭാഗവും,

അല്ലെങ്കിൽ അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയും.

*കുറ്റകരമായ ഗൂഢാലോചനയെക്കുറിച്ച്*

61. (1) പൊതു ഉദ്ദേശ്യത്തോടെ രണ്ടോ അതിലധികമോ ആളുകൾ– കുറ്റകരമായ ഗൂഢാലോചന.

(ക) നിയമവിരുദ്ധമായ ഒരു കൃത്യം; അല്ലെങ്കിൽ

(ഖ) നിയമവിരുദ്ധമല്ലാത്ത ഒരു കൃത്യം നിയമവിരുദ്ധമായ മാർഗങ്ങളിലൂടെ,

ചെയ്യാമെന്നോ, ചെയ്യിക്കാമെന്നോ പരസ്പരം സമ്മതിക്കുമ്പോൾ, അങ്ങനെയുള്ള പരസ്പരസമ്മതത്തിന് ഒരു കുറ്റകരമായ ഗൂഢാലോചനയെന്ന് പറയുന്നു:

എന്നാൽ കുറ്റം ചെയ്യാമെന്നുള്ള പരസ്പരസമ്മതമല്ലാത്ത യാതൊരു പരസ്പരസമ്മതവും, അങ്ങനെയുള്ള പരസ്പരസമ്മതത്തിലെ ഒന്നോ അതിലധികമോ കക്ഷികൾ അതേ തുടർന്ന് ആ പരസ്പരസമ്മതത്തിന് പുറമെ ഏതെങ്കിലും കൃത്യം ചെയ്യാത്തപക്ഷം, കുറ്റകരമായ ഗൂഢാലോചനയായിത്തീരുന്നതല്ല.

*വിശദീകരണം.*— ആ നിയമവിരുദ്ധമായ കൃത്യം അങ്ങനെയുള്ള പരസ്പരസമ്മതത്തിന്റെ അന്തിമമായ ഉദ്ദേശ്യമാണോ ആ ഉദ്ദേശ്യത്തിന് ആനുഷംഗികം മാത്രമായതാണോ എന്നുള്ളത് അപ്രസക്തമാണ്.

(2) ഒരു കുറ്റകരമായ ഗൂഢാലോചനയിൽ കക്ഷിയായ ഏതൊരാളും,-

(ക) മരണശിക്ഷയോ ജീവപര്യന്തത്തടവോ രണ്ട് വർഷമോ അതിൽ കൂടുതലോ കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടുന്ന ഒരു കുറ്റം, അങ്ങനെയുള്ള ഒരു ഗൂഢാലോചനയ്ക്ക് ശിക്ഷ നൽകുവാൻ ഈ സംഹിതയിൽ പ്രകടമായ യാതൊരു

വ്യവസ്ഥയും ചെയ്തിട്ടില്ലാത്തിടത്ത്, അയാൾ അങ്ങനെയുള്ള കുറ്റത്തിന് പ്രേരണ നൽകിയിരുന്നുവെങ്കിലെന്ന അതേ രീതിയിൽ തന്നെ ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) മേൽപ്പറഞ്ഞ പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്യുവാനുള്ള ഒരു കുറ്റകരമായ ഗൂഢാലോചനയില്ലാത്തിടത്ത് ആറ് മാസത്തിൽ കവിയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ട താണ്.

*ശ്രമത്തെക്കുറിച്ച്*

ജീവപര്യന്തത്തടവോ മറ്റ് തടവോ നൽകി ശിക്ഷിക്കാവുന്ന കുറ്റങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതിനുള്ള ശിക്ഷ.

62. ഈ സംഹിതപ്രകാരം ജീവപര്യന്തത്തടവോ അല്ലെങ്കിൽ തടവോ നൽകി ശിക്ഷിക്കാവുന്ന ഒരു കുറ്റം ചെയ്യുവാനോ അങ്ങനെയുള്ള കുറ്റം ചെയ്യിക്കുവാനോ ശ്രമിക്കുകയും അങ്ങനെയുള്ള ശ്രമത്തിൽ കുറ്റം ചെയ്യുന്നതിലേക്കുള്ള ഏതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ശ്രമത്തിന് ശിക്ഷ നൽകുവാൻ ഈ സംഹിതയിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം, അതതുസംഗതിപോലെ, ജീവപര്യന്തത്തടവിന്റെ പകുതിവരെയാകാവുന്നതോ അല്ലെങ്കിൽ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലാവധിയുടെ പകുതി വരെയാകാവുന്നതോ ആയ കാലത്തേക്ക്, ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ അല്ലെങ്കിൽ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) <u>ക</u> ഒരു പെട്ടി കുത്തിത്തുറന്ന് ചില ആഭരണങ്ങൾ മോഷ്ടിക്കുവാൻ ശ്രമിക്കുകയും അപ്രകാരം പെട്ടി തുറന്നതിന് ശേഷം അതിൽ ആഭരണമൊന്നുമില്ലെന്ന് കാണുകയും ചെയ്യുന്നു. അയാൾ മോഷണം നടത്തുന്നതിലേക്കുള്ള ഒരു കൃത്യം ചെയ്തിരിക്കുകയും അതുകൊണ്ട് ഈ വകുപ്പിൻകീഴിൽ അപരാധിയായിരിക്കുകയും ചെയ്യുന്നു.

(ഖ) ക, യ യുടെ പോക്കറ്റിൽ കൈയിട്ട് യ യുടെ പോക്കറ്റടിക്കുവാൻ ഒരു ശ്രമം നടത്തുന്നു. യ യുടെ പോക്കറ്റിൽ ഒന്നുമില്ലാതിരുന്നതിന്റെ അനന്തരഫലമായി ക ആ ശ്രമത്തിൽ പരാജയപ്പെടുന്നു. ക ഈ വകുപ്പിൻകീഴിൽ അപരാധിയാകുന്നതാണ്.

## അധ്യായം V

## സ്ത്രീയ്ക്കും കുട്ടിയ്ക്കും എതിരെയുള്ള കുറ്റങ്ങളെക്കുറിച്ച്

*ലൈംഗിക കുറ്റങ്ങളെക്കുറിച്ച്*

63. താഴെപ്പറയുന്ന ഏഴ് വിവരണങ്ങളിൽ ഏതിന്റെയെങ്കിലും കീഴിൽ ബലാൽസംഗം.
വരുന്ന സാഹചര്യങ്ങളിൽ:—

(i) അവളുടെ ഇച്ഛയ്ക്കെതിരായി;

(ii) അവളുടെ സമ്മതം കൂടാതെ;

(iii) അവളുടെ സമ്മതത്തോടുകൂടി, അവളുടെ സമ്മതം അവൾക്കോ അവൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആൾക്കോ മരണമോ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ഭയം ഉളവാക്കി നേടിയിട്ടുള്ളതാകുമ്പോൾ;

(iv) അവളുടെ സമ്മതത്തോടുകൂടി, ആ പുരുഷന്, അയാൾ അവളുടെ ഭർത്താവല്ലെന്ന് അറിയാമായിരിക്കുകയും അവളെ നിയമപ്രകാരം വിവാഹം ചെയ്തിരിക്കുകയോ ചെയ്തിട്ടുള്ളതായി അവൾ വിശ്വസിക്കുകയോ ചെയ്യുന്ന മറ്റൊരാളാണ് അയാളെന്ന് അവൾ വിശ്വസിക്കുന്നതുകൊണ്ടാണ് അവൾ സമ്മതം നൽകിയിട്ടുള്ളതെന്നും അറിയുമ്പോൾ;

(v) അവളുടെ സമ്മതത്തോടുകൂടി, അങ്ങനെയുള്ള സമ്മതം നൽകുന്ന സമയത്ത്, ചിത്തഭ്രമമോ ലഹരിയോ അല്ലെങ്കിൽ അയാൾ നേരിട്ടോ മറ്റൊരാൾ മുഖേനയോ കൊടുക്കുന്ന മയക്കം വരുത്തുന്നതോ അനാരോഗ്യകരമായതോ ആയ ഏതെങ്കിലും പദാർഥമോ കാരണം അവൾ നൽകുന്ന സമ്മതത്തിന്റെ സ്വഭാവവും അനന്തരഫലങ്ങളും മനസ്സിലാക്കുവാൻ അവൾക്ക് കഴിയാതിരിക്കുമ്പോൾ;

(vi) അവളുടെ സമ്മതത്തോടുകൂടിയോ സമ്മതം കൂടാതെയോ അവൾ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ളവളാകുമ്പോൾ;

(vii) സമ്മതം അറിയിക്കുവാൻ അവൾക്ക് കഴിയാതിരിക്കുമ്പോൾ—

(ക) ഒരാൾ തന്റെ ലിംഗം, എത്രത്തോളമെങ്കിലും, ഒരു സ്ത്രീയുടെ യോനിയിലേക്കോ വായിലേക്കോ മൂത്രനാളിയിലേക്കോ മലദ്വാരത്തിലേക്കോ അന്തഃപ്രവേശിപ്പിക്കുകയോ താനുമായോ മറ്റാരെങ്കിലുമായോ അപ്രകാരം ചെയ്യുവാൻ അവളെ ഇടയാക്കുകയോ;

(ഖ) ഒരു സ്ത്രീയുടെ യോനിയിലേക്കോ മൂത്രനാളിയിലേക്കോ മലദ്വാരത്തിലേക്കോ, എത്രത്തോളമെങ്കിലും, ഏതെങ്കിലും വസ്തുവോ ലിംഗമല്ലാതെയുള്ള ഏതെങ്കിലും ശരീരഭാഗമോ കടത്തുകയോ താനുമായോ മറ്റാരെങ്കിലുമായോ അപ്രകാരം ചെയ്യുവാൻ അവളെ ഇടയാക്കുകയോ;

(ഗ) ഒരു സ്ത്രീയുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം, അങ്ങനെയുള്ള സ്ത്രീയുടെ യോനിയിലേക്കോ മൂത്രനാളിയിലേക്കോ മലദ്വാരത്തിലേക്കോ മറ്റേതെങ്കിലും ശരീരഭാഗത്തിലേക്കോ അന്തഃപ്രവേശനത്തിന് ഇടയാക്കത്തക്കവിധം കൈകാര്യം ചെയ്യുകയോ താനുമായോ മറ്റാരെങ്കിലുമായോ അവളെ അപ്രകാരം ചെയ്യാൻ ഇടയാക്കുകയോ;

(ഘ) ഒരു സ്ത്രീയുടെ യോനിയിലേക്കോ മലദ്വാരത്തിലേക്കോ മൂത്രനാളിയിലേക്കോ തന്റെ വായ ചേർത്തുവയ്ക്കുകയോ താനുമായോ മറ്റാരെങ്കിലുമായോ അപ്രകാരം ചെയ്യുവാൻ അവളെ ഇടയാക്കുകയോ,

ചെയ്യുന്നുവെങ്കിൽ ഒരു പുരുഷൻ "ബലാൽസംഗം" ചെയ്തതായി പറയപ്പെടുന്നു.

*വിശദീകരണം* 1.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "യോനി" എന്നതിൽ *ലാബിയ മാജോറയും* കൂടി ഉൾപ്പെടുന്നതാകുന്നു.

*വിശദീകരണം* 2.— സമ്മതം എന്നാൽ സ്ത്രീ, വാക്കുകളാലോ ആംഗ്യങ്ങളാലോ, ഏതെങ്കിലും തരത്തിലുള്ള വാക്കാലുള്ളതോ വാക്കാലുള്ളതല്ലാത്തതോ ആയ ആശയവിനിമയത്തിലൂടെ നിശ്ചിതമായ ലൈംഗികപ്രവൃത്തിയിൽ ഏർപ്പെടുന്നതിന് സന്നദ്ധത അറിയിക്കുന്ന ഒരു അസന്ദിഗ്ദ്ധവും സ്വേച്ഛയായുമുള്ള അനുവാദം എന്നർഥമാകുന്നു:

എന്നാൽ ഒരു സ്ത്രീ പ്രവേശനപ്രവൃത്തിയെ ശാരീരികമായി ചെറുക്കാതിരുന്നുവെന്ന ആ വസ്തുതയുടെ കാരണത്താൽ മാത്രം ലൈംഗിക പ്രവൃത്തിക്കുള്ള സമ്മതമായി പരിഗണിക്കുവാൻ പാടുള്ളതല്ലാത്തതാകുന്നു.

*അപവാദം* 1.— ഒരു ചികിത്സാപരമായ നടപടിക്രമമോ ഇടപെടലോ ബലാൽസംഗം ആകുന്നതല്ല.

*അപവാദം* 2.— ഒരു പുരുഷൻ, തന്റെ ഭാര്യയുമായി, ഭാര്യ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ളവളല്ലാതിരിക്കെ, ലൈംഗികസംഗത്തിലോ ലൈംഗിക പ്രവൃത്തിയിലോ ഏർപ്പെടുന്നത് ബലാൽസംഗമല്ല.

64. (1) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതികളിലൊഴികെ ബലാൽസംഗം ചെയ്യുന്ന ഏതൊരാളും, പത്ത് വർഷത്തിൽ കുറയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, എന്നാൽ അത് ജീവപര്യന്തം വരെയാകാവുന്നതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. ബലാൽസംഗത്തിനുള്ള ശിക്ഷ.

(2) (ക) ഒരു പോലീസ് ഓഫീസറായിരിക്കെ,-

(i) അങ്ങനെയുള്ള പോലീസ് ഓഫീസർ നിയമിതനായിട്ടുള്ള പോലീസ് സ്റ്റേഷന്റെ പരിധികൾക്കുള്ളിൽ വച്ചോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും സ്റ്റേഷൻ കെട്ടിടത്തിന്റെ പരിസരങ്ങളിൽ വച്ചോ; അല്ലെങ്കിൽ

(iii) അങ്ങനെയുള്ള പോലീസ് ഓഫീസറിന്റെ സൂക്ഷിപ്പിലോ അങ്ങനെയുള്ള പോലീസ് ഓഫീസറിന്റെ കീഴിലുള്ള ഒരു പോലീസ് ഓഫീസറിന്റെ സൂക്ഷിപ്പിലോ ഉള്ള ഒരു സ്ത്രീയെയോ,

ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഖ) ഒരു പബ്ലിക് സർവന്റായിരിക്കെ, അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ സൂക്ഷിപ്പിലോ അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ കീഴിലുള്ള ഒരു പബ്ലിക് സർവന്റിന്റെ സൂക്ഷിപ്പിലോ ഉള്ള ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഗ) കേന്ദ്രസർക്കാരോ ഒരു സംസ്ഥാനസർക്കാരോ ഒരു പ്രദേശത്ത് വിന്യസിച്ചിട്ടുള്ള സായുധസേനകളിലെ ഒരംഗമായിരിക്കെ അങ്ങനെയുള്ള പ്രദേശത്ത് ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഘ) ഒരു ജയിലിന്റെയോ റിമാൻഡ് ഹോമിന്റെയോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ സ്ഥാപിച്ചിട്ടുള്ള മറ്റ് സൂക്ഷിപ്പുസ്ഥലത്തിന്റെയോ സ്ത്രീകളുടെയോ കുട്ടികളുടെയോ ഒരു സ്ഥാപനത്തിന്റെയോ, നടത്തിപ്പിലോ സ്റ്റാഫിലോ ആയിരിക്കെ, അങ്ങനെയുള്ള ജയിലിലെയോ റിമാൻഡ് ഹോമിലെയോ സ്ഥലത്തിലെയോ സ്ഥാപനത്തിലെയോ ഏതെങ്കിലും അന്തേവാസിയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ങ) ഒരു ആശുപത്രിയുടെ നടത്തിപ്പിലോ സ്റ്റാഫിലോ ആയിരിക്കെ, ആ ആശുപത്രിയിലുള്ള ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ച) സ്ത്രീയുടെ ഒരു ബന്ധു, രക്ഷാകർത്താവ് അല്ലെങ്കിൽ അധ്യാപകൻ അല്ലെങ്കിൽ വിശ്വാസത്തിലോ അധികാരസ്ഥാനത്തിലോ ഉള്ള ഒരാൾ ആയിരിക്കെ, അങ്ങനെയുള്ള സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഛ) വർഗീയമോ വിഭാഗീയമോ ആയ ആക്രമണത്തിനിടയിൽ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ജ) ഒരു സ്ത്രീയെ അവൾ ഗർഭിണിയാണെന്ന് അറിഞ്ഞുകൊണ്ട് ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഝ) സമ്മതം നൽകാൻ കഴിയാത്ത ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഞ) ഒരു സ്ത്രീയുടെ മേൽ നിയന്ത്രണമോ അധികാരമോ ഉള്ള ഒരു സ്ഥാനത്തായിരിക്കെ അങ്ങനെയുള്ള സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ട) മാനസികമോ ശാരീരികമോ ആയ വൈകല്യം അനുഭവിക്കുന്ന ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന; അല്ലെങ്കിൽ

(ഠ) ബലാൽസംഗം ചെയ്യുമ്പോൾ ഗുരുതരമായ ശാരീരിക ഹാനിക്കോ അംഗഭംഗത്തിനോ വിരൂപപ്പെടുത്തലിനോ കാരണമാകുകയോ ഒരു സ്ത്രീയുടെ ജീവിതം അപകടത്തിലാക്കുകയോ ചെയ്യുന്ന; അല്ലെങ്കിൽ

(ഡ) അതേ സ്ത്രീയെ ആവർത്തിച്ച് ബലാൽസംഗം ചെയ്യുന്ന,

ഏതൊരാളും പത്ത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതും അത് അയാളുടെ സ്വാഭാവികജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാക്കേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) ''സായുധസേന'' എന്നാൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിയന്ത്രണത്തിൻ കീഴിലുള്ള അർദ്ധ സൈനികസേനകളും ഏതൊരു സഹായസേനകളും ഉൾപ്പെടെ, നാവികസേനയിലെയും കരസേനയിലെയും വ്യോമസേനയിലെയും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ രൂപീകരിച്ചിട്ടുള്ള സായുധസേനയിലെയും ഏതൊരു അംഗവും എന്നർഥമാകുന്നതും;

(ഖ) ''ആശുപത്രി'' എന്നാൽ ഒരു ആശുപത്രിയുടെ പരിസരം എന്നർഥമാകുന്നതും, ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്ന ആളുകളുടെയോ അല്ലെങ്കിൽ മെഡിക്കൽ പരിചരണമോ പുനരധിവാസമോ ആവശ്യമായ ആളുകളുടെയോ സ്വീകരിക്കലിനും ചികിൽസയ്ക്കും വേണ്ടിയുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ പരിസരം ഉൾപ്പെടുന്നതുമാകുന്നു;

(ഗ) ''പോലീസ് ഓഫീസർ'' എന്നതിന് പോലീസ് ആക്റ്റ്, 1861 (1861-ലെ 5)-ൻ കീഴിൽ ''പോലീസ്'' എന്ന പദപ്രയോഗത്തിന് നൽകിയിട്ടുള്ള അതേ അർഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) ''സ്ത്രീകളുടെയോ കുട്ടികളുടെയോ സ്ഥാപനം'' എന്നാൽ സ്ത്രീകളുടെയോ കുട്ടികളുടെയോ സ്വീകരിക്കലിനും

പരിരക്ഷക്കും വേണ്ടി സ്ഥാപിച്ചിട്ടുള്ളതും നടത്തിപ്പോരുന്നതും, ഒരു അനാഥമന്ദിരമെന്നോ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കോ കുട്ടികൾക്കോ വേണ്ടിയുള്ള ഒരു ഭവനമെന്നോ ഒരു വിധവാമന്ദിരമെന്നോ മറ്റേതെങ്കിലും പേരിൽ വിളിക്കപ്പെടുന്നതായ ഒരു സ്ഥാപനമെന്നോ അർഥമാകുന്നു.

ചില സംഗതി കളിൽ ബലാൽ സംഗത്തിനുള്ള ശിക്ഷ.

65. (1) പതിനാറ് വയസ്സിന് താഴെ പ്രായമുള്ള ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന ഏതൊരാളും ഇരുപത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും എന്നാൽ ജീവപര്യന്തത്തടവ് വരെയാകാവുന്നതും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവായി അർഥ മാക്കേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള പിഴ ഇരയുടെ ചികിത്സാചെലവുകൾ നിറ വേറ്റുന്നതിനും പുനരധിവാസത്തിനും ന്യായമായതും യുക്തമായതും ആയി രിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഏതൊരു പിഴയും ഇരയ്ക്ക് നൽകേണ്ടതാണ്.

(2) പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന ഏതൊരാളും ഇരുപത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും എന്നാൽ ജീവപര്യന്തത്തടവ് വരെയാകാവുന്നതും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാക്കേണ്ടതും പിഴയ്ക്കോ മരണശിക്ഷയ്ക്കോ കൂടി അർഹനാകുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള പിഴ ഇരയുടെ ചികിത്സാചെലവുകൾ നിറവേറ്റുന്നതിനും പുനരധിവാസത്തിനും ന്യായമായതും യുക്തമായതും ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഏതൊരു പിഴയും ഇരയ്ക്ക് നൽകേണ്ടതാണ്.

ഇരയുടെ മരണത്തിനിടയാക്കുന്നതിനോ സ്ഥിരം നിശ്ചലാവസ്ഥയ്ക്ക് ഇടയാക്കുന്നതിനോ ഉളള ശിക്ഷ.

66. 64–ാം വകുപ്പിന്റെ (1)–ാം ഉപവകുപ്പിനോ (2)–ാം ഉപവകുപ്പിനോ കീഴിൽ ശിക്ഷിക്കാവുന്ന ഒരു കുറ്റം ചെയ്യുന്നതും അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനിടയിൽ സ്ത്രീയുടെ മരണത്തിനിടയാക്കുന്നതോ സ്ത്രീയുടെ ഒരു സ്ഥിരം നിശ്ചലാവസ്ഥയ്ക്ക് ഇടയാക്കുന്നതോ ആയ ഒരു ക്ഷതി ഏൽപ്പിക്കുന്ന ഏതൊരാളും ഇരുപത് വർഷത്തിൽ കുറയാത്ത കാലത്തേക്കോ എന്നാൽ ജീവപര്യന്തം വരെയാകാവുന്നതും, അത് അയാളുടെ സ്വാഭാവികജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാക്കേണ്ടതും, ആയ കഠിനതടവോ അല്ലെങ്കിൽ മരണ ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വേർപിരിഞ്ഞിരിക്കുന്ന കാലത്ത് ഭർത്താവ് തന്റെ ഭാര്യയുമായി ലൈംഗിക സംഗത്തിൽ ഏർപ്പെടൽ.

67. ഒരു വേർപ്പെടുത്തൽ വിധിപ്രകാരമോ മറ്റുവിധത്തിലോ ഒരാളിൽനിന്നും വേർപെട്ട് ജീവിക്കുന്ന അയാളുടെ സ്വന്തം ഭാര്യയുമായി അവളുടെ സമ്മതം കൂടാതെ ലൈംഗികസംഗത്തിൽ ഏർപ്പെടുന്ന ഏതൊരാളും രണ്ട് വർഷത്തിൽ കുറയാത്തതും, എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— ഈ വകുപ്പിൽ "ലൈംഗികസംഗം" എന്നാൽ 63–ാം വകുപ്പിന്റെ (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കൃത്യങ്ങൾ എന്നർഥമാകുന്നു.

അധികാരസ്ഥാനത്തുള്ള ഒരാൾ നടത്തുന്ന ലൈംഗിക സംഗത്തിൽ ഏർപ്പെടൽ.

68. ഏതൊരാളും—

(ക) ഒരു അധികാരസ്ഥാനത്തുള്ളതോ വിശ്വാസാധിഷ്ഠിത ബന്ധത്തിലുള്ളതോ; അല്ലെങ്കിൽ

(ഖ) ഒരു പബ്ലിക് സർവന്റ്; അല്ലെങ്കിൽ

(ഗ) ഒരു ജയിലിലെയോ റിമാൻഡ് ഹോമിലെയോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ സ്ഥാപിച്ചിട്ടുള്ള മറ്റ് സൂക്ഷിപ്പുസ്ഥലത്തിന്റെയോ അല്ലെങ്കിൽ സ്ത്രീകളുടെയോ കുട്ടികളുടെയോ ഒരു സ്ഥാപനത്തിന്റെയോ സൂപ്രണ്ടോ മാനേജരോ; അല്ലെങ്കിൽ

(ഘ) ഒരു ആശുപത്രിയുടെ നടത്തിപ്പിലോ അല്ലെങ്കിൽ ഒരു ആശുപത്രിയുടെ സ്റ്റാഫിലുള്ളതോ,

ആയിരിക്കെ അയാളുടെ സൂക്ഷിപ്പിലോ, അയാളുടെ ചുമതലയ്ക്കുകീഴിൽ ഉള്ളതോ ആ പരിസരത്ത് സന്നിഹിതയായിട്ടുള്ളതോ ആയ ഏതെങ്കിലും സ്ത്രീയെ താനുമായി ലൈംഗികസംഗത്തിൽ ഏർപ്പെടുന്നതിന് അങ്ങനെയുള്ള പദവിയോ വിശ്വാസാധിഷ്ഠിത ബന്ധമോ ദുരുപയോഗപ്പെടുത്തിക്കൊണ്ട് പ്രേരിപ്പിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ലൈംഗികസംഗം ബലാൽസംഗക്കുറ്റം ആകാത്തതാകയാൽ, അഞ്ച് വർഷത്തിൽ കുറയാത്തതോ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം* 1.—ഈ വകുപ്പിൽ "ലൈംഗികസംഗം" എന്നാൽ 63–ാം വകുപ്പിന്റെ (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ ഏതെങ്കിലും എന്നർഥമാകുന്നു.

*വിശദീകരണം* 2.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, 63–ാം വകുപ്പിന്റെ *വിശദീകരണം* 1 കൂടി ബാധകമാകുന്നതാണ്.

*വിശദീകരണം* 3.—ഒരു ജയിലോ റിമാൻഡ് ഹോമോ മറ്റ് സൂക്ഷിപ്പുസ്ഥലമോ സ്ത്രീകളുടെയോ കുട്ടികളുടെയോ ഒരു സ്ഥാപനമോ സംബന്ധിച്ച് "സൂപ്രണ്ട്" എന്നതിൽ അങ്ങനെയുള്ള ജയിലിലോ റിമാൻഡ് ഹോമിലോ സ്ഥലത്തോ സ്ഥാപനത്തിലോ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുന്നതുമായ ഒരാൾ ഉൾപ്പെടുന്നതും, അതിന്റെ ബലത്തിൽ അതിലെ അന്തേവാസികളിൻമേൽ ഏതെങ്കിലും അധികാരമോ നിയന്ത്രണമോ വിനിയോഗിക്കുവാൻ അങ്ങനെയുള്ള ആൾക്ക് കഴിയുന്നതുമാണ്.

*വിശദീകരണം* 4.—"ആശുപത്രിയും" "സ്ത്രീകൾ അല്ലെങ്കിൽ കുട്ടികളുടെ സ്ഥാപനവും" എന്നീ പദപ്രയോഗങ്ങൾക്ക് യഥാക്രമം 64–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ വിശദീകരണത്തിന്റെ (ഖ), (ഗ) ഖണ്ഡങ്ങളിലെ അതേ അർഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

69. വഞ്ചനാപരമായ മാർഗങ്ങളിലൂടെയോ അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം കഴിക്കുമെന്ന് വാഗ്ദാനം ചെയ്തോ, അത് നിറവേറ്റാൻ ഉദ്ദേശിക്കാതെ അവളുമായി ലൈംഗികസംഗത്തിൽ, ബലാൽസംഗ കുറ്റമാകത്തക്കതല്ലാത്ത അങ്ങനെയുള്ള ലൈംഗികസംഗം, ഏർപ്പെടുന്ന ഏതൊരാളും, പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. വഞ്ചനാപരമായ മാർഗങ്ങൾ ഉപയോഗിച്ചുള്ള ലൈംഗിക സംഗം മുതലായവ.

*വിശദീകരണം.*—"വഞ്ചനാപരമായ മാർഗങ്ങൾ" എന്നതിൽ തൊഴിലിനോ സ്ഥാനക്കയറ്റത്തിനോ വേണ്ടിയുള്ള പ്രേരിപ്പിക്കലോ കപട വാഗ്ദാനമോ അല്ലെങ്കിൽ വ്യക്തിത്വം മറച്ചുവച്ചുകൊണ്ടുള്ള വിവാഹമോ ഉൾപ്പെടുന്നതാകുന്നു.

70. (1) ഒരു സ്ത്രീയെ ഒന്നോ അതിലധികമോ ആളുകൾ ചേർന്ന് ഒരു സംഘമായി ബലാൽസംഗം ചെയ്യുകയോ പൊതുവായ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുകയോ ചെയ്യുന്നിടത്ത് ആ ആളുകളിൽ ഓരോരുത്തരും ബലാൽസംഗക്കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും ഇരുപത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് കഠിനതടവും എന്നാൽ ജീവപര്യന്തത്തടവ് വരെയാകാവുന്നതും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാക്കേണ്ടതും, പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്: കൂട്ടബലാൽസംഗം.

എന്നാൽ അങ്ങനെയുള്ള പിഴ ഇരയുടെ ചികിത്സാചെലവുകൾ നിറവേറ്റുന്നതിനും പുനരധിവാസത്തിനും ന്യായവും യുക്തവുമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഏതൊരു പിഴയും ഇരയ്ക്ക് നൽകേണ്ടതാണ്.

(2) പതിനെട്ട് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ഒന്നോ അതിലധികമോ ആളുകൾ ചേർന്ന് ഒരു സംഘമായി ബലാൽസംഗം ചെയ്യുകയോ പൊതുവായ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുകയോ ചെയ്യുന്നിടത്ത് ആ ആളുകളിൽ ഓരോരുത്തരും ബലാൽസംഗക്കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും ജീവപര്യന്തത്തടവും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാകുന്നതും, പിഴയും, അല്ലെങ്കിൽ മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള പിഴ ഇരയുടെ ചികിത്സാചെലവുകൾ നിറവേറ്റുന്നതിനും പുനരധിവാസത്തിനും ന്യായവും യുക്തവുമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഏതൊരു പിഴയും ഇരയ്ക്ക് നൽകേണ്ടതാണ്.

ആവർത്തിച്ചുള്ള കുറ്റവാളികൾക്കുള്ള ശിക്ഷ.

71. 64–ാം വകുപ്പിനോ 65–ാം വകുപ്പിനോ 66–ാം വകുപ്പിനോ 70–ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന്, മുമ്പ് ശിക്ഷിക്കപ്പെടുകയും തുടർന്ന് മേൽപ്പറഞ്ഞ ഏതെങ്കിലും വകുപ്പുകളിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവ്, അത് അയാളുടെ സ്വാഭാവികജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാകുന്നതും, അല്ലെങ്കിൽ മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ചില കുറ്റങ്ങളിലെ ഇരയുടെ വ്യക്തിത്വം വെളിപ്പെടുത്തൽ മുതലായവ.

72. (1) ഏതെങ്കിലും ആൾക്കെതിരായി, 64–ാം വകുപ്പിനോ 65–ാം വകുപ്പിനോ 66–ാം വകുപ്പിനോ 67–ാം വകുപ്പിനോ 68–ാം വകുപ്പിനോ 69–ാം വകുപ്പിനോ 70–ാം വകുപ്പിനോ 71–ാം വകുപ്പിനോ കീഴിലുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുകയോ കണ്ടെത്തുകയോ ചെയ്തിട്ടുള്ള ആളിന്റെ (ഇതിനുശേഷം ഈ വകുപ്പിൽ ഇര എന്നാണ് പരാമർശിക്കപ്പെടുക) പേരോ വ്യക്തിത്വം വെളിപ്പെടുത്താവുന്നതായ ഏതെങ്കിലും സംഗതിയോ അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും, രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) (1)–ാം ഉപവകുപ്പിലെ യാതൊന്നും, ഇരയുടെ പേരിന്റെയോ വ്യക്തിത്വം വെളിപ്പെടുത്താവുന്നതായ ഏതെങ്കിലും സംഗതിയുടെയോ ഏതൊരു അച്ചടിക്കോ പ്രസിദ്ധീകരണത്തിനോ, അങ്ങനെയുള്ള അച്ചടിയോ പ്രസിദ്ധീകരണമോ–

(ക) പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഓഫീസറിന്റെയോ അങ്ങനെയുള്ള കുറ്റത്തിന്റെ അന്വേഷണം നടത്തുന്ന, അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉത്തമ

വിശ്വാസപൂർവം പ്രവർത്തിക്കുന്ന ആ പോലീസ് ഓഫീസറിന്റെയോ രേഖാമൂലമുള്ള ഉത്തരവിനാലോ ഉത്തരവിൻകീഴിലോ; അല്ലെങ്കിൽ

(ഖ) ഇരയുടെ രേഖാമൂലമുള്ള അധികാരത്താലോ അധികാര ത്തോടുകൂടിയോ; അല്ലെങ്കിൽ

(ഗ) ഇര മരണപ്പെട്ടിരിക്കുകയോ ഒരു കുട്ടിയോ ചിത്തഭ്രമമുള്ളതോ ആയിരിക്കുന്നിടത്ത്, ഇരയുടെ ഏറ്റവും അടുത്ത ബന്ധുവിന്റെ രേഖാമൂലമുള്ള അധികാരത്താലോ അധികാരത്തോടുകൂടിയോ, ആണെങ്കിൽ, വ്യാപിക്കുന്നതല്ല:

എന്നാൽ അങ്ങനെയുള്ള യാതൊരു അധികാരവും ഏതെങ്കിലും അംഗീകൃത ക്ഷേമസ്ഥാപനത്തിന്റെയോ സംഘടനയുടെയോ ചെയർമാനോ സെക്രട്ടറിയോ, എന്തുപേരിൽ വിളിക്കപ്പെട്ടാലും, അല്ലാത്ത ഏതൊരാൾക്കും ഏറ്റവും അടുത്ത ബന്ധു നൽകുവാൻ പാടില്ലാത്തതാണ്.

*വിശദീകരണം.—* ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "അംഗീകൃത ക്ഷേമസ്ഥാപനമോ സംഘടനയോ" എന്നാൽ കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ ഇതിലേക്കായി അംഗീകരിച്ചിട്ടുള്ള ഒരു സാമൂഹ്യക്ഷേമസ്ഥാപനമോ സംഘടനയോ എന്നർഥമാകുന്നു.

അനുവാദം കൂടാതെ കോടതി നടപടിയുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതി അച്ചടിക്കുക യോ പ്രസിദ്ധീ കരിക്കുകയോ ചെയ്യുന്നത്.

73. 72-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു കുറ്റം സംബന്ധിച്ച് ഒരു കോടതിയുടെ മുമ്പാകെയുള്ള ഏതൊരു നടപടിയുമായി ബന്ധപ്പെട്ട ഏതൊരു സംഗതിയും അങ്ങനെയുള്ള കോടതിയുടെ മുൻകൂർ അനുവാദം കൂടാതെ അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.—* ഏതെങ്കിലും ഹൈക്കോടതിയുടെയോ സുപ്രീം കോടതിയുടെയോ വിധിന്യായം അച്ചടിക്കുന്നതോ പ്രസിദ്ധീകരിക്കുന്നതോ ഈ വകുപ്പിന്റെ അർഥത്തിനുള്ളിലുള്ള ഒരു കുറ്റമാകുന്നതല്ല.

## *സ്ത്രീയ്ക്കെതിരെയുള്ള കുറ്റകരമായ ബലപ്രയോഗത്തെയും കൈയേറ്റത്തെയും കുറിച്ച്*

സ്ത്രീത്വത്തെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി സ്ത്രീയ്ക്ക് നേരെ കൈയേറ്റമോ കുറ്റകരമായ ബലപ്രയോഗമോ നടത്തുന്നത്.

74. ഏതെങ്കിലും സ്ത്രീയെ, അവളുടെ സ്ത്രീത്വത്തെ അപമാനിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, താൻ അതുവഴി അപമാനിക്കാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലപ്രയോഗം ചെയ്യുന്നതോ ആയ ഏതൊരാളും ഒരു വർഷത്തിൽ കുറയാത്തതും, എന്നാൽ അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ലൈംഗിക പീഡനം.

75. (1) താഴെപ്പറയുന്ന ഏതെങ്കിലും കൃത്യങ്ങൾ ചെയ്യുന്ന ഒരു പുരുഷൻ:—

(i) അസ്വീകാര്യവും പ്രത്യക്ഷത്തിൽ ലൈംഗികക്ഷണവും ഉൾപ്പെടുന്ന ശാരീരിക സ്പർശവും നീക്കങ്ങളും; അല്ലെങ്കിൽ

(ii) ലൈംഗികസുഖത്തിനുവേണ്ടിയുള്ള ഒരു ആവശ്യപ്പെടലോ അഭ്യർഥനയോ; അല്ലെങ്കിൽ

(iii) ഒരു സ്ത്രീയുടെ ഇച്ഛയ്ക്കെതിരായി അശ്ലീല ചിത്രങ്ങൾ കാണിക്കൽ; അല്ലെങ്കിൽ

(iv) ലൈംഗികച്ചുവയുള്ള പരാമർശങ്ങൾ നടത്തൽ,

ലൈംഗികപീഡനം എന്ന കുറ്റത്തിന് കുറ്റക്കാരനാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ (i)-ാം ഖണ്ഡത്തിലോ (ii)-ാം ഖണ്ഡത്തിലോ (iii)-ാം ഖണ്ഡത്തിലോ പ്രത്യേകം പറഞ്ഞിട്ടുള്ള കുറ്റം ചെയ്യുന്ന ഏതൊരു പുരുഷനും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, കഠിനതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ (iv)-ാം ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കുറ്റം ചെയ്യുന്ന ഏതൊരു പുരുഷനും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

76. വിവസ്ത്രയാക്കണമെന്നോ നഗ്നയാകാൻ നിർബന്ധിക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും സ്ത്രീയ്ക്കെതിരെ കൈയേറ്റമോ ബലപ്രയോഗം നടത്തുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും ഏഴ് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വിവസ്ത്രയാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി സ്ത്രീയ്ക്കെതിരെ നടത്തുന്ന കൈയേറ്റമോ കുറ്റകരമായ ബല പ്രയോഗമോ.

77. ഒരു സ്വകാര്യ കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ത്രീയെ, കുറ്റവാളിയോ കുറ്റവാളിയുടെ നിർദേശാനുസരണം മറ്റേതെങ്കിലും ആളോ നിരീക്ഷിക്കുന്നുണ്ടാവില്ലെന്ന് സാധാരണഗതിയിൽ അവൾ പ്രതീക്ഷിക്കാവുന്ന സാഹചര്യങ്ങളിൽ, നിരീക്ഷിക്കുകയോ ചിത്രമെടുക്കുകയോ ചെയ്യുന്നതോ അങ്ങനെയുള്ള ചിത്രം പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യ കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ മൂന്ന് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും രണ്ടാമതോ തുടർന്നുള്ളതോ ആയ കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴ് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വോയേറിസം.

*വിശദീകരണം* 1.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, “സ്വകാര്യ കൃത്യം” എന്നതിൽ, സ്വകാര്യത നൽകുമെന്ന് ന്യായമായും പ്രതീക്ഷിക്കുന്ന സാഹചര്യങ്ങളിൽ, ഇരയുടെ ജനനേന്ദ്രിയങ്ങൾ, നിതംബം അല്ലെങ്കിൽ സ്തനങ്ങൾ ദൃശ്യമാകുന്നതോ അടിവസ്ത്രത്താൽ മാത്രം മറയ്ക്കപ്പെട്ടതോ ആയതും; അല്ലെങ്കിൽ ഇര ഒരു ശൗചാലയം ഉപയോഗിക്കുന്നതും; അല്ലെങ്കിൽ ഇര സാധാരണയായി പൊതുസ്ഥലത്ത് ചെയ്യാത്ത തരത്തിലുള്ള ഒരു ലൈംഗിക കൃത്യം ചെയ്യുന്നതും, ഒരു സ്ഥലത്ത് വച്ച് നിരീക്ഷിക്കുന്ന ഒരു കൃത്യവും ഉൾപ്പെടുന്നതാകുന്നു.

*വിശദീകരണം* 2.— ചിത്രങ്ങൾ എടുക്കാനോ ഏതെങ്കിലും കൃത്യത്തിനോ ഇര സമ്മതിക്കുകയും, എന്നാൽ മൂന്നാം കക്ഷികളിലേക്ക് അവ പ്രചരിപ്പിക്കാതിരിക്കേണ്ടതുമായിടത്ത്, അങ്ങനെയുള്ള ചിത്രമോ അല്ലെങ്കിൽ കൃത്യമോ പ്രചരിപ്പിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രചരണം ഈ വകുപ്പിൻ കീഴിൽ ഒരു കുറ്റമായി കരുതപ്പെടേണ്ടതാണ്.

പിന്തുടരൽ.

78. (1) (i) ഒരു സ്ത്രീയെ, അങ്ങനെയുള്ള സ്ത്രീയുടെ താൽപര്യമില്ലായ്മയുടെ വ്യക്തമായ ഒരു സൂചന ഉണ്ടായിരുന്നിട്ടും, വ്യക്തിപരമായ സമ്പർക്കം വളർത്താൻ ആവർത്തിച്ച് പിന്തുടരുകയും ബന്ധപ്പെടുകയോ ബന്ധപ്പെടാൻ ശ്രമിക്കുകയോ ചെയ്യുന്ന; അല്ലെങ്കിൽ

(ii) ഇന്റർനെറ്റ്, ഇ–മെയിൽ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ഇലക്ട്രോണിക് മാധ്യമം ഒരു സ്ത്രീ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് നിരീക്ഷിക്കുന്ന,

ഏതൊരു പുരുഷനും പിന്തുടരൽ എന്ന കുറ്റം ചെയ്യുന്നു:

എന്നാൽ അങ്ങനെയുള്ള പെരുമാറ്റം അപ്രകാരം പിന്തുടർന്ന പുരുഷൻ–

(i) കുറ്റകൃത്യം തടയുന്നതിനോ കണ്ടെത്തുന്നതിനോ വേണ്ടി പിന്തുടരുകയും, പിന്തുടരൽ ആരോപിക്കപ്പെട്ട ആ പുരുഷനെ കുറ്റകൃത്യം തടയുന്നതിനും കണ്ടെത്തുന്നതിനും സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതും; അല്ലെങ്കിൽ

(ii) ഏതെങ്കിലും നിയമത്തിൻകീഴിലോ അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏതെങ്കിലും ആൾ ചുമത്തിയ ഏതെങ്കിലും വ്യവസ്ഥയോ നിബന്ധനയോ പാലിക്കുന്നതിനായോ പിന്തുടർന്നിട്ടുള്ളതും; അല്ലെങ്കിൽ

(iii) ആ പ്രത്യേക സാഹചര്യങ്ങളിൽ അങ്ങനെയുള്ള പെരുമാറ്റം യുക്തവും ന്യായവും,

ആയിരുന്നുവെന്ന് തെളിയിക്കുന്നുവെങ്കിൽ പിന്തുടരൽ ആകുന്നതല്ല.

(2) പിന്തുടരൽ കുറ്റം ചെയ്യുന്ന ഏതൊരാളും ആദ്യകുറ്റസ്ഥാപനത്തിന്മേൽ മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും

കൂടി അർഹനാകുന്നതും; രണ്ടാമതോ തുടർന്നുള്ളതോ ആയ കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

79. ഏതെങ്കിലും സ്ത്രീയുടെ സ്ത്രീത്വത്തെ അപമാനിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട്, അങ്ങനെയുള്ള സ്ത്രീ, അങ്ങനെയുള്ള വാക്കോ ശബ്ദമോ കേൾക്കണമെന്നോ അങ്ങനെയുള്ള ആംഗ്യമോ വസ്തുവോ കാണണമെന്നോ ഉദ്ദേശിച്ചുകൊണ്ട്, ഏതെങ്കിലും വാക്കുകൾ ഉച്ചരിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ ആംഗ്യം കാണിക്കുകയോ ഏതെങ്കിലും രൂപത്തിലുള്ള ഏതെങ്കിലും വസ്തു പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ത്രീയുടെ സ്വകാര്യതയിലേക്ക് അതിക്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവും പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ഒരു സ്ത്രീയുടെ സ്ത്രീത്വത്തെ അപമാനിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള വാക്കോ ആംഗ്യമോ കൃത്യമോ.

*വിവാഹവുമായി ബന്ധപ്പെട്ട കുറ്റങ്ങളെക്കുറിച്ച്*

80. (1) ഒരു സ്ത്രീയുടെ മരണം അവളുടെ വിവാഹത്തിന്റെ ഏഴ് വർഷത്തിനുള്ളിൽ ഏതെങ്കിലും തീപ്പൊള്ളലുകളോ ശാരീരിക ക്ഷതിയോ വഴി സംഭവിക്കുകയോ അല്ലെങ്കിൽ സാധാരണ സാഹചര്യങ്ങളിൽ അല്ലാതെ മറ്റുവിധത്തിൽ സംഭവിക്കുകയും അവളുടെ മരണത്തിന് തൊട്ടുമുമ്പ് അവൾ, അവളുടെ ഭർത്താവിനാലോ അവളുടെ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവിനാലോ സ്ത്രീധനം എന്തെങ്കിലും ആവശ്യപ്പെടുന്നതിനു വേണ്ടിയോ അതുമായി ബന്ധപ്പെട്ടോ, ക്രൂരതയ്ക്കോ പീഡനത്തിനോ വിധേയമാക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മരണം "സ്ത്രീധനമരണം" എന്ന് വിളിക്കപ്പെടുന്നതും അങ്ങനെയുള്ള ഭർത്താവോ ബന്ധുവോ അവളുടെ മരണത്തിന് കാരണമായതായി കരുതപ്പെടേണ്ടതുമാണ്. സ്ത്രീധന മരണം

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "സ്ത്രീധന"ത്തിന് സ്ത്രീധന നിരോധന ആക്റ്റ്, 1961 (1961-ലെ 28)–ലെ 2–ാം വകുപ്പു പ്രകാരമുള്ള അതേ അർഥം ഉണ്ടായിരിക്കുന്നതാണ്.

(2) സ്ത്രീധനമരണത്തിന് കാരണമാകുന്ന ഏതൊരാളും ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

നിയമപരമായി വിവാഹം നടന്നിട്ടുണ്ടെന്ന് കബളിപ്പിക്കൽ വഴി വിശ്വാസം ജനിപ്പിച്ച് ഒരു പുരുഷൻ ഭാര്യാഭർത്താക്കൻമാരെ പോലെ സഹവാസത്തിനിടയാക്കുന്നത്.

81. തന്നെ നിയമപരമായി വിവാഹം കഴിച്ചിട്ടില്ലാത്ത ഏതെങ്കിലും സ്ത്രീ, അവൾ, തന്നെ നിയമാനുസൃതം വിവാഹം കഴിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുവാനും ആ വിശ്വാസത്തോടുകൂടി തന്നോടൊപ്പം ഭാര്യാഭർത്താക്കൻമാരെപ്പോലെ സഹവസിക്കുകയോ ലൈംഗികസംഗത്തിൽ ഏർപ്പെടുകയോ ചെയ്യുവാനും കബളിപ്പിക്കൽ വഴി ഇടയാക്കുന്ന ഏതൊരു പുരുഷനും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം കഴിക്കുന്നത്.

82. (1) ഒരു ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കെ, അങ്ങനെയുള്ള ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ അത് നടക്കുന്നു എന്ന കാരണത്താൽ അങ്ങനെയുള്ള വിവാഹം അസാധുവാകുന്ന ഏതൊരു സംഗതിയിലും വിവാഹം കഴിക്കുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*അപവാദം.*- അങ്ങനെയുള്ള ഭർത്താവുമായോ ഭാര്യയുമായോ ഉള്ള വിവാഹം അസാധുവാണെന്ന് ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിച്ചിട്ടുള്ളതായ ഏതെങ്കിലും ആൾക്കോ, അല്ലെങ്കിൽ ഒരു മുൻ ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ ഒരു വിവാഹം കഴിക്കുന്നത്, അങ്ങനെയുള്ള ഭർത്താവോ ഭാര്യയോ പിന്നീടുള്ള വിവാഹസമയത്ത് അങ്ങനെയുള്ള ആളിൽ നിന്നും തുടർച്ചയായി ഏഴ് വർഷക്കാലം വിട്ടകന്നിരിക്കുകയും, ആ കാലത്തിനുള്ളിൽ അയാൾ ജീവിച്ചിരിപ്പുള്ളതായി ആരും കേൾക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അങ്ങനെ പിന്നീട് വിവാഹം കഴിക്കുന്ന ആൾ അങ്ങനെയുള്ള വിവാഹം നടക്കുന്നതിനുമുമ്പ് അയാൾക്കോ അവൾക്കോ അറിയാവുന്നിടത്തോളം വസ്തുതകളുടെ യഥാർഥ സ്ഥിതി അങ്ങനെയുള്ള വിവാഹം കഴിക്കുന്ന ആളെ അറിയിക്കുന്നപക്ഷവും, അങ്ങനെയുള്ള ആൾക്കോ, ഈ ഉപവകുപ്പ് വ്യാപിക്കുന്നതല്ല.

(2) പിന്നീട് വിവാഹം കഴിക്കുന്ന ആളിൽ നിന്നും മുൻ വിവാഹത്തിന്റെ വസ്തുത മറച്ചുവച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ കുറ്റം

ചെയ്യുന്ന ഏതൊരാളും, പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

നിയമപരമായി വിവാഹം കൂടാതെ വഞ്ചനാപൂർവമായി വിവാഹച്ചടങ്ങ് നിർവഹിക്കുന്നത്.

83. താൻ നിയമപരമായി വിവാഹം കഴിക്കുകയല്ല എന്നറിഞ്ഞുകൊണ്ട് നേരുകേടായോ വഞ്ചനാപൂർവമായ ഉദ്ദേശ്യത്തോടുകൂടിയോ വിവാഹം കഴിക്കുക എന്ന ചടങ്ങ് നിർവഹിക്കുന്ന ഏതൊരാളും, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽ പ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വിവാഹിതയായ സ്ത്രീയെ കുറ്റകരമായ ഉദ്ദേശ്യത്തോടുകൂടി വശീകരിച്ചുകൊണ്ടു പോവുകയോ കൂട്ടിക്കൊണ്ടുപോവുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്.

84. മറ്റേതെങ്കിലും പുരുഷന്റെ ഭാര്യയായിരിക്കുകയും അങ്ങനെയാണെന്ന് താൻ അറിയുകയോ വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്ത്രീയെ, ഏതെങ്കിലും ആളുമായി അവൾക്ക് അവിഹിതസംഗം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കൊണ്ടുപോവുകയോ വശീകരിച്ച് കൊണ്ടുപോവുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സ്ത്രീയെ ആ ഉദ്ദേശ്യത്തോടുകൂടി ഒളിപ്പിച്ചുവയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരു സ്ത്രീയുടെ ഭർത്താവോ ഭർത്താവിന്റെ ബന്ധുവോ അവളെ ക്രൂരതയ്ക്ക് വിധേയമാക്കുന്നത്.

85. ഒരു സ്ത്രീയുടെ ഭർത്താവോ ഭർത്താവിന്റെ ബന്ധുവോ ആയിരിക്കെ, അങ്ങനെയുള്ള സ്ത്രീയെ ക്രൂരതയ്ക്ക് വിധേയമാക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ക്രൂരതയുടെ നിർവചനം.

86. 85-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ക്രൂരത" എന്നാൽ—

(ക) ആത്മഹത്യചെയ്യുന്നതിന് സ്ത്രീയെ നയിക്കുവാനോ ആ സ്ത്രീയുടെ ജീവനോ അവയവത്തിനോ ആരോഗ്യത്തിനോ (മാനസികമോ ശാരീരികമോ ആയാലും) ഗുരുതരമായ ക്ഷതി ഉളവാക്കുവാനോ അപായപ്പെടുത്തുവാനോ ഇടവരുത്തുന്ന അങ്ങനെയുള്ള ഒരു സ്വഭാവത്തിലുള്ള മനഃപൂർവമായ ഏതൊരു പെരുമാറ്റമോ; അല്ലെങ്കിൽ

(ഖ) സ്ത്രീയെ പീഡിപ്പിക്കൽ; അങ്ങനെയുള്ള പീഡനം, ഏതെങ്കിലും വസ്തുവിനോ മൂല്യമുള്ള ഈടിനോ വേണ്ടിയുള്ള നിയമവിരുദ്ധമായ ഏതെങ്കിലും ആവശ്യപ്പെടൽ നിറവേറ്റുവാൻ അവളെയോ അവളുമായി ബന്ധപ്പെട്ട ഏതെങ്കിലും ആളെയോ നിർബന്ധിക്കുന്ന ലക്ഷ്യത്തോടോ അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യപ്പെടൽ നിറവേറ്റുവാൻ അവളോ അവളുമായി ബന്ധപ്പെട്ട ഏതെങ്കിലും ആളോ വീഴ്ചവരുത്തിയത് കാരണമോ ആയിരിക്കുന്നിടത്ത്,

എന്നർഥമാകുന്നു.

ഒരു സ്ത്രീയെ അവളുടെ വിവാഹത്തിന് നിർബന്ധിക്കുന്നതിനോ മറ്റോ വേണ്ടി ആൾ മോഷണമോ ആളപഹരണമോ ചെയ്യുകയോ പ്രചോദിപ്പിക്കുകയോ ചെയ്യുന്നത്.

87. ഏതെങ്കിലും സ്ത്രീയെ, അവളുടെ ഇച്ഛക്ക് എതിരായി ഏതെങ്കിലും ആളെ വിവാഹം ചെയ്യുന്നതിന് അവൾ നിർബന്ധിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, അവൾ നിർബന്ധിക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ അവൾ അവിഹിത സംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുന്നതിനു വേണ്ടിയോ അല്ലെങ്കിൽ അവൾ അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; ഏതെങ്കിലും സ്ത്രീയെ മറ്റൊരാളുമായി അവിഹിതസംഗത്തിന് അവൾ നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അവൾ ചെയ്യപ്പെടുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ഈ സംഹിതയിൽ നിർവചിച്ചപ്രകാരമുള്ള കുറ്റകരമായ ഭയപ്പെടുത്തലോ അധികാരത്തിന്റെ ദുർവിനിയോഗമോ മറ്റേതെങ്കിലും തരത്തിലുള്ള നിർബന്ധമോ വഴിയായി, ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിന് പ്രചോദിപ്പിക്കുന്ന ഏതൊരാളും കൂടി മേൽപ്പറഞ്ഞ പ്രകാരം ശിക്ഷിക്കപ്പെടുന്നതാണ്.

## *ഗർഭം അലസിപ്പിക്കലിനെയും മറ്റും കുറിച്ച്*

88. ഗർഭമുള്ള ഒരു സ്ത്രീയുടെ ഗർഭം ഉത്തമവിശ്വാസപൂർവം ആ സ്ത്രീയുടെ ജീവൻ രക്ഷിക്കുവാനല്ലാതെ, സ്വേച്ഛയാ അലസിപ്പിക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും; കൂടാതെ ആ സ്ത്രീ ചലിക്കുന്ന ഗർഭസ്ഥശിശുവോടുകൂടിയവൾ ആകുന്നപക്ഷം, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. ഗർഭം അലസിപ്പിക്കൽ.

*വിശദീകരണം.–* തന്റെ ഗർഭം സ്വയം അലസിപ്പിക്കുന്ന ഒരു സ്ത്രീ ഈ വകുപ്പിന്റെ അർഥത്തിൽപ്പെടുന്നു.

89. 88–ാം വകുപ്പിൻകീഴിലുള്ള കുറ്റം, സ്ത്രീ ചലിക്കുന്ന ഗർഭസ്ഥശിശുവോടുകൂടിയവൾ ആണെങ്കിലും അല്ലെങ്കിലും സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. സ്ത്രീയുടെ സമ്മതം കൂടാതെ ഗർഭം അലസിപ്പിക്കുന്നത്.

90. (1) ഗർഭമുള്ള ഒരു സ്ത്രീയുടെ ഗർഭം അലസിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള സ്ത്രീയുടെ മരണം സംഭവിപ്പിക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. ഗർഭം അലസിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്യുന്ന കൃത്യം മരണം സംഭവിപ്പിക്കുന്നത്.

(2) (1)–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കൃത്യം ആ സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്യപ്പെടുന്നിടത്ത്, ജീവപര്യന്തത്തടവോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.–* ആ കൃത്യം മരണത്തിനിടയാക്കുവാൻ ഇടയുണ്ടെന്ന് കുറ്റക്കാരന് അറിവുണ്ടായിരിക്കണം എന്നുള്ളത് ഈ കുറ്റത്തിന് ആവശ്യമല്ല.

കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ അല്ലെങ്കിൽ ജനിച്ചശേഷം മരിക്കുവാൻ ഇടയാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടെ ചെയ്യപ്പെടുന്ന കൃത്യം.

91. ഏതെങ്കിലും കുട്ടിയുടെ ജനനത്തിനുമുമ്പ്, അതുവഴി ആ കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ അതിന്റെ ജനനശേഷം അതിന്റെ മരണം സംഭവിപ്പിക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും കൃത്യം ചെയ്യുകയും, അങ്ങനെയുള്ള കൃത്യത്താൽ ആ കുട്ടി ജീവനോടെ ജനിക്കുന്നത് തടയുകയോ അതിന്റെ ജനനശേഷം അതിന്റെ മരണം സംഭവിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള കൃത്യം മാതാവിന്റെ ജീവൻ രക്ഷിക്കുവാൻവേണ്ടി ഉത്തമവിശ്വാസപൂർവം ചെയ്തിട്ടുള്ളതല്ലെങ്കിൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കുറ്റകരമായ നരഹത്യയാകുന്ന കൃത്യത്താൽ ചലനമുള്ള ഗർഭസ്ഥ ശിശുവിന്റെ മരണം സംഭവിപ്പിക്കുന്നത്.

92. ഏതെങ്കിലും ആൾ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ചെയ്യുന്ന ഏതെങ്കിലും കൃത്യം വഴി, അയാൾ കുറ്റകരമായ നരഹത്യയ്ക്ക് അപരാധിയാകാവുന്ന മരണം അയാൾ സംഭവിപ്പിക്കുകയും അങ്ങനെയുള്ള കൃത്യത്താൽ ഒരു ചലനമുള്ള ഗർഭസ്ഥശിശുവിന്റെ മരണത്തിനിടയാക്കുകയും ചെയ്യുന്നുവെങ്കിൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തം*

<u>ക</u>, താൻ ഒരു ഗർഭിണിയുടെ മരണം സംഭവിപ്പിക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ട്, ആ സ്ത്രീയുടെ മരണം സംഭവിപ്പിച്ചുവെങ്കിൽ കുറ്റകരമായ നരഹത്യയാകുന്ന ഒരു കൃത്യം ചെയ്യുന്നു. ആ സ്ത്രീക്ക് ക്ഷതി ഏൽക്കുന്നു, എന്നാൽ മരിക്കുന്നില്ല. എന്നാൽ അതുവഴി അവളുടെ ഗർഭത്തിലെ ചലനമുള്ള കുട്ടിയുടെ മരണം സംഭവിപ്പിക്കുന്നു. <u>ക</u> ഈ വകുപ്പിൽ നിർവചിച്ച കുറ്റത്തിന് അപരാധിയാകുന്നു.

*കുട്ടിക്കെതിരായ കുറ്റങ്ങളെക്കുറിച്ച്*

പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടിയെ രക്ഷിതാവോ അതിന്റെ സംരക്ഷണമുള്ള ആളോ അരക്ഷിതാവസ്ഥയിലിട്ടിട്ടു പോകലും ഉപേക്ഷിക്കലും.

93. പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള ഒരു കുട്ടിയുടെ പിതാവോ മാതാവോ അങ്ങനെയുള്ള ആ കുട്ടിയുടെ സംരക്ഷണമുള്ള ആളോ ആയിരിക്കെ, അങ്ങനെയുള്ള കുട്ടിയെ പൂർണ്ണമായി ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും സ്ഥലത്ത് അരക്ഷിതാവസ്ഥയിൽ ഇട്ടിട്ട് പോവുകയോ വിട്ടുപോവുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.–* അരക്ഷിതാവസ്ഥയിലിട്ടിട്ട് പോകുന്നതിന്റെ അനന്തര ഫലമായി കുട്ടി മരിക്കുന്നുവെങ്കിൽ, അതതുസംഗതിപോലെ, കൊലപാതകത്തിനോ കുറ്റകരമായ നരഹത്യയ്ക്കോ കുറ്റക്കാരനെ വിചാരണചെയ്യുന്നത് തടയുവാൻ ഈ വകുപ്പുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

മൃതദേഹം രഹസ്യമായി കൈയൊഴിക്കുന്നതുവഴി ജനനം ഒളിച്ചുവയ്ക്കുന്നത്.

94. ഒരു കുട്ടിയുടെ മൃതദേഹം, അങ്ങനെയുള്ള കുട്ടി മരിച്ചത് അതിന്റെ പിറവിക്ക് മുമ്പോ ശേഷമോ അതിനിടയിലോ ആയാലും, രഹസ്യമായി കുഴിച്ചിടുകയോ മറ്റുവിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നതുവഴി അങ്ങനെയുള്ള കുട്ടിയുടെ ജനനം ഉദ്ദേശ്യപൂർവം ഒളിച്ചുവയ്ക്കുകയോ ഒളിച്ചുവയ്ക്കുവാൻ യത്നിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരു കുറ്റം ചെയ്യുന്നതിന് ഒരു കുട്ടിയെ കൂലിയ്ക്കെടുക്കുകയോ നിയോജിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നത്.

95. ഒരു കുറ്റം ചെയ്യുന്നതിന് ഏതെങ്കിലും കുട്ടിയെ കൂലിക്കെടുക്കുകയോ നിയോജിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതുമായ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും; കുറ്റം ചെയ്യപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ളയാൾ ആ കുറ്റം സ്വയം ചെയ്താലെന്നപോലെ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.–* ലൈംഗികചൂഷണത്തിനോ അശ്ലീലചിത്രത്തിനോ വേണ്ടി ഒരു കുട്ടിയെ കൂലിയ്ക്കെടുക്കുകയോ നിയോജിക്കുകയോ ഏർപ്പെടുത്തുകയോ അല്ലെങ്കിൽ ഉപയോഗിക്കുകയോ ചെയ്യുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ ഉൾപ്പെടുന്നതാകുന്നു.

കുട്ടിയെ സമ്പാദിച്ചു കൊടുക്കൽ.

96. ഏതെങ്കിലും കുട്ടിയെ മറ്റൊരാളുമായി അവിഹിതസംഗത്തിന്, അങ്ങനെയുള്ള കുട്ടിയെ നിർബന്ധിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, അങ്ങനെയുള്ള കുട്ടിയെ അത് ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിനോ ഏതെങ്കിലും കൃത്യം ചെയ്യുന്നതിനോ ഏതെങ്കിലും മാർഗത്തിലൂടെ, അത് എന്തുതന്നെയായാലും, പ്രചോദിപ്പിക്കുന്ന ഏതൊരാളും പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

പത്ത് വയസ്സിന് താഴെ പ്രായ മുള്ള കുട്ടിയെ, അതിന്റെ ദേഹത്തു നിന്നും മോഷ്ടിക്കണ മെന്ന ഉദ്ദേശ്യ ത്തോടു കൂടി ആൾമോഷ ണമോ ആളപ ഹരണമോ ചെയ്യുന്നത്.

97. പത്ത് വയസ്സിന് താഴെ പ്രായമുള്ള ഏതെങ്കിലും കുട്ടിയെ, അങ്ങനെയുള്ള കുട്ടിയുടെ ദേഹത്തുനിന്ന് ഏതെങ്കിലും ജംഗമവസ്തു നേരുകേടായി എടുക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കുട്ടിയെ വേശ്യാ വൃത്തിയ്ക്കും മറ്റും വേണ്ടി വിൽക്കുന്നത്.

98. ഏതെങ്കിലും കുട്ടിയെ, വേശ്യാവൃത്തിയുടെയോ മറ്റേതെങ്കിലും ആളുമായുള്ള അവിഹിതസംഗത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും നിയമവിരുദ്ധവും അസൻമാർഗികവുമായ ആവശ്യത്തിനായോ അങ്ങനെയുള്ള കുട്ടിയെ ഏതൊരു പ്രായത്തിലും ആ ആവശ്യത്തിന് നിയോജിക്കപ്പെടണമെന്നോ ഉപയോഗിക്കപ്പെടണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടിയെ ഏതൊരു പ്രായത്തിലും അങ്ങനെയുള്ള ഏതെങ്കിലും ആവശ്യത്തിനായി നിയോജിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, വിൽക്കുകയോ കൂലിക്ക് കൊടുക്കുകയോ മറ്റുവിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം 1.*— ഒരു വേശ്യയ്ക്കോ, ഒരു വേശ്യാലയം വച്ചുപോരുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്കോ, പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ഒരു പെൺകുട്ടിയെ വിൽക്കുകയോ കൂലിക്ക് കൊടുക്കുകയോ മറ്റുവിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള പെൺകുട്ടിയെ അപ്രകാരം കൈയൊഴിക്കുന്ന ആൾ, അവൾ വേശ്യാവൃത്തിക്കുവേണ്ടി ഉപയോഗിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി അവളെ കൈയൊഴിച്ചതായി, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാണ്.

*വിശദീകരണം 2.*— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "അവിഹിതസംഗം" എന്നാൽ വിവാഹത്താലോ, അല്ലെങ്കിൽ അവരുടെ സമുദായത്തിലെ, അവർ വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ടവരാണെങ്കിൽ

അങ്ങനെയുള്ള രണ്ട് സമുദായങ്ങളിലേയും, വ്യക്തിനിയമമോ ആചാരമോ അവർ തമ്മിൽ ഒരു വിവാഹസദൃശ ബന്ധമുണ്ടാക്കുന്നതായി അംഗീകരിക്കുന്ന ഏതെങ്കിലും വേഴ്ചയാലോ ബന്ധത്താലോ, അത് ഒരു വിവാഹമാകുന്നില്ലെങ്കിലും, ഒരുമിക്കപ്പെടാത്ത, അങ്ങനെയുള്ള ആളുകൾ തമ്മിലുള്ള ലൈംഗികസംഗം എന്നർഥമാകുന്നു.

99. ഏതെങ്കിലും കുട്ടിയെ, വേശ്യാവൃത്തിയുടെയോ മറ്റേതെങ്കിലും ആളുമായുള്ള അവിഹിതസംഗത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും നിയമവിരുദ്ധവും അസാൻമാർഗികവുമായ ആവശ്യത്തിനായോ അങ്ങനെയുള്ള കുട്ടിയെ ഏതൊരു പ്രായത്തിലും ആ ആവശ്യത്തിനായി നിയോജിക്കപ്പെടണമെന്നോ ഉപയോഗിക്കപ്പെടണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ, അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടിയെ ഏതൊരു പ്രായത്തിലും അങ്ങനെയുള്ള ഏതെങ്കിലും ആവശ്യത്തിനായി നിയോജിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, വിലയ്ക്ക് വാങ്ങുകയോ കൂലിക്കെടുക്കുകയോ മറ്റുവിധത്തിൽ കൈവശമാക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പതിന്നാല് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കുട്ടിയെ വേശ്യാവൃത്തിക്കും മറ്റും വേണ്ടി വിലയ്ക്ക് വാങ്ങുന്നത്.

*വിശദീകരണം* 1.— പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ഒരു പെൺകുട്ടിയെ വിലയ്ക്ക് വാങ്ങുകയോ കൂലിക്കെടുക്കുകയോ മറ്റുവിധത്തിൽ കൈവശമാക്കുകയോ ചെയ്യുന്ന ഏതെങ്കിലും വേശ്യയോ അല്ലെങ്കിൽ ഒരു വേശ്യാലയം വച്ചുപോരുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ, അങ്ങനെയുള്ള പെൺകുട്ടിയെ കൈവശമാക്കിയത് വേശ്യാവൃത്തിയുടെ ആവശ്യത്തിനായി അവൾ ഉപയോഗിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്ന് വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാണ്.

*വിശദീകരണം* 2.— "അവിഹിതസംഗം" എന്നതിന് 98-ാം വകുപ്പിലെ അതേ അർഥം തന്നെയായിരിക്കുന്നതാണ്.

# അധ്യായം VI

## മനുഷ്യശരീരത്തെ ബാധിക്കുന്ന കുറ്റങ്ങളെക്കുറിച്ച്

*ജീവനെ ബാധിക്കുന്ന കുറ്റങ്ങളെക്കുറിച്ച്*

കുറ്റകരമായ നരഹത്യ.

100. ഒരു കൃത്യം, മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, മരണത്തിനിടയാക്കുവാൻ ഇടയുള്ളതായ അങ്ങനെയുള്ള ശാരീരികക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യത്താൽ താൻ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ, ചെയ്യുന്നതുവഴി മരണം സംഭവിപ്പിക്കുന്ന ഏതൊരാളും കുറ്റകരമായ നരഹത്യ എന്ന കുറ്റം ചെയ്യുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക ഒരു കുഴിയുടെ മുകളിൽ വടികളും പുൽക്കട്ടയും നിരത്തുന്നതുവഴി മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അതുവഴി മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ അങ്ങനെ ചെയ്യുന്നു. യ നിലം ഉറച്ചതാണെന്ന് വിശ്വസിച്ചുകൊണ്ട് അതിൻമേൽ ചവിട്ടുകയും കുഴിയിൽ വീഴുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ക കുറ്റകരമായ നരഹത്യ എന്ന കുറ്റം ചെയ്തിരിക്കുന്നു.

(ഖ) യ ഒരു കുറ്റിക്കാടിന്റെ പിന്നിലാണെന്ന് ക യ്ക്ക് അറിയാം. ഖ യ്ക്ക് അത് അറിയുവാൻ പാടില്ല. ക, യ യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ കുറ്റിക്കാടിന്റെ നേരെ വെടിവയ്ക്കുവാൻ, ഖ യെ പ്രചോദിപ്പിക്കുന്നു. ഖ വെടിവയ്ക്കുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ഇവിടെ ഖ ഒരു കുറ്റത്തിനും അപരാധിയല്ലാതിരിക്കാം; എന്നാൽ ക കുറ്റകരമായ നരഹത്യ എന്ന കുറ്റം ചെയ്തിരിക്കുന്നു.

(ഗ) ക ഒരു കോഴിയെ കൊല്ലുകയും അപഹരിക്കുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ നേരെ വെടിവയ്ക്കുന്നതുവഴി ഒരു കുറ്റിക്കാടിന്റെ പിന്നിലുള്ള ഖ യെ അയാൾ അവിടെ ഉണ്ടായിരുന്നുവെന്ന് അറിയാതെ ക കൊല്ലുന്നു. ഇവിടെ ക നിയമവിരുദ്ധമായ ഒരു കൃത്യം ചെയ്യുകയായിരുന്നുവെങ്കിലും, ഖ യെ കൊല്ലണമെന്നോ അല്ലെങ്കിൽ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാമായിരുന്ന ഒരു കൃത്യം ചെയ്ത് മരണം സംഭവിപ്പിക്കണമെന്നോ ഉദ്ദേശിക്കാതിരുന്നതുകൊണ്ട്, അയാൾ കുറ്റകരമായ നരഹത്യ എന്ന കുറ്റത്തിന് അപരാധിയായിരുന്നില്ല.

*വിശദീകരണം* 1.— അസ്വാസ്ഥ്യത്താലോ രോഗത്താലോ ശാരീരിക ദൗർബല്യത്താലോ പീഡിതനായ മറ്റൊരാൾക്ക് ശാരീരിക ക്ഷതി ഉളവാക്കുകയും അതുവഴി മറ്റേയാളുടെ മരണം ത്വരിതപ്പെടുത്തുകയും ചെയ്യുന്ന ഒരാൾ, ആ ആളുടെ മരണം സംഭവിപ്പിച്ചതായി കരുതപ്പെടേണ്ടതാണ്.

*വിശദീകരണം* 2.— ശാരീരിക ക്ഷതിയാൽ മരണത്തിനിടയാക്കുന്നിടത്ത്, ഉചിതമായ പ്രതിവിധികളും നൈപുണ്യമുള്ള ചികിൽസയും അവലംബിച്ച് ആ മരണം തടയാമായിരുന്നുവെങ്കിലും, അങ്ങനെയുള്ള ശാരീരിക ക്ഷതി ഉളവാക്കുന്ന ആൾ മരണം സംഭവിപ്പിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

*വിശദീകരണം* 3.— മാതാവിന്റെ ഗർഭപാത്രത്തിലുള്ള ഒരു ശിശുവിന്റെ മരണം സംഭവിപ്പിക്കുന്നത് നരഹത്യ അല്ല. എന്നാൽ ജീവനുള്ള ഒരു ശിശുവിന്റെ മരണം സംഭവിപ്പിക്കുന്നത് ആ ശിശുവിന്റെ ഏതെങ്കിലും ഭാഗം പുറത്തേക്കെടുത്തിട്ടുള്ള പക്ഷം, ആ ശിശു ശ്വാസോച്ഛ്വാസം ചെയ്യുകയോ പൂർണ്ണമായി പിറക്കുകയോ ചെയ്തിട്ടില്ലെങ്കിലും കുറ്റകരമായ നരഹത്യ യായിത്തീരാവുന്നതാണ്.

101. ഇതിൽ ഇതിനുശേഷം അപവാദമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ,– കൊലപാതകം.

(ക) മരണം സംഭവിപ്പിച്ച കൃത്യം, മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്തതാണെങ്കിൽ; അല്ലെങ്കിൽ

(ഖ) മരണം സംഭവിപ്പിച്ച കൃത്യം, ഹാനി ഏൽപ്പിക്കപ്പെട്ട ആൾക്ക് മരണം സംഭിവിപ്പിക്കുവാനിടയാകുമെന്ന് കുറ്റക്കാരന് അറിവുള്ള അങ്ങനെയുള്ള ശാരീരിക ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യപ്പെട്ടതാണെങ്കിൽ; അല്ലെങ്കിൽ

(ഗ) മരണം സംഭവിപ്പിച്ച കൃത്യം, ഏതെങ്കിലും ആൾക്ക് ശാരീരിക ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്തതും ഏൽപ്പിക്കണമെന്ന് ഉദ്ദേശിച്ച ശാരീരിക ക്ഷതി പ്രകൃതിയുടെ സാധാരണഗതിയിൽ മരണം സംഭവിപ്പിക്കുവാൻ മതിയായിട്ടുള്ളതും ആണെങ്കിൽ; അല്ലെങ്കിൽ

(ഘ) മരണം സംഭവിപ്പിച്ച കൃത്യം ചെയ്യുന്ന ആൾ, മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ഇടയാക്കാവുന്ന അങ്ങനെയുള്ള ശാരീരിക ക്ഷതി ഉളവാക്കുവാൻ എല്ലാ സാധ്യതയുമുള്ള അത്രത്തോളം ആസന്നമായ അപായം ഉണ്ടാക്കുന്നതാണ് എന്ന് അറിയുകയും, മരണം സംഭവിപ്പിക്കുകയോ മേൽപ്പറഞ്ഞപ്രകാരമുള്ള അങ്ങനെയുള്ള ക്ഷതി ഉളവാക്കുകയോ ചെയ്യുന്നതിലൂടെയുള്ള അപായസാധ്യത നേരിടുവാനുള്ള യാതൊരു ന്യായീകരണവും കൂടാതെ അങ്ങനെയുള്ള കൃത്യം ചെയ്യുകയും, ചെയ്യുന്നതാണെങ്കിൽ,

കുറ്റകരമായ നരഹത്യ കൊലപാതകമാകുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാളെ വെടിവയ്ക്കുന്നു. അനന്തരഫലമായി യ മരിക്കുന്നു. ക കൊലപാതകം ചെയ്യുന്നു.

(ഖ) ക, ഒരു അടി, യ യുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാക്കിയേക്കാവുന്ന ഒരു രോഗത്താൽ അയാൾ പീഡിതനാണെന്ന് അറിഞ്ഞുകൊണ്ട്, ശാരീരിക ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാളെ അടിക്കുന്നു. ആ അടിയുടെ അനന്തരഫലമായി യ മരിക്കുന്നു. നല്ല ആരോഗ്യാവസ്ഥയിലുള്ള ഒരാളുടെ മരണം സംഭവിപ്പിക്കുവാൻ പ്രകൃതിയുടെ സാധാരണഗതിയിൽ ആ അടി മതിയാകുമായിരുന്നില്ലെങ്കിലും ക കൊലപാതകത്തിന് അപരാധിയാകുന്നു. എന്നാൽ യ ഏതെങ്കിലും രോഗത്താൽ പീഡിതനാണെന്ന് അറിയാതെ, ക പ്രകൃതിയുടെ സാധാരണഗതിയിൽ നല്ല ആരോഗ്യാവസ്ഥയിലുള്ള ഒരാളുടെ മരണം സംഭവിപ്പിക്കാത്ത വിധത്തിലുള്ള ഒരു അടി അയാൾക്ക് കൊടുക്കുന്നുവെങ്കിൽ, ഇവിടെ ശാരീരിക ക്ഷതി ഉളവാക്കണമെന്ന് ക യ്ക്ക് ഉദ്ദേശ്യമുണ്ടാകാമെങ്കിലും മരണം സംഭവിപ്പിക്കുകയോ അല്ലെങ്കിൽ പ്രകൃതിയുടെ സാധാരണ ഗതിയിൽ മരണം സംഭവിപ്പിക്കാനിടയാകുന്ന, അങ്ങനെയുള്ള ശാരീരിക ക്ഷതി ഉളവാക്കുകയോ ചെയ്യുവാൻ ക ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ, അയാൾ കൊലപാതകത്തിന് അപരാധിയല്ല.

(ഗ) ക പ്രകൃതിയുടെ സാധാരണഗതിയിൽ ഒരു മനുഷ്യന്റെ മരണം സംഭവിപ്പിക്കുവാൻ മതിയായ, ഒരു ഖഡ്ഗക്ഷതമോ ഗദാക്ഷതമോ ഉദ്ദേശപൂർവം യ യ്ക്ക് ഏൽപ്പിക്കുന്നു. അനന്തരഫലമായി യ മരിക്കുന്നു. ഇവിടെ ക, യ യുടെ മരണം സംഭവിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാതിരിക്കാമെങ്കിലും അയാൾ കൊലപാതകത്തിന് അപരാധിയാകുന്നു.

(ഘ) ക ആളുകളുടെ ഒരു കൂട്ടത്തിലേക്ക് യാതൊരു ന്യായീകരണവും കൂടാതെ ഒരു നിറച്ച പീരങ്കി ഒഴിക്കുകയും അവരിൽ ഒരാളെ കൊല്ലുകയും ചെയ്യുന്നു. ക യ്ക്ക് ഏതെങ്കിലും പ്രത്യേക വ്യക്തിയെ കൊല്ലുവാൻ മുൻകൂട്ടി ആലോചിച്ചുണ്ടാക്കിയ ഒരു പദ്ധതി ഇല്ലാതിരുന്നിരിക്കാമെങ്കിലും ക കൊലപാതകത്തിന് അപരാധിയാകുന്നു.

*അപവാദം* 1.— കുറ്റക്കാരൻ, ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്താൽ ആത്മനിയന്ത്രണശക്തി ഇല്ലാതാക്കപ്പെട്ടിരിക്കെ ആ പ്രകോപനം നൽകിയ ആളുടെ മരണം സംഭവിപ്പിക്കുകയോ അല്ലെങ്കിൽ തെറ്റുമൂലമോ യാദൃച്ഛികമായോ മറ്റൊരാളുടെ മരണം സംഭവിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കുറ്റകരമായ നരഹത്യ കൊലപാതകമല്ല:

എന്നാൽ ആ പ്രകോപനം,—

(ക) ഏതെങ്കിലും ആളെ കൊല്ലുന്നതിനോ ഹാനി ഉളവാക്കുന്നതിനോ ഉള്ള ഒരു ന്യായീകരണമായി കുറ്റക്കാരൻ വിളിച്ചുവരുത്തിയതോ സ്വേച്ഛയാ പ്രകോപിപ്പിച്ചുണ്ടാക്കിയതോ;

(ഖ) നിയമം അനുസരിക്കുന്നതിൽ ചെയ്തിട്ടുള്ള എന്തിനാലെങ്കിലും ഉണ്ടാക്കപ്പെട്ടതോ, അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റിനാൽ അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ അധികാരങ്ങൾ നിയമപരമായി പ്രയോഗിക്കുമ്പോൾ ഉണ്ടാക്കപ്പെട്ടതോ;

(ഗ) സ്വരക്ഷാവകാശത്തിന്റെ നിയമപരമായ പ്രയോഗത്തിൽ ചെയ്യുന്ന എന്തിനാലെങ്കിലും ഉണ്ടാക്കിയതോ,

ആയിരിക്കരുത്.

*വിശദീകരണം.—* ആ പ്രകോപനം, കുറ്റം കൊലപാതകമാക്കുന്നത് തടയുവാൻ മതിയായവിധം ഗുരുതരമായതും പെട്ടെന്നുണ്ടായതും ആയിരുന്നുവോ എന്നുള്ളത് ഒരു വസ്തുതാപ്രശ്നമാകുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) യ ഉണ്ടാക്കിയ ഒരു പ്രകോപനത്താൽ ഉദ്ദീപ്തമായ ക്ഷോഭത്തിന് വശഗനായി ക ഉദ്ദേശ്യപൂർവം യ യുടെ കുട്ടിയായ മ യെ കൊല്ലുന്നു. ആ പ്രകോപനം കുട്ടി നൽകിയതല്ലാത്തതിനാലും കുട്ടിയുടെ മരണം പ്രകോപനത്തിന്റെ ഫലമായ ഒരു കൃത്യം ചെയ്യുന്നതിൽ യാദൃച്ഛികമായോ ദൗർഭാഗ്യത്താലോ സംഭവിച്ചതല്ലാത്തതിനാലും, ഇത് കൊലപാതകമാകുന്നു.

(ഖ) മ, ക യ്ക്ക് ഗുരുതരമായതും പെട്ടെന്നുള്ളതുമായ പ്രകോപനം നൽകുന്നു. ഈ പ്രകോപനം മൂലം ക, മ യുടെ അടുത്തുള്ളവനും എന്നാൽ ദൃഷ്ടിയിൽപ്പെടാത്തവനുമായ യ യെ കൊല്ലണമെന്ന് ഉദ്ദേശിക്കുകയോ കൊല്ലാനിടയുണ്ടെന്ന് താൻ അറിയുകയോ ചെയ്യാതെ, ഒരു കൈത്തോക്കുകൊണ്ട് മ യുടെ നേരെ വെടിവയ്ക്കുന്നു. ക, യ യെ കൊല്ലുന്നു. ഇവിടെ ക കൊലപാതകം ചെയ്തിട്ടില്ല, എന്നാൽ കുറ്റകരമായ നരഹത്യ മാത്രമേ ചെയ്തിട്ടുള്ളു.

(ഗ) ഒരു ബെയ്ലിഫായ യ നിയമാനുസൃതം ക യെ അറസ്റ്റ് ചെയ്യുന്നു. അറസ്റ്റ് ക യിൽ ഉൽക്കടവും പെട്ടെന്നുള്ളതുമായ ക്ഷോഭം ഉദ്ദീപിപ്പിക്കുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ആ പ്രകോപനം ഒരു പബ്ലിക് സർവന്റ് തന്റെ അധികാരം പ്രയോഗിക്കുന്നതിനിടയിൽ ചെയ്ത ഒരു സംഗതിയാൽ ഉണ്ടാക്കപ്പെട്ടതാകയാൽ ഇത് കൊലപാതകമാകുന്നു.

(ഘ) ക ഒരു മജിസ്ട്രേറ്റായ യ യുടെ മുമ്പാകെ സാക്ഷിയായി ഹാജരാകുന്നു. ക യുടെ മൊഴിയിലെ ഒരു വാക്കും താൻ വിശ്വസിക്കുന്നില്ലെന്നും ക കള്ളസാക്ഷി പറഞ്ഞതാണെന്നും യ പറയുന്നു. ഈ വാക്കുകളാൽ ക പെട്ടെന്നുള്ള ക്ഷോഭത്തിന് അധീനനാവുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ഇത് കൊലപാതകമാകുന്നു.

(ങ) ക, യ യുടെ മൂക്ക് പിടിച്ചുവലിക്കുവാൻ ശ്രമിക്കുന്നു. അങ്ങനെ ചെയ്യുന്നതിൽനിന്ന് അയാളെ തടയുവാൻ യ സ്വരക്ഷാവകാശം

പ്രയോഗിച്ചുകൊണ്ട് ക യെ കടന്നുപിടിക്കുന്നു. ക പെട്ടെന്നുള്ളതും ഉൽക്കടവുമായ ക്ഷോഭത്തിന് അധീനനാവുകയും അനന്തരഫലമായി യ യെ കൊല്ലുകയും ചെയ്യുന്നു. ആ പ്രകോപനം സ്വരക്ഷാവകാശം പ്രയോഗിക്കുന്നതിനിടയിൽ ചെയ്ത ഒരു സംഗതിയാൽ ഉണ്ടാക്കപ്പെട്ടതാവുകയാൽ ഇത് കൊലപാതകമാകുന്നു.

(ച) യ, ഖ യെ അടിക്കുന്നു. ഈ പ്രകോപനം ഖ യിൽ ഉൽക്കടമായ ക്രോധം ഉദ്ദീപിപ്പിക്കുന്നു. കൂടെനിൽക്കുന്ന ഒരാളായ ക, ഖ യുടെ ക്രോധം പ്രയോജനപ്പെടുത്തണമെന്നും അയാളെക്കൊണ്ട് യ യെ കൊല്ലിക്കണമെന്നും ഉദ്ദേശിച്ചുകൊണ്ട് ഒരു കത്തി ആ ആവശ്യത്തിനായി ഖ യുടെ കൈയിൽ കൊടുക്കുന്നു. ഖ കത്തികൊണ്ട് യ യെ കൊല്ലുന്നു. ഇവിടെ ഖ കുറ്റകരമായ നരഹത്യ മാത്രമേ ചെയ്തിട്ടുണ്ടാവുകയുള്ളു, എന്നാൽ ക കൊലപാതകത്തിന് അപരാധിയാകുന്നു.

*അപവാദം* 2.— ശരീരത്തെയോ വസ്തുവിനെയോ കുറിച്ചുള്ള സ്വരക്ഷാവകാശത്തിന്റെ ഉത്തമവിശ്വാസപൂർവമായ പ്രയോഗത്തിൽ കുറ്റക്കാരൻ നിയമം അയാൾക്ക് നൽകിയിട്ടുള്ള അധികാരത്തെ അതിലംഘിക്കുകയും അങ്ങനെയുള്ള സ്വരക്ഷാവകാശം ആർക്കെതിരായിട്ടാണോ പ്രയോഗിക്കുന്നത് അയാളുടെ മരണം മുൻകൂട്ടി ആലോചിക്കാതെയും അങ്ങനെയുള്ള സ്വരക്ഷയ്ക്ക് ആവശ്യമായതിൽ കൂടുതലായ ഹാനി ഉളവാക്കുവാനുള്ള യാതൊരു ഉദ്ദേശ്യവും കൂടാതെയും സംഭവിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, കുറ്റകരമായ നരഹത്യ കൊലപാതകമല്ല.

*ദൃഷ്ടാന്തം*

ക യ്ക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കത്തക്ക രീതിയിലല്ലാതെ യ, ക യെ കുതിരച്ചമ്മട്ടി കൊണ്ട് അടിക്കുവാൻ ശ്രമിക്കുന്നു. ക കൈത്തോക്ക് വലിച്ചെടുക്കുന്നു. യ കൈയേറ്റം ചെയ്യുന്നത് തുടരുന്നു. ക, തന്നെ കുതിരച്ചമ്മട്ടികൊണ്ട് അടിക്കുന്നത് മറ്റൊരു മാർഗത്തിലൂടെയും തടയുവാൻ കഴിയുകയില്ലെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിച്ചുകൊണ്ട് അയാൾ, യ യെ വെടിവച്ചുകൊല്ലുന്നു. ക കൊലപാതകം ചെയ്തിട്ടില്ല; എന്നാൽ കുറ്റകരമായ നരഹത്യ മാത്രമെ ചെയ്തിട്ടുള്ളു.

*അപവാദം 3.—* കുറ്റക്കാരൻ, പബ്ലിക് സർവന്റോ പൊതുനീതി പുലർത്തുവാനായി പ്രവർത്തിക്കുന്ന ഒരു പബ്ലിക് സർവന്റിനെ സഹായിക്കുന്നവനോ ആയിരിക്കെ, നിയമം അയാൾക്ക് നൽകിയിട്ടുള്ള അധികാരത്തെ അതിലംഘിക്കുകയും നിയമപരമായി അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ തന്റെ കർത്തവ്യം യഥാവിധി നിർവഹിക്കുന്നതിന് ആവശ്യവുമാണെന്ന് താൻ ഉത്തമവിശ്വാസപൂർവം വിശ്വസിക്കുന്ന ഒരു കൃത്യം ചെയ്യുന്നതുവഴിയും, മരണം സംഭവിച്ച ആളോട് വിദ്വേഷം കൂടാതെയും, മരണം സംഭവിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ കുറ്റകരമായ നരഹത്യ കൊലപാതകമല്ല.

*അപവാദം 4.—* പെട്ടെന്നുണ്ടായ ഒരു വഴക്കിനെത്തുടർന്ന് തീവ്രമായ ക്ഷോഭാവേശത്താൽ പെട്ടെന്നുണ്ടായ അടിപിടിയിൽ മുൻകൂട്ടി ആലോചിക്കാതെയും കുറ്റക്കാരൻ അനുചിതമായി ആനുകൂല്യം പ്രയോജനപ്പെടുത്തുകയോ ഒരു ക്രൂരമോ സാധാരണമല്ലാത്തതോ ആയ രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യാതെയും അത് ചെയ്യപ്പെട്ടതാണെങ്കിൽ, കുറ്റകരമായ നരഹത്യ കൊലപാതകമല്ല.

*വിശദീകരണം.—* അങ്ങനെയുള്ള സംഗതികളിൽ പ്രകോപനം ഉളവാക്കുകയോ ആദ്യത്തെ കൈയേറ്റം നടത്തുകയോ ചെയ്യുന്നത് ആരാണെന്നുള്ള കാര്യം സാരമുള്ളതല്ല.

*അപവാദം 5.—* അയാൾക്ക് പതിനെട്ട് വയസ്സിനുമേൽ പ്രായമായിരിക്കെ സ്വസമ്മതത്തോടെ മരണം സംഭവിക്കുവാൻ അനുവദിക്കുകയോ മരണസാധ്യതയ്ക്ക് വഴിപ്പെടുകയോ ചെയ്യുന്നതാകുമ്പോൾ, കുറ്റകരമായ നരഹത്യ കൊലപാതകമല്ല.

*ദൃഷ്ടാന്തം*

<u>ക</u> സ്വേച്ഛയാ ഉൽസാഹനം വഴി <u>യ</u> യെന്ന കുട്ടിയെ ആത്മഹത്യ ചെയ്യുവാനിടയാക്കുന്നു. ഇവിടെ <u>യ</u> യുടെ പ്രായക്കുറവുമൂലം സ്വന്തം മരണത്തിന് സമ്മതം നൽകുവാൻ അയാൾ അപ്രാപ്തനായിരുന്നു. അതുകൊണ്ട് <u>ക</u> കൊലപാതകത്തിന് പ്രേരണ നൽകിയിരിക്കുന്നു.

102. മരണം സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് താൻ അറിയുകയോ ചെയ്യാത്ത ഏതെങ്കിലും ആളുടെ മരണം, മരണം സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് താൻ അറിയുകയോ ചെയ്യുന്ന എന്തെങ്കിലും ചെയ്ത് സംഭവിപ്പിക്കുന്നതുവഴി, ഒരാൾ കുറ്റകരമായ നരഹത്യ ചെയ്യുന്നുവെങ്കിൽ, ആ കുറ്റക്കാരൻ ചെയ്ത കുറ്റകരമായ നരഹത്യ, മരണം സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് താൻ അറിയുകയോ ചെയ്ത ആളുടെ മരണം താൻ സംഭവിപ്പിച്ചിട്ടുണ്ടായിരുന്നാൽ എന്നതരത്തിലുള്ളതാണ്.

ഉദ്ദേശിച്ചതല്ലാത്തതായ ഒരാളുടെ മരണം സംഭവിപ്പിക്കുന്നതിനാലുള്ള കുറ്റകരമായ നരഹത്യ.

103. (1) കൊലപാതകം നടത്തുന്ന ഏതൊരാളും മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കൊലപാതകത്തിനുള്ള ശിക്ഷ.

(2) വംശത്തിന്റെയോ ജാതിയുടെയോ അല്ലെങ്കിൽ സമുദായത്തിന്റെയോ ലിംഗത്തിന്റെയോ ജനനസ്ഥലത്തിന്റെയോ ഭാഷയുടെയോ വ്യക്തിപരമായ വിശ്വാസത്തിന്റെയോ അല്ലെങ്കിൽ സമാനമായ മറ്റേതെങ്കിലും കാരണത്തിന്റെയോ അടിസ്ഥാനത്തിൽ അഞ്ചോ അതിലധികമോ ആളുകളുടെ ഒരു സംഘം സംഘടിതമായി കൊലപാതകം നടത്തുമ്പോൾ, അങ്ങനെയുള്ള സംഘത്തിലെ ഓരോ അംഗവും മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

104. ജീവപര്യന്തത്തടവിനുള്ള ശിക്ഷാവിധിക്ക് വിധേയനായിരിക്കെ കൊലപാതകം നടത്തുന്ന ഏതൊരാളും മരണശിക്ഷ അല്ലെങ്കിൽ ജീവപര്യന്തത്തടവ്, അത് അയാളുടെ സ്വാഭാവികജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്ക് എന്നർഥമാകുന്നതും, നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ജീവപര്യന്തത്തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആൾ നടത്തുന്ന കൊലപാതകത്തിനുള്ള ശിക്ഷ.

105. കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യ ചെയ്യുന്ന ഏതൊരാളും, മരണം സംഭവിപ്പിച്ച കൃത്യം മരണം സംഭവിപ്പിക്കുമെന്നോ മരണം സംഭവിപ്പിക്കാൻ ഇടയാക്കാവുന്ന അങ്ങനെയുള്ള ശാരീരിക ക്ഷതി ഉളവാക്കുവാനോ ഉള്ള ഉദ്ദേശ്യത്തോടെ ചെയ്തതാണെങ്കിൽ, ജീവപര്യന്തത്തടവോ അഞ്ച് വർഷത്തിൽ കുറയാത്ത എന്നാൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട

കൊലപാതകം ആകാത്ത കുറ്റകരമായ നരഹത്യയ്ക്കുള്ള ശിക്ഷ.

തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; ആ കൃത്യം മരണം സംഭവിപ്പിക്കുവാൻ ഇടയാകാവുന്നതാണെന്നുള്ള അറിവോടുകൂടിയും എന്നാൽ മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ഇടയാക്കാവുന്ന ശാരീരിക ക്ഷതി ഉളവാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്താലല്ലാതെയും ചെയ്തതാണെങ്കിൽ പത്ത് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

ഉപേക്ഷയാൽ മരണം സംഭവിപ്പിക്കുന്നത്.

106. (1) കുറ്റകരമായ നരഹത്യയാകാത്ത സാഹസികമോ ഉപേക്ഷാ പൂർവമോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതിലൂടെ ഏതെങ്കിലും ആളുടെ മരണം സംഭവിപ്പിക്കുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; മെഡിക്കൽ പ്രൊസിഡ്യുർ ചെയ്യുന്നതിനിടയിൽ ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അങ്ങനെയുള്ള കൃത്യം ചെയ്തതാണെങ്കിൽ അയാൾ രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ" എന്നാൽ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റ്, 2019 (2019–ലെ 30)–ൻ കീഴിൽ അംഗീകരിച്ച ഏതെങ്കിലും മെഡിക്കൽ യോഗ്യതയുള്ളതും ആ ആക്റ്റിൻകീഴിലെ നാഷണൽ മെഡിക്കൽ രജിസ്റ്ററിലോ ഒരു സ്റ്റേറ്റ് മെഡിക്കൽ രജിസ്റ്ററിലോ പേര് ചേർത്തിട്ടുള്ളതുമായ ഒരു മെഡിക്കൽ പ്രാക്ടീഷണർ എന്ന് അർഥമാകുന്നു.

(2) കുറ്റകരമായ നരഹത്യയാകാത്ത സാഹസികമായും ഉപേക്ഷാ പൂർവമായും വാഹനം ഓടിക്കുന്നതുവഴി ഏതെങ്കിലും ആളിന്റെ മരണം സംഭവിപ്പിക്കുകയും സംഭവത്തിന് തൊട്ടുപിന്നാലെ ഒരു പോലീസ് ഓഫീസറിനോടോ മജിസ്ട്രേറ്റിനോടോ അത് റിപ്പോർട്ട് ചെയ്യാതെ രക്ഷപ്പെടുകയും ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന

കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കുട്ടിയുടെയോ ചിത്തഭ്രമം ഉള്ള ആളുടെയോ ആത്മഹത്യയ്ക്ക് പ്രേരണ നൽകൽ.

107. ഏതെങ്കിലും കുട്ടിയോ ചിത്തഭ്രമമുള്ള ഏതെങ്കിലുമൊരാളോ ഡെലീറിയം ഉള്ള ഏതെങ്കിലുമൊരാളോ ലഹരിപിടിച്ച അവസ്ഥയിലുള്ള ഏതെങ്കിലുമൊരാളോ ആത്മഹത്യചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ആത്മഹത്യചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും മരണ ശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക് തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ആത്മഹത്യയ്ക്ക് പ്രേരണ നൽകൽ.

108. ഏതെങ്കിലും ആൾ ആത്മഹത്യചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആത്മഹത്യ ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കൊലപാതകത്തിനുള്ള ശ്രമം.

109. (1) ഏതെങ്കിലും കൃത്യം, ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഉദ്ദേശ്യത്തോടോ അറിവോടോ കൂടിയും അങ്ങനെയുള്ള സാഹചര്യങ്ങളിലും ചെയ്യുന്നതുവഴി ആ കൃത്യത്താൽ അയാൾ മരണം സംഭവിപ്പിക്കുന്നുവെങ്കിൽ, കൊലപാതകത്തിന് അയാൾ കുറ്റക്കാരനാകുന്നതും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; അങ്ങനെയുള്ള കൃത്യത്താൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കപ്പെടുന്നുവെങ്കിൽ, കുറ്റക്കാരൻ ജീവപര്യന്തത്തടവിനോ അല്ലെങ്കിൽ മുൻപറഞ്ഞപ്രകാരമുള്ള അങ്ങനെയുള്ള ശിക്ഷയ്ക്കോ അർഹനാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കുറ്റം ചെയ്യുന്ന ഏതെങ്കിലും ആൾ ജീവപര്യന്തത്തടവ് ശിക്ഷാവിധിക്ക് വിധേയനായിരിക്കുന്ന ആളാകുമ്പോൾ, ദേഹോപദ്രവം ഏൽപ്പിക്കപ്പെടുന്നുവെങ്കിൽ അയാളെ മരണശിക്ഷയോ അല്ലെങ്കിൽ ജീവപര്യന്തത്തടവോ, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ളത് എന്നർഥമാകുന്നതും, നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി, മരണം സംഭവിച്ചുവെങ്കിൽ ക കൊലപാതകത്തിന് അപരാധിയാകുമായിരുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ അയാളുടെനേരെ വെടിവയ്ക്കുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

(ഖ) ക ഇളം പ്രായത്തിലുള്ള ഒരു കുട്ടിയെ, അതിന്റെ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു വിജനസ്ഥലത്ത് അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകുന്നു. കുട്ടിയുടെ മരണം സംഭവിക്കുന്നില്ല എങ്കിലും ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

(ഗ) ക, യ യെ കൊലചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു തോക്ക് വാങ്ങുകയും അത് നിറയ്ക്കുകയും ചെയ്യുന്നു. ക ഇത്രയും കൊണ്ട് കുറ്റം ചെയ്തിട്ടില്ല. ക, യ യുടെ നേരെ ആ തോക്കുകൊണ്ട് വെടിവയ്ക്കുന്നു. അയാൾ (1)-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു. കൂടാതെ അങ്ങനെയുള്ള വെടിവയ്പ്പുമൂലം അയാൾ യ യെ മുറിവേൽപ്പിക്കുന്നുവെങ്കിൽ (1)-ാം ഉപവകുപ്പിന്റെ ഉത്തരഭാഗത്ത് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അയാൾ അർഹനാകുന്നതുമാണ്.

(ഘ) വിഷം കൊടുത്ത് യ യെ കൊലചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ക വിഷം വാങ്ങുകയും അത് ക യുടെ സൂക്ഷിപ്പിലുള്ള ഭക്ഷണത്തിൽ കലർത്തുകയും ചെയ്യുന്നു. ഇത്രയുംകൊണ്ട് ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിട്ടില്ല. ക ആ ഭക്ഷണം യ യുടെ മേശപ്പുറത്ത് വയ്ക്കുകയോ അല്ലെങ്കിൽ യ യുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് യ യുടെ ഭൃത്യൻമാരെ ഏൽപ്പിക്കുകയോ ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

കുറ്റകരമായ നരഹത്യ ചെയ്യുവാനുള്ള ശ്രമം.

110. ഏതെങ്കിലും കൃത്യം, ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഉദ്ദേശ്യത്തോടോ അറിവോടോ കൂടിയും അങ്ങനെയുള്ള സാഹചര്യങ്ങളിലും ചെയ്യുന്നതുവഴി ആ കൃത്യത്താൽ അയാൾ മരണം സംഭവിപ്പിക്കുന്നുവെങ്കിൽ, കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യയ്ക്ക് അയാൾ അപരാധിയാകുന്നതും, മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

അങ്ങനെയുള്ള കൃത്യത്താൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കപ്പെടുന്നുവെങ്കിൽ, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തം*

ക ഒരു കൈത്തോക്കു കൊണ്ട് ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ, യ യുടെ നേരെ വെടിവയ്ക്കുന്നതുവഴി, അങ്ങനെയുള്ള സാഹചര്യങ്ങളിൽ അയാളുടെ മരണം സംഭവിപ്പിക്കുന്നുവെങ്കിൽ, കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യയ്ക്ക് അയാൾ അപരാധിയാകുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

111. (1) ഏതെങ്കിലും ആളോ യോജിച്ച് പ്രവർത്തിക്കുന്ന ഒരു കൂട്ടം ആളുകളോ, ഒറ്റയ്ക്കോ കൂട്ടായോ, ഒരു സംഘടിത കുറ്റകൃത്യ സിൻഡിക്കേറ്റിലെ അംഗമായോ അല്ലെങ്കിൽ അങ്ങനെയുള്ള സിൻഡിക്കേറ്റിന് വേണ്ടിയോ അക്രമത്തിലൂടെയോ ആക്രമണ ഭീഷണിയിലൂടെയോ ഭയപ്പെടുത്തലിലൂടെയോ സമ്മർദത്താലോ അല്ലെങ്കിൽ സാമ്പത്തികനേട്ടം ഉൾപ്പെടെയുള്ള, നേരിട്ടോ അല്ലാതെയോ ഉള്ള ഭൗതികനേട്ടം കൈവരിക്കുന്നതിനായി മറ്റേതെങ്കിലും നിയമവിരുദ്ധമായ മാർഗങ്ങളിലൂടെയോ ഉള്ള, ആൾമോഷണം, കവർച്ച, വാഹനമോഷണം, പിടിച്ചുപറി, ഭൂമി കൈയേറ്റം, കരാർ കൊലപാതകം, സാമ്പത്തിക കുറ്റകൃത്യം, സൈബർ കുറ്റകൃത്യങ്ങൾ, ആളുകളുടെയോ മയക്കുമരുന്നിന്റെയോ ആയുധങ്ങളുടെയോ നിയമവിരുദ്ധമായ ചരക്കുകളുടെയോ അല്ലെങ്കിൽ സേവനങ്ങളുടെയോ കടത്ത്, വേശ്യാവൃത്തിക്കോ മോചനദ്രവ്യത്തിനോ ആയുള്ള മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള ഏതൊരു തുടർച്ചയായ നിയമവിരുദ്ധപ്രവർത്തനവും സംഘടിത കുറ്റകൃത്യം ആകുന്നു. സംഘടിത കുറ്റകൃത്യം.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി,–

(i) "സംഘടിത കുറ്റകൃത്യ സിൻഡിക്കേറ്റ്" എന്നാൽ ഒറ്റയ്ക്കോ കൂട്ടായോ പ്രവർത്തിക്കുന്ന, ഒരു സിൻഡിക്കേറ്റായോ അല്ലെങ്കിൽ സംഘമായോ ഏതെങ്കിലും തുടർച്ചയായ നിയമവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്ന രണ്ടോ അതിലധികമോ ആളുകളുടെ ഒരു കൂട്ടം എന്നർത്ഥമാകുന്നു;

(ii) "തുടർച്ചയായ നിയമവിരുദ്ധമായ പ്രവർത്തനം" എന്നാൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ ക്ഷമതയുള്ള ഒരു കോടതി മുമ്പാകെ ഒന്നിലധികം ചാർജ് ഷീറ്റ് സമർപ്പിക്കപ്പെട്ടിട്ടുള്ളതും, അങ്ങനെയുള്ള കുറ്റത്തിന് ആ കോടതി നടപടിക്കെടുത്തതുമായ ഒരു സംഘടിത കുറ്റകൃത്യ സിൻഡിക്കേറ്റിന്റെ ഒരു അംഗമായോ അങ്ങനെയുള്ള സിൻഡിക്കേറ്റിനുവേണ്ടിയോ, ഒറ്റയ്ക്കോ കൂട്ടായോ, ഏതെങ്കിലും ആൾ ഏറ്റെടുക്കുന്ന മൂന്ന് വർഷമോ അതിൽ കൂടുതലോ തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കോഗ്നൈസബിൾ കുറ്റമാകുന്ന നിയമത്താൽ നിരോധിക്കപ്പെട്ടിട്ടുള്ള ഒരു പ്രവർത്തനം എന്നർത്ഥമാകുന്നതും, സാമ്പത്തിക കുറ്റം ഉൾപ്പെടുന്നതുമാകുന്നു;

(iii) "സാമ്പത്തിക കുറ്റം" എന്നതിൽ ഏതെങ്കിലും രൂപത്തിലുള്ള സാമ്പത്തിക നേട്ടം കൈവരിക്കുന്നതിലേക്കായി നിരവധി ആളുകളെ വഞ്ചിക്കുന്നതിനുള്ള കുറ്റകരമായ വിശ്വാസവഞ്ചനയോ വ്യാജ നിർമ്മാണമോ കറൻസി നോട്ടുകളുടെയും ബാങ്ക് നോട്ടുകളുടെയും സർക്കാർ സ്റ്റാമ്പുകളുടെയും കപടാനുകരണമോ ഹവാല ഇടപാടോ കൂട്ടവിപണന തട്ടിപ്പോ ഏതെങ്കിലും പദ്ധതി നടത്തുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും ബാങ്കിനെയോ ധനകാര്യ സ്ഥാപനത്തെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനത്തെയോ സംഘടനെയെയോ വഞ്ചിക്കുന്നതിനായി ഏതെങ്കിലും രീതിയിൽ ചെയ്യുന്ന ഏതെങ്കിലും കൃത്യമോ ഉൾപ്പെടുന്നതാകുന്നു.

(2) സംഘടിത കുറ്റകൃത്യം ചെയ്യുന്ന ഏതൊരാളും,—

(ക) അങ്ങനെയുള്ള കുറ്റം ഏതെങ്കിലും ആളുടെ മരണത്തിനിടയാക്കിയിട്ടുണ്ടെങ്കിൽ മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പത്ത് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്;

(ഖ) മറ്റേതൊരു സംഗതിയിലും, അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, അഞ്ച് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) ഒരു സംഘടിത കുറ്റകൃത്യം ചെയ്യുന്നത് പ്രേരിപ്പിക്കുകയോ ശ്രമിക്കുകയോ ഗൂഢാലോചന നടത്തുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് സുകരമാക്കുകയോ അല്ലെങ്കിൽ ഒരു സംഘടിത കുറ്റകൃത്യത്തിൽ തയ്യാറെടുക്കുന്നതിന് ഏതെങ്കിലും കൃത്യത്തിൽ മറ്റുവിധത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളും, അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും അഞ്ച് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) ഒരു സംഘടിത കുറ്റകൃത്യ സിൻഡിക്കേറ്റിലെ ഒരു അംഗമാകുന്ന ഏതൊരാളും അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും അഞ്ച് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) ഒരു സംഘടിത കുറ്റകൃത്യം ചെയ്ത ഏതെങ്കിലും ആളെ ഉദ്ദേശപൂർവം അഭയം നൽകുകയോ ഒളിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും അഞ്ച് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്:

എന്നാൽ അഭയം നൽകുകയോ ഒളിപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നത് കുറ്റക്കാരന്റെ ജീവിതപങ്കാളിയാകുന്ന ഏതൊരു സംഗതിയിലും ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(6) ഒരു സംഘടിത കുറ്റകൃത്യം ചെയ്തതിൽ നിന്നും നേടിയതോ ലഭിച്ചതോ അല്ലെങ്കിൽ ഏതെങ്കിലും സംഘടിത കുറ്റകൃത്യത്തിന്റെ പ്രതിഫലമോ അല്ലെങ്കിൽ ആ സംഘടിത കുറ്റകൃത്യത്താൽ ആർജിച്ചതോ ആയ ഏതൊരു വസ്തുവും കൈവശം വയ്ക്കുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ കാലത്തേക്ക്, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും രണ്ട് ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(7) ഏതെങ്കിലും ആൾ, ഒരു സംഘടിത കുറ്റകൃത്യത്തിന്റെ ഒരു അംഗത്തിനുവേണ്ടി, അയാൾക്ക് തൃപ്തികരമായ വിധം വിശദീകരിക്കാനാവാത്ത ജംഗമമോ സ്ഥാവരമോ ആയ വസ്തു കൈവശം വയ്ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് വച്ചിരുന്നതോ ആണെങ്കിൽ മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ചെറുതരം സംഘടിത കുറ്റകൃത്യം.

112. (1) ഒരു കൂട്ടത്തിന്റെയോ സംഘത്തിന്റെയോ ഒരു അംഗമായിരിക്കെ, ഒറ്റയ്ക്കോ കൂട്ടായോ, മോഷണമോ പിടിച്ചുപറിയോ വഞ്ചനയോ ടിക്കറ്റുകളുടെ അനധികൃത വിൽപ്പനയോ അനധികൃത വാതുവയ്പോ അല്ലെങ്കിൽ ചൂതാട്ടമോ പൊതുപരീക്ഷാ ചോദ്യപേപ്പറുകളുടെ വിൽപ്പനയോ ആയ ഏതെങ്കിലും കൃത്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും സമാനമായ കുറ്റകരമായ കൃത്യമോ ചെയ്യുന്ന ഏതൊരാളും ചെറുതരം സംഘടിത കുറ്റകൃത്യം ചെയ്തതായി പറയപ്പെടുന്നു.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "മോഷണം" എന്നതിൽ തന്ത്രപരമായ മോഷണവും വാഹനത്തിലോ വാസഗൃഹത്തിലോ വാണിജ്യപരിസരത്തോ നിന്നുള്ള മോഷണവും ചരക്ക് മോഷണവും പോക്കറ്റടിയും കാർഡ് സ്കിമ്മിങ്ങിലൂടെയുള്ള മോഷണവും കടകളിൽ നിന്നുള്ള മോഷണവും ആട്ടോമേറ്റഡ് ടെല്ലർ മെഷീന്റെ മോഷണവും ഉൾപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും ചെറുതരം സംഘടിത കുറ്റകൃത്യം ചെയ്യുന്ന ഏതൊരാളും, ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

തീവ്രവാദ പ്രവർത്തനം.

113. (1) ഇൻഡ്യയുടെ ഐക്യത്തെയോ അഖണ്ഡതയെയോ പരമാധികാരത്തെയോ സുരക്ഷയെയോ സാമ്പത്തികഭദ്രതയെയോ ഉലയ്ക്കണമെന്നോ ഉലയ്ക്കാൻ ഇടയാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടെ അല്ലെങ്കിൽ ഇൻഡ്യയിലെയോ ഏതെങ്കിലും വിദേശരാജ്യത്തെയോ ജനങ്ങളിലോ ഏതെങ്കിലും വിഭാഗം ജനങ്ങളിലോ ഭയം ഉളവാക്കണമെന്നോ ഭയം ഉളവാക്കാൻ ഇടയാക്കിയേക്കാമെന്നോ ഉള്ള ഉദ്ദേശ്യത്തോടെ ഏതെങ്കിലും കൃത്യം,—

(ക) ബോംബുകളോ ഡൈനമൈറ്റോ മറ്റേതൊരു സ്ഫോടക വസ്തുവോ അല്ലെങ്കിൽ തീപിടിക്കുന്ന പദാർഥമോ തോക്കുകളോ അല്ലെങ്കിൽ മറ്റേതെങ്കിലും മാരകായുധങ്ങളോ അല്ലെങ്കിൽ വിഷമയമോ ഹാനികരമോ ആയ വാതകങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും രാസപദാർഥങ്ങളോ ഉപയോഗിച്ചോ ഒരു അപകടസ്വഭാവമുള്ള മറ്റേതൊരു പദാർഥത്തിനാലോ (ബയോളജിക്കലോ റേഡിയോ ആക്റ്റീവോ ന്യൂക്ലിയറോ മറ്റുവിധത്തിലുള്ളതായാലും) ഉള്ളതും അല്ലെങ്കിൽ മറ്റേതൊരു സ്വഭാവത്തിലുമുള്ള മറ്റേതെങ്കിലും വിധത്തിലും സംഭവിപ്പിക്കുന്ന അല്ലെങ്കിൽ സംഭവിപ്പിക്കാനിടയാക്കുന്ന,—

(i) ഏതെങ്കിലും ആളിന്റെയോ ആളുകളുടെയോ മരണമോ ക്ഷതിയോ; അല്ലെങ്കിൽ

(ii) വസ്തുവിന്റെ നഷ്ടപ്പെടലോ കേടുപാടോ നശീകരണമോ; അല്ലെങ്കിൽ

(iii) ഇൻഡ്യയിലേയോ ഏതെങ്കിലും വിദേശരാജ്യത്തിലേയോ ജനവിഭാഗത്തിന്റെ ജീവനത്തിന് ആവശ്യമായ ഏതെങ്കിലും സാമഗ്രി കളുടെയോ സേവനങ്ങളുടെയോ തടസ്സപ്പെടുത്തൽ; അല്ലെങ്കിൽ

(iv) കപടാനുകരണം നടത്തിയ ഇൻഡ്യൻ പേപ്പർ കറൻസിയുടെയോ നാണയത്തിന്റെയോ മറ്റേതെങ്കിലും വസ്തുവിന്റെ ഉൽപ്പാദനത്തിലൂടെയോ കള്ളക്കടത്തിലൂടെയോ കൈമാറ്റത്തിലൂടെയോ ഇൻഡ്യയുടെ സാമ്പത്തികഭദ്രതയ്ക്ക് നാശനഷ്ടം വരുത്തുകയോ; അല്ലെങ്കിൽ

(v) ഇൻഡ്യയുടെ പ്രതിരോധത്തിനോ ഇൻഡ്യാ ഗവൺമെന്റിന്റെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെയോ അവയുടെ ഏതെങ്കിലും ഏജൻസികളുടെയോ മറ്റേതെങ്കിലും ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ, ഉദ്ദേശിക്കപ്പെട്ടതോ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ ഇൻഡ്യയിലെയോ ഒരു വിദേശരാജ്യത്തെയോ ഏതെങ്കിലും വസ്തുവിന്റെ നാശനഷ്ടമോ നശീകരണമോ; അല്ലെങ്കിൽ

(ഖ) കുറ്റകരമായ ബലപ്രയോഗത്തിലൂടെയോ കുറ്റകരമായ ബലപ്രയോഗപ്രകടനത്തിലൂടെയോ ഭയപ്പെടുത്തുകയോ അങ്ങനെ ചെയ്യാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് ഫങ്ഷണറിയുടെ മരണം സംഭവിപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് ഫങ്ഷണറിയുടെ മരണം സംഭവിപ്പിക്കുന്നതിന് ശ്രമിക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുകയോ ആൾ മോഷണം നടത്തുകയോ ആളപഹരണം നടത്തുകയോ ചെയ്യുകയും അങ്ങനെയുള്ള ആളെ വധിക്കുമെന്നോ ക്ഷതി ഉളവാക്കുമെന്നോ ഭീഷണിപ്പെടുത്തുകയോ ചെയ്യുകയോ അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെന്റിന്റെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെയോ ഒരു വിദേശരാജ്യത്തിന്റെ സർക്കാരിന്റെയോ ഒരു അന്താരാഷ്ട്ര അല്ലെങ്കിൽ അന്തർസർക്കാർ സംഘടനയെയോ മറ്റേതെങ്കിലും ആളിനെയോ ഏതെങ്കിലും കൃത്യം ചെയ്യുന്നതിനോ ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനോ നിർബന്ധിക്കുന്നതിനുവേണ്ടി മറ്റേതെങ്കിലും കൃത്യം ചെയ്യുകയോ,

ചെയ്യുന്ന ഏതൊരാളും തീവ്രവാദപ്രവർത്തനം ചെയ്യുന്നു.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(ക) "പബ്ലിക് ഫങ്ഷണറി" എന്നാൽ ഭരണഘടനാ അധികാരസ്ഥാനങ്ങളോ പബ്ലിക് ഫങ്ഷണറിയായി കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റേതൊരു ഫങ്ഷണറിയോ എന്നർഥമാകുന്നു;

(ഖ) "കപടാനുകരണം നടത്തിയ ഇൻഡ്യൻ കറൻസി" എന്നാൽ ഇൻഡ്യൻ കറൻസിയുടെ നിർണ്ണായകമായ സുരക്ഷാസവിശേഷതകൾ അനുകരിക്കുന്നതോ തകർക്കുന്നതോ ആയ അങ്ങനെയുള്ള കറൻസിയാണെന്ന്, അധികാരപ്പെടുത്തിയതോ വിജ്ഞാപനം ചെയ്യപ്പെട്ടതോ ആയ ഫോറൻസിക് അതോറിറ്റിയുടെ പരിശോധനയ്ക്ക് ശേഷം പ്രഖ്യാപിച്ചേക്കാവുന്ന കപടാനുകരണം നടത്തിയ കറൻസി എന്നർഥമാകുന്നു.

(2) ഒരു തീവ്രവാദപ്രവർത്തനം ചെയ്യുന്ന ഏതൊരാളും,–

(ക) അങ്ങനെയുള്ള കുറ്റം ഏതെങ്കിലും ആളിന്റെ മരണത്തിനിടയാക്കിയിട്ടുണ്ടെങ്കിൽ, മരണശിക്ഷയോ ജീവപര്യന്ത തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്;

(ഖ) മറ്റേതൊരു സംഗതിയിലും, അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) ഒരു തീവ്രവാദപ്രവർത്തനമോ ഒരു തീവ്രവാദപ്രവർത്തനം ചെയ്യുന്നതിന് തയ്യാറെടുക്കുന്നതിലേക്ക് ഏതെങ്കിലും കൃത്യമോ ചെയ്യുന്നതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുവാൻ ശ്രമിക്കുകയോ വാദിക്കുകയോ പ്രേരിപ്പിക്കുകയോ ഉപദേശിക്കുകയോ പ്രചോദിപ്പിക്കുകയോ നേരിട്ടോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ടോ സുകരമാക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷത്തിൽ കുറയാത്തതും, എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) തീവ്രവാദപ്രവർത്തനത്തിന് പരിശീലനം നൽകുന്നതിനായി ഏതെങ്കിലും ക്യാമ്പോ ക്യാമ്പുകളോ സംഘടിപ്പിക്കുകയോ സംഘടിപ്പിക്കുവാനിടയാക്കുകയോ അല്ലെങ്കിൽ ഒരു തീവ്രവാദപ്രവർത്തനം ചെയ്യുന്നതിന് ഏതെങ്കിലും ആളെയോ ആളുകളെയോ നിയമിക്കുകയോ നിയമിക്കുന്നതിന് ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതു മായ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) തീവ്രവാദപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സംഘടനയിലെ ഒരു അംഗമായ ഏതൊരാളും ജീവപര്യന്തംവരെയാ കാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ആൾ ഒരു തീവ്രവാദ പ്രവർത്തനം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് സ്വേച്ഛയാ അഭയം നൽകുകയോ ഒളിപ്പിക്കുകയോ അല്ലെങ്കിൽ അഭയം നൽകുന്നതിനോ ഒളിപ്പിക്കുന്നതിനോ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്:

എന്നാൽ അഭയം നൽകുകയോ ഒളിപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നത് കുറ്റക്കാരന്റെ ജീവിതപങ്കാളിയാകുന്ന ഏതൊരു സംഗതിയിലും ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(7) ഏതെങ്കിലും തീവ്രവാദപ്രവർത്തനത്തിൽ നിന്നും നേടിയതോ ലഭിച്ചതോ അല്ലെങ്കിൽ ഏതെങ്കിലും തീവ്രവാദപ്രവർത്തനം ചെയ്യുന്നതിലൂടെ ആർജിച്ചതോ ആയ ഏതൊരു വസ്തുവും അറിഞ്ഞുകൊണ്ട് കൈവശം വയ്ക്കുന്ന ഏതൊരാളും ജീവപര്യന്തം വരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— സംശയദൂരീകരണത്തിനായി, ഈ വകുപ്പിൻ കീഴിലാണോ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിരോധനം) ആക്റ്റ്, 1967 (1967–ലെ 37) നു കീഴിലാണോ കേസ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് പോലീസ് സൂപ്രണ്ടിന്റെ പദവിക്ക് താഴെയല്ലാത്ത ഓഫീസർ തീരുമാനിക്കേണ്ടതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

*ദേഹോപദ്രവത്തെക്കുറിച്ച്*

ദേഹോപദ്രവം.

114. ഏതെങ്കിലും ആൾക്ക് ശാരീരിക വേദനയോ രോഗമോ ദൗർബല്യമോ ഉളവാക്കുന്ന ഏതൊരാളും ദേഹോപദ്രവം ഏൽപ്പിക്കുന്നതായി പറയപ്പെടുന്നു.

സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്നത്.

115. (1) ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ ഏതെങ്കിലും ആൾക്ക് അതുവഴി ദേഹോപദ്രവം ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആ കൃത്യം ചെയ്യുകയും, അതുവഴി ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും "സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്നതായി" പറയപ്പെടുന്നു.

(2) 122–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും, ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

116. താഴെപ്പറയുന്ന തരങ്ങളിലുള്ള ദേഹോപദ്രവം മാത്രമാണ് "കഠിനമായ" തെന്ന് വിശേഷിപ്പിക്കപ്പെടുന്നത്, അതായത്:— കഠിനമായ ദേഹോപദ്രവം

(ക) പുംസ്വത്ഹരണം;

(ഖ) കണ്ണുകളിൽ ഏതിന്റെയെങ്കിലും കാഴ്ച സ്ഥിരമായി ഇല്ലാതാക്കൽ;

(ഗ) ചെവികളിൽ ഏതിന്റെയെങ്കിലും ശ്രവണശക്തി സ്ഥിരമായി ഇല്ലാതാക്കൽ;

(ഘ) ഏതെങ്കിലും അവയവമോ സന്ധിയോ ഇല്ലാതാക്കൽ;

(ങ) ഏതെങ്കിലും അവയവത്തിന്റെയോ സന്ധിയുടെയോ ശക്തി നശിപ്പിക്കുകയോ സ്ഥിരമായി ക്ഷയിപ്പിക്കുകയോ ചെയ്യൽ;

(ച) തലയോ മുഖമോ സ്ഥിരമായി വിരൂപമാക്കൽ;

(ഛ) എല്ലിന്റെയോ പല്ലിന്റെയോ ഒടിവോ സ്ഥാനംതെറ്റലോ;

(ജ) ജീവന് അപായം ഉളവാക്കുന്നതോ, അല്ലെങ്കിൽ ഉപദ്രവം ഏറ്റയാൾ പതിനഞ്ച് ദിവസം തീവ്രമായ ശാരീരിക വേദന അനുഭവിക്കുകയോ അയാൾക്ക് തന്റെ സാധാരണ ജോലികൾ ചെയ്യുവാൻ കഴിവില്ലാതാവുകയോ ചെയ്യുവാൻ ഇടയാക്കുന്നതോ ആയ ഏതെങ്കിലും ദേഹോപദ്രവം.

117. (1) സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും താൻ ഏൽപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നതോ ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുന്നതോ ആയ ദേഹോപദ്രവവും, താൻ ഏൽപ്പിക്കുന്ന ദേഹോപദ്രവം കഠിനമായ ദേഹോപദ്രവമാണെങ്കിൽ "സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നതായി" പറയപ്പെടുന്നു. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നത്.

*വിശദീകരണം.*—ഒരാൾ, കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയും, കൂടാതെ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കണമെന്ന് ഉദ്ദേശിക്കുകയോ, ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുകയും ചെയ്യുമ്പോൾ ഒഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നതായി പറയപ്പെടുന്നില്ല. എന്നാൽ താൻ ഒരു വിധത്തിലുള്ള കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, യഥാർഥത്തിൽ മറ്റൊരു വിധത്തിലുള്ള കഠിനമായ ദേഹോപദ്രവം അയാൾ ഏൽപ്പിക്കുന്നുവെങ്കിൽ അയാൾ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നതായി പറയപ്പെടുന്നു.

ദൃഷ്ടാന്തം

ക, യ യുടെ മുഖം സ്ഥിരമായി വിരൂപപ്പെടുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ താൻ അങ്ങനെ വിരൂപപ്പെടുത്തുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ യ യുടെ മുഖം സ്ഥിരമായി വിരൂപപ്പെടുത്താത്തതും എന്നാൽ യ പതിനഞ്ച് ദിവസം തീവ്രമായ ശാരീരിക വേദന അനുഭവിക്കുവാൻ ഇടയാക്കുന്നതുമായ ഒരു അടി യ യ്ക്ക് കൊടുക്കുന്നു. ക സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിച്ചിരിക്കുന്നു.

(2) 122–ാം വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) (1)–ാം ഉപവകുപ്പിൻകീഴിലുള്ള ഒരു കുറ്റവും, അപ്രകാരം കുറ്റം ചെയ്യുന്നതിനിടയിൽ ഒരാൾക്ക്, അയാൾക്ക് സ്ഥിരമായ വൈകല്യമോ സ്ഥിരമായ സസ്യാവസ്ഥയോ ഉണ്ടാക്കുന്ന ഏതെങ്കിലും ദേഹോപദ്രവം, ചെയ്യുന്ന ഏതൊരാളും പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തത്തടവ് വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, അത് അയാളുടെ സ്വാഭാവികജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തേക്കുള്ള തടവ് എന്നർഥമാകുന്നതുമാണ്.

(4) അഞ്ചോ അതിലധികമോ ആളുകൾ അടങ്ങുന്ന ഒരു സംഘം കൂട്ടായി ഒരാളെ, അയാളുടെ വംശത്തിന്റെയോ ജാതിയുടെയോ സമുദായത്തിന്റെയോ ലിംഗത്തിന്റെയോ ജനനസ്ഥലത്തിന്റെയോ ഭാഷയുടെയോ വ്യക്തിപരമായ വിശ്വാസത്തിന്റെയോ കാരണത്താലോ അല്ലെങ്കിൽ സമാനമായ മറ്റേതെങ്കിലും കാരണങ്ങളാലോ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുമ്പോൾ, അങ്ങനെയുള്ള സംഘത്തിലെ ഓരോ അംഗവും കഠിനമായ ദേഹോപദ്രവം ഏൽപ്പിച്ച കുറ്റത്തിന് കുറ്റക്കാരനാകുകയും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

118. (1) 122–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, വെടിവയ്ക്കുന്നതിനോ കുത്തുന്നതിനോ വെട്ടുന്നതിനോ ഉള്ള കുറ്റത്തിനുള്ള ഒരു ആയുധം ഉപയോഗിക്കുമ്പോൾ മരണത്തിന് ഇടയാക്കിയേക്കാവുന്ന ഏതെങ്കിലും ഉപകരണം കൊണ്ടോ തീകൊണ്ടോ ചൂടുപിടിച്ച ഏതെങ്കിലും പദാർഥം കൊണ്ടോ ഏതെങ്കിലും വിഷംകൊണ്ടോ ഏതെങ്കിലും ക്ഷാരപദാർഥം കൊണ്ടോ ഏതെങ്കിലും സ്ഫോടകവസ്തു കൊണ്ടോ ശ്വസിക്കുകയോ വിഴുങ്ങുകയോ അല്ലെങ്കിൽ രക്തത്തിൽ ചേരുകയോ ചെയ്യുന്നത് മനുഷ്യശരീരത്തിന് ഹാനികരമായ ഏതെങ്കിലും പദാർഥം കൊണ്ടോ, ഏതെങ്കിലും മൃഗത്തിനെക്കൊണ്ടോ, സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ഇരുപതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അപായകരമായ ആയുധങ്ങളാലോ മാർഗങ്ങളിലൂടെയോ സ്വേച്ഛയാ ദേഹോപദ്രവമോ കഠിനമായ ദേഹോപദ്രവമോ ഏൽപ്പിക്കുന്നത്.

(2) 122–ാം വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള സംഗതിയിൽ ഒഴികെ, (1)–ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും മാർഗത്തിലൂടെ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

119. (1) ദേഹോപദ്രവം, അത് ഏൽക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ ഭയപ്പെടുത്തി അപഹരിക്കുകയോ ആ ഉപദ്രവം ഏൽക്കുന്ന ആളെയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളെയോ നിയമവിരുദ്ധമായി ഏതെങ്കിലും ഒരു കുറ്റം ചെയ്യുന്നതിന് സുകരമാക്കാവുന്ന എന്തെങ്കിലുമോ ചെയ്യുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനു വേണ്ടി, സ്വേച്ഛയാ ഏൽപ്പിക്കുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ ഒരു കൃത്യത്തിന് നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ ദേഹോപദ്രവമോ കഠിനമായ ദേഹോപദ്രവമോ ഏൽപ്പിക്കുന്നത്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിനായി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിൽ ഏതെങ്കിലും തരത്തിലുള്ള തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഭയപ്പെടുത്തി കുറ്റസമ്മതം വാങ്ങുകയോ വസ്തു തിരികെ കൊടുക്കുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ ദേഹോപദ്രവമോ കഠിനമായ ദേഹോപദ്രവമോ ഏൽപ്പിക്കുന്നത്.

120. (1) ദേഹോപദ്രവം, അത് ഏൽക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും കുറ്റസമ്മതമോ, ഒരു കുറ്റമോ നടപടിദൂഷ്യമോ കണ്ടുപിടിക്കുവാൻ വഴിയാക്കുന്ന ഏതെങ്കിലും വിവരമോ, ഭയപ്പെടുത്തി വാങ്ങുന്നതിന്വേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരികെ കൊടുക്കുകയോ കൊടുക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും അവകാശവാദമോ ഡിമാന്റോ സംബന്ധിച്ച ബാധ്യത തീർക്കുകയോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരികെ കൊടുക്കുവാൻ വഴിയാക്കുന്ന വിവരം നൽകുകയോ ചെയ്യുവാൻ ആ ദേഹോപദ്രവം ഏൽക്കുന്ന ആളെയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളെയോ നിർബന്ധിക്കുന്നതിനുവേണ്ടിയോ, സ്വേച്ഛയാ ഏൽപ്പിക്കുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക എന്ന ഒരു പോലീസ് ഓഫീസർ യ യെ, അയാൾ കുറ്റ കൃത്യം ചെയ്തുവെന്ന് കുറ്റസമ്മതം നൽകുവാൻ പ്രചോദിപ്പിക്കുന്നതിനു വേണ്ടി ഭേദ്യം ചെയ്യുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ഖ) ക എന്ന പോലീസ് ഓഫീസർ ഒരു കളവുമുതൽ എവിടെയാണ് വച്ചിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുവാൻ യ യെ പ്രചോദിപ്പിക്കുന്നതിനു വേണ്ടി അയാളെ ഭേദ്യം ചെയ്യുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ഗ) ക എന്ന റവന്യൂ ഓഫീസർ യ കൊടുക്കുവാനുള്ള ചില റവന്യൂ കുടശ്ശികകൾ കൊടുക്കുവാൻ നിർബന്ധിക്കുന്നതിനുവേണ്ടി അയാളെ ഭേദ്യം ചെയ്യുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിനായി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

പബ്ലിക് സർവന്റിനെ തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിന്തിരിയുവാൻ വേണ്ടി സ്വേച്ഛയാ ദേഹോപദ്രവമോ കഠിനമായ ദേഹോപദ്രവമോ ഏൽപ്പിക്കുന്നത്.

121. (1) ഒരു പബ്ലിക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവഹിക്കുന്നതിൽ നിന്ന് അയാളെയോ മറ്റേതെങ്കിലും പബ്ലിക് സർവന്റിനെയോ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഒരു പബ്ലിക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവഹിക്കുന്നതിൽനിന്ന് അയാളെയോ മറ്റേതെങ്കിലും പബ്ലിക് സർവന്റിനെയോ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

പ്രകോപന ത്തിൻമേൽ സ്വേച്ഛയാ ദേഹോപ ദ്രവമോ കഠിനമായ ദേഹോപ ദ്രവമോ ഏൽപ്പിക്കു ന്നത്.

122. (1) ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻ മേൽ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും, അയാൾ പ്രകോപനം നൽകിയ ആൾക്കല്ലാതെ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കണമെന്ന് ഉദ്ദേശിക്കുകയോ ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുന്നില്ലെങ്കിൽ ഒരു മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻ മേൽ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും, അയാൾ പ്രകോപനം നൽകിയ ആൾക്കല്ലാതെ മറ്റേതെങ്കിലും ആൾക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കണമെന്ന് ഉദ്ദേശിക്കുകയോ ഏൽപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുന്നില്ലെങ്കിൽ അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.*— ഈ വകുപ്പ്, 101-ാം വകുപ്പിലെ *അപവാദം* 1-ന്റെ പരിമിതിവ്യവസ്ഥയ്ക്ക് വിധേയമാകുന്നു.

ഒരു കുറ്റം ചെയ്യണമെന്ന ഉദ്ദേശ്യത്തോ ടുകൂടി വിഷം കൊണ്ടോ മറ്റോ ദേഹോപദ്രവം ഏൽപ്പി ക്കുന്നത്.

123. ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ ഒരു കുറ്റം ചെയ്യണമെന്നോ കുറ്റം ചെയ്യുന്നത് സുകരമാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ അങ്ങനെ ചെയ്യുന്നതുവഴി താൻ ദേഹോപദ്രവം ഏൽപ്പിക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഏതെങ്കിലും വിഷമോ, ഏതെങ്കിലും മയക്കം വരുത്തുന്നതോ ലഹരി പിടിപ്പിക്കുന്നതോ അനാരോഗ്യകരമായതോ ആയ ഏതെങ്കിലും ഔഷധമോ, മറ്റ് സാധനമോ ഏതെങ്കിലും ആൾക്ക് കൊടുക്കുകയോ അയാൾ കഴിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ആസിഡും മറ്റും ഉപയോഗിച്ച് കഠിനമായ ദേഹോപദ്രവം സ്വേച്ഛയാ ഏൽപ്പിക്കുന്നത്.

124. (1) ഒരാളുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തിനോ ഭാഗങ്ങൾക്കോ, അങ്ങനെയുള്ള ക്ഷതിയോ ദേഹോപദ്രവമോ ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ ഉണ്ടാക്കുവാൻ ഇടയുണ്ടെന്ന അറിവോടുകൂടിയോ, അയാളുടെ മേൽ ആസിഡ് എറിയുന്നതിലൂടെയോ

ആസിഡ് നൽകുന്നതിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗങ്ങളിലൂടെയോ, സ്ഥിരമോ ഭാഗികമോ ആയ കേടുപാട് വരുത്തുകയോ വൈകല്യം വരുത്തുകയോ പൊള്ളലേൽപ്പിക്കുകയോ അംഗഭംഗപ്പെടുത്തുകയോ വിരൂപമാക്കുകയോ അപ്രാപ്തനാക്കുകയോ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയോ അല്ലെങ്കിൽ ഒരാളെ സ്ഥിരമായ സസ്യാവസ്ഥയിലാക്കുകയോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള പിഴ ഇരയുടെ ചികിത്സയുടെ മെഡിക്കൽ ചെലവുകൾ വഹിക്കുന്നതിന് ന്യായവും യുക്തവുമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഏതൊരു പിഴയും ഇരയ്ക്ക് നൽകേണ്ടതാണ്.

(2) ഏതെങ്കിലും ആളുടെ മേൽ അയാൾക്ക് സ്ഥിരമോ ഭാഗികമോ ആയ കേടുപാട് വരുത്തുകയോ വൈകല്യം വരുത്തുകയോ പൊള്ളലേൽപ്പിക്കുകയോ അംഗഭംഗം വരുത്തുകയോ വിരൂപമാക്കുകയോ അംഗവൈകല്യം വരുത്തുകയോ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി, ആസിഡ് എറിയുകയോ എറിയുവാൻ ശ്രമിക്കുകയോ ഏതെങ്കിലും ആൾക്ക് ആസിഡ് നൽകുന്നതിന് ശ്രമിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗം ഉപയോഗിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴ് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം 1.*— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ആസിഡ്" എന്നതിൽ അമ്ലമയമോ ദ്രവിപ്പിക്കുന്നതോ ആയ സ്വഭാവമോ കത്തുന്ന സ്വഭാവമോ ഉള്ളതും, അത് പാടുകളോ രൂപഭേദമോ അല്ലെങ്കിൽ താൽക്കാലികമോ സ്ഥിരമോ ആയ വൈകല്യത്തിലേക്ക് നയിക്കുന്ന ശാരീരിക ക്ഷതി ഏൽപ്പിക്കുവാൻ കഴിയുന്നതുമായ ഏതെങ്കിലും പദാർത്ഥം ഉൾപ്പെടുന്നതുമാകുന്നു.

*വിശദീകരണം 2.*— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, സ്ഥിരമോ ഭാഗികമോ ആയ കേടുപാടോ വൈകല്യമോ അല്ലെങ്കിൽ സ്ഥിരമായ സസ്യാവസ്ഥയോ മാറ്റാനാവാത്തതായിരിക്കണമെന്നില്ല.

മറ്റുള്ളവരുടെ ജീവനോ വ്യക്തി പരമായ സുരക്ഷ യ്ക്കോ അപായം ഉളവാക്കുന്ന കൃത്യം.

125. മനുഷ്യജീവനോ മറ്റുള്ളവരുടെ വ്യക്തിപരമായ സുരക്ഷയ്ക്കോ അപായം ഉളവാക്കത്തക്കവിധം അത്ര സാഹസികമായോ ഉപേക്ഷാ പൂർവമായോ ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരാളും മൂന്ന് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്, എന്നാൽ—

(ക) ദേഹോപദ്രവം ഏൽപ്പിക്കുന്നിടത്ത്, ആറ് മാസംവരെയാ കാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നിടത്ത്, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*അന്യായമായ തടസ്സപ്പെടുത്തലിനെയും അന്യായമായ തടഞ്ഞുവയ്ക്കലിനെയും കുറിച്ച്*

അന്യായമായ തടസ്സ പ്പെടുത്തൽ.

126. (1) ഏതെങ്കിലും ആളെ, അയാൾക്ക് പോകുവാൻ അവകാശമുള്ള ഏതെങ്കിലും ദിക്കിലേക്ക് പോകുന്നതിൽ നിന്ന് തടയത്തക്കവിധം അയാൾക്ക് സ്വേച്ഛയാ പ്രതിബന്ധം ഉണ്ടാക്കുന്ന ഏതൊരാളും അയാളെ അന്യായമായി തടസ്സപ്പെടുത്തുന്നതായി പറയപ്പെടുന്നു.

*അപവാദം.*— പ്രതിബന്ധം ഉണ്ടാക്കുവാൻ തനിക്ക് നിയമാനുസൃതമായ അവകാശമുണ്ടെന്ന് ഒരാൾ ഉത്തമവിശ്വാസപൂർവം വിശ്വസിക്കുന്ന കരയിലോ വെള്ളത്തിലോ ഉള്ള ഒരു സ്വകാര്യവഴിക്ക്, പ്രതിബന്ധം ഉണ്ടാക്കുന്നത് ഈ വകുപ്പിന്റെ അർഥത്തിൽ ഒരു കുറ്റമല്ല.

*ദൃഷ്ടാന്തം*

യ യ്ക്ക് പോകുവാൻ അവകാശമുള്ള ഒരു പാതയിൽ, ക തനിക്ക് ആ പാത അടയ്ക്കുവാൻ ഒരു അവകാശമുണ്ടെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിക്കാതെ ക പ്രതിബന്ധം ഉണ്ടാക്കുന്നു. അതുവഴി ആ വഴി പോകുന്നതിൽ നിന്ന് യ തടയപ്പെടുന്നു. ക, യ യെ അന്യായമായി തടസ്സപ്പെടുത്തുന്നു.

(2) ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്ന ഏതൊരാളും ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

127. (1) ഏതെങ്കിലും ആളെ ഒരു നിശ്ചിത പരിധിവലയത്തിന് പുറത്ത് പോകുന്നതിൽനിന്ന് തടയത്തക്ക രീതിയിൽ അന്യായമായി തടസ്സപ്പെടുത്തുന്ന ഏതൊരാളും അയാളെ "അന്യായമായി തടഞ്ഞു വയ്ക്കുന്ന" തായി പറയപ്പെടുന്നു. അന്യായമായ തടഞ്ഞു വയ്ക്കൽ.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, ചുറ്റും ഭിത്തിയുള്ള ഒരു സ്ഥലത്തിനുള്ളിൽ യ പോകുവാൻ ഇടയാക്കുകയും യ യെ അതിനുള്ളിൽ പൂട്ടിയിടുകയും ചെയ്യുന്നു. ഭിത്തിവലയത്തിന് പുറത്തുള്ള ഏതെങ്കിലും ദിക്കിലേക്ക് പോകുന്നതിൽ നിന്ന് യ അങ്ങനെ തടയപ്പെടുന്നു. ക, യ യെ അന്യായമായി തടഞ്ഞുവയ്ക്കുന്നു.

(ഖ) ഒരു കെട്ടിടത്തിന്റെ പുറത്തേയ്ക്കുള്ള മാർഗങ്ങളിൽ ക ആളുകളെ തോക്കുകളോടുകൂടി നിറുത്തുകയും യ കെട്ടിടം വിട്ട് പോകുവാൻ ശ്രമിച്ചാൽ അവർ യ യെ വെടിവയ്ക്കുമെന്ന് യ യോട് പറയുകയും ചെയ്യുന്നു. ക, യ യെ അന്യായമായി തടഞ്ഞുവയ്ക്കുന്നു.

(2) ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) മൂന്നോ അതിൽ കൂടുതലോ ദിവസങ്ങൾ ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) പത്തോ അതിൽ കൂടുതലോ ദിവസങ്ങൾ ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പതിനായിരം രൂപയിൽ കുറയാത്ത പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) ഒരാളുടെ മോചനത്തിനുള്ള ഒരു റിട്ട് മുറപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അയാളെ അന്യായമായി തടഞ്ഞുവച്ചുകൊണ്ടിരിക്കുന്ന ഏതൊരാളും ഈ അധ്യായത്തിലെ മറ്റേതെങ്കിലും വകുപ്പിൻകീഴിൽ അയാൾ അർഹനാകാവുന്ന തടവിന്റെ ഏതൊരു കാലാവധിക്കുംപുറമേ രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) ഏതെങ്കിലും ആളുടെ തടഞ്ഞുവയ്ക്കൽ, അപ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളോ ഏതെങ്കിലും പബ്ലിക് സർവന്റോ അറിയരുത് എന്നോ അല്ലെങ്കിൽ അങ്ങനെ തടഞ്ഞുവയ്ക്കുന്ന സ്ഥലം മുൻപറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളോ പബ്ലിക് സർവന്റോ അറിയുകയോ കണ്ടു പിടിക്കുകയോ ചെയ്യരുതെന്നോ ഉള്ള ഉദ്ദേശ്യം സൂചിപ്പിക്കത്തക്ക അങ്ങനെയുള്ള രീതിയിൽ അയാളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും, അങ്ങനെയുള്ള അന്യായമായ തടഞ്ഞുവയ്ക്കലിന് അയാൾ അർഹനാകാവുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്കുപുറമേ മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(7) തടഞ്ഞുവയ്ക്കപ്പെട്ട ആളിൽനിന്നോ തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ ഭയപ്പെടുത്തി അപഹരിക്കുന്നതിനോ, അല്ലെങ്കിൽ തടഞ്ഞുവയ്ക്കപ്പെട്ട ആളെയോ അങ്ങനെയുള്ള ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളെയോ നിയമവിരുദ്ധമായ എന്തെങ്കിലും ചെയ്യുകയോ ഒരു കുറ്റം ചെയ്യുന്നത് സുകരമാക്കാവുന്ന ഏതെങ്കിലും വിവരം നൽകുകയോ, ചെയ്യുവാൻ നിർബന്ധിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്ന്

വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(8) തടഞ്ഞുവയ്ക്കപ്പെട്ട ആളിൽനിന്നോ തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുളള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും കുറ്റസമ്മതമോ, ഒരു കുറ്റമോ നടപടിദൂഷ്യമോ കണ്ടുപിടിക്കുവാൻ വഴിയാക്കുന്ന ഏതെങ്കിലും വിവരമോ, ഭയപ്പെടുത്തി അപഹരിക്കുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരികെകൊടുക്കുകയോ തിരികെ കൊടുക്കാൻ ഇടയാക്കുകയോ ഏതെങ്കിലും അവകാശവാദമോ ഡിമാൻഡോ സംബന്ധിച്ച് ബാധ്യത തീർക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരികെ കൊടുക്കുവാൻ വഴിയാക്കുന്ന വിവരം നൽകുകയോ ചെയ്യുവാൻവേണ്ടി തടഞ്ഞുവയ്ക്കപ്പെട്ട ആളെയോ തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളെയോ നിർബന്ധിക്കുന്നതിനുവേണ്ടിയോ ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

## *കുറ്റകരമായ ബലപ്രയോഗത്തെയും കൈയേറ്റത്തെയും കുറിച്ച്*

128. ഒരാൾ മറ്റൊരാൾക്ക് ചലനമോ ചലനവ്യത്യാസമോ ചലന വിരാമമോ വരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും പദാർഥത്തെ ആ മറ്റാളുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തോടോ അയാൾ ധരിക്കുന്നതോ വഹിക്കുന്നതോ ആയ എന്തിനോടെങ്കിലുമോ ആ മറ്റാളുടെ സ്പർശബോധത്തെ അങ്ങനെയുള്ള സമ്പർക്കം ബാധിക്കുന്ന വിധത്തിൽ സ്ഥിതിചെയ്യുന്ന എന്തിനോടെങ്കിലുമോ സമ്പർക്കത്തിൽ കൊണ്ടുവരത്തക്ക വിധം ആ പദാർഥത്തിൽ അയാൾ അങ്ങനെയുള്ള ചലനമോ ചലനവ്യത്യാസമോ ചലനവിരാമമോ വരുത്തുകയോ ചെയ്യുന്നു വെങ്കിൽ, അയാൾ മറ്റാളുടെ നേർക്ക് ബലം പ്രയോഗിക്കുന്നതായി പറയപ്പെടുന്നു: ബലപ്രയോഗം.

എന്നാൽ ചലനമോ ചലനവ്യത്യാസമോ ചലനവിരാമമോ വരുത്തുന്ന ആൾ ആ ചലനമോ ചലനവ്യത്യാസമോ ചലനവിരാമമോ വരുത്തുന്നത് താഴെപ്പറയുന്ന മൂന്ന് വഴികളിൽ ഒന്നിലൂടെ ആയിരിക്കണം, അതായത്:—

(ക) അയാളുടെ സ്വന്തം ശരീര ശക്തി വഴി;

(ഖ) ചലനമോ ചലനവ്യത്യാസമോ ചലനവിരാമമോ തന്റെ ഭാഗത്തുനിന്നോ മറ്റേതെങ്കിലും ആളുടെ ഭാഗത്തുനിന്നോ പിന്നീടുള്ള ഏതെങ്കിലും കൃത്യം കൂടാതെ സംഭവിക്കത്തക്ക അങ്ങനെയുള്ള ഒരു രീതിയിൽ ഏതെങ്കിലും പദാർഥം നീക്കം ചെയ്യുന്നതുവഴി;

(ഗ) ഏതെങ്കിലും മൃഗം ചലിക്കുന്നതിനോ അതിന്റെ ചലനം വ്യത്യാസപ്പെടുത്തുന്നതിനോ ചലനത്തിന് വിരാമമിടുന്നതിനോ പ്രചോദിപ്പിക്കുന്നതുവഴി.

കുറ്റകരമായ ബലപ്രയോഗം.

129. ഏതെങ്കിലും ആൾക്ക്, അയാളുടെ സമ്മതം കൂടാതെ, ഏതെങ്കിലും കുറ്റം ചെയ്യുന്നതിനുവേണ്ടി, അങ്ങനെയുള്ള ബലം പ്രയോഗിക്കപ്പെട്ട ആൾക്ക് ക്ഷതിയോ ഭയമോ അലട്ടലോ, അങ്ങനെയുള്ള ബലപ്രയോഗം വഴി സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അങ്ങനെയുള്ള ബലപ്രയോഗം വഴി അയാൾ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഉദ്ദേശ്യപൂർവം ബലം പ്രയോഗിക്കുന്ന ഏതൊരാളും ആ മറ്റാളുടെ മേൽ കുറ്റകരമായ ബലം പ്രയോഗിക്കുന്നതായി പറയപ്പെടുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു നദിയിൽ കെട്ടിയിട്ടിരിക്കുന്ന ഒരു ബോട്ടിൽ <u>യ</u> ഇരിക്കുകയാണ്. <u>ക</u> കെട്ടുകൾ അഴിക്കുകയും അങ്ങനെ ആ ബോട്ട് നദിയിലൂടെ ഒഴുകിപ്പോകുന്നതിന് ഉദ്ദേശ്യപൂർവം ഇടയാക്കുകയും ചെയ്യുന്നു. ഇവിടെ <u>ക</u>, <u>യ</u> യ്ക്ക് ഉദ്ദേശ്യപൂർവം ചലനം ഉണ്ടാക്കുന്നു, ഏതൊരാളുടെ ഭാഗത്തുനിന്നും മറ്റേതൊരു പ്രവൃത്തിയും കൂടാതെ ചലനം ഉണ്ടാക്കുന്ന രീതിയിൽ പദാർഥങ്ങൾ വിനിയോഗിച്ചു കൊണ്ടാണ് അയാൾ അത് ചെയ്യുന്നത്. അതുകൊണ്ട് <u>ക</u>, <u>യ</u> യുടെ നേർക്ക് ഉദ്ദേശ്യപൂർവം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ ഏതെങ്കിലും കുറ്റം ചെയ്യുന്നതിനു വേണ്ടിയോ ഈ ബലപ്രയോഗം <u>യ</u> യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ <u>യ</u> യുടെ സമ്മതം കൂടാതെ അയാൾ അപ്രകാരം ചെയ്തിട്ടുള്ളതാണെങ്കിൽ <u>ക</u>, <u>യ</u> യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഖ) യ ഒരു രഥത്തിൽ സവാരി ചെയ്യുകയാണ്. ക, യ യുടെ കുതിരകളെ ചാട്ടകൊണ്ട് അടിക്കുകയും അതുവഴി അവയുടെ ഗതിവേഗം കൂടുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഇവിടെ ക ആ മൃഗങ്ങളെ അവയുടെ ചലനം വ്യത്യാസപ്പെടുത്തുന്നതിന് പ്രചോദിപ്പിക്കുന്നതുവഴി യ യുടെ ചലനത്തിന് വ്യത്യാസം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ക, യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു. കൂടാതെ, ക ഇത് ചെയ്തത് യ യുടെ സമ്മതം കൂടാതെ, അതുവഴി യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ ക, യ യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഗ) യ ഒരു പല്ലക്കിൽ സവാരി ചെയ്യുകയാണ്. ക, യ യെ കവർച്ച ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ട് തണ്ടിൽ കടന്നുപിടിക്കുകയും പല്ലക്ക് നിറുത്തുകയും ചെയ്യുന്നു. ഇവിടെ ക, യ യുടെ ചലനത്തിന് വിരാമം വരുത്തിയിരിക്കുന്നു. അത് അയാൾ സ്വന്തം ശരീരശക്തി വഴി ചെയ്തിട്ടുള്ളതുമാകുന്നു. അതുകൊണ്ട് ക, യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു, ക ഒരു കുറ്റം ചെയ്യുന്നതിനുവേണ്ടി യ യുടെ സമ്മതം കൂടാതെ ഉദ്ദേശ്യപൂർവം അങ്ങനെ പ്രവർത്തിച്ചിരിക്കുന്നതു കൊണ്ട് ക, യ യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഘ) തെരുവിൽ വച്ച് ക, യ യുടെ മേൽ ഉദ്ദേശ്യപൂർവം ചെന്ന് മുട്ടുന്നു. ഇവിടെ ക സ്വന്തം ശരീരശക്തി വഴി തന്റെ ദേഹം യ യുമായി സമ്പർക്കത്തിൽ കൊണ്ടുവരത്തക്കവിധത്തിൽ ചലിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അയാൾ യ യുടെ നേർക്ക് ഉദ്ദേശ്യപൂർവം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്തത്, യ യുടെ സമ്മതം കൂടാതെ അതുവഴി യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ അയാൾ യ യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ങ) ക, ഒരു കല്ല്, അത് യ യുടെയോ യ യുടെ വസ്ത്രങ്ങളുമായോ യ വഹിക്കുന്ന ഏതെങ്കിലും സാധനവുമായോ സമ്പർക്കത്തിൽ കൊണ്ടുവരപ്പെടുകയോ അല്ലെങ്കിൽ അത് വെള്ളത്തിൽ തട്ടി വെള്ളം യ യുടെ വസ്ത്രത്തിൻമേലോ യ വഹിക്കുന്ന ഏതെങ്കിലും സാധനത്തിൻമേലോ തെറിക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ,

അങ്ങനെ ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, എറിയുന്നു. ഇവിടെ, കല്ല് എറിയുന്നത് ഏതെങ്കിലും പദാർഥം യ യുമായോ യ യുടെ വസ്ത്രങ്ങളുമായോ സമ്പർക്കത്തിൽ കൊണ്ടുവരുന്ന ഫലം ഉളവാക്കുന്നുവെങ്കിൽ ക, യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്തത് അതുവഴി യ യുടെ സമ്മതം കൂടാതെ യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ, അയാൾ യ യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ച) ക, ഒരു സ്ത്രീയുടെ മൂടുപടം ഉദ്ദേശ്യപൂർവം വലിച്ചുയർത്തുന്നു. ഇവിടെ ക അവളുടെ നേർക്ക് ഉദ്ദേശ്യപൂർവം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്യുന്നത് അവളുടെ സമ്മതം കൂടാതെ അതുവഴി അവൾക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ അയാൾ അവളുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഛ) യ കുളിക്കുകയാണ്. കുളിത്തൊട്ടിയിൽ തിളയ്ക്കുന്നതാണെന്ന് തനിക്ക് അറിയാവുന്ന വെള്ളം ക ഒഴിക്കുന്നു. ഇവിടെ ക തന്റെ ശരീരശക്തി വഴി ആ തിളയ്ക്കുന്ന വെള്ളത്തിന്, ആ വെള്ളം യ യുമായി സമ്പർക്കത്തിൽ കൊണ്ടുവരുന്നതിനോ അല്ലെങ്കിൽ യ യുടെ സ്പർശബോധത്തെ അങ്ങനെയുള്ള സമ്പർക്കം ബാധിക്കുന്ന തരത്തിൽ സ്ഥിതി ചെയ്യുന്ന മറ്റ് വെള്ളത്തിനോ ഉദ്ദേശ്യപൂർവം ചലനമുണ്ടാക്കുന്നു, അതുകൊണ്ട് ക, യ യുടെ നേർക്ക് ഉദ്ദേശ്യപൂർവം ബലം പ്രയോഗിച്ചിരിക്കുന്നതും; അയാൾ അത് ചെയ്തത് യ യുടെ സമ്മതം കൂടാതെ, അതുവഴി യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ ക കുറ്റകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ജ) ക, യ യുടെ സമ്മതം കൂടാതെ ഒരു നായയെ യ യുടെ മേൽ ചാടുവാൻ ചൊടിപ്പിക്കുന്നു. ഇവിടെ യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടലോ ഉളവാക്കണമെന്ന് ക ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ യ യുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിക്കുന്നു.

130. ഏതെങ്കിലും ആംഗ്യമോ ഏതെങ്കിലും ഒരുക്കമോ, സന്നിഹിതനായ ഏതെങ്കിലും ആൾക്ക്, ആ ആംഗ്യമോ ഒരുക്കമോ കാണിക്കുന്ന ആൾ, അയാളുടെ നേർക്ക് കുറ്റകരമായ ബലം പ്രയോഗിക്കുവാൻ പോകുകയാണെന്ന ആശങ്ക ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ കാണിക്കുന്ന ഏതൊരാളും, ഒരു കൈയേറ്റം നടത്തുന്നതായി പറയപ്പെടുന്നു. കൈയേറ്റം.

*വിശദീകരണം.*— വെറും വാക്കുകൾ ഒരു കൈയേറ്റമാകുന്നില്ല. എന്നാൽ ഒരാൾ ഉപയോഗിക്കുന്ന വാക്കുകൾ അയാളുടെ ആംഗ്യങ്ങൾക്കോ ഒരുക്കത്തിനോ ആ ആംഗ്യങ്ങളെയോ ഒരുക്കങ്ങളെയോ ഒരു കൈയേറ്റമാക്കിത്തീർക്കത്തക്ക അർഥം നൽകാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) യ യുടെ നേരെ മുഷ്ടി കുലുക്കുന്നതുവഴി, താൻ യ യെ അങ്ങനെ അടിക്കുവാൻ പോകുകയാണെന്ന് യ യെ വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ വിശ്വസിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ക മുഷ്ടി കുലുക്കുന്നു. ക കൈയേറ്റം നടത്തിയിരിക്കുന്നു.

(ഖ) താൻ ഒരു നായയെക്കൊണ്ട് യ യെ ആക്രമിപ്പിക്കുവാൻ പോവുകയാണെന്ന് അതുവഴി യ യെ വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ വിശ്വസിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ക ക്രൂരനായ ഒരു നായയുടെ വായ്ക്കെട്ട് അഴിക്കുന്നു. ക, യ യുടെ നേരെ കൈയേറ്റം നടത്തിയിരിക്കുന്നു.

(ഗ) ക, യ യോട് "ഞാൻ നിന്നെ പ്രഹരിക്കും" എന്ന് പറഞ്ഞുകൊണ്ട് ഒരു വടി എടുക്കുന്നു. ഇവിടെ ക ഉപയോഗിച്ച വാക്കുകൾ യാതൊരു സംഗതിയിലും ഒരു കൈയേറ്റമാവുകയില്ലെങ്കിലും, മറ്റേതെങ്കിലും സാഹചര്യങ്ങളാൽ അനുഗതമാകാതെ, ആ വെറും ആംഗ്യം ഒരു കൈയേറ്റമാകാമെന്നില്ലെങ്കിലും, ആ വാക്കുകളാൽ വിശദീകരിക്കപ്പെട്ട ആംഗ്യം ഒരു കൈയേറ്റമാകാവുന്നതാണ്.

131. ഏതെങ്കിലും ആളുടെ നേരെ, അയാൾ നൽകിയ ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിന്മേലല്ലാതെ കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ഗുരുതരമായ പ്രകോപനത്തിൻമേൽ അല്ലാതെയുള്ള കൈയേറ്റത്തിനോ കുറ്റകരമായ ബലപ്രയോഗത്തിനോ ഉള്ള ശിക്ഷ.

*വിശദീകരണം 1.*—ഗുരുതരമായതും പെട്ടന്നുണ്ടായതുമായ പ്രകോപനം,–

(ക) പ്രകോപനം കുറ്റത്തിനുള്ള ഒരു ന്യായീകരണമായി കുറ്റക്കാരൻ വിളിച്ചുവരുത്തിയതോ സ്വേച്ഛയാ പ്രകോപിപ്പിച്ച് ഉണ്ടാക്കിയതോ ആണെങ്കിലോ; അല്ലെങ്കിൽ

(ഖ) പ്രകോപനം നിയമം അനുസരിക്കുന്നതിനാലോ ഒരു പബ്ലിക് സർവന്റിനാൽ അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ അധികാരങ്ങൾ നിയമാനുസൃതം പ്രയോഗിക്കുന്നതിനോ ചെയ്തിട്ടുള്ള എന്തിനാലെങ്കിലും ഉണ്ടാക്കപ്പെട്ടതോ ആണെങ്കിലോ; അല്ലെങ്കിൽ

(ഗ) പ്രകോപനം സ്വരക്ഷാ അവകാശത്തിന്റെ നിയമപരമായ പ്രയോഗത്തിൽ എന്തെങ്കിലും ചെയ്യുന്നതുവഴി ഉണ്ടാക്കപ്പെട്ടതാണെങ്കിലോ, ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിനുള്ള ശിക്ഷയെ ലഘൂകരിക്കുകയില്ല.

*വിശദീകരണം 2.*— പ്രകോപനം കുറ്റം ലഘൂകരിക്കാൻ മതിയായ വിധം ഗുരുതരമായതും പെട്ടെന്നുണ്ടായതുമായിരുന്നുവോ എന്നത് ഒരു വസ്തുതാപ്രശ്നമാകുന്നു.

പബ്ലിക് സർവന്റ് തന്റെ കർത്തവ്യത്തിൽനിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടിയുള്ള കൈയേറ്റമോ കുറ്റകരമായ ബല പ്രയോഗമോ.

132. ഒരു പബ്ലിക് സർവന്റായ ഏതെങ്കിലും ആളുടെ നേരെ, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവഹിക്കുന്നതിൽനിന്ന് അയാളെ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടു കൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിൽ അയാളുടെ നിയമപരമായ കർത്തവ്യനിർവഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

133. ഏതെങ്കിലും ആളുടെ നേരെ കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്നതുവഴി അയാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അയാൾ നൽകിയ ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേലല്ലാതെ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗുരുതരമായ പ്രകോപനത്തിൻ മേലല്ലാതെ ഒരാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ട് നടത്തുന്ന കൈയേറ്റമോ കുറ്റകരമായ ബലപ്രയോഗമോ.

134. ഏതെങ്കിലും ആളുടെ നേരെ, അയാൾ അപ്പോൾ ധരിച്ചിരിക്കുന്നതോ വഹിച്ചിരിക്കുന്നതോ ആയ ഏതെങ്കിലും വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിൽ കൈയേറ്റം നടത്തുകയോ, കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരാൾ വഹിക്കുന്ന വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിലുള്ള കൈയേറ്റമോ കുറ്റകരമായ ബലപ്രയോഗമോ.

135. ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിനിടയിൽ അയാളുടെ നേരെ കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിലുള്ള കൈയേറ്റമോ കുറ്റകരമായ ബല പ്രയോഗമോ.

136. ഏതെങ്കിലും ആളുടെ നേരെ അയാൾ നൽകിയ ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ കൈയേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗുരുതരമായ പ്രകോപത്തിൻ മേലുള്ള കൈയേറ്റമോ കുറ്റകരമായ ബലപ്രയോഗമോ.

*വിശദീകരണം.*— ഈ വകുപ്പ്, 131-ാം വകുപ്പിന്റെ അതേ *വിശദീകരണ*ത്തിന് വിധേയമാകുന്നു.

### *ആൾമോഷണത്തെയും ആളപഹരണത്തെയും അടിമത്തത്തെയും നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കലിനെയും കുറിച്ച്*

ആൾ മോഷണം.

137. (1) ആൾമോഷണം രണ്ടുവിധത്തിൽ ആകുന്നു: ഇൻഡ്യയിൽ നിന്നുള്ള ആൾമോഷണവും നിയമപരമായ രക്ഷാകർത്തൃത്വത്തിൽ നിന്നുള്ള ആൾമോഷണവും—

(ക) ഏതെങ്കിലും ആളെ, അയാളുടെയോ അല്ലെങ്കിൽ അയാൾക്കുവേണ്ടി സമ്മതം നൽകുവാൻ നിയമപ്രകാരം അധികാരം നൽകിയിട്ടുള്ള ഏതെങ്കിലും ആളുടെയോ സമ്മതം കൂടാതെ, ഇൻഡ്യയുടെ അതിർത്തികൾക്ക് പുറത്തുകൊണ്ടുപോകുന്ന ഏതൊരാളും അയാളെ ഇൻഡ്യയിൽനിന്ന് ആൾമോഷണം ചെയ്യുന്നതായി പറയപ്പെടുന്നു;

(ഖ) ഏതെങ്കിലും കുട്ടിയെയോ ഏതെങ്കിലും ചിത്തഭ്രമമുള്ള ആളെയോ, അങ്ങനെയുള്ള കുട്ടിയുടെയോ ചിത്തഭ്രമമുള്ള ആളുടെയോ നിയമപരമായ രക്ഷാകർത്താവിന്റെ സൂക്ഷിപ്പിൽ നിന്ന്, അങ്ങനെയുള്ള രക്ഷാകർത്താവിന്റെ സമ്മതം കൂടാതെ കൂട്ടിക്കൊണ്ടു പോവുകയോ വശീകരിച്ചുകൊണ്ടുപോവുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള കുട്ടിയെയോ ആളെയോ നിയമപരമായ രക്ഷാകർത്തൃത്വത്തിൽ നിന്ന് ആൾമോഷണം ചെയ്യുന്നതായി പറയപ്പെടുന്നു.

*വിശദീകരണം.*— ഈ ഖണ്ഡത്തിലെ "നിയമപരമായ രക്ഷാകർത്താവ്" എന്ന വാക്കുകളിൽ അങ്ങനെയുള്ള കുട്ടിയുടെയോ മറ്റാളുടെയോ പരിരക്ഷണമോ കസ്റ്റഡിയോ നിയമാനുസൃതമായി ഭരമേൽപിച്ചിട്ടുള്ള ഏതൊരാളും ഉൾപ്പെടുന്നു.

*അപവാദം.*—നിയമവിരുദ്ധമായ വേഴ്ചയിൽനിന്നുണ്ടായ ഒരു കുട്ടിയുടെ പിതാവാണ് താൻ എന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിക്കുകയോ അങ്ങനെയുള്ള കുട്ടിയുടെ നിയമപരമായ കസ്റ്റഡിക്ക് താൻ അവകാശിയാണെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളുടെ കൃത്യത്തിന്, അങ്ങനെയുള്ള കൃത്യം അസാൻമാർഗികമോ നിയമവിരുദ്ധമോ ആയ ഒരു ആവശ്യത്തിനായി ചെയ്തതല്ലാത്തപക്ഷം, ഈ ഖണ്ഡം ബാധകമാകുന്നതല്ല.

(2) ഏതെങ്കിലും ആളെ ഇൻഡ്യയിൽ നിന്നോ അല്ലെങ്കിൽ നിയമപരമായ രക്ഷാകർത്തൃത്വത്തിൽ നിന്നോ ആൾമോഷണം ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

138. ഏതെങ്കിലും ആളെ ഏതെങ്കിലും സ്ഥലത്തുനിന്നും പോകുന്നതിന് ബലം ഉപയോഗിച്ച് നിർബന്ധിക്കുകയോ കബളിപ്പിക്കുന്ന ഏതെങ്കിലും മാർഗേന പ്രചോദിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആ ആളെ ആളപഹരണം ചെയ്യുന്നതായി പറയപ്പെടുന്നു. ആളപഹരണം.

139. (1) ഏതെങ്കിലും കുട്ടിയെ ഭിക്ഷയാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള കുട്ടിയെ ആൾമോഷണം ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടിയുടെ നിയമപരമായ രക്ഷാകർത്താവ് അല്ലാതിരിക്കെ കുട്ടിയുടെ കസ്റ്റഡി കരസ്ഥമാക്കുകയോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷത്തിൽ കുറയാത്ത കാലത്തേക്ക്, കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും എന്നാൽ അത് ജീവപര്യന്തത്തടവ്വരെ യാകാവുന്നതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. ഭിക്ഷ യാചിക്കലിന്റെ ആവശ്യങ്ങൾക്കായി ഒരു കുട്ടിയെ ആൾ മോഷണം ചെയ്യുകയോ അംഗഭംഗ പ്പെടുത്തുകയോ ചെയ്യുന്നത്.

(2) ഏതെങ്കിലും കുട്ടിയെ ഭിക്ഷയാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി, അങ്ങനെയുള്ള കുട്ടിയെ അംഗഭംഗപ്പെടുത്തുന്ന ഏതൊരാളും ഇരുപത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെ യാകാവുന്നതുമായ, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ശേഷിക്കുന്ന കാലത്തെ തടവ് എന്നർഥമാകുന്നതും, തടവും പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഏതെങ്കിലും ആൾ, ഒരു കുട്ടിയുടെ നിയമപരമായ രക്ഷാകർത്താവ് അല്ലാതിരിക്കെ ഭിക്ഷയാചിക്കലിന്റെ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള കുട്ടിയെ നിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നിടത്ത്, ഭിക്ഷയാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി അയാൾ അങ്ങനെയുള്ള കുട്ടിയെ ആൾമോഷണം ചെയ്യുകയോ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അങ്ങനെയുള്ള കുട്ടിയുടെ കസ്റ്റഡി കരസ്ഥമാക്കുകയോ ചെയ്തിരിക്കുന്നുവെന്ന്, വിപരീതമായത് തെളിയിക്കാത്തപക്ഷം, അനുമാനിക്കപ്പെടേണ്ടതാകുന്നു.

(4) ഈ വകുപ്പിൽ "ഭിക്ഷയാചിക്കൽ" എന്നാൽ—

(i) പാടുകയോ നൃത്തം ചെയ്യുകയോ ഭാഗ്യം പറയുകയോ ജാലവിദ്യ കാണിക്കുകയോ സാധനങ്ങൾ വിൽക്കുകയോ ചെയ്യുന്നു എന്ന ഭാവത്തിലോ മറ്റുവിധത്തിലോ ഒരു പൊതുസ്ഥലത്ത് ഭിക്ഷ അർഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യൽ;

(ii) ഭിക്ഷ അർഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ആവശ്യത്തിനായി ഏതെങ്കിലും സ്വകാര്യ ഗൃഹപരിസരങ്ങളിൽ പ്രവേശിക്കൽ;

(iii) ഭിക്ഷ ലഭിക്കുകയോ ഭയപ്പെടുത്തി വാങ്ങുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി തന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളുടെയോ ഒരു മൃഗത്തിന്റെയോ ഏതെങ്കിലും വ്രണമോ ക്ഷതമോ ക്ഷതിയോ അംഗവൈകല്യമോ രോഗമോ തുറന്നുകാട്ടുകയോ പ്രദർശിപ്പിക്കുകയോ ചെയ്യൽ;

(iv) ഭിക്ഷ അർഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ആവശ്യത്തിനായി അങ്ങനെയുള്ള കുട്ടിയെ ഒരു പ്രദർശനവസ്തുവായി ഉപയോഗിക്കൽ,

എന്നർഥമാകുന്നു.

കൊലചെയ്യുന്നതിനോ മോചന ദ്രവ്യത്തിനോ മറ്റോ വേണ്ടി ആൾ മോഷണമോ ആളപ ഹരണമോ ചെയ്യുന്നത്.

140. (1) ഏതെങ്കിലും ആളെ, അങ്ങനെയുള്ള ആളെ കൊലചെയ്യപ്പെടുന്നതിനു വേണ്ടിയോ കൊലചെയ്യപ്പെടുക എന്ന അപായത്തിൽ പെടത്തക്കവിധം വിട്ടിട്ട് പോകുന്നതിനുവേണ്ടിയോ, ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) യ യെ ഒരു വിഗ്രഹത്തിന് കുരുതി കൊടുക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ കൊടുക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞു കൊണ്ടോ ക, യ യെ ഇൻഡ്യയിൽ നിന്നും ആൾമോഷണം ചെയ്യുന്നു. ഈ വകുപ്പിൽ നിർവചിച്ച കുറ്റം ക ചെയ്തിരിക്കുന്നു.

(ഖ) ക, ഖ കൊലചെയ്യപ്പെടുന്നതിനുവേണ്ടി അയാളുടെ ഗൃഹത്തിൽ നിന്നും ബലാൽക്കാരമായി കൊണ്ടുപോവുകയോ വശീകരിച്ചുകൊണ്ടുപോവുകയോ ചെയ്യുന്നു. ഈ വകുപ്പിൽ നിർവചിച്ച കുറ്റം ക ചെയ്തിരിക്കുന്നു.

(2) ഏതെങ്കിലും കൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ മോചനദ്രവ്യം നൽകുവാനോ സർക്കാരിനെയോ ഏതെങ്കിലും വിദേശ രാഷ്ട്രത്തെയോ അന്താരാഷ്ട്ര അന്തർ–സർക്കാർ സംഘടനയെയോ മറ്റേതെങ്കിലും ആളെയോ നിർബന്ധിക്കുന്നതിനായി ഏതെങ്കിലും ആളെ ആൾമോഷണമോ ആളപഹരണമോ ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾമോഷണത്തിനോ ആളപഹരണത്തിനോ ശേഷം ഒരാളെ തടങ്കലിൽ വയ്ക്കുകയും അങ്ങനെയുള്ള ആളെ മരണപ്പെടുത്തുമെന്നോ ദേഹോപദ്രവം ചെയ്യുമെന്നോ ഭീഷണി പ്പെടുത്തുകയും ചെയ്യുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളെ മരണപ്പെടുത്താമെന്നോ ദേഹോപദ്രവം ചെയ്യാമെന്നോ ന്യായമായ ഒരു ആശങ്ക തന്റെ പെരുമാറ്റം വഴി ഉളവാക്കാൻ ഇടയാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളെ ദേഹോപദ്രവം ചെയ്യുകയോ മരണപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും മരണശിക്ഷയോ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) ഏതെങ്കിലും ആളെ, രഹസ്യമായും അന്യായമായും തടഞ്ഞുവയ്ക്കപ്പെടുവാൻ ഇടയാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാളെ ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) ഏതെങ്കിലും ആളെ, കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയോ അടിമത്തത്തിനോ ഏതെങ്കിലും ആളുടെ അസ്വാഭാവിക കാമത്തിനോ വിധേയനാക്കുന്നതായ അപകടത്തിലാക്കുന്നവിധം അങ്ങനെയുള്ള ആൾ വിധേയനാക്കപ്പെടുകയോ അപ്രകാരം നീക്കം ചെയ്യപ്പെടുകയോ ചെയ്യുന്നതിനുവേണ്ടിയോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ അപ്രകാരം വിധേയനാക്കപ്പെടാനോ നീക്കം ചെയ്യപ്പെടാനോ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വിദേശരാജ്യത്തുനിന്ന് പെൺകുട്ടിയെയോ ആൺ കുട്ടിയെയോ കൊണ്ടു വരുന്നത്.

141. മറ്റൊരാളുമായുള്ള അവിഹിതസംഗത്തിന് പെൺകുട്ടിയെയോ ആൺകുട്ടിയെയോ നിർബന്ധിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ ആ പെൺകുട്ടിയോ ആൺകുട്ടിയോ അങ്ങനെയാകുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഇരുപത്തിയൊന്ന് വയസ്സിന് താഴെ പ്രായമുള്ള ഏതെങ്കിലും പെൺകുട്ടിയെയോ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള ഏതെങ്കിലും ആൺകുട്ടിയെയോ ഇൻഡ്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്തുനിന്ന് ഇൻഡ്യയിലേക്ക് കൊണ്ടുവരുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ആൾമോഷണമോ ആളപഹരണമോ ചെയ്യപ്പെട്ട ആളെ അന്യായമായി ഒളിപ്പിച്ചു വയ്ക്കുകയോ തടഞ്ഞു വയ്ക്കുകയോ ചെയ്യുന്നത്.

142. ഏതെങ്കിലും ആൾ, ആൾമോഷണം ചെയ്യപ്പെടുകയോ ആളപഹരണം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ആളെ അന്യായമായി ഒളിപ്പിച്ചുവയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ തടഞ്ഞു വയ്ക്കപ്പെട്ട അങ്ങനെയുള്ള ആളെ ഒളിപ്പിച്ചുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുന്നത് അല്ലെങ്കിൽ ചെയ്യുന്നതിനുവേണ്ടിയുള്ള അതേ ഉദ്ദേശ്യത്തോടോ അറിവോടോ കൂടി അല്ലെങ്കിൽ അതേ ആവശ്യത്തിനു വേണ്ടി അങ്ങനെയുള്ള ആളെ, അയാൾ ആൾമോഷണമോ ആളപഹരണമോ ചെയ്തിരുന്നാലെന്ന അതേ രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്.

ആളെ കടത്ത്.

143. (1) ഒരാളെയോ അല്ലെങ്കിൽ ആളുകളെയോ ചൂഷണത്തിനായി,—

(ക) ഭീഷണിയിലൂടെയോ; അല്ലെങ്കിൽ

(ഖ) ബലപ്രയോഗത്താലോ മറ്റേതെങ്കിലും തരത്തിലുള്ള ബലാൽക്കാരത്താലോ; അല്ലെങ്കിൽ

(ഗ) ആളപഹരണത്താലോ; അല്ലെങ്കിൽ

(ഘ) വഞ്ചനയോ ചതിപ്രയോഗത്തിലൂടെയോ; അല്ലെങ്കിൽ

(ങ) അധികാര ദുർവിനിയോഗത്തിലൂടെയോ; അല്ലെങ്കിൽ

(ച) നിയമിക്കപ്പെട്ടതോ കടത്തപ്പെട്ടതോ അഭയം നൽകപ്പെട്ടതോ മാറ്റപ്പെട്ടതോ സ്വീകരിക്കപ്പെട്ടതോ ആയ ആളുടെ മേൽ നിയന്ത്രണമുള്ള ഏതെങ്കിലും ആളുടെ സമ്മതം നേടുന്നതിനായി പണമോ

ആനുകൂല്യങ്ങളോ നൽകുകയോ സ്വീകരിക്കുകയോ ചെയ്യുന്നതുൾപ്പെടെയുളള പ്രലോഭനത്തിലൂടെയോ,

നിയമിക്കുകയോ കൊണ്ടുപോവുകയോ അഭയം നൽകുകയോ കൈമാറ്റം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും കടത്ത് എന്ന കുറ്റം ചെയ്യുന്നു.

*വിശദീകരണം* 1.— "ചൂഷണം" എന്ന പദപ്രയോഗത്തിൽ ശാരീരിക ചൂഷണത്തിനുള്ള ഏതെങ്കിലും കൃത്യമോ ഏതെങ്കിലും തരത്തിലുള്ള ലൈംഗികചൂഷണമോ അടിമത്തമോ അല്ലെങ്കിൽ അടിമത്തത്തിനോ ദാസ്യത്തിനോ ഭിക്ഷാടനത്തിനോ സമാനമായ സമ്പ്രദായങ്ങളോ അല്ലെങ്കിൽ അവയവങ്ങൾ നിർബന്ധിതമായി നീക്കംചെയ്യലോ ഉൾപ്പെടുന്നതുമാകുന്നു.

*വിശദീകരണം* 2.— കടത്ത് എന്ന കുറ്റം നിർണ്ണയിക്കുന്നതിൽ ഇരയുടെ സമ്മതം അപ്രസക്തമാണ്.

(2) കടത്ത് എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) ഒന്നിലധികം ആളുകളുടെ കടത്ത് ഉൾപ്പെടുന്ന കുറ്റത്തിന് പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) ഒരു കുട്ടിയുടെ കടത്ത് ഉൾപ്പെടുന്ന കുറ്റത്തിന് പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) ഒന്നിലധികം കുട്ടികളുടെ കടത്ത് ഉൾപ്പെടുന്ന കുറ്റത്തിന് പതിന്നാല് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) ഒന്നിലധികം അവസരങ്ങളിൽ ഒരു കുട്ടിയെ കടത്തുന്ന കുറ്റത്തിന് ഒരാൾ ശിക്ഷിക്കപ്പെട്ടാൽ, അങ്ങനെയുള്ള ആൾക്ക് ജീവപര്യന്തത്തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ബാക്കി കാലത്തേക്കുള്ള തടവ് എന്നർഥമാകുന്നതും, പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(7) ഒരു പബ്ലിക് സർവന്റോ ഒരു പോലീസ് ഓഫീസറോ ഏതെങ്കിലും ആളെ കടത്തുന്നതിൽ ഏർപ്പെടുമ്പോൾ, അങ്ങനെയുള്ള പബ്ലിക് സർവന്റോ പോലീസ് ഓഫീസറോ ജീവപര്യന്തത്തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ ബാക്കി കാലത്തേക്കുള്ള തടവ് എന്നർഥമാകുന്നതും, പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കടത്തപ്പെട്ട ആളെ ചൂഷണം ചെയ്യുന്നത്.

144. (1) ഒരു കുട്ടിയെ കടത്തപ്പെട്ടതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും രീതിയിൽ അങ്ങനെയുള്ള കുട്ടിയെ ലൈംഗികചൂഷണത്തിന് ഏർപ്പെടുത്തുന്ന ഏതൊരാളും അഞ്ച് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെ ടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) ഒരാളെ കടത്തപ്പെട്ടതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും രീതിയിൽ അങ്ങനെയുള്ള ആളെ ലൈംഗികചൂഷണത്തിന് ഏർപ്പെടുത്തുന്ന ഏതൊരാളും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

പതിവായുള്ള അടിമ വ്യാപാരം.

145. അടിമകളെ പതിവായി ഇറക്കുമതിചെയ്യുകയോ കയറ്റുമതി ചെയ്യുകയോ നീക്കംചെയ്യുകയോ വിലയ്ക്ക് വാങ്ങുകയോ വിൽക്കുകയോ കടത്തുകയോ അല്ലെങ്കിൽ ഇടപാട് നടത്തുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

146. ഏതെങ്കിലും ആളെ അയാളുടെ ഇച്ഛയ്ക്കെതിരായി തൊഴിൽ ചെയ്യുവാൻ നിയമവിരുദ്ധമായി നിർബന്ധിക്കുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നിയമവിരുദ്ധമായി നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ.

## അധ്യായം VII

## സ്റ്റേറ്റിന് എതിരായ കുറ്റങ്ങളെക്കുറിച്ച്

147. ഇൻഡ്യാ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുകയോ അങ്ങനെ യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ അങ്ങനെ യുദ്ധം ചെയ്യുന്നതിന് പ്രേരണ നൽകുകയോ ചെയ്യുന്ന ഏതൊരാളും മരണശിക്ഷയോ അല്ലെങ്കിൽ ജീവപര്യന്തത്തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഇൻഡ്യാ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുകയോ യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ യുദ്ധം ചെയ്യുന്നതിന് പ്രേരണ നൽകുകയോ ചെയ്യുന്നത്.

*ദൃഷ്ടാന്തം*

ക, ഇൻഡ്യാ ഗവൺമെന്റിനെതിരായി ഒരു കലാപത്തിൽ ചേരുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

148. ഇൻഡ്യയ്ക്കകത്തോ പുറത്തോ, 147–ാം വകുപ്പുപ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യുവാൻ ഗൂഢാലോചന നടത്തുകയോ അല്ലെങ്കിൽ കേന്ദ്രസർക്കാരിനെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിനെയോ, കുറ്റകരമായ ബലപ്രയോഗത്താലോ അല്ലെങ്കിൽ കുറ്റകരമായ ബലപ്രയോഗപ്രകടനത്താലോ ഭയപ്പെടുത്തുവാൻ ഗൂഢാലോചന നടത്തുകയോ ചെയ്യുന്ന ഏതൊരാളും, ജീവപര്യന്ത ത്തടവോ അല്ലെങ്കിൽ പത്ത് വർഷംവരെയാകാവുന്ന, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും, പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

147–ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ഗൂഢാലോചന.

*വിശദീകരണം.—* ഈ വകുപ്പിൻകീഴിലുള്ള ഒരു ഗൂഢാലോചനയായിത്തീരുന്നതിന് അതേത്തുടർന്ന് ഏതെങ്കിലും കൃത്യമോ നിയമവിരുദ്ധമായ കൃത്യവിലോപമോ നടന്നിരിക്കണമെന്നത് ആവശ്യമില്ല.

ഇൻഡ്യാ ഗവൺമെന്റി നെതിരായി യുദ്ധം ചെയ്യണ മെന്ന ഉദ്ദേശ്യത്തോടു കൂടി ആയുധ ങ്ങളും മറ്റും ശേഖരിക്കു ന്നത്.

149. ഇൻഡ്യാ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യണമെന്നോ അല്ലെങ്കിൽ യുദ്ധം ചെയ്യുന്നതിന് ഒരുക്കം കൂട്ടണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി ആളുകളെയോ ആയുധങ്ങളോ വെടിക്കോപ്പുകളോ ശേഖരിക്കുകയോ യുദ്ധം ചെയ്യുവാനായി മറ്റുപ്രകാരത്തിൽ ഒരുക്കം കൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

യുദ്ധം ചെയ്യുന്ന തിനുള്ള പദ്ധതി സുകരമാക്ക ണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടി ഒളിച്ചു വയ്ക്കുന്നത് .

150. ഇൻഡ്യാ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് ഒളിച്ചുവയ്ക്കുന്നത് അങ്ങനെയുള്ള യുദ്ധം ചെയ്യൽ സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അങ്ങനെയുള്ള ഒളിച്ചുവയ്ക്കൽ സുകരമാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ ഒളിച്ചുവയ്ക്കുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

നിയമപരമായ ഏതെങ്കിലും അധികാരം വിനിയോഗി ക്കുവാൻ നിർബ ന്ധിക്കുകയോ വിനിയോഗി ക്കുന്നത് തടസ്സം ചെയ്യുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടു കൂടി രാഷ്ട്രപതി, ഗവർണ്ണർ മുതലായവരെ കൈയേറ്റം ചെയ്യുന്നത്.

151. ഇൻഡ്യയുടെ രാഷ്ട്രപതിയെയോ ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറെയോ അങ്ങനെയുള്ള രാഷ്ട്രപതിയുടെയോ ഗവർണ്ണറുടെയോ നിയമപരമായ ഏതെങ്കിലും അധികാരങ്ങൾ, ഏതെങ്കിലും രീതിയിൽ വിനിയോഗിക്കുകയോ വിനിയോഗിക്കാതിരിക്കുകയോ ചെയ്യുന്നതിനെ പ്രചോദിപ്പിക്കുകയോ ചെയ്യുവാൻ നിർബന്ധിക്കുകയോ, ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള രാഷ്ട്രപതിയെയോ ഗവർണ്ണറെയോ കൈയേറ്റം ചെയ്യുകയോ അന്യായമായി തടസ്സം ചെയ്യുകയോ അന്യായ മായി തടസ്സം ചെയ്യുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ കുറ്റകരമായ ബലപ്രയോഗത്താലോ കുറ്റകരമായ ബലപ്രയോഗപ്രകടനത്താലോ ഭയപ്പെടുത്തുകയോ അപ്രകാരം ഭയപ്പെടുത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

152. മനഃപ്പൂർവമായോ അറിവോടുകൂടിയോ, പറയപ്പെട്ടതോ എഴുതപ്പെട്ടതോ ആയ വാക്കുകളിലൂടെയോ, അടയാളങ്ങളിലൂടെയോ, ദൃശ്യമായ പ്രാതിനിധ്യത്തിലൂടെയോ ഇലക്ട്രോണിക് ആശയവിനിമയത്തിലൂടെയോ സാമ്പത്തികമാർഗത്തിലൂടെയോ അല്ലെങ്കിൽ മറ്റുവിധത്തിലോ, വിട്ടുപോകലിനെയോ സായുധകലാപത്തെയോ അട്ടിമറി പ്രവർത്തനങ്ങളെയോ ഉത്തേജിപ്പിക്കുകയോ ഉത്തേജിപ്പിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ വിഘടനവാദ പ്രവർത്തനങ്ങളുടെ വികാരങ്ങളെ പ്രോത്സാഹിപ്പിക്കുകയോ ഇൻഡ്യയുടെ പരമാധികാരത്തെയോ ഐക്യത്തെയോ അഖണ്ഡതയെയോ അപകടത്തിലാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിൽ ഏർപ്പെടുകയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴ് വർഷംവരെയാകാവുന്ന തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഇൻഡ്യയുടെ പരമാധികാരത്തെയും ഐക്യത്തെയും അഖണ്ഡതയെയും അപകടപ്പെടുത്തുന്ന കൃത്യം.

*വിശദീകരണം.*— ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങളെ പ്രകോപിപ്പിക്കുകയോ പ്രകോപിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യാതെ നിയമപരമായ മാർഗങ്ങളിലൂടെ അവയ്ക്ക് വ്യത്യാസമുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിന്റെ നടപടികളെയോ, അല്ലെങ്കിൽ ഭരണപരമായതോ മറ്റ് പ്രവർത്തനത്തെയോ നിരാകരിച്ചുകൊണ്ട് പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ഈ വകുപ്പിൻകീഴിൽ ഒരു കുറ്റമാകുന്നതല്ല.

153. ഇൻഡ്യാ ഗവൺമെന്റുമായി സമാധാനത്തിൽ കഴിയുന്ന ഏതെങ്കിലും വിദേശരാജ്യത്തിന്റെ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുകയോ അങ്ങനെയുള്ള യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ അങ്ങനെയുള്ള യുദ്ധം ചെയ്യുവാൻ പ്രേരണ നൽശുകയോ ചെയ്യുന്ന ഏതൊരാളും പിഴയും കൂടി ചേർക്കാവുന്നതായ ജീവപര്യന്തത്തടവോ പിഴയും കൂടി ചേർക്കാവുന്നതായ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവോ പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഇൻഡ്യാ ഗവൺമെന്റുമായി സമാധാനത്തിൽ കഴിയുന്ന ഏതെങ്കിലും വിദേശ രാജ്യത്തിന്റെ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്യുന്നത്.

ഇൻഡ്യാ ഗവൺമെന്റുമായി സമാധാനത്തിൽ കഴിയുന്ന വിദേശ രാജ്യത്തിന്റെ ഭൂപ്രദേശങ്ങളിൽ കൊള്ളയടിക്കുന്നത്.

154. ഇൻഡ്യാ ഗവൺമെന്റുമായി സമാധാനത്തിൽ കഴിയുന്ന ഏതെങ്കിലും വിദേശരാജ്യത്തിന്റെ ഭൂപ്രദേശങ്ങളിൽ കൊള്ളയടിക്കുകയോ കൊള്ളയടിക്കുവാൻ ഒരുക്കം കൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും, അങ്ങനെ കൊള്ളയടിക്കുന്നതിന് ഉപയോഗിച്ചതോ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചതോ അല്ലെങ്കിൽ അങ്ങനെയുള്ള കൊള്ളയടിക്കൽ വഴി ആർജിച്ചതോ ആയ ഏതെങ്കിലും വസ്തു കണ്ടുകെട്ടലിന് വിധേയമാകുന്നതുമാണ്.

153 ഉം 154 ഉം വകുപ്പുകളിൽ പ്രസ്താവിച്ച യുദ്ധത്താലോ കൊള്ളയടിയാലോ എടുത്ത വസ്തു സ്വീകരിക്കുന്നത്.

155. 153 ഉം 154 ഉം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യുന്നതിൽനിന്ന് എടുത്തതാണെന്ന് അറിഞ്ഞുകൊണ്ട് ഏതെങ്കിലും വസ്തു സ്വീകരിക്കുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും അങ്ങനെ സ്വീകരിച്ച വസ്തു കണ്ടുകെട്ടലിന് വിധേയമാകുന്നതുമാണ്.

പബ്ലിക് സർവന്റ് രാജ്യത്തിന്റെയോ യുദ്ധത്തിന്റെയോ തടവുകാരനെ രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്നത്.

156. ഒരു പബ്ലിക് സർവന്റായതും ഏതെങ്കിലും രാജ്യത്തടവുകാരന്റെയോ യുദ്ധത്തടവുകാരന്റെയോ കസ്റ്റഡിയുള്ളവനും ആയിരിക്കവേ, അങ്ങനെയുള്ള തടവുകാരനെ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും സ്ഥലത്തുനിന്ന് രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

പബ്ലിക് സർവന്റ് തന്റെ ഉപേക്ഷയാൽ അങ്ങനെയുള്ള തടവുകാരൻ രക്ഷപ്പെടുവാൻ ഇടയാക്കുന്നത്.

157. ഒരു പബ്ലിക് സർവന്റായതും ഏതെങ്കിലും രാജ്യത്തടവുകാരന്റെയോ യുദ്ധത്തടവുകാരന്റെയോ കസ്റ്റഡിയുള്ളവനും ആയിരിക്കവേ, അങ്ങനെയുള്ള തടവുകാരനെ തടങ്കലിൽ വച്ചിരിക്കുന്ന ഏതെങ്കിലും സ്ഥലത്തുനിന്ന് രക്ഷപ്പെടുവാൻ ഉപേക്ഷവഴി ഇടയാക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

158. ഏതെങ്കിലും രാജ്യത്തടവുകാരനെയോ യുദ്ധത്തടവുകാരനെയോ നിയമപരമായുള്ള സൂക്ഷിപ്പിൽനിന്ന് രക്ഷപ്പെടുന്നതിന് അറിഞ്ഞുകൊണ്ട് സഹായമോ തുണയോ നൽകുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും തടവുകാരനെ രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ നിയമപരമായുള്ള സൂക്ഷിപ്പിൽ നിന്ന് രക്ഷപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും തടവുകാരന് അഭയം നൽകുകയോ ഒളിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തടവുകാരനെ തിരികെ പിടിക്കുന്നത് ഏതെങ്കിലും വിധത്തിൽ എതിർക്കുകയോ എതിർക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

അങ്ങനെയുള്ള തടവുകാരനെ രക്ഷപ്പെടുവാൻ സഹായിക്കുകയോ രക്ഷപ്പെടുത്തുകയോ അഭയം നൽകുകയോ ചെയ്യുന്നത്.

*വിശദീകരണം.*— ഇൻഡ്യയുടെ ചില അതിർത്തികൾക്കുള്ളിൽ അയാളുടെ പരോളിന്മേൽ മോചനം അനുവദിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്തടവുകാരനോ യുദ്ധത്തടവുകാരനോ, തനിക്ക് സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ള അതിർത്തികൾക്ക് പുറത്തുപോകുന്നുവെങ്കിൽ നിയമപരമായുള്ള സൂക്ഷിപ്പിൽനിന്ന് രക്ഷപ്പെടുന്നതായി പറയപ്പെടുന്നു.

## അധ്യായം VIII

### കരസേനയും നാവികസേനയും വ്യോമസേനയും സംബന്ധിച്ച കുറ്റങ്ങളെക്കുറിച്ച്

159. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഒരു ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ചെയ്യുന്ന കലാപത്തിന് പ്രേരണ നൽശുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഓഫീസറെയോ സൈനികനെയോ നാവികനെയോ വൈമാനികനെയോ അയാളുടെ വിധേയത്വത്തിൽ നിന്നോ അയാളുടെ കർത്തവ്യത്തിൽ നിന്നോ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കലാപത്തിന് പ്രേരണ നൽകുകയോ അല്ലെങ്കിൽ ഒരു സൈനികനെയോ നാവികനെയോ വൈമാനികനെയോ അയാളുടെ കർത്തവ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്.

കലാപത്തിന് പ്രേരണ നൽകൽ, അതിന്റെ അനന്തര ഫലമായി കലാപം ചെയ്യപ്പെടുന്നുവെങ്കിൽ.

160. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഒരു ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ചെയ്യുന്ന കലാപത്തിന് പ്രേരണ നൽകുന്ന ഏതൊരാളും ആ പ്രേരണനൽകലിന്റെ അനന്തരഫലമായി കലാപം ചെയ്യപ്പെടുന്നുവെങ്കിൽ, മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

സൈനികനോ നാവികനോ വൈമാനികനോ തന്റെ ഔദ്യോഗിക കർത്തവ്യം നിർവഹിച്ചുകൊണ്ടിരിക്കുന്ന മേലുദ്യോഗസ്ഥനെ കൈയേറ്റം ചെയ്യുന്നതിന് പ്രേരണ നൽകൽ.

161. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവിക സേനയിലോ വ്യോമസേനയിലോ ഉള്ള ഒരു ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ഏതെങ്കിലും മേലുദ്യോഗസ്ഥനെ തന്റെ ഔദ്യോഗിക കർത്തവ്യം നിർവഹിച്ചുകൊണ്ടിരിക്കവേ കൈയേറ്റം ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കൈയേറ്റം ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള കൈയേറ്റത്തിന് പ്രേരണ നൽകൽ.

162. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഒരു ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ഏതെങ്കിലും മേലുദ്യോഗസ്ഥനെ, തന്റെ ഔദ്യോഗിക കർത്തവ്യം നിർവഹിച്ചുകൊണ്ടിരിക്കവെ കൈയേറ്റം ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും, ആ പ്രേരണ നൽകലിന്റെ അനന്തരഫലമായി അങ്ങനെയുള്ള കൈയേറ്റം ചെയ്യപ്പെടുന്നുവെങ്കിൽ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

സൈനികനോ നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നൽകൽ.

163. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

164. ഇതിനുശേഷം ഒഴിവാക്കപ്പെട്ടിട്ടുള്ള വിധത്തിലൊഴികെ ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്തിരിക്കുന്നുവെന്ന് അറിഞ്ഞിട്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, അങ്ങനെയുള്ള ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ അഭയം നൽകുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഡെസർട്ട് ചെയ്തയാൾക്ക് അഭയം നൽകുന്നത്.

*അപവാദം.–* ഡെസർട്ട് ചെയ്തയാളുടെ ജീവിതപങ്കാളി അഭയം നൽകുന്ന സംഗതിയിലേക്ക് ഈ വ്യവസ്ഥ വ്യാപിക്കുന്നതല്ല.

165. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ നിന്ന് ഡെസർട്ട് ചെയ്ത ഏതെങ്കിലും ആൾ ഒളിച്ചിരിക്കുന്ന ഒരു കച്ചവടക്കപ്പലിന്റെ മാസ്റ്റർ അല്ലെങ്കിൽ ചാർജ് വഹിക്കുന്ന ആൾ, അങ്ങനെ ഒളിച്ചിരിക്കുന്നതിനെപ്പറ്റി അജ്ഞനാണെങ്കിലും അങ്ങനെയുള്ള മാസ്റ്റർ അല്ലെങ്കിൽ ചാർജ് വഹിക്കുന്ന ആൾ എന്ന നിലയ്ക്കുള്ള തന്റെ കർത്തവ്യത്തിന്റെ ഏതെങ്കിലും ഉപേക്ഷയുടെയോ കപ്പലിൽ വച്ചുള്ള ഏതെങ്കിലും അച്ചടക്കമില്ലായ്മയുടെയോ അഭാവത്തിൽ അങ്ങനെ ഒളിച്ചുവച്ചിരിക്കുന്നത് തനിക്ക് അറിയുവാൻ കഴിയുമായിരുന്നുവെങ്കിൽ മൂവായിരം രൂപയിൽ കവിയാത്ത ഒരു പിഴശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

ഡെസർട്ട് ചെയ്തയാൾ കച്ചവടക്കപ്പലിൽ അതിന്റെ മാസ്റ്ററുടെ ഉപേക്ഷമൂലം ഒളിച്ചിരിക്കുന്നത്.

166. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവിക സേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഓഫീസറിന്റെയോ സൈനികന്റെയോ നാവികന്റെയോ വൈമാനികന്റെയോ ധിക്കാരപരമായതാണെന്ന് തനിക്ക് അറിയാവുന്ന ഒരു കൃത്യത്തിന് പ്രേരണ നൽകുന്ന ഏതൊരാളും, ആ പ്രേരണ നൽകലിന്റെ അനന്തരഫലമായി അങ്ങനെയുള്ള ധിക്കാരപരമായ കൃത്യം ചെയ്യപ്പെടുന്നുവെങ്കിൽ, രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

സൈനികന്റെയോ നാവികന്റെയോ വൈമാനികന്റെയോ ധിക്കാരപരമായ കൃത്യത്തിന് പ്രേരണ നൽകൽ.

ചില ആക്റ്റുകൾക്ക് വിധേയരായ ആളുകൾ.

167. വ്യോമസേന ആക്റ്റ്, 1950 (1950–ലെ 45) നോ കരസേന ആക്റ്റ്, 1950 (1950–ലെ 46) നോ നാവികസേന ആക്റ്റ്, 1957 (1957–ലെ 62) നോ വിധേയനായ യാതൊരാളും ഈ അധ്യായത്തിൽ നിർവചിച്ച കുറ്റങ്ങളിൽ ഏതിനെങ്കിലും ഈ സംഹിതയിൻകീഴിൽ ശിക്ഷയ്ക്ക് വിധേയനാകുന്നതല്ല.

സൈനികനോ നാവികനോ വൈമാനികനോ ഉപയോഗിക്കാറുള്ള ഉടുപ്പ് ധരിക്കുകയോ ടോക്കൺ കൊണ്ടു നടക്കുകയോ ചെയ്യുന്നത്.

168. ഇൻഡ്യാ ഗവൺമെന്റിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ സേവനമനുഷ്ഠിക്കുന്ന സൈനികനോ നാവികനോ വൈമാനികനോ അല്ലാതിരിക്കേ, താൻ അങ്ങനെയുള്ള സൈനികനോ നാവികനോ വൈമാനികനോ ആണെന്ന് വിശ്വസിക്കപ്പെടണംമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള ഒരു സൈനികനോ നാവികനോ വൈമാനികനോ ഉപയോഗിക്കാറുള്ള ഏതെങ്കിലും ഉടുപ്പിനോ ടോക്കണോ സദൃശമായ ഏതെങ്കിലും ഉടുപ്പ് ധരിക്കുകയോ ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ രണ്ടായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം IX
## തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച കുറ്റങ്ങളെക്കുറിച്ച്

സ്ഥാനാർഥി, തിരഞ്ഞെടുപ്പവകാശം എന്നിവയുടെ നിർവചനം.

169. ഈ അധ്യായത്തിന്റെ ആവശ്യങ്ങൾക്കായി–

(ക) "സ്ഥാനാർഥി" എന്നാൽ ഏതെങ്കിലും തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥിയായി നാമനിർദേശം ചെയ്യപ്പെട്ട ഒരാൾ എന്നർഥമാകുന്നു;

(ഖ) "തിരഞ്ഞെടുപ്പ് അവകാശം" എന്നാൽ ഒരു തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥിയായി നിൽക്കുവാനോ നിൽക്കാതിരിക്കുവാനോ സ്ഥാനാർഥിത്വം പിൻവലിക്കുവാനോ അല്ലെങ്കിൽ വോട്ടുചെയ്യുവാനോ വോട്ടുചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുവാനോ ഒരാൾക്കുള്ള അവകാശമെന്ന് അർഥമാകുന്നു.

കൈക്കൂലി ക്കുറ്റം

170. (1) (i) ഏതെങ്കിലും ആൾക്ക് ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിന് അയാളെയോ മറ്റേതെങ്കിലും ആളെയോ പ്രചോദിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം വിനിയോഗിച്ചതിന് ഏതെങ്കിലും ആൾക്ക് പ്രതിഫലം നൽകുകയോ

ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പാരിതോഷികം നൽകുകയോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഏതെങ്കിലും അവകാശം വിനിയോഗിക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം വിനിയോഗിക്കുവാൻ മറ്റേതെങ്കിലും ആളെ പ്രചോദിപ്പിക്കുകയോ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിനോ ഉള്ള ഒരു പ്രതിഫലമായി ഏതെങ്കിലും പാരിതോഷികം തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്കുവേണ്ടിയോ സ്വീകരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും കൈക്കൂലിക്കുറ്റം എന്ന കുറ്റം ചെയ്യുന്നു:

എന്നാൽ പൊതുനയത്തിന്റെ ഒരു പ്രഖ്യാപനമോ പൊതുനടപടി എടുത്തുകൊള്ളാമെന്നുള്ള ഒരു വാഗ്ദാനമോ ഈ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റമാകുന്നതല്ല.

(2) ഒരു പാരിതോഷികം നൽകാമെന്ന് വാഗ്ദാനം ചെയ്യുകയോ സമ്മതിക്കുകയോ അല്ലെങ്കിൽ ലഭ്യമാക്കാമെന്ന് സമ്മതം നൽകുകയോ ലഭ്യമാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരാൾ ഒരു പാരിതോഷികം നൽകുന്നതായി കരുതപ്പെടേണ്ടതാണ്.

(3) ഒരു പാരിതോഷികം ലഭിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ അല്ലെങ്കിൽ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരാൾ ഒരു പാരിതോഷികം സ്വീകരിക്കുന്നതായി കരുതപ്പെടേണ്ടതും, താൻ ചെയ്യുവാൻ ഉദ്ദേശിക്കാത്ത എന്തെങ്കിലും ചെയ്യുവാനുള്ള ഒരു പ്രേരകമായോ അല്ലെങ്കിൽ താൻ ചെയ്തിട്ടില്ലാത്ത എന്തെങ്കിലും ചെയ്തതിനുള്ള ഒരു പ്രതിഫലമായോ ഒരു പാരിതോഷികം സ്വീകരിക്കുന്ന ആൾ ഒരു പ്രതിഫലമായി ആ പാരിതോഷികം സ്വീകരിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതുമാണ്.

തിരഞ്ഞെടുപ്പുകളിൽ അനുചിതമായ സ്വാധീനം ചെലുത്തൽ.

171. (1) ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം സ്വതന്ത്രമായി വിനിയോഗിക്കുന്നതിൽ സ്വേച്ഛയാ ഇടപെടുകയോ ഇടപെടുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുക എന്ന കുറ്റം ചെയ്യുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരുത്താതെ,-

(ക) ഏതെങ്കിലും സ്ഥാനാർഥിയെയോ വോട്ടറെയോ അല്ലെങ്കിൽ ഒരു സ്ഥാനാർഥിക്കോ വോട്ടർക്കോ താൽപര്യമുള്ള ഏതെങ്കിലും ആളെയോ ഏതെങ്കിലും വിധത്തിലുള്ള ക്ഷതി ഉളവാക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) ഒരു സ്ഥാനാർഥിയെയോ വോട്ടറെയോ അയാളോ അയാൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആളോ ദൈവീകമായ അപ്രീതിക്കോ ആധ്യാത്മികമായ ആക്ഷേപത്തിനോ പാത്രമാകുകയോ പാത്രമാക്കപ്പെടുകയോ ചെയ്യുമെന്ന് വിശ്വസിക്കുവാൻ പ്രചോദിപ്പിക്കുകയോ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ,

ചെയ്യുന്ന ഏതൊരാളും, (1)-ാം ഉപവകുപ്പിന്റെ അർഥത്തിൽ അങ്ങനെയുള്ള സ്ഥാനാർഥിയുടെയോ വോട്ടറുടെയോ തിരഞ്ഞെടുപ്പവകാശം സ്വതന്ത്രമായി വിനിയോഗിക്കുന്നതിൽ ഇടപെടുന്നതായി കരുതപ്പെടേണ്ടതാണ്.

(3) പൊതുനയത്തിന്റെ ഒരു പ്രഖ്യാപനമോ, പൊതുനടപടി എടുത്തുകൊള്ളാമെന്നുള്ള ഒരു വാഗ്ദാനമോ, തിരഞ്ഞെടുപ്പവകാശത്തിൽ ഇടപെടുവാനുള്ള ഉദ്ദേശ്യം കൂടാതെ നിയമപരമായ ഒരു അവകാശത്തിന്റെ കേവലമായ പ്രയോഗമോ ഈ വകുപ്പിന്റെ അർഥത്തിൽ ഇടപെടലായി കരുതപ്പെടേണ്ടതാണ്.

തിരഞ്ഞെടുപ്പുകളിൽ ആൾമാറാട്ടം

172. തിരഞ്ഞെടുപ്പിൽ മറ്റേതെങ്കിലും ആളുടെ പേരിലോ, ജീവിച്ചിരിക്കുന്നതോ മരിച്ചുപോയതോ ആയാലും കൽപ്പിതമായ പേരിലോ വോട്ടിങ്ങ് പേപ്പറിന് അപേക്ഷിക്കുകയോ വോട്ടുചെയ്യുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ ഒരു പ്രാവശ്യം വോട്ടുചെയ്തശേഷം, അതേ തിരഞ്ഞെടുപ്പിൽ തന്റെ പേരിൽ തന്നെ ഒരു വോട്ടിങ്ങ് പേപ്പറിന് അപേക്ഷിക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും ആൾ വോട്ടുചെയ്യുന്നതിന് പ്രേരണനൽകുകയോ വോട്ടുചെയ്യിപ്പിക്കുകയോ ചെയ്യിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും തിരഞ്ഞെടുപ്പിൽ ആൾമാറാട്ടം എന്ന കുറ്റം ചെയ്യുന്നു:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും തന്റെസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഒരു സമ്മതിദായകനുവേണ്ടി പ്രോക്സിയായി വോട്ടുചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരാൾക്ക്, അയാൾ അങ്ങനെയുള്ള സമ്മതിദായകനുവേണ്ടി ഒരു പ്രോക്സിയായി വോട്ടുചെയ്യുന്നിടത്തോളം, ബാധകമാകുന്നതല്ല.

കൈക്കൂലി ക്കുറ്റത്തിനുള്ള ശിക്ഷ.

173. കൈക്കൂലിക്കുറ്റം എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും ഒരു വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ സൽക്കാരരൂപത്തിലുള്ള കൈക്കൂലിക്കുറ്റത്തിന് പിഴ മാത്രം നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.–* ''സൽക്കാരം'' എന്നാൽ ഭക്ഷണമോ പാനീയമോ വിനോദമോ ഭക്ഷണപദാർഥമോ ഉൾപ്പെടുന്ന പാരിതോഷിക രൂപത്തിലുള്ള കൈക്കൂലിക്കുറ്റം എന്നർഥമാകുന്നു.

തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുന്നതിനോ ആൾ മാറാട്ടം നടത്തുന്നതിനോ ഉള്ള ശിക്ഷ.

174. ഒരു തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുന്നതോ ആൾമാറാട്ടം നടത്തുന്നതോ ആയ കുറ്റം ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വ്യാജ പ്രസ്താവന.

175. ഒരു തിരഞ്ഞെടുപ്പിന്റെ ഫലത്തെ ബാധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, ഏതെങ്കിലും സ്ഥാനാർഥിയുടെ വ്യക്തിപരമായ സ്വഭാവമോ പെരുമാറ്റമോ സംബന്ധിച്ച് വ്യാജവും വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും പ്രസ്താവന, ഒരു വസ്തുതാപരമായ പ്രസ്താവനയായി കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിയമവിരുദ്ധമായ പണം കൊടുക്കൽ.

176. ഒരു സ്ഥാനാർഥിയുടെ സാമാന്യമോ പ്രത്യേകമോ ആയ രേഖാമൂലമുള്ള അധികാരം കൂടാതെ, അങ്ങനെയുള്ള സ്ഥാനാർഥിയുടെ തിരഞ്ഞെടുപ്പ് പുരോഗമിപ്പിക്കുകയോ സാധ്യമാക്കുകയോ ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും പൊതുയോഗം നടത്തുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ

ഏതെങ്കിലും പരസ്യത്തിനോ സർക്കുലറിനോ പ്രസിദ്ധീകരണത്തിനോ വേണ്ടിയോ മറ്റേതെങ്കിലും വിധത്തിലോ, അത് എന്തുതന്നെയായാലും ചെലവുചെയ്യുകയോ ചെലവുചെയ്യുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും പതിനായിരംരൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ ഏതെങ്കിലും ആൾ പത്ത് രൂപയിൽ കവിയാത്ത തുക അങ്ങനെയുള്ള ഏതെങ്കിലും ചെലവുകൾ അധികാരം കൂടാതെ ചെയ്തിട്ട് അങ്ങനെയുള്ള ചെലവുകൾ നേരിട്ട തീയതി മുതൽ പത്ത് ദിവസത്തിനകം ആ സ്ഥാനാർഥിയുടെ രേഖാമൂലമായ അംഗീകാരം നേടുന്നുവെങ്കിൽ അയാൾ സ്ഥാനാർഥിയുടെ അധികാരത്തോടുകൂടെ അങ്ങനെയുള്ള ചെലവുകൾ ചെയ്തതായി കരുതപ്പെടേണ്ടതാണ്.

തിരഞ്ഞെടുപ്പ് കണക്കുകൾ വയ്ക്കാതിരിക്കൽ.

177. തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ നിയമപ്രാബല്യമുള്ള ഏതെങ്കിലും ചട്ടപ്രകാരമോ ഒരു തിരഞ്ഞെടുപ്പിലോ തിരഞ്ഞെടുപ്പ് സംബന്ധിച്ചോ നേരിട്ട ചെലവുകളുടെ കണക്കുകൾ വയ്ക്കേണ്ടതായിരിക്കേ, അങ്ങനെയുള്ള കണക്കുകൾ വയ്ക്കാതിരിക്കുന്ന ഏതൊരാളും അയ്യായിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

## അധ്യായം X

## നാണയവും കറൻസി നോട്ടുകളും ബാങ്ക് നോട്ടുകളും സർക്കാർ സ്റ്റാമ്പുകളും സംബന്ധിച്ച കുറ്റങ്ങളെക്കുറിച്ച്

നാണയത്തിന്റെയോ സർക്കാർ സ്റ്റാമ്പുകളുടെയോ കറൻസി നോട്ടുകളുടെയോ ബാങ്ക് നോട്ടുകളുടെയോ കപടാനുകരണം.

178. ഏതെങ്കിലും നാണയമോ റവന്യൂ ആവശ്യത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന സ്റ്റാമ്പോ കറൻസി നോട്ടോ ബാങ്ക് നോട്ടോ കപടാനുകരണം നടത്തിയുണ്ടാക്കുകയോ അല്ലെങ്കിൽ കപടാനുകരണം നടത്തിയുണ്ടാക്കുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം അറിഞ്ഞുകൊണ്ട് നിർവഹിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— ഈ അധ്യായത്തിന്റെ ആവശ്യങ്ങൾക്കായി,-

(1) "ബാങ്ക് നോട്ട്" എന്ന പദപ്രയോഗത്തിന് ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് ബാങ്കിങ്ങ് ബിസിനസ്സ് നടത്തുന്ന ഏതെങ്കിലും ആൾ പുറപ്പെടുവിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തിന്റെയോ പരമാധികാര ശക്തിയുടെയോ അധികാരത്തിൻ പ്രകാരമോ കീഴിലോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ളതും പണത്തിന് തുല്യമായോ പകരമായോ ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചിട്ടുള്ളതും ബെയററർക്ക് ആവശ്യപ്പെട്ടാൽ പണം കൊടുക്കേണ്ടതുമായ ഒരു പ്രോമിസറിനോട്ടോ ഉടമ്പടിയോ എന്നർഥമാകുന്നു;

(2) "നാണയം" എന്നതിന് കോയിനേജ് ആക്റ്റ്, 2011 (2011-ലെ 11)-ന്റെ 2-ാം വകുപ്പിൽ നൽകിയിട്ടുള്ള അതേ അർഥം ഉണ്ടായിരിക്കുന്നതും, തന്റസമയം പണമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും, അപ്രകാരം ഉപയോഗിക്കുവാൻവേണ്ടി ഏതെങ്കിലും രാജ്യത്തിന്റെയോ പരമാധികാര ശക്തിയുടെയോ അധികാരത്തിൻ പ്രകാരമോ കീഴിലോ മുദ്രവച്ച് പുറപ്പെടുവിച്ചിട്ടുള്ള ലോഹവും ഉൾപ്പെടുന്നതാകുന്നു;

(3) ഒരു മൂല്യത്തിലുള്ള ഒരു യഥാർഥ സ്റ്റാമ്പ് വ്യത്യസ്തമായ മൂല്യമുള്ള ഒരു യഥാർഥ സ്റ്റാമ്പ് എന്ന പോലെ തോന്നത്തക്കവിധത്തി ലുള്ളതാക്കി കപടാനുകരണം നടത്തുന്ന ഒരാൾ "സർക്കാർ സ്റ്റാമ്പിന്റെ കപടാനുകരണം" എന്ന കുറ്റം ചെയ്യുന്നു;

(4) കബളിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ അതുവഴി കബളിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഒരു യഥാർഥ നാണയം വ്യത്യസ്തമായ ഒരു നാണയം എന്നപോലെ തോന്നത്തക്ക വിധത്തിലുള്ളതാക്കുന്ന ഒരാൾ നാണയത്തിന്റെ കപടാനുകരണം എന്ന കുറ്റം ചെയ്യുന്നു;

(5) "നാണയത്തിന്റെ കപടാനുകരണം" എന്ന കുറ്റത്തിൽ നാണയത്തിന്റെ ഭാരം കുറയ്ക്കൽ അല്ലെങ്കിൽ നിർമ്മാണത്തിലെ വ്യത്യാസം അല്ലെങ്കിൽ നാണയത്തിന്റെ രൂപത്തിന്റെ വ്യത്യാസം എന്നിവ ഉൾപ്പെടുന്നു.

വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ നാണയമോ സർക്കാർ സ്റ്റാമ്പോ കറൻസി നോട്ടുകളോ ബാങ്ക് നോട്ടുകളോ യഥാർഥമായതെന്ന പോലെ ഉപയോഗിക്കുന്നത്.

179. വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ ഏതെങ്കിലും നാണയമോ സ്റ്റാമ്പോ കറൻസി നോട്ടോ ബാങ്ക് നോട്ടോ, അത് വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആണെന്ന് അറിഞ്ഞു കൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, കയറ്റുമതിയോ ഇറക്കുമതിയോ ചെയ്യുകയോ മറ്റേതെങ്കിലും ആൾക്ക് വിൽക്കുകയോ എത്തിച്ചുകൊടുക്കുകയോ മറ്റേതെങ്കിലും ആളിൽ നിന്ന് വിലയ്ക്ക് വാങ്ങുകയോ സ്വീകരിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ മറ്റുപ്രകാരത്തിൽ വ്യാപാരം ചെയ്യുകയോ അല്ലെങ്കിൽ അത് യഥാർഥമായ തെന്നപോലെ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്ത ടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ നാണയമോ സർക്കാർ സ്റ്റാമ്പോ കറൻസി നോട്ടുകളോ ബാങ്കു നോട്ടുകളോ കൈവശം വയ്ക്കുന്നത്.

180. വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ ഏതെങ്കിലും നാണയമോ സ്റ്റാമ്പോ കറൻസി നോട്ടോ ബാങ്ക് നോട്ടോ വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആണെന്ന് അറിഞ്ഞു കൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ യഥാർഥമായതെന്ന പോലെ ഉപയോഗിക്കണമെന്നോ ഉപയോഗിക്കപ്പെട്ടുകൊള്ളട്ടെ എന്നോ ഉദ്ദേശിച്ചുകൊണ്ട് അയാളുടെ കൈവശം വയ്ക്കുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെ ടേണ്ടതാണ്.

*വിശദീകരണം.*— വ്യാജനിർമ്മിതമോ കപടാനുകരണം നടത്തിയതോ ആയ നാണയമോ സ്റ്റാമ്പോ കറൻസി നോട്ടോ ബാങ്ക് നോട്ടോ കൈവശം വച്ചിരുന്നത് ഒരു നിയമപരമായ ഉറവിടത്തിൽ നിന്നാണെന്ന് ഒരാൾ സ്ഥാപിക്കുന്നുവെങ്കിൽ അത് ഈ വകുപ്പിൻകീഴിലെ ഒരു കുറ്റമാകുന്നതല്ല.

നാണയത്തിന്റെയോ സർക്കാർ സ്റ്റാമ്പിന്റെയോ കറൻസി നോട്ടിന്റെയോ ബാങ്ക് നോട്ടുകളുടെയോ വ്യാജനിർമ്മിതിക്കായോ കപടാനുകരണം നടത്തുന്നതിനായോ ഉള്ള ഉപകരണങ്ങളോ പദാർഥങ്ങളോ നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.

181. ഏതെങ്കിലും യന്ത്രസാമഗ്രികളോ അച്ചോ ഉപകരണമോ സാമഗ്രിയോ, ഏതെങ്കിലും നാണയമോ റവന്യൂ ആവശ്യത്തിലേക്കായി സർക്കാർ പുറപ്പെടുവിക്കുന്ന സ്റ്റാമ്പോ, ഏതെങ്കിലും നാണയമോ കറൻസി നോട്ടോ ബാങ്ക് നോട്ടോ വ്യാജനിർമ്മിതിക്കോ കപടാനുകരണം നടത്തുന്നതിനോ ഉള്ള ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ വേണ്ടിയോ അത് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന അറിവോടുകൂടിയോ

വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, നിർമ്മിക്കുകയോ കേടുപാട് തീർക്കുകയോ നിർമ്മാണത്തിന്റെയോ കേടുപാടുതീർക്കലിന്റെയോ പ്രക്രിയയുടെ ഏതെങ്കിലും ഭാഗം നിർവഹിക്കുകയോ അല്ലെങ്കിൽ വിലയ്ക്ക് വാങ്ങുകയോ വിൽക്കുകയോ വ്യയനം ചെയ്യുകയോ അയാളുടെ കൈവശമുള്ളതോ ആയ ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കറൻസി നോട്ടുകൾക്കോ ബാങ്ക് നോട്ടുകൾക്കോ സദൃശമായ രേഖകൾ നിർമ്മിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത്.

182. (1) ഏതെങ്കിലും കറൻസി നോട്ടോ ബാങ്ക് നോട്ടോ ആയി കരുതപ്പെടുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ഏതെങ്കിലും വിധത്തിൽ സദൃശമായതോ അല്ലെങ്കിൽ കബളിപ്പിക്കുവാൻ കണക്കാക്കിയ വിധം അത്രത്തോളം സദൃശമായതോ ആയ ഏതെങ്കിലും രേഖ നിർമ്മിക്കുകയോ നിർമ്മിക്കുവാൻ ഇടയാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആവശ്യത്തിന്, അത് എന്തുതന്നെയായാലും, ഉപയോഗിക്കുകയോ ഏതെങ്കിലും ആൾക്ക് കൈയേൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും മുന്നൂറ് രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ നിർമ്മിക്കുന്നത് കുറ്റമായിട്ടുള്ള ഒരു രേഖയിൽ പേര് കാണുന്നതായ ഏതെങ്കിലും ആൾ, അത് അച്ചടിക്കുകയോ മറ്റുവിധത്തിൽ നിർമ്മിക്കുകയോ ചെയ്ത ആളുടെ പേരും മേൽവിലാസവും, ഒരു പോലീസ് ഓഫീസർ ആവശ്യപ്പെടുമ്പോൾ വെളിപ്പെടുത്തുവാൻ നിയമപരമായ ന്യായീകരണം കൂടാതെ വിസമ്മതിക്കുന്നുവെങ്കിൽ, അയാൾ അറുന്നൂറ് രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഏതെങ്കിലും ആളുടെ പേര് കാണുന്നതായ, (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു കുറ്റം ഏതെങ്കിലും ആളിൽ ചാർജ് ചെയ്യപ്പെട്ടത് സംബന്ധിച്ച ഏതെങ്കിലും രേഖയോ അല്ലെങ്കിൽ ആ രേഖയുമായി ബന്ധപ്പെട്ട് ഉപയോഗിച്ചതോ വിതരണം നടത്തിയതോ ആയ മറ്റേതെങ്കിലും രേഖയോ, നിർമ്മിക്കുവാൻ ഇടയാക്കിയത് ആ ആളാണെന്ന്, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കാവുന്നതാണ്.

സർക്കാരിന് നഷ്ടം വരുത്തണ മെന്നുള്ള ഉദ്ദേശ്യത്തോടു കൂടി, സർക്കാർ സ്റ്റാമ്പുള്ള പദാർഥത്തിൽ നിന്ന് ലിഖിതം മായ്ച്ചു കളയുകയോ രേഖയിൽ നിന്ന് അതിനു വേണ്ടി ഉപയോഗി ച്ചിട്ടുള്ള സ്റ്റാമ്പ് നീക്കം ചെയ്യുകയോ ചെയ്യുന്നത്.

183. വഞ്ചനാപൂർവമായോ സർക്കാരിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, റവന്യൂ ആവശ്യത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്റ്റാമ്പോടുകൂടിയ ഏതെങ്കിലും പദാർഥത്തിൽ നിന്ന്, അങ്ങനെയുള്ള സ്റ്റാമ്പ് ഉപയോഗിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും ലിഖിതമോ രേഖയോ നീക്കം ചെയ്യുകയോ, മായ്ച്ചുകളയുകയോ അല്ലെങ്കിൽ ഏതെങ്കിലും ലിഖിതത്തിൽ നിന്നോ രേഖയിൽനിന്നോ അങ്ങനെയുള്ള ലിഖിതത്തിനോ രേഖയ്ക്കോ ഉപയോഗിച്ചിട്ടുള്ളതായ ഒരു സ്റ്റാമ്പ് നീക്കം ചെയ്യുകയോ, വ്യത്യസ്തമായ ഒരു ലിഖിതത്തിനോ രേഖയ്ക്കോ അങ്ങനെയുള്ള സ്റ്റാമ്പ് ഉപയോഗിക്കുന്നതിനുവേണ്ടി, ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മുമ്പ് ഉപയോഗി ച്ചതാണെന്ന് അറിയാവുന്ന സർക്കാർ സ്റ്റാമ്പ് ഉപയോ ഗിക്കുന്നത്.

184. റവന്യൂ ആവശ്യത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും, മുമ്പ് ഉപയോഗിച്ചതായി തനിക്ക് അറിയാവുന്നതുമായ ഒരു സ്റ്റാമ്പ് വഞ്ചനാ പൂർവമായോ സർക്കാരിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശ്യത്തോടു കൂടിയോ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേ തെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

സ്റ്റാമ്പ് ഉപയോഗി ക്കപ്പെട്ടതാ ണെന്ന് കുറിക്കുന്ന അടയാളം മായ്ച്ചു കളയൽ.

185. വഞ്ചനാപൂർവമായോ, സർക്കാരിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, റവന്യൂ ആവശ്യത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഒരു സ്റ്റാമ്പിൽനിന്ന് അത് ഉപയോഗിക്കപ്പെട്ടതാണെന്ന് സൂചിപ്പിക്കുന്നതിലേക്ക് അങ്ങനെയുള്ള സ്റ്റാമ്പിൽ ഇട്ടിട്ടുള്ളതോ പതിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചിഹ്നം മായ്ക്കുകയോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അടയാളം മായ്ക്കുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും സ്റ്റാമ്പ് അറിഞ്ഞുകൊണ്ട് കൈവശമുള്ളതായിരിക്കുകയോ വിൽക്കുകയോ വ്യയനം ചെയ്യുകയോ അല്ലെങ്കിൽ ഉപയോഗിക്കപ്പെട്ടതാണെന്ന് തനിക്ക് അറിയാവുന്ന അങ്ങനെയുള്ള ഏതെങ്കിലും സ്റ്റാമ്പ് വിൽക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന

കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

186. (1) (ക) ഏതെങ്കിലും കൃത്രിമമായ സ്റ്റാമ്പ് നിർമ്മിക്കുകയോ അറിഞ്ഞുകൊണ്ട് ചെലവാക്കുകയോ വ്യാപാരം ചെയ്യുകയോ വിൽക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കൃത്രിമമായ സ്റ്റാമ്പ് തപാൽ സംബന്ധിച്ച ഏതെങ്കിലും ആവശ്യത്തിനായി അറിഞ്ഞുകൊണ്ട് ഉപയോഗിക്കുകയോ; അല്ലെങ്കിൽ കൃത്രിമമായ സ്റ്റാമ്പുകളുടെ നിരോധനം.

(ഖ) ഏതെങ്കിലും കൃത്രിമമായ സ്റ്റാമ്പ് നിയമപരമായ ന്യായീകരണം കൂടാതെ അയാളുടെ കൈവശമുള്ളതായിരിക്കുകയോ വയ്ക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും കൃത്രിമമായ സ്റ്റാമ്പ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും അച്ചോ പ്ലേറ്റോ ഉപകരണമോ സാമഗ്രിയോ നിർമ്മിക്കുകയോ അല്ലെങ്കിൽ നിയമപരമായ ന്യായീകരണം കൂടാതെ അയാളുടെ കൈവശമുള്ളതായിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ഇരുന്നൂറ് രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഏതെങ്കിലും കൃത്രിമമായ സ്റ്റാമ്പ് നിർമ്മിക്കുന്നതിനുവേണ്ടി ഏതെങ്കിലും ആളുടെ കൈവശമുള്ള അങ്ങനെയുള്ള ഏതെങ്കിലും സ്റ്റാമ്പോ അച്ചോ പ്ലേറ്റോ ഉപകരണമോ സാമഗ്രിയോ പിടിച്ചെടുക്കപ്പെടാവുന്നതും, പിടിച്ചെടുക്കപ്പെടുന്നുവെങ്കിൽ കണ്ടുകെട്ടപ്പെടേണ്ടതുമാണ്.

(3) ഈ വകുപ്പിൽ "കൃത്രിമമായ സ്റ്റാമ്പ്" എന്നാൽ തപാൽ നിരക്ക് സൂചിപ്പിക്കുന്ന ആവശ്യത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണെന്ന് വ്യാജമായി കരുതപ്പെടണമെന്ന് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്റ്റാമ്പോ അല്ലെങ്കിൽ ആ ആവശ്യത്തിന് സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും സ്റ്റാമ്പിന്റെ കടലാസിലുള്ളതോ മറ്റുവിധത്തിലുള്ളതോ ആയ ഏതെങ്കിലും പ്രതിലിപിയോ അല്ലെങ്കിൽ അനുകരണമോ അല്ലെങ്കിൽ പ്രതിരൂപണമോ എന്ന് അർത്ഥമാകുന്നു.

(4) ഈ വകുപ്പിലും, 178 മുതൽ 181 വരെയുള്ള വകുപ്പുകളിലും (രണ്ടും ഉൾപ്പെടെ), 183 മുതൽ 185 വരെയുള്ള വകുപ്പുകളിലും (രണ്ടും ഉൾപ്പെടെ), "സർക്കാർ" എന്ന വാക്കിൽ, തപാൽ നിരക്ക് സൂചിപ്പിക്കുന്ന ആവശ്യത്തിലേക്ക് പുറപ്പെടുവിച്ചിരിക്കുന്ന ഏതെങ്കിലും സ്റ്റാമ്പിനെ സംബന്ധിച്ചോ പരാമർശിച്ചോ ഉപയോഗിക്കുമ്പോൾ, 2-ാം വകുപ്പിലെ (12)-ാം ഖണ്ഡത്തിൽ എന്തുതന്നെയായിരുന്നാലും, ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തോ അല്ലെങ്കിൽ ഏതെങ്കിലും വിദേശരാജ്യത്തോ നിർവാഹക ഭരണം നടത്തുന്നതിന് നിയമത്താൽ അധികാരപ്പെടുത്തപ്പെട്ട ആളോ ആളുകളോ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്.

കമ്മട്ടത്തിൽ നിയോജിക്കപ്പെട്ടിരിക്കുന്ന ആൾ നാണയം നിയമത്താൽ നിജപ്പെടുത്തിയിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായ തൂക്കത്തിലോ ഘടനയിലോ ഉള്ളതാക്കുന്നത്

187. ഇൻഡ്യയിൽ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കമ്മട്ടത്തിൽ നിയോജിതനായിരിക്കെ, ആ കമ്മട്ടത്തിൽനിന്ന് പുറപ്പെടുവിക്കുന്ന ഏതെങ്കിലും നാണയം നിയമത്താൽ നിജപ്പെടുത്തപ്പെട്ടിട്ടുള്ള തൂക്കത്തിലോ ഘടനയിലോ നിന്ന് വ്യത്യസ്തമായ തൂക്കത്തിലോ ഘടനയിലോ ഉള്ളതാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും കൃത്യം ചെയ്യുകയോ നിയമപ്രകാരം താൻ ചെയ്യുവാൻ ബാധ്യസ്ഥനായത് ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

നാണയം നിർമ്മിക്കുവാനുള്ള ഉപകരണം കമ്മട്ടത്തിൽനിന്ന് നിയമവിരുദ്ധമായി എടുക്കുന്നത്.

188. നാണയം നിർമ്മിക്കുന്നതിനുള്ള ഏതെങ്കിലും പണിയായുധമോ ഉപകരണമോ ഇൻഡ്യയിൽ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കമ്മട്ടത്തിൽനിന്ന്, നിയമപരമായ അധികാരം കൂടാതെ പുറത്തേക്ക് കൊണ്ടുപോകുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

# അധ്യായം XI

## പൊതുപ്രശാന്തിക്കെതിരായ കുറ്റങ്ങളെക്കുറിച്ച്

189. (1) അഞ്ചോ അതിലധികമോ ആളുകളുടെ ഒരു സംഘത്തിന്, ആ സംഘമായിത്തീരുന്ന ആളുകളുടെ പൊതു ഉദ്ദേശ്യം— നിയമവിരുദ്ധ സംഘം.

(ക) കേന്ദ്രസർക്കാരിനെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിനെയോ പാർലമെന്റിനെയോ ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെയോ ഏതെങ്കിലും പബ്ലിക് സർവന്റിനെയോ അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ നിയമപരമായുള്ള അധികാരം വിനിയോഗിക്കുന്നതിൽ കുറ്റകരമായ ബലപ്രയോഗത്താലോ കുറ്റകരമായ ബലപ്രയോഗപ്രകടനത്താലോ ഭയപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും നിയമമോ ഏതെങ്കിലും നിയമപ്രകാരമുള്ള പ്രോസസ്സോ നടത്തുന്നത് എതിർക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ദ്രോഹമോ കുറ്റകരമായ വസ്തു കൈയേറ്റമോ മറ്റ് കുറ്റമോ ചെയ്യുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ആളുടെ നേർക്കുള്ള കുറ്റകരമായ ബലപ്രയോഗത്താലോ കുറ്റകരമായ ബലപ്രയോഗപ്രകടനത്താലോ ഏതെങ്കിലും വസ്തു കൈവശം എടുക്കുകയോ ലഭിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ഒരു വഴിനടപ്പിനോ വെള്ളം ഉപയോഗിക്കുവാനോ ഉള്ള അവകാശമോ അയാളുടെ കൈവശത്തിലോ അനുഭവത്തിലോ ഉള്ള മറ്റ് അമൂർത്താവകാശമോ ഇല്ലാതാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും അവകാശമോ, ഉണ്ടെന്ന് കരുതപ്പെടുന്ന അവകാശമോ പ്രാവർത്തികമാക്കുകയോ; അല്ലെങ്കിൽ

(ങ) കുറ്റകരമായ ബലപ്രയോഗത്താലോ കുറ്റകരമായ ബലപ്രയോഗ പ്രകടനത്താലോ ഏതെങ്കിലും ആളെ, അയാൾ ചെയ്യുവാൻ നിയമപ്രകാരം ബാധ്യസ്ഥനല്ലാത്തത് ചെയ്യുവാനോ അല്ലെങ്കിൽ അയാൾക്ക് ചെയ്യുവാൻ നിയമപ്രകാരം അവകാശമുള്ളത് ചെയ്യാതിരിക്കുന്നതിനോ നിർബന്ധിക്കുകയോ,

ചെയ്യുക എന്നതാണെങ്കിൽ, ഒരു "നിയമവിരുദ്ധസംഘം" എന്ന് പേര് പറയുന്നു.

*വിശദീകരണം.–* സംഘം ചേർന്നപ്പോൾ നിയമവിരുദ്ധമല്ലാതിരുന്ന ഒരു സംഘം പിന്നീട് ഒരു നിയമവിരുദ്ധസംഘമായി തീരാവുന്നതാണ്.

(2) ഏതെങ്കിലും സംഘത്തെ ഒരു നിയമവിരുദ്ധസംഘം ആക്കുന്ന വസ്തുതകൾ അറിഞ്ഞിരിക്കെ ഉദ്ദേശ്യപൂർവം ആ സംഘത്തിൽ ചേരുകയോ അതിൽ തുടരുകയോ ചെയ്യുന്ന ഏതൊരാളും ഒരു നിയമവിരുദ്ധസംഘത്തിലെ ഒരു അംഗമാണെന്ന് പറയപ്പെടുന്നതും അങ്ങനെയുള്ള അംഗത്തെ ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(3) ഒരു നിയമവിരുദ്ധസംഘം പിരിഞ്ഞുപോകുവാൻ നിയമത്താൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് അങ്ങനെയുള്ള നിയമവിരുദ്ധസംഘത്തിൽ ചേരുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) ഏതെങ്കിലും മാരകായുധമോ അല്ലെങ്കിൽ കുറ്റത്തിനുള്ള ഒരു ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള എന്തെങ്കിലുമോ ധരിച്ച് ഒരു നിയമവിരുദ്ധസംഘത്തിലെ ഒരു അംഗമായ ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(5) പൊതുസമാധാനത്തിന് ഭംഗം വരുത്തുവാൻ ഇടയുള്ളതും അഞ്ചോ അതിലധികമോ ആളുകൾ ഉള്ളതുമായ ഏതെങ്കിലും സംഘത്തിൽ, അങ്ങനെയുള്ള സംഘം പിരിഞ്ഞുപോകുവാൻ നിയമാനുസൃതം ആജ്ഞാപിക്കപ്പെട്ടതിനുശേഷം അറിഞ്ഞുകൊണ്ട് ചേരുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.—* ആ സംഘം (1)-ാം ഉപവകുപ്പിന്റെ അർഥത്തിൽ ഒരു നിയമവിരുദ്ധസംഘമാണെങ്കിൽ കുറ്റക്കാരൻ (3)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷാർഹനാകുന്നതാണ്.

(6) ഏതെങ്കിലും ആളെ ഏതെങ്കിലും നിയമവിരുദ്ധസംഘത്തിൽ ചേരുന്നതിനോ ഒരു അംഗമാകുന്നതിനോ വേണ്ടി കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ, അല്ലെങ്കിൽ കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്യുന്നതിന് പ്രോൽസാഹിപ്പിക്കുകയോ മൗനാനുവാദം നൽകുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള നിയമവിരുദ്ധസംഘത്തിലെ ഒരു അംഗമെന്ന നിലയിലും, അങ്ങനെയുള്ള നിയമവിരുദ്ധസംഘത്തിലെ ഒരു അംഗമെന്ന നിലയിൽ അങ്ങനെ കൂലിക്കെടുക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ നിയോജിക്കപ്പെടുകയോ ചെയ്യുന്നതിനെ ത്തുടർന്ന് അങ്ങനെയുള്ള ഏതെങ്കിലും ആൾ ചെയ്യുന്ന ഏതെങ്കിലും കുറ്റത്തിന്, താൻ അങ്ങനെയുള്ള നിയമ വിരുദ്ധസംഘത്തിലെ ഒരു അംഗമായിരുന്നെങ്കിലോ അങ്ങനെയുള്ള കുറ്റം താൻ ചെയ്തിരുന്നുവെങ്കിലോ എന്ന അതേ രീതിയിൽ ശിക്ഷാർഹനാകുന്നതാണ്.

(7) ഏതെങ്കിലും ആളുകളെ ഒരു നിയമവിരുദ്ധസംഘത്തിൽ ചേരുവാനോ അതിലെ അംഗങ്ങളാകുവാനോ വേണ്ടി കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ഉടനെ കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്യുവാൻ പോകുന്നുവെന്നോ അറിഞ്ഞുകൊണ്ട്, തന്റെ കൈവശത്തിലോ ചാർജിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഭവനത്തിലോ ഗൃഹപരിസരത്തിലോ അങ്ങനെയുള്ള ആളുകൾക്ക് അഭയം നൽകുകയോ സ്വീകരിക്കുകയോ വിളിച്ചുകൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(8) (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുന്നതിനോ ചെയ്യുവാൻ സഹായിക്കുന്നതിനോ വേണ്ടി ഏർപ്പെടുത്തപ്പെടുകയോ കൂലിക്കെടുക്കപ്പെടുകയോ ചെയ്യുകയോ അല്ലെങ്കിൽ കൂലിക്കെടുക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ ചെയ്യുവാൻവേണ്ടി മുന്നോട്ടുവരികയോ ശ്രമിക്കുകയോ ചെയ്യുന്ന

ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(9) (8)-ാം ഉപവകുപ്പിൽ പരാമർശിച്ചപ്രകാരം ഏർപ്പെടുത്തപ്പെടുകയോ കൂലിക്കെടുക്കപ്പെടുകയോ ചെയ്തിരിക്കേ ഏതെങ്കിലും മാരകായുധമോ അല്ലെങ്കിൽ കുറ്റത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള എന്തെങ്കിലുമോ ധരിച്ചുകൊണ്ട് പോകുകയോ അല്ലെങ്കിൽ ധരിച്ചുകൊണ്ട് പോകുവാനായി സ്വയം ഏർപ്പെടുകയോ മുന്നോട്ടുവരുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പൊതുഉദ്ദേശ്യം നേടുവാൻ വേണ്ടി പ്രവർത്തിക്കുന്നതിൽ ചെയ്യുന്ന കുറ്റത്തിന് നിയമവിരുദ്ധ സംഘത്തിലെ ഓരോ അംഗവും അപരാധിയായിരിക്കുമെന്ന്.

190. ഒരു നിയമവിരുദ്ധസംഘത്തിന്റെ പൊതുഉദ്ദേശ്യം നേടുവാൻ വേണ്ടി പ്രവർത്തിക്കുന്നതിൽ ആ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു കുറ്റം ചെയ്യുകയോ, ആ ഉദ്ദേശ്യം നേടുവാൻവേണ്ടി പ്രവർത്തിക്കുന്നതിൽ ചെയ്യപ്പെടുവാൻ ഇടയുണ്ടെന്ന് ആ സംഘത്തിലെ അംഗങ്ങൾക്ക് അറിയാമായിരുന്ന ഒരു കുറ്റം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, ആ കുറ്റം ചെയ്യുന്ന സമയത്ത് അതേ സംഘത്തിലെ അംഗമായിരിക്കുന്ന ഓരോ ആളും ആ കുറ്റത്തിന് അപരാധിയാകുന്നു.

ലഹള നടത്തൽ.

191. (1) ഒരു നിയമവിരുദ്ധസംഘമോ അതിലെ ഏതെങ്കിലും അംഗമോ അങ്ങനെയുള്ള സംഘത്തിന്റെ പൊതുഉദ്ദേശ്യം നേടുവാൻ വേണ്ടി പ്രവർത്തിക്കുന്നതിൽ ബലമോ അക്രമമോ പ്രയോഗിക്കുമ്പോഴെല്ലാം അങ്ങനെയുള്ള സംഘത്തിലെ ഓരോ അംഗവും ലഹളനടത്തൽ എന്ന കുറ്റത്തിന് അപരാധിയാകുന്നു.

(2) ലഹളനടത്തലിന് അപരാധിയായ ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഒരു മാരകായുധമോ അല്ലെങ്കിൽ കുറ്റത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള ഏതെങ്കിലുമോ ധരിച്ച് ലഹളനടത്തലിന് അപരാധിയാകുന്ന ഏതൊരാളും

അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

192. നിയമവിരുദ്ധമായ എന്തെങ്കിലും ചെയ്യുന്നതുമൂലം, കഠിന വിദ്വേഷത്തോടുകൂടിയോ വിവേകശൂന്യമായോ ഏതെങ്കിലും ആൾക്ക് പ്രകോപനം, അങ്ങനെയുള്ള പ്രകോപനം ലഹളനടത്തൽ കുറ്റം ചെയ്യപ്പെടുവാൻ കാരണമാകുമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, കാരണമാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഉണ്ടാക്കുന്ന ഏതൊരാളും അങ്ങനെയുള്ള പ്രകോപനത്തിന്റെ അനന്തരഫലമായി ലഹള നടത്തൽ എന്ന കുറ്റം ചെയ്യപ്പെടുന്നുവെങ്കിൽ ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും, ലഹള നടത്തൽ എന്ന കുറ്റം ചെയ്യപ്പെടുന്നില്ലെങ്കിൽ ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

ലഹള ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വിവേകശൂന്യമായി പ്രകോപനം ഉണ്ടാക്കുന്നത്– ലഹളനടത്തൽ നടക്കുന്നുവെങ്കിൽ; നടക്കുന്നില്ലെങ്കിൽ

193. (1) ഏതെങ്കിലും നിയമവിരുദ്ധസംഘം ചേരുകയോ ലഹള നടക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള നിയമവിരുദ്ധസംഘം ചേരുകയോ അങ്ങനെയുള്ള ലഹള നടക്കുകയോ ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ ആയ ആളും, അങ്ങനെയുള്ള ഭൂമിയിൽ അവകാശം ഉണ്ടായിരിക്കുകയോ ഉണ്ടെന്ന് അവകാശപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ആളും, ആ ആളോ അയാളുടെ ഏജന്റോ മാനേജരോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നുണ്ടെന്നോ ചെയ്യപ്പെട്ടിട്ടുണ്ടെന്നോ കണ്ടുകൊണ്ടോ അല്ലെങ്കിൽ അത് ചെയ്യപ്പെടുവാൻ ഇടയുണ്ടെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ അത് സംബന്ധിച്ച് അയാൾക്കോ അവർക്കോ കഴിവുള്ളിടത്തോളം നേരത്തെ ഏറ്റവും അടുത്ത പോലീസ് സ്റ്റേഷന്റെ ചാർജുള്ള ഓഫീസർക്ക് അറിവ് കൊടുക്കാതിരിക്കുകയും, അത് ഉടനെ ചെയ്യപ്പെടുവാൻ പോകുന്നുവെന്ന് അയാൾക്കോ അവർക്കോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടുള്ള സംഗതിയിൽ അത് തടയുവാൻ അയാളുടെയോ അവരുടെയോ കഴിവിൽപ്പെട്ട എല്ലാ നിയമപരമായ മാർഗവും ഉപയോഗിക്കാതിരിക്കുകയും അത് നടക്കുന്ന സംഗതിയിൽ ആ ലഹളയോ നിയമവിരുദ്ധസംഘമോ പിരിച്ചുവിടുന്നതിനോ അമർച്ച ചെയ്യുന്നതിനോ അയാളുടെയോ അവരുടെയോ കഴിവിൽപ്പെട്ട എല്ലാ

ഒരു നിയമവിരുദ്ധ സംഘം ചേരുന്ന അല്ലെങ്കിൽ ലഹള നടക്കുന്ന ഭൂമിയുടെ ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ ബാധ്യത.

നിയമപരമായ മാർഗവും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആയിരം രൂപയിൽ കവിയാത്ത പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഒരു ലഹള, അങ്ങനെയുള്ള ലഹള നടക്കുന്ന ഏതെങ്കിലും ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമിയിലോ ആ ലഹള ഉദ്ഭവിച്ച ഏതെങ്കിലും തർക്കത്തിന്റെ വിഷയ ത്തിലോ ഏതെങ്കിലും താൽപര്യമുണ്ടെന്ന് അവകാശപ്പെടുന്നതോ അല്ലെങ്കിൽ അതിൽനിന്ന് ഏതെങ്കിലും ആനുകൂല്യം സ്വീകരിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും ആളുടെ, ആനുകൂല്യ ത്തിനോ പേരിലോ നടത്തപ്പെടുന്നതായാൽ, അങ്ങനെയുള്ള ആൾ, ആ ആളോ അയാളുടെ ഏജന്റോ മാനേജരോ, അങ്ങനെയുള്ള ലഹള നടത്തപ്പെടുവാൻ ഇടയുണ്ടായിരുന്നുവെന്നോ അങ്ങനെയുള്ള ലഹള നടത്തിയ നിയമവിരുദ്ധസംഘം ചേരുവാൻ ഇടയുണ്ടായിരുന്നുവെന്നോ വിശ്വസിക്കാനുള്ള കാരണമുണ്ടായിരുന്നിരിക്കെ, അങ്ങനെയുള്ള സംഘമോ ലഹളയോ ഉണ്ടാകുന്നത് തടയുവാനും, അത് അമർച്ച ചെയ്യുവാനും പിരിച്ചുവിടാനും യഥാക്രമം അയാളുടെയോ അവരുടെയോ കഴിവിൽപ്പെട്ട എല്ലാ നിയമപരമായ മാർഗങ്ങളും ഉപയോഗിക്കുന്നില്ലെങ്കിൽ, പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഒരു ലഹള, അങ്ങനെയുള്ള ലഹള നടക്കുന്ന ഏതെങ്കിലും ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമിയിലോ ആ ലഹള ഉദ്ഭവിച്ച ഏതെങ്കിലും തർക്കത്തിന്റെ വിഷയത്തിലോ ഏതെങ്കിലും താൽപര്യമുണ്ടെന്ന് അവകാശപ്പെടുന്നതോ അല്ലെങ്കിൽ അതിൽനിന്ന് ഏതെങ്കിലും ആനുകൂല്യം സ്വീകരിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും ആളുടെ ആനുകൂല്യത്തിനോ പേരിലോ നടത്തപ്പെടുന്നതായാൽ, അങ്ങനെയുള്ള ആളുടെ ഏജന്റോ മാനേജരോ, അങ്ങനെയുള്ള ലഹള നടത്തപ്പെടുവാൻ ഇടയുണ്ടായിരുന്നുവെന്നോ അങ്ങനെയുള്ള ലഹള നടത്തിയ നിയമ വിരുദ്ധസംഘം ചേരുവാൻ ഇടയുണ്ടായിരുന്നുവെന്നോ വിശ്വസി ക്കുവാനുള്ള കാരണമുണ്ടായിരുന്നിരിക്കെ, അങ്ങനെയുള്ള ലഹളയോ സംഘമോ ഉണ്ടാകുന്നത് തടയുവാനും അത് അമർച്ചചെയ്യുവാനും പിരിച്ചുവിടാനും അയാളുടെ കഴിവിൽപ്പെട്ട എല്ലാ നിയമപരമായ മാർഗങ്ങളും ഉപയോഗിക്കുന്നില്ലെങ്കിൽ, പിഴ നൽകി ശിക്ഷിക്ക പ്പെടേണ്ടതാണ്.

194. (1) രണ്ടോ അതിലധികമോ ആളുകൾ ഒരു പൊതു സ്ഥലത്തുവച്ച് തമ്മിൽത്തല്ലി, പൊതുസമാധാനത്തിന് ഭംഗം ഉണ്ടാക്കുമ്പോൾ അവർ, അടികലശൽ നടത്തുന്നു എന്ന് പറയപ്പെടുന്നു. അടികലശൽ.

(2) അടികലശൽ നടത്തുന്ന ഏതൊരാളും ഒരു മാസംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

195. (1) ഏതെങ്കിലും പബ്ലിക് സർവന്റിനെ, ഒരു നിയമവിരുദ്ധസംഘം പിരിച്ചുവിടുന്നതിനോ അല്ലെങ്കിൽ ലഹളയോ അടികലശലോ അമർച്ചചെയ്യുന്നതിനോ യത്നിക്കുന്നതിൽ അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിലുള്ള തന്റെ കർത്തവ്യം നിർവഹിക്കുമ്പോൾ കൈയേറ്റം ചെയ്യുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് സർവന്റിന് നേരെ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ഇരുപത്തയ്യായിരം രൂപയിൽ കുറയാത്ത പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ലഹളയും മറ്റും അമർച്ച ചെയ്യുമ്പോൾ പബ്ലിക് സർവന്റിനെ കൈയേറ്റം ചെയ്യുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.

(2) ഏതെങ്കിലും പബ്ലിക് സർവന്റിനെ, ഒരു നിയമവിരുദ്ധസംഘം പിരിച്ചുവിടുന്നതിനോ അല്ലെങ്കിൽ ലഹളയോ അടികലശലോ അമർച്ചചെയ്യുന്നതിനോ യത്നിക്കുന്നതിൽ അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിലുള്ള തന്റെ കർത്തവ്യം നിർവഹിക്കുമ്പോൾ, കൈയേറ്റം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ തടസ്സപ്പെടുത്താൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് സർവന്റിന് നേരെ കുറ്റകരമായ ബലം പ്രയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ പ്രയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ മുതലായവ കാരണമായി വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ ശത്രുത പുലർത്തുകയും സൗഹാർദ ത്തിന്റെ നിലനിൽപ്പിന് ഭംഗം വരുത്തുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നത്.

196. (1) (ക) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപങ്ങളാലോ ഇലക്ട്രോണിക് ആശയവിനിമയങ്ങളാലോ മറ്റുപ്രകാരത്തിലോ മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ, ജാതി, സമുദായം എന്നിവ കാരണമാക്കിയോ മറ്റെന്തെങ്കിലും, അത് എന്തുതന്നെയായാലും, കാരണമാക്കിയോ വ്യത്യസ്തമായ മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗങ്ങളോ, ജാതികളോ സമുദായങ്ങളോ തമ്മിൽ സൗഹാർദ്ദ മില്ലായ്കയോ, ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ പുലർത്തുകയോ പുലർത്തുവാൻ ശ്രമിക്കുകയോ; അല്ലെങ്കിൽ

(ഖ) വ്യത്യസ്തമായ മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗങ്ങളോ ജാതികളോ, സമുദായങ്ങളോ തമ്മിലുള്ള സൗഹാർദത്തിന്റെ നിലനിൽപ്പിന് ഭംഗംവരുത്തുന്നതും പൊതു പ്രശാന്തിക്ക് ഭംഗമുണ്ടാക്കുന്നതോ ഭംഗമുണ്ടാക്കുവാൻ ഇടയുള്ളതോ ആയതുമായ ഏതെങ്കിലും കൃത്യം ചെയ്യുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും അഭ്യാസമോ പ്രസ്ഥാനമോ ഡ്രില്ലോ അതുപോലെയുള്ള മറ്റ് പ്രവർത്തനമോ, അങ്ങനെയുള്ള പ്രവർത്തന ത്തിൽ പങ്കെടുക്കുന്നവർ, ഏതെങ്കിലും മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗത്തിനോ ജാതിക്കോ സമുദായത്തിനോ എതിരായി, കുറ്റകരമായ ബലപ്രയോഗമോ അക്രമമോ നടത്തുകയോ, നടത്തുവാൻ പരിശീലി പ്പിക്കപ്പെടുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, അല്ലെങ്കിൽ അങ്ങനെയുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുന്നവർ കുറ്റകരമായ ബലപ്രയോഗമോ അക്രമമോ നടത്തുകയോ നടത്തുവാൻ പരിശീലിപ്പിക്കപ്പെടുകയോ ചെയ്യാൻ ഇടയുണ്ടെന്ന് അറിഞ്ഞു കൊണ്ടോ സംഘടിപ്പിക്കുകയോ, അല്ലെങ്കിൽ കുറ്റകരമായ ബലപ്രയോഗമോ അക്രമമോ നടത്തുകയോ നടത്തുവാൻ പരിശീലി പ്പിക്കപ്പെടുകയോ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുന്നവർ കുറ്റകരമായ ബലപ്രയോഗമോ അക്രമമോ നടത്തുകയോ നടത്തുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ പരിശീലിപ്പിക്കപ്പെടുകയോ ചെയ്യാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെയുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുകയോ

ചെയ്യുകയും, അല്ലെങ്കിൽ അങ്ങനെയുള്ള പ്രവർത്തനം ഏതെങ്കിലും കാരണത്താൽ, അതേതായാലും, അങ്ങനെയുള്ള മത–വംശ–ഭാഷാ–പ്രദേശിക വിഭാഗത്തിലെയോ ജാതിയിലെയോ സമുദായത്തിലെയോ അംഗങ്ങളുടെ ഇടയിൽ ഭയമോ സംഭ്രാന്തിയോ അരക്ഷിതത്വബോധമോ ഉണ്ടാക്കുകയോ ഉണ്ടാക്കാൻ ഇടയുള്ള തായിരിക്കുകയോ ചെയ്യുകയും,

ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പിൽ നിർദേശിച്ചിട്ടുള്ള ഒരു കുറ്റം, ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ ചടങ്ങുകളോ നിർവഹിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സമ്മേളനത്തിലോ ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക്, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ദേശീയോദ്ഗ്രഥനത്തിന് ഭംഗം വരുത്തുന്ന ദോഷാരോപണങ്ങളും ദൃഢാഖ്യാനങ്ങളും.

197. (1) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ ഇലക്ട്രോണിക് ആശയവിനിമയങ്ങളാലോ മറ്റുപ്രകാരത്തിലോ ചെയ്യുന്ന ഏതൊരാളും,—

(ക) ഏതെങ്കിലും വിഭാഗം ആളുകൾ ഏതെങ്കിലും മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗത്തിലെയോ ജാതിയിലെയോ സമുദായത്തിലെയോ അംഗങ്ങളാണ് അവർ എന്ന കാരണത്താൽ, നിയമം വഴി സ്ഥാപിതമായ ഇൻഡ്യയുടെ ഭരണഘടനയോട് നിർവ്യാജമായ വിശ്വാസവും കൂറും വഹിക്കാനോ ഇൻഡ്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുവാനോ, കഴിയുകയില്ലെന്ന് ഏതെങ്കിലും ദോഷാരോപണം ഉന്നയിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വിഭാഗം ആളുകൾ, ഏതെങ്കിലും മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗത്തിലെയോ ജാതിയിലെയോ

സമുദായത്തിലെയോ അംഗങ്ങളാണ് അവർ എന്ന കാരണത്താൽ ഇൻഡ്യൻ പൗരൻമാരെന്ന നിലയിലുള്ള അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ ഇല്ലാതാക്കപ്പെടുകയോ ചെയ്യേണ്ടതാണെന്ന് ദൃഢാഖ്യാനം ചെയ്യുകയോ അനുശാസിക്കുകയോ ഉപദേശിക്കുകയോ പ്രചരിപ്പിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും വിഭാഗം ആളുകൾ ഏതെങ്കിലും മത–വംശ–ഭാഷാ–പ്രാദേശിക വിഭാഗത്തിലെയോ ജാതിയിലെയോ സമുദായത്തിലെയോ അംഗങ്ങളാണ് അവർ എന്ന കാരണത്താലുള്ള കടമ സംബന്ധിച്ച് ഏതെങ്കിലും ദൃഢാഖ്യാനമോ അനുശാസനമോ വാദമോ അഭ്യർഥനയോ നടത്തുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള ദൃഢാഖ്യാനമോ അനുശാസനമോ വാദമോ അഭ്യർഥനയോ അങ്ങനെയുള്ള അംഗങ്ങളും മറ്റാളുകളും തമ്മിൽ സൗഹാർദമില്ലായ്മയോ, ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ ഉണ്ടാക്കുകയോ ഉണ്ടാക്കാൻ ഇടയുള്ളതാക്കുകയോ ചെയ്യുകയും ചെയ്യുന്നത്; അല്ലെങ്കിൽ

(ഘ) ഇൻഡ്യയുടെ പരമാധികാരത്തെയും ഐക്യത്തെയും അഖണ്ഡതയെയും സുരക്ഷിതത്വത്തെയും അപകടത്തിലാക്കുന്ന തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത്,

മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പിൽ നിർദേശിച്ചിട്ടുള്ള ഒരു കുറ്റം ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ ചടങ്ങുകളോ . നിർവഹിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സമ്മേളനത്തിലോ ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

# അധ്യായം XII

## പബ്ലിക് സർവന്റുമാർ ചെയ്യുന്നതോ അവരെ സംബന്ധിക്കുന്നതോ ആയ കുറ്റങ്ങളെക്കുറിച്ച്

198. ഒരു പബ്ലിക് സർവന്റായിരിക്കെ, അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ താൻ എങ്ങനെ പെരുമാറണമെന്നുള്ളത് സംബന്ധിച്ച നിയമത്തിന്റെ ഏതെങ്കിലും നിർദേശം, ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ, അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ വഴി താൻ ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അറിഞ്ഞുകൊണ്ട് ബോധപൂർവം അനുസരിക്കാതിരിക്കുന്ന ഏതൊരാളും ഒരു വർഷംവരെ യാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പബ്ലിക് സർവന്റ് നിയമം അനുസരിക്കാതിരിക്കുന്നത്.

*ദൃഷ്ടാന്തം*

ഒരു കോടതി <u>യ</u> യ്ക്ക് അനുകൂലമായി പുറപ്പെടുവിച്ച ഒരു വിധി നിറവേറ്റുന്നതിനുവേണ്ടി വസ്തു വിധി നടത്തി എടുക്കുവാൻ നിയമത്താൽ നിർദേശിക്കപ്പെട്ട ഒരു ഓഫീസറായിരിക്കെ <u>ക</u>, താൻ ആ നിർദേശം അനുസരിക്കാതിരിക്കുന്നതുവഴി <u>യ</u> യ്ക്ക് ക്ഷതി ഉളവാക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി കണ്ടുകൊണ്ട് അങ്ങനെ അനുസരിക്കാതിരിക്കുന്നു. <u>ക</u> ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

199. ഒരു പബ്ലിക് സർവന്റായിരിക്കെ,—

നിയമത്തിൻ കീഴിലുള്ള നിർദേശം പബ്ലിക് സർവന്റ് അനുസരിക്കാതിരിക്കുന്നത്.

(ക) ഒരു കുറ്റത്തെയോ മറ്റേതെങ്കിലും കാര്യത്തെയോ കുറിച്ച് അന്വേഷണം നടത്തുന്ന ആവശ്യത്തിലേക്ക് ഏതെങ്കിലും ആളെ ഏതെങ്കിലും സ്ഥലത്ത് ഹാജരാകുവാൻ ആവശ്യപ്പെടുന്നതിൽ നിന്നും അയാളെ വിലക്കുന്ന നിയമത്തിന്റെ ഏതെങ്കിലും നിർദേശം അറിഞ്ഞുകൊണ്ട് അനുസരിക്കാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അയാൾ അങ്ങനെയുള്ള അന്വേഷണം നടത്തേണ്ട രീതിയെ നിയന്ത്രിക്കുന്ന നിയമത്തിന്റെ മറ്റേതെങ്കിലും നിർദേശം, ഏതെങ്കിലും ആൾക്ക് ദോഷകരമാണെന്ന് അറിഞ്ഞുകൊണ്ട് അനുസരിക്കാതിരിക്കുകയോ; അല്ലെങ്കിൽ

(ഗ) 64–ാം വകുപ്പിനോ 65–ാം വകുപ്പിനോ 66–ാം വകുപ്പിനോ 67–ാം വകുപ്പിനോ 68–ാം വകുപ്പിനോ 70–ാം വകുപ്പിനോ 71–ാം വകുപ്പിനോ 74–ാം വകുപ്പിനോ 76–ാം വകുപ്പിനോ 77–ാം വകുപ്പിനോ 79–ാം വകുപ്പിനോ 124–ാം വകുപ്പിനോ 143–ാം വകുപ്പിനോ 144–ാം വകുപ്പിനോ കീഴിൽ ശിക്ഷാർഹമായ കോഗ്നൈസബിൾ കുറ്റവുമായി ബന്ധപ്പെട്ട് ഭാരതീയ പൗര സുരക്ഷാ സംഹിത, 2023–ലെ 173–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻകീഴിൽ അയാൾക്ക് നൽകിയിട്ടുള്ള ഏതെങ്കിലും വിവരം രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുകയോ,

ചെയ്യുന്ന ഏതൊരാളും ആറ് മാസത്തിൽ കുറയാത്തതും രണ്ട് വർഷം വരെയാകാവുന്നതുമായ കാലത്തേക്ക്, കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഇരയെ ചികിത്സിക്കാതിരിക്കുന്നതിനുള്ള ശിക്ഷ.

200. കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ തദ്ദേകനികായങ്ങളോ മറ്റേതെങ്കിലും ആളോ നടത്തുന്ന പൊതുവായതോ സ്വകാര്യമായതോ ആയ ഒരു ആശുപത്രിയുടെ ചാർജ് വഹിക്കവേ ഭാരതീയ പൗര സുരക്ഷാ സംഹിത, 2023–ലെ 397–ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി തെറ്റായ ഒരു രേഖ പബ്ലിക് സർവന്റ് ചമയ്ക്കുന്നത്.

201. ഒരു പബ്ലിക് സർവന്റായും അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിലും ഏതെങ്കിലും റിക്കാർഡോ ഇലക്ട്രോണിക് റിക്കാർഡോ തയ്യാറാക്കുകയോ തർജമ ചെയ്യുകയോ ചെയ്യുന്നതിന് ചുമതലയുള്ള ആളുമായിരിക്കേ, തെറ്റാണെന്ന് തനിക്ക് അറിയാവുന്നതോ താൻ വിശ്വസിക്കുന്നതോ ആയ രീതിയിൽ ആ രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ചമയ്ക്കുകയോ തയ്യാറാക്കുകയോ തർജമ ചെയ്യുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും ആൾക്ക് അതുവഴി ക്ഷതി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ

ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നിയമവിരുദ്ധമായി പബ്ലിക് സർവന്റ് വ്യാപാരത്തിൽ ഏർപ്പെടുന്നത്.

202. ഒരു പബ്ലിക് സർവന്റായും, നിയമപ്രകാരം അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിലും വ്യാപാരത്തിൽ ഏർപ്പെടാതിരിക്കുവാൻ ബാധ്യസ്ഥനും ആയിരിക്കേ, വ്യാപാരത്തിൽ ഏർപ്പെടുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അല്ലെങ്കിൽ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നിയമ വിരുദ്ധമായി പബ്ലിക് സർവന്റ് വസ്തു വിലയ്ക്ക് വാങ്ങുകയോ ലേലം കൊള്ളുകയോ ചെയ്യുന്നത്.

203. ഒരു പബ്ലിക് സർവന്റായും, നിയമപ്രകാരം അങ്ങനെയുള്ള പബ്ലിക് സർവന്റെന്ന നിലയിലും വസ്തു വിലയ്ക്ക് വാങ്ങുകയോ ലേലം കൊള്ളുകയോ ചെയ്യാതിരിക്കുവാൻ ബാധ്യസ്ഥനും ആയിരിക്കേ, തന്റെ സ്വന്തം പേരിലോ അല്ലെങ്കിൽ മറ്റൊരാളുടെ പേരിലോ അല്ലെങ്കിൽ മറ്റാളുകളുമായി കൂട്ടായോ ഓഹരിചേർന്നോ ആ വസ്തു വിലയ്ക്ക് വാങ്ങുകയോ ലേലം കൊള്ളുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും, വസ്തു വിലയ്ക്ക് വാങ്ങിയിട്ടുണ്ടെങ്കിൽ കണ്ടുകെട്ടേണ്ടതുമാണ്.

ഒരു പബ്ലിക് സർവന്റായി ആൾമാറാട്ടം നടത്തുന്നത്.

204. ഏതെങ്കിലും പ്രത്യേക ഉദ്യോഗം താൻ വഹിക്കുന്നില്ലെന്നറിഞ്ഞുകൊണ്ട്, ഒരു പബ്ലിക് സർവന്റ് എന്ന നിലയിൽ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നതായി നടിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്ന മറ്റേതെങ്കിലും ആളായി വ്യാജമായി ആൾമാറാട്ടം നടത്തുകയോ ചെയ്യുകയും, അങ്ങനെ സ്വയം ഭാവിച്ചുകൊണ്ട് അങ്ങനെയുള്ള ഔദ്യോഗികനിലയിലാണെന്ന് തോന്നിക്കുന്ന വിധത്തിൽ ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസത്തിൽ കുറയാത്തതും എന്നാൽ മൂന്ന് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വഞ്ചനാപൂർവമായ ഉദ്ദേശ്യത്തോടുകൂടി പബ്ലിക് സർവന്റ് ഉപയോഗിക്കാറുള്ള ഉടുപ്പ് ധരിക്കുകയോ ടോക്കൺ കൊണ്ടു നടക്കുകയോ ചെയ്യുന്നത്.

205. പബ്ലിക് സർവന്റുമാരുടെ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളല്ലാതിരിക്കെ, താൻ പബ്ലിക് സർവന്റുമാരുടെ ആ വിഭാഗത്തിൽപ്പെട്ട ആളാണെന്ന് വിശ്വസിക്കപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ അപ്രകാരം വിശ്വസിക്കപ്പെടുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ പബ്ലിക് സർവന്റുമാരുടെ ആ വിഭാഗം ഉപയോഗിക്കാറുള്ള ഏതെങ്കിലും ഉടുപ്പിനോ ടോക്കണോ സദൃശമായ ഏതെങ്കിലും ഉടുപ്പ് ധരിക്കുകയോ ഏതെങ്കിലും ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

## അധ്യായം XIII

## പബ്ലിക് സർവന്റുമാരുടെ നിയമപരമായ അധികാരത്തിന്റെ അലക്ഷ്യത്തെക്കുറിച്ച്

സമൻസോ മറ്റ് നടപടിയോ നടത്തപ്പെടുന്നത് ഒഴിവാക്കുവാനായി ഒളിവിൽ പോകുന്നത്.

206. പബ്ലിക് സർവന്റ് എന്ന നിലയിൽ ഒരു സമൻസോ നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക് സർവന്റിൽനിന്ന് പുറപ്പെടുന്ന അങ്ങനെയുള്ള സമൻസോ നോട്ടീസോ ഉത്തരവോ നടത്തപ്പെടുന്നത് ഒഴിവാക്കുവാനായി ഒളിവിൽ പോകുന്ന ഏതൊരാളും,—

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) അങ്ങനെയുള്ള സമൻസോ നോട്ടീസോ ഉത്തരവോ ഒരു കോടതിയിൽ നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരാകുന്നതിനോ ഒരു രേഖയോ ഒരു ഇലക്ട്രോണിക് റിക്കാർഡോ ഹാജരാക്കുന്നതിനോ വേണ്ടിയുള്ളിടത്ത് ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

207. ഏതെങ്കിലും രീതിയിൽ, പബ്ലിക് സർവന്റ് എന്ന നിലയിൽ ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക് സർവന്റിൽ നിന്ന് പുറപ്പെടുന്ന അങ്ങനെയുള്ള സമൻസോ നോട്ടീസോ ഉത്തരവോ തന്റെ മേലോ മറ്റേതെങ്കിലും ആളുടെ മേലോ നടത്തപ്പെടുന്നത് ഉദ്ദേശ്യപൂർവം തടയുകയോ; അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ ഏതെങ്കിലും സ്ഥലത്ത് നിയമപരമായി പതിക്കുന്നത് ഉദ്ദേശ്യപൂർവം തടയുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ, അത് നിയമാനുസൃതമായി പതിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് നിന്ന് ഉദ്ദേശ്യപൂർവം നീക്കംചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ ഏതെങ്കിലും വിളംബരം പുറപ്പെടുവിക്കുന്നതിന് നിർദേശിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക് സർവന്റിന്റെ അധികാരത്തിൻകീഴിൽ നിയമപരമായി അങ്ങനെയുള്ള വിളംബരം പുറപ്പെടുവിക്കുന്നത് ഉദ്ദേശ്യപൂർവം തടയുകയോ ചെയ്യുന്ന ഏതൊരാളും,— സമൻസോ മറ്റ് നടപടിയോ നടത്തപ്പെടുന്നത് തടയുകയോ അല്ലെങ്കിൽ അതിന്റെ പ്രസിദ്ധീകരണം തടയുകയോ ചെയ്യുന്നത്.

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) ആ സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ ഒരു കോടതിയിൽ നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരാകുന്നതിനോ അല്ലെങ്കിൽ ഒരു രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഹാജരാക്കുന്നതിനോ വേണ്ടിയുള്ളിടത്ത്, ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

208. പബ്ലിക് സർവന്റ് എന്ന നിലയിൽ ഒരു സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ പുറപ്പെടുവിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക് സർവന്റ് പുറപ്പെടുവിക്കുന്ന അങ്ങനെയുള്ളവ അനുസരിച്ച് ഒരു പ്രത്യേക സ്ഥലത്തും സമയത്തും നേരിട്ടോ ഒരു ഏജന്റ് മുഖേനയോ ഹാജരാകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, ആ സ്ഥലത്തോ സമയത്തോ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ താൻ ഹാജരാകുവാൻ ബാധ്യസ്ഥനായ പബ്ലിക് സർവന്റിൽ നിന്നുള്ള ഉത്തരവനുസരിച്ച് ഹാജരാകാതിരിക്കൽ.

സ്ഥലത്തുനിന്ന് നിയമപരമായി തനിക്ക് വിട്ടുപോകാവുന്ന സമയത്തിന് മുമ്പ് വിട്ടുപോവുകയോ ഉദ്ദേശ്യപൂർവം ചെയ്യുന്ന ഏതൊരാളും,—

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) ആ സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ ഒരു കോടതിയിൽ നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരാകുന്നതിന് വേണ്ടിയുള്ളിടത്ത്, ആറ് മാസം വരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു ഹൈക്കോടതിയിൽ നിന്ന് പുറപ്പെടുവിച്ച ഒരു സപ്പീന അനുസരിച്ച് ആ കോടതിയിൽ ഹാജരാകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ ക ഉദ്ദേശ്യപൂർവം ഹാജരാകാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിരിക്കുന്ന കുറ്റം ചെയ്തിരിക്കുന്നു.

(ഖ) ഒരു ജില്ലാ ജഡ്ജിയുടെ മുമ്പിൽ, ആ ജില്ലാ ജഡ്ജി പുറപ്പെടുവിച്ച ഒരു സമൻസ് അനുസരിച്ച്, ഒരു സാക്ഷിയായി ഹാജരാകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ ക ഉദ്ദേശ്യപൂർവം ഹാജരാകാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

ഭാരതീയ പൗരസുരക്ഷാ സംഹിത, 2023-ലെ 84-ാം വകുപ്പുപ്രകാരമുള്ള ഒരു വിളംബരത്തെ പ്രതികരിച്ചുകൊണ്ട് ഹാജരാകാതിരിക്കൽ.

209. ഭാരതീയ പൗര സുരക്ഷാ സംഹിത, 2023-ലെ 84-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പ്രസിദ്ധീകരിച്ച ഒരു വിളംബരത്തിൽ ആവശ്യപ്പെടുന്ന പ്രത്യേകം പറഞ്ഞിട്ടുള്ള സ്ഥലത്തും പ്രത്യേകം പറഞ്ഞിട്ടുള്ള സമയത്തും ഹാജരാകുന്നതിൽ വീഴ്ചവരുത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെ യാകാവുന്ന കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അല്ലെങ്കിൽ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതും, അയാളെ ഒരു വിളംബരം ചെയ്യപ്പെട്ട കുറ്റക്കാരനായി പ്രസ്താവിക്കുന്ന ഒരു പ്രഖ്യാപനം ആ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൻകീഴിൽ ചെയ്തിട്ടുള്ളിടത്ത്,

അയാൾ ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

210. ഏതെങ്കിലും പബ്ലിക് സർവന്റിന്, ആ നിലയിൽ ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഹാജരാക്കുകയോ കൈയേൽപ്പിച്ച് കൊടുക്കുകയോ ചെയ്യുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ അത് ഉദ്ദേശ്യപൂർവം ഹാജരാക്കാതിരിക്കുകയോ കൈയേൽപ്പിച്ച് കൊടുക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

പബ്ലിക് സർവന്റിന്റെ മുമ്പാകെ രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഹാജരാക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ ആൾ അത് ഹാജരാക്കാതിരിക്കൽ.

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഒരു കോടതിയിൽ അപ്രകാരം ഹാജരാക്കുകയോ കൈയേൽപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടിടത്ത്, ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറും തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തം*

ഒരു ജില്ലാ കോടതി മുമ്പാകെ ഒരു രേഖ ഹാജരാക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ ക അത് ഉദ്ദേശ്യപൂർവം ഹാജരാക്കാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

211. ഏതെങ്കിലും പബ്ലിക് സർവന്റിന് ആ നിലയിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നോട്ടീസ് കൊടുക്കുവാനോ വിവരം നൽകുവാനോ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, നിയമപ്രകാരം വേണ്ടതായ രീതിയിലും സമയത്തും ഉദ്ദേശ്യപൂർവം അങ്ങനെയുള്ള നോട്ടീസ് കൊടുക്കാതിരിക്കുകയോ അങ്ങനെയുള്ള വിവരം നൽകാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

പബ്ലിക് സർവന്റിന് നോട്ടീസോ വിവരമോ നൽകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായ ആൾ അത് നൽകാതിരിക്കൽ.

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) നൽകേണ്ട നോട്ടീസോ വിവരമോ ഒരു കുറ്റം ചെയ്തത് സംബന്ധിച്ചുള്ളതോ ഒരു കുറ്റം ചെയ്യുന്നത് തടയുന്നതിനോ ഒരു കുറ്റക്കാരനെ പിടിക്കുന്നതിനോ വേണ്ടിയുള്ളിടത്ത്, ആറ്മാസം വരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും;

(ഗ) നൽകേണ്ട നോട്ടീസോ വിവരമോ ഭാരതീയ പൗര സുരക്ഷാ സംഹിത, 2023–ലെ 394–ാം വകുപ്പിൻകീഴിൽ പാസ്സാക്കിയ ഒരു ഉത്തരവുപ്രകാരം വേണ്ടിയുള്ളിടത്ത്, ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും.

വ്യാജമായ വിവരം നൽകുന്നത്.

212. ഏതെങ്കിലും പബ്ലിക് സർവന്റിന്, ആ നിലയിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച വിവരം നൽകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, ആ വിഷയം സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വിവരം സത്യമെന്ന നിലയിൽ നൽകുന്ന ഏതൊരാളും,—

(ക) ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) നൽകുവാൻ അയാൾ നിയമപ്രകാരം ബാധ്യസ്ഥനായ ആ വിവരം, ഒരു കുറ്റം ചെയ്തത് സംബന്ധിച്ചുള്ളതോ കുറ്റം ചെയ്യുന്നത് തടയുന്നതിനോ ഒരു കുറ്റക്കാരനെ പിടിക്കുന്നതിനോ വേണ്ടിയുള്ളിടത്ത്, രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക് രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും.

*ദൃഷ്ടാന്തങ്ങൾ*

(ക) ക എന്ന ഭൂധാരകൻ തന്റെ എസ്റ്റേറ്റിന്റെ അതിർത്തിക്കുള്ളിൽ വച്ച് ഒരു കൊലപാതകം നടത്തപ്പെട്ടതായി അറിഞ്ഞുകൊണ്ട്, മരണം ഒരു പാമ്പ് കടിച്ചതിന്റെ അനന്തരഫലമായ യാദൃച്ഛികസംഭവമായി ഉണ്ടായതാണെന്ന് ആ ജില്ലയിലെ മജിസ്ട്രേറ്റിന് കരുതിക്കൂട്ടി തെറ്റായ വിവരം കൊടുക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

(ഖ) ഒരു ഗ്രാമത്തിലെ കാവൽക്കാരനായ ക അയൽപക്കത്തുള്ള ഒരു സ്ഥലത്ത് താമസിക്കുന്ന യ എന്ന ഒരു ധനികനായ കച്ചവടക്കാരന്റെ വീട്ടിൽ കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി തന്റെ ഗ്രാമത്തിൽക്കൂടി ഗണ്യമായ ഒരു കൂട്ടം അപരിചിതർ കടന്നുപോയിട്ടുണ്ടെന്ന് അറിയുകയും, ഏറ്റവും അടുത്ത പോലീസ് സ്റ്റേഷനിലെ ഓഫീസറിന് മേൽപ്പറഞ്ഞ വസ്തുതയെപ്പറ്റി നേരത്തെയും സമയനിഷ്ഠയോടും നിയമപ്രകാരം വിവരം നൽകുവാൻ ബാധ്യസ്ഥനാവുകയും ചെയ്തിരിക്കെ, വ്യത്യസ്തമായ ദിക്കിലുള്ള വിദൂരമായ ഒരു പ്രത്യേകസ്ഥലത്തുവച്ച് കൂട്ടായ്മക്കവർച്ച നടത്തുക എന്ന ലക്ഷ്യത്തോടെ, സംശയിക്കപ്പെടത്തക്ക ഒരു കൂട്ടം ആളുകൾ ആ ഗ്രാമത്തിൽക്കൂടി കടന്നുപോയി എന്ന് ആ പോലീസ് ഓഫീസർക്ക് കരുതിക്കൂട്ടി തെറ്റായ വിവരം കൊടുക്കുന്നു. ഇവിടെ ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

*വിശദീകരണം.*— 211-ാം വകുപ്പിലും ഈ വകുപ്പിലും "കുറ്റം"എന്ന വാക്കിൽ ഇൻഡ്യയ്ക്ക് പുറത്ത് ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്യുന്നുവെങ്കിൽ താഴെപ്പറയുന്ന ഏതെങ്കിലും വകുപ്പുകളിൻകീഴിൽ അതായത്, 103, 105, 307, 309-ാം വകുപ്പിന്റെ (2), (3), (4) ഉപവകുപ്പുകൾ, 310-ാം വകുപ്പിന്റെ (2), (3), (4), (5) ഉപവകുപ്പുകൾ, 311, 312, 326-ാം വകുപ്പിന്റെ (ച) ഉം (ഛ) ഉം ഖണ്ഡങ്ങൾ, 331-ാം വകുപ്പിന്റെ (4), (6), (7), (8) ഉപവകുപ്പുകൾ, 332-ാം വകുപ്പിന്റെ (ക) ഉം, (ഖ) ഉം ഖണ്ഡങ്ങൾ, പ്രകാരം ശിക്ഷാർഹമാകുന്നതുമായ ഏത് കൃത്യവും ഉൾപ്പെടുന്നതും; "കുറ്റക്കാരൻ" എന്ന വാക്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിന് അപരാധിയായിട്ടുണ്ടെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള ഏതൊരാളും ഉൾപ്പെടുന്നതുമാണ്.

213. സത്യം പറയുവാൻ ശപഥത്താലോ പ്രതിജ്ഞയാലോ സ്വയം ബാധ്യസ്ഥനാകുവാൻ അങ്ങനെ താൻ സ്വയം ബാധ്യസ്ഥനാകണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക് സർവന്റ് തന്നോട് ആവശ്യപ്പെടുമ്പോൾ അങ്ങനെ സ്വയം ബാധ്യസ്ഥനാകുവാൻ വിസമ്മതിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശപഥമോ പ്രതിജ്ഞയോ, അത് ചെയ്യുവാൻ പബ്ലിക് സർവന്റ് മുറപ്രകാരം ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്നത്.

ചോദ്യം ചെയ്യുവാൻ അധികാരം നൽകപ്പെട്ട പബ്ലിക് സർവന്റിനോട് ഉത്തരം പറയുവാൻ വിസമ്മതിക്കുന്നത്.

214. ഏതെങ്കിലും പബ്ലിക് സർവന്റിനോട് ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സത്യം പ്രസ്താവിക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ നിയമ പ്രകാരമുള്ള അധികാരങ്ങളുടെ വിനിയോഗത്തിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് ആ വിഷയത്തെ സംബന്ധിച്ച് ചോദിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുവാൻ വിസമ്മതിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരംരൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പ്രസ്താവനയിൽ ഒപ്പു വയ്ക്കുവാൻ വിസമ്മതിക്കുന്നത്.

215. താൻ ചെയ്ത ഏതെങ്കിലും പ്രസ്താവനയിൽ ഒപ്പുവയ്ക്കുവാൻ, ആ പ്രസ്താവനയിൽ താൻ ഒപ്പുവയ്ക്കണമെന്ന് ആവശ്യപ്പെടുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക് സർവന്റ് ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്ന ഏതൊരാളും മൂന്ന് മാസം വരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ മൂവായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുവാൻ അധികാരം നൽകപ്പെട്ടിട്ടുള്ള പബ്ലിക് സർവന്റിനോടോ അല്ലെങ്കിൽ ആളോടോ ശപഥത്തിൻ മേലോ പ്രതിജ്ഞയിൻ മേലോ ചെയ്യുന്ന വ്യാജ പ്രസ്താവന.

216. ഒരു ശപഥത്താലോ പ്രതിജ്ഞയാലോ, അങ്ങനെയുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുവാൻ നിയമപ്രകാരം അധികാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പബ്ലിക് സർവന്റിനോടോ മറ്റ് ആളോടോ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സത്യം പ്രസ്താവിക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, മേൽപറഞ്ഞതുപോലെയുള്ള പബ്ലിക്സർവന്റിനോടോ മറ്റാളോടോ ആ വിഷയത്തെ സംബന്ധിച്ച് വ്യാജമായതും താൻ വ്യാജമാണെന്ന് അറിയുന്നതോ വിശ്വസിക്കുന്നതോ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയതുമായ ഏതെങ്കിലും പ്രസ്താവന ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

217. വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം, ഏതെങ്കിലും പബ്ലിക് സർവന്റിന് നൽകുന്നതുവഴി അങ്ങനെയുള്ള പബ്ലിക് സർവന്റിനെക്കൊണ്ട്— പബ്ലിക് സർവന്റിനെ ക്കൊണ്ട് തന്റെ നിയമപരമായ അധികാരം മറ്റൊരാൾക്ക് ക്ഷതി ഉളവാക്കുവാനായി ഉപയോഗിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാജമായ വിവരം നൽകൽ.

(ക) അങ്ങനെയുള്ള വിവരം നൽകിയതായ വസ്തുതകൾ സംബന്ധിച്ച്, അവയുടെ യഥാർഥ സ്ഥിതി അങ്ങനെയുള്ള പബ്ലിക് സർവന്റിന് അറിയാമെങ്കിൽ അയാൾ ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ പാടില്ലാത്ത എന്തെങ്കിലും ചെയ്യിപ്പിക്കുകയോ ചെയ്യാതിരിപ്പിക്കുകയോ ചെയ്യണമെന്നോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ നിയമപരമായ അധികാരം ഏതെങ്കിലും ആൾക്ക് ക്ഷതിയോ അലട്ടലോ ഉണ്ടാക്കത്തക്കവിധം ഉപയോഗിപ്പിക്കണമെന്നും,

ഉദ്ദേശിച്ചുകൊണ്ടോ, താൻ അതുവഴി അതിന് ഇടയാക്കുമെന്ന് അറിഞ്ഞുകൊണ്ടോ നൽകുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക ഒരു മജിസ്ട്രേറ്റിനെ, അങ്ങനെയുള്ള മജിസ്ട്രേറ്റിന്റെ അധികാരത്തിൻകീഴിലുള്ള യ എന്ന പോലീസ് ഓഫീസർ കർത്തവ്യനിർവഹണത്തിലുള്ള ഉപേക്ഷയ്ക്കോ നടപടിദൂഷ്യത്തിനോ അപരാധിയാണെന്നുള്ള വിവരം, അങ്ങനെയുള്ള വിവരം വ്യാജമാണെന്നും ആ വിവരംമൂലം മജിസ്ട്രേറ്റ് യ യെ ഡിസ്മിസ്സ് ചെയ്യുവാൻ ഇടയാക്കുമെന്നും അറിഞ്ഞുകൊണ്ട്, അറിയിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

(ഖ) ഒരു രഹസ്യസ്ഥലത്ത് യ യുടെ വക നിയമനിഷിദ്ധമായ ഉപ്പ് ഉണ്ടെന്നുള്ള വിവരം, അങ്ങനെയുള്ള വിവരം വ്യാജമാണെന്ന്

അറിഞ്ഞുകൊണ്ടും ആ വിവരം നൽകുന്നതിന്റെ അനന്തരഫലം യ യുടെ ഗൃഹപരിസരം ശോധന ചെയ്യലും അതോടുകൂടി യ യ്ക്ക് ഉണ്ടാക്കുന്ന അലട്ടലും ആയിരിക്കുമെന്ന് അറിഞ്ഞുകൊണ്ടും ക ഒരു പബ്ലിക് സർവന്റിന് വ്യാജമായി നൽകുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

(ഗ) ഒരു പ്രത്യേക ഗ്രാമത്തിന്റെ സമീപത്തുവച്ച് താൻ കൈയേറ്റം ചെയ്യപ്പെടുകയും കവർച്ച ചെയ്യപ്പെടുകയും ചെയ്തുവെന്ന് ക വ്യാജമായി ഒരു പോലീസുകാരന് വിവരം നൽകുന്നു. അയാളെ ആക്രമിച്ചവരിൽ ഒരാളായി ആരുടേയും പേര് അയാൾ പറയുന്നില്ല, എന്നാൽ ഈ വിവരം നൽകലിന്റെ അനന്തരഫലമായി ഗ്രാമീണർക്കോ അവരിൽ ചിലർക്കോ അലട്ടൽ ഉണ്ടാക്കത്തക്കവിധം ഗ്രാമത്തിൽ പോലീസ് അന്വേഷണം നടത്തുകയും ശോധന ചെയ്യുകയും ചെയ്യുവാൻ ഇടയുണ്ടെന്ന് അയാൾക്കറിയാം. ക ഈ വകുപ്പിൻ കീഴിൽ ഒരു കുറ്റം ചെയ്തിരിക്കുന്നു.

ഒരു പബ്ലിക് സർവന്റിന്റെ നിയമപരമായ അധികാര പ്രകാരം വസ്തു എടുക്കുന്നതിനെ ചെറുക്കുന്നത്

218. ഏതെങ്കിലും പബ്ലിക് സർവന്റിന്റെ നിയമപരമായ അധികാര പ്രകാരം ഏതെങ്കിലും വസ്തു എടുക്കുന്നതിനെ, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് ആണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ചെറുക്കുന്ന ഏതൊരാളും ആറ് മാസംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പബ്ലിക് സർവന്റിന്റെ അധികാര പ്രകാരം വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന വസ്തുവിന്റെ വിൽപ്പന തടസ്സപ്പെടുത്തുന്നത്.

219. ഏതെങ്കിലും പബ്ലിക് സർവന്റിന്റെ ആ നിലയിലുള്ള നിയമപരമായ അധികാരപ്രകാരം വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഏതെങ്കിലും വസ്തുവിന്റെ വിൽപ്പന ഉദ്ദേശ്യപൂർവം തടസ്സപ്പെടുത്തുന്ന ഏതൊരാളും ഒരു മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

220. ഒരു പബ്ലിക് സർവന്റിന്റെ ആ നിലയിലുള്ള നിയമപരമായ അധികാരപ്രകാരം നടക്കുന്ന ഏതെങ്കിലും വസ്തുവിന്റെ വിൽപ്പനയിൽ, ആ വിൽപ്പനയിൽ ആ വസ്തു വിലയ്ക്ക് വാങ്ങുവാൻ നിയമപ്രകാരം അപ്രാപ്തനാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും ആളുടെ പേരിൽ അത് താൻ തന്നെയോ മറ്റാരെങ്കിലുമോ ആയാലും ഏതെങ്കിലും വസ്തു വിലയ്ക്ക് വാങ്ങുകയോ ലേലംകൊള്ളുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ലേലം കൊള്ളലിൽ തനിക്ക് നേരിടേണ്ടിവരുന്ന കടപ്പാടുകൾ നിർവഹിക്കണമെന്ന ഉദ്ദേശ്യമില്ലാതെ അങ്ങനെയുള്ള വസ്തു ലേലം കൊള്ളുകയോ ചെയ്യുന്ന, ഏതൊരാളും ഒരു മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ഇരുന്നൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പബ്ലിക് സർവന്റിന്റെ അധികാര പ്രകാരം വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന വസ്തു നിയമ വിരുദ്ധമായി വിലയ്ക്ക് വാങ്ങുകയോ ലേലത്തിൽ കൊള്ളുകയോ ചെയ്യുന്നത്.

221. ഏതെങ്കിലും പബ്ലിക് സർവന്റിനെ അയാളുടെ പബ്ലിക് ചുമതലകൾ നിർവഹിക്കുന്നതിൽ സ്വേച്ഛയാ തടസ്സപ്പെടുത്തുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ രണ്ടായിരത്തിഅഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പബ്ലിക് ചുമതലകൾ നിർവഹിക്കുന്നതിൽ പബ്ലിക് സർവന്റിനെ തടസ്സപ്പെടുത്തുന്നത്.

222. ഏതെങ്കിലും പബ്ലിക് സർവന്റിന് അയാളുടെ പബ്ലിക് കർത്തവ്യം നിറവേറ്റുന്നതിൽ സഹായം ചെയ്യുവാനോ എത്തിച്ചുകൊടുക്കുവാനോ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ ഉദ്ദേശ്യപൂർവം അങ്ങനെയുള്ള സഹായം നൽകാതിരിക്കുന്ന ഏതൊരാളും,—

പബ്ലിക് സർവന്റിന് സഹായം നൽകുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ സഹായം നൽകാതിരിക്കുന്നത്.

(ക) ഒരു മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ രണ്ടായിരത്തിഅഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) ഒരു കോടതി നിയമാനുസൃതം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പ്രോസസ്സ് നടത്തുന്നതിനോ ഒരു കുറ്റം ചെയ്യുന്നത് തടയുന്നതിനോ ഒരു ലഹളയോ അടികലശലോ അമർച്ച ചെയ്യുന്നതിനോ അല്ലെങ്കിൽ ഒരു കുറ്റത്തിന് നിയമപരമായ കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ടതിനോ ചാർജ് ചെയ്യപ്പെടുകയോ അപരാധിയാവുകയോ ചെയ്ത ഒരാളെ പിടിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള സഹായം

ആവശ്യപ്പെടുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക് സർവന്റ് അയാളോട് അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളിടത്ത്, ആറ് മാസം വരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

പബ്ലിക് സർവന്റ് മുറപ്രകാരം പ്രഖ്യാപനം ചെയ്ത ഉത്തരവ് അനുസരിക്കാതിരിക്കൽ.

223. താൻ ഒരു പ്രത്യേക കൃത്യം ചെയ്യാതിരിക്കണമെന്നോ അല്ലെങ്കിൽ തന്റെ കൈവശത്തിലോ തന്റെ നടത്തിപ്പിലോ ഉള്ള പ്രത്യേക വസ്തു സംബന്ധിച്ച് എന്തെങ്കിലും ചെയ്യണമെന്ന് ഉള്ള ഒരു ഉത്തരവ് പ്രഖ്യാപനം ചെയ്യുവാൻ നിയമാനുസൃതം അധികാരപ്പെടുത്തപ്പെട്ട ഒരു പബ്ലിക് സർവന്റ് പ്രഖ്യാപനം ചെയ്തിട്ടുള്ള അങ്ങനെയുള്ള ഉത്തരവിനാൽ താൻ അങ്ങനെ ചെയ്യണമെന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള നിർദേശം അനുസരിക്കാതിരിക്കുന്ന ഏതൊരാളും,—

(ക) അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ നിയമാനുസൃതമായി നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾക്ക് തടസ്സമോ അലട്ടലോ ക്ഷതിയോ അല്ലെങ്കിൽ തടസ്സത്തിനോ അലട്ടലിനോ ക്ഷതിക്കോ ഉള്ള സാധ്യത ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണതയുള്ളതായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആറ് മാസം വരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ രണ്ടായിരത്തിഅഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ മനുഷ്യജീവനോ ആരോഗ്യത്തിനോ രക്ഷക്കോ അപായം ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണത ഉള്ളതായിരിക്കുകയോ അല്ലെങ്കിൽ ലഹളയോ അടികലശലോ ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണതയുള്ളതായിരിക്കുകയോ ചെയ്യുന്നിടത്ത് ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

*വിശദീകരണം.—* കുറ്റക്കാരൻ ഹാനി ഉളവാക്കണമെന്ന് ഉദ്ദേശിക്കുകയോ തന്റെ അനുസരിക്കാതിരിക്കൽ ഹാനി ഉളവാക്കുവാൻ ഇടയുള്ളതാണെന്ന് വിചാരിക്കുകയോ വേണമെന്നില്ല. താൻ അനുസരിക്കാതിരിക്കുന്ന ഉത്തരവിനെക്കുറിച്ച് അയാൾ അറിഞ്ഞിരിക്കുകയും അയാളുടെ അനുസരിക്കാതിരിക്കൽ ഹാനി ഉളവാക്കുന്നതോ ഉളവാക്കുവാൻ ഇടയുള്ളതോ ആയിരിക്കുകയും ചെയ്താൽ മതി.

*ദൃഷ്ടാന്തം*

മതപരമായ ഒരു ഘോഷയാത്ര ഒരു തെരുവിലൂടെ പോകുവാൻ പാടില്ലെന്ന് നിർദേശിക്കുന്ന ഒരു ഉത്തരവ്, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നിയമാനുസൃതം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു പബ്ലിക് സർവന്റ്, പ്രഖ്യാപിക്കുന്നു. ക അറിഞ്ഞുകൊണ്ട് ആ ഉത്തരവ് അനുസരിക്കാതിരിക്കുകയും അതുവഴി ലഹളയ്ക്കുള്ള സാധ്യത ഉളവാക്കുകയും ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

224. ഏതെങ്കിലും പബ്ലിക് സർവന്റിന്റെ പബ്ലിക് ചുമതലകൾ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും കൃത്യം ചെയ്യുവാനോ ഏതെങ്കിലും കൃത്യം ചെയ്യാതിരിക്കുവാനോ താമസിപ്പിക്കുവാനോ ആ പബ്ലിക് സർവന്റിനെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള പബ്ലിക് സർവന്റിനോ ആ പബ്ലിക് സർവന്റിന് താൽപര്യം ഉണ്ടെന്ന് താൻ വിശ്വസിക്കുന്ന ഏതെങ്കിലും ആൾക്കോ ക്ഷതി ഉളവാക്കുമെന്ന ഏതെങ്കിലും ഭീഷണി നൽകുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പബ്ലിക് സർവന്റിന് ക്ഷതി ഉളവാക്കുമെന്നുള്ള ഭീഷണി.

225. ഏതെങ്കിലും ക്ഷതിക്കെതിരായി രക്ഷണം കൊടുക്കുവാനോ അങ്ങനെയുള്ള രക്ഷണം കൊടുപ്പിക്കുവാനോ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും പബ്ലിക് സർവന്റിന് അങ്ങനെയുള്ള രക്ഷണത്തിനു വേണ്ടി നിയമപ്രകാരമുള്ള ഒരു അപേക്ഷ നൽകാതിരിക്കുകയോ നൽകുന്നതിൽനിന്ന് പിന്തിരിയുകയോ ചെയ്യുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി അയാൾക്ക് ക്ഷതി

പബ്ലിക് സർവന്റിനോട് സംരക്ഷണത്തിന് അപേക്ഷ നൽകാതിരിക്കുന്നതിന് ആളെ പ്രചോദിപ്പിക്കുവാൻവേണ്ടി ക്ഷതി ഉണ്ടാക്കുമെന്നുള്ള ഭീഷണി.

ഉളവാക്കുമെന്ന ഏതെങ്കിലും ഭീഷണി നൽകുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നിയമപരമായ അധികാരം വിനിയോഗിക്കുന്നത് നിർബന്ധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ വേണ്ടിയുള്ള ആത്മഹത്യാ ശ്രമം.

226. തന്റെ ഔദ്യോഗിക കർത്തവ്യം നിർവഹിക്കുന്നതിൽ നിന്ന് ഏതെങ്കിലും പബ്ലിക് സർവന്റിനെ നിർബന്ധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആത്മഹത്യ ചെയ്യുവാൻ ശ്രമിക്കുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അല്ലെങ്കിൽ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XIV

## വ്യാജമായ തെളിവിനെയും പൊതുനീതിക്ക് വിരുദ്ധമായ കുറ്റങ്ങളെയും കുറിച്ച്

വ്യാജമായ തെളിവ് നൽകുന്നത്.

227. ഒരു ശപഥത്താലോ പ്രകടമായ നിയമവ്യവസ്ഥയാലോ സത്യം പറയുവാൻ നിയമപ്രകാരം ബാധ്യസ്ഥനായിരിക്കെ, അല്ലെങ്കിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഒരു പ്രഖ്യാപനം ചെയ്യുന്നതിന് നിയമ പ്രകാരം ബാധ്യസ്ഥനായിരിക്കെ വ്യാജവും, വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും പ്രസ്താവന ചെയ്യുന്ന ഏതൊരാളും വ്യാജമായ തെളിവ് നൽകുന്നതായി പറയപ്പെടുന്നു.

*വിശദീകരണം* 1.— ഒരു പ്രസ്താവന, വാക്കാലോ മറ്റുവിധത്തിലോ ചെയ്തതായാലും ഈ വകുപ്പിന്റെ അർഥത്തിൽപ്പെടുന്നു.

*വിശദീകരണം* 2.—സാക്ഷ്യപ്പെടുത്തുന്ന ആളുടെ വിശ്വാസം സംബന്ധിച്ച വ്യാജമായ ഒരു പ്രസ്താവന ഈ വകുപ്പിന്റെ അർഥത്തിൽപ്പെടുന്നതും താൻ വിശ്വസിക്കാത്ത ഒരു കാര്യം താൻ വിശ്വസിക്കുന്നുവെന്ന് പ്രസ്താവിക്കുമ്പോഴും, കൂടാതെ താൻ അറിയാത്ത ഒരു കാര്യം

അറിയുന്നുവെന്ന് പ്രസ്താവിക്കുമ്പോഴും ഒരാൾ വ്യാജമായ തെളിവ് നൽകുന്നതിന് അപരാധിയാകാവുന്നതുമാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ഖ യ്ക്ക് യ യ്ക്കെതിരായി ആയിരം രൂപയ്ക്കുള്ള നീതി പൂർവകമായ ഒരു അവകാശവാദത്തിന് സഹായകമായി, ഖ യുടെ അവകാശവാദം നീതിപൂർവമാണെന്ന് യ സമ്മതിച്ചത് താൻ കേട്ടതായി ഒരു വിചാരണയിൽ ക സത്യം ചെയ്ത് വ്യാജമായി പറയുന്നു. ക വ്യാജമായി തെളിവ് നൽകിയിരിക്കുന്നു.

(ഖ) ക സത്യം പറയുന്നതിന് ഒരു ശപഥത്താൽ ബാധ്യസ്ഥനായിരിക്കെ ഒരു പ്രത്യേക ഒപ്പ് യ യുടെ കൈയക്ഷരത്തിൽ ഉള്ളതാണെന്ന് താൻ വിശ്വസിക്കാത്തപ്പോൾ യ യുടെ കൈയക്ഷരത്തിൽ ഉള്ളതാണെന്ന് താൻ വിശ്വസിക്കുന്നു എന്ന് പറയുന്നു. ഇവിടെ ക വ്യാജമെന്ന് തനിക്ക് അറിയാവുന്നത് പറയുന്നതുകൊണ്ട് വ്യാജമായി തെളിവ് നൽകുന്നു.

(ഗ) യ യുടെ കൈയക്ഷരത്തിന്റെ സാമാന്യ സ്വഭാവം അറിഞ്ഞുകൊണ്ട് ഒരു പ്രത്യേക ഒപ്പ് യ യുടെ കൈയക്ഷരത്തിലുള്ള താണെന്ന് താൻ വിശ്വസിക്കുന്നു എന്ന്, അത് ഉത്തമവിശ്വാസപൂർവം വിശ്വസിച്ചുകൊണ്ട് ക പറയുന്നു. ഇവിടെ ക യുടെ പ്രസ്താവന അയാളുടെ വിശ്വാസത്തെക്കുറിച്ച് മാത്രമുള്ളതും അയാളുടെ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം സത്യമായിട്ടുള്ളതും അതുകൊണ്ട് ഒപ്പ് യ യുടെ കൈയക്ഷരത്തിൽ ഉള്ളതല്ലാതിരിക്കാമെങ്കിലും ക വ്യാജമായ തെളിവ് നൽകിയിട്ടില്ലാത്തതുമാകുന്നു.

(ഘ) സത്യം പറയുന്നതിന് ഒരു ശപഥത്താൽ ബാധ്യസ്ഥനായിരിക്കെ ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക ദിവസം യ ഉണ്ടായിരുന്നതായി താൻ അറിയുന്നുവെന്ന് ആ വിഷയത്തെപ്പറ്റി യാതൊന്നും അറിയാതെ ക പറയുന്നു. യ അപ്പറഞ്ഞ ദിവസം ആ സ്ഥലത്ത് ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ക വ്യാജമായ തെളിവ് നൽകുന്നു.

(ങ) നേരായി വ്യാഖ്യാനിക്കുകയോ തർജമ ചെയ്യുകയോ ചെയ്യുവാൻ ശപഥത്താൽ താൻ ബാധ്യസ്ഥനായിട്ടുള്ളതായ ഒരു പ്രസ്താവനയോ രേഖയോ, ഒരു നേരായ വ്യാഖ്യാനമോ തർജമയോ അല്ലാത്തതും അങ്ങനെ താൻ വിശ്വസിക്കാത്തതുമായ ഒരു വ്യാഖ്യാനമോ

തർജമയോ നേരായ വ്യാഖ്യാനമോ തർജമയോ ആയി ക എന്ന ദ്വിഭാഷിയോ തർജമക്കാരനോ നൽകുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നു. ക വ്യാജമായ തെളിവ് നൽകിയിരിക്കുന്നു.

വ്യാജമായ തെളിവ് നിർമ്മിക്കൽ.

228. ഏതെങ്കിലും സാഹചര്യമോ വ്യാജമായ ഉൾക്കുറിപ്പോ വ്യാജമായ പ്രസ്താവനയോ ഒരു നീതിന്യായനടപടിയിലോ, ഒരു പബ്ലിക് സർവന്റിന്റെ മുമ്പാകെ അങ്ങനെയുള്ള നിലയിലോ ഒരു മധ്യസ്ഥന്റെ മുമ്പാകെയോ നിയമപ്രകാരം എടുക്കുന്ന നടപടിയിലോ, തെളിവിൽ വന്നുകൊള്ളട്ടെ എന്നും, അപ്രകാരം തെളിവായി വന്നേക്കാവുന്ന അങ്ങനെയുള്ള സാഹചര്യമോ വ്യാജമായ ഉൾക്കുറിപ്പോ വ്യാജമായ പ്രസ്താവനയോ അങ്ങനെയുള്ള നടപടിയിൽ ആ തെളിവിനെപ്പറ്റി ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ട ഒരാൾ അങ്ങനെയുള്ള നടപടിയുടെ പരിണാമത്തെ സാരമായി ബാധിക്കുന്ന ഏതെങ്കിലും സംഗതിയെക്കുറിച്ച് തെറ്റായ ഒരു അഭിപ്രായം കൈക്കൊള്ളുവാൻ ഇടയാക്കിക്കൊള്ളട്ടെ എന്നും ഉദ്ദേശിച്ചുകൊണ്ട്, അങ്ങനെയുള്ള ഏതെങ്കിലും സാഹചര്യം ഉണ്ടാക്കുവാനിടയാക്കുകയോ ഏതെങ്കിലും പുസ്തകത്തിലോ റിക്കാർഡിലോ ഇലക്ട്രോണിക് റിക്കാർഡിലോ ഏതെങ്കിലും വ്യാജമായ ഉൾക്കുറിപ്പ് ചേർക്കുകയോ വ്യാജപ്രസ്താവന ഉൾക്കൊള്ളുന്ന ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും "വ്യാജമായ തെളിവ് നിർമ്മിക്കുന്നത്" ആയി പറയപ്പെടുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക ആഭരണങ്ങൾ യ യുടെ വകയായ ഒരു പെട്ടിയിൽ കാണപ്പെട്ടുകൊള്ളട്ടെ എന്നും യ യുടെ പേരിൽ മോഷണക്കുറ്റം സ്ഥാപിക്കപ്പെടുവാൻ ഈ സാഹചര്യം ഇടയാക്കിക്കൊള്ളട്ടെ എന്നും ഉള്ള ഉദ്ദേശ്യത്തോടെ അവ ആ പെട്ടിയിൽ വയ്ക്കുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

(ഖ) ഒരു കോടതിയിൽ ഉപോദ്ബലകത്തെളിവായി ഉപയോഗിക്കുന്നതിനുവേണ്ടി ക തന്റെ ഷോപ്പ് ബുക്കിൽ വ്യാജമായ ഒരു ഉൾക്കുറിപ്പ് ചേർക്കുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

(ഗ) യ യുടെ പേരിൽ കുറ്റകരമായ ഒരു ഗൂഢാലോചനയ്ക്ക് കുറ്റം സ്ഥാപിക്കപ്പെടുവാനിടയാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള കുറ്റകരമായ ഗൂഢാലോചനയിലെ ഒരു കൂട്ടുകുറ്റക്കാരന് എഴുതിയതാണെന്ന് കരുതപ്പെടാവുന്ന ഒരു കത്ത് യ യുടെ കൈയക്ഷരം അനുകരിച്ച് ക എഴുതുകയും പോലീസ് ഓഫീസർമാർ ശോധന ചെയ്യുവാൻ ഇടയുണ്ടെന്ന് അയാൾക്ക് അറിയാവുന്ന ഒരു സ്ഥലത്ത് ആ കത്ത് വയ്ക്കുകയും ചെയ്യുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

വ്യാജമായ തെളിവിനുള്ള ശിക്ഷ.

229. (1) ഒരു നീതിന്യായനടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉദ്ദേശ്യപൂർവം, വ്യാജമായ തെളിവ് നൽകുകയോ ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉപയോഗിക്കപ്പെടുന്നതിനുവേണ്ടി വ്യാജമായ തെളിവ് നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതല്ലാതെയുള്ള മറ്റേതെങ്കിലും സംഗതിയിൽ ഉദ്ദേശ്യപൂർവം വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും അയ്യായിരം രൂപവരെയാകാവുന്ന പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം 1.*— ഒരു പട്ടാളക്കോടതിയുടെ മുമ്പാകെയുള്ള ഒരു വിചാരണ ഒരു നീതിന്യായനടപടിയാകുന്നു.

*വിശദീകരണം 2.*— ഒരു കോടതിയുടെ മുമ്പാകെയുള്ള ഒരു നടപടിക്ക് പ്രാരംഭകമായി നിയമത്താൽ നിർദേശിക്കപ്പെട്ട ഒരു അന്വേഷണം ആ അന്വേഷണം ഒരു കോടതിയുടെ മുമ്പാകെ നടക്കുന്നതല്ലെന്നിരിക്കാമെങ്കിലും ഒരു നീതിന്യായനടപടിയുടെ ഒരു ഘട്ടം ആകുന്നു.

*ദൃഷ്ടാന്തം*

യ യെ വിചാരണയ്ക്ക് കമ്മിറ്റ് ചെയ്യേണ്ടതാണോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു മജിസ്ട്രേറ്റിന്റെ മുമ്പാകെ നടത്തുന്ന ഒരു

അന്വേഷണവിചാരണയിൽ ക വ്യാജമെന്ന് തനിക്ക് അറിയാവുന്ന ഒരു പ്രസ്താവന ശപഥത്തിൻമേൽ ചെയ്യുന്നു. ഈ അന്വേഷണവിചാരണ ഒരു നീതിന്യായനടപടിയുടെ ഒരു ഘട്ടമാകയാൽ ക വ്യാജമായി തെളിവ് നൽകിയിരിക്കുന്നു.

*വിശദീകരണം* 3.— ഒരു കോടതിയാൽ നിയമപ്രകാരം നിർദേശിക്കപ്പെടുന്നതും ഒരു കോടതിയുടെ അധികാരത്തിൻകീഴിൽ നടത്തുന്നതുമായ ഒരു അന്വേഷണം ഒരു കോടതി മുമ്പാകെ നടക്കുന്നതല്ലെന്നിരിക്കാമെങ്കിലും, ഒരു നീതിന്യായനടപടിയുടെ ഒരു ഘട്ടമാകുന്നു.

*ദൃഷ്ടാന്തം*

ഒരു ഭൂമിയുടെ അതിർത്തികൾ സ്ഥലത്തുവച്ച് തിട്ടപ്പെടുത്തുന്നതിന് ഒരു കോടതിയാൽ നിയുക്തനായ ഒരു ഓഫീസറുടെ മുമ്പാകെയുള്ള ഒരു അന്വേഷണവിചാരണയിൽ ക വ്യാജമെന്ന് തനിക്ക് അറിയാവുന്ന ഒരു പ്രസ്താവന ശപഥത്തിൻമേൽ ചെയ്യുന്നു. ഈ അന്വേഷണവിചാരണ ഒരു നീതിന്യായനടപടിയുടെ ഒരു ഘട്ടമാകയാൽ, ക വ്യാജമായ തെളിവ് നൽകിയിരിക്കുന്നു.

മരണശിക്ഷ നൽകാവുന്ന കുറ്റം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്.

230. (1) വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ, അതുവഴി ഏതെങ്കിലും ആളുടെമേൽ ഇൻഡ്യയിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷ നൽകാവുന്ന ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അതുവഴി ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും അമ്പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച വ്യാജമായ തെളിവിന്റെ അനന്തരഫലമായി നിരപരാധിയായ ഒരാളുടെ മേൽ കുറ്റം സ്ഥാപിക്കപ്പെടുകയും മരണശിക്ഷ നടത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വ്യാജമായ തെളിവ് നൽകിയ ആൾക്ക് മരണശിക്ഷയോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ച ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

231. വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ, അതുവഴി ഏതെങ്കിലും ആളുടെമേൽ തൽസമയം ഇൻഡ്യയിൽ പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷ നൽകാവുന്ന തല്ലാത്തതും എന്നാൽ ജീവപര്യന്തത്തടവോ ഏഴ് വർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള തടവോ നൽകി ശിക്ഷിക്ക പ്പെടാവുന്നതുമായ ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അതുവഴി ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞു കൊണ്ടോ, ചെയ്യുന്ന ഏതൊരാളും ആ കുറ്റം സ്ഥാപിക്കപ്പെട്ട ഒരാൾ ശിക്ഷിക്കപ്പെടുന്നതുപോലെ ശിക്ഷിക്കപ്പെടുവാൻ അർഹനാകുന്നതുമാണ്.

ജീവപര്യന്തത്തടവോ തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്.

*ദൃഷ്ടാന്തം*

<u>യ</u> യുടെ മേൽ കൂട്ടായ്മക്കവർച്ച കുറ്റം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു കോടതി മുമ്പാകെ <u>ക</u> വ്യാജമായ തെളിവ് നൽകുന്നു. കൂട്ടായ്മക്കവർച്ചക്കുള്ള ശിക്ഷ പിഴയോടുകൂടിയതോ അല്ലാത്തതോ ആയ ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ ആകുന്നു. അതുകൊണ്ട് <u>ക</u> പിഴയോടുകൂടിയതോ അല്ലാത്തതോ ആയ ജീവപര്യന്തത്തടവിനോ തടവിനോ അർഹനാകുന്നതാണ്.

232. (1) വ്യാജമായ തെളിവ് നൽകുവാൻ മറ്റൊരാളെ ഇടവരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാളുടെ ദേഹത്തിനോ കീർത്തിക്കോ വസ്തുവിനോ അല്ലെങ്കിൽ ആ ആൾക്ക് താൽപര്യമുള്ള ഏതെങ്കിലും ഒരാളുടെ ദേഹത്തിനോ കീർത്തിക്കോ ക്ഷതി ഏൽപ്പിക്കുമെന്ന് അയാളെ ഭീഷണിപ്പെടുത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജമായ തെളിവ് നൽകുവാൻ ഏതെങ്കിലും ആളെ ഭീഷണിപ്പെടുത്തൽ.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച വ്യാജമായ, തെളിവിന്റെ അനന്തരഫലമായി നിരപരാധിയായ ആൾ കുറ്റസ്ഥാപനം ചെയ്യപ്പെടുകയും മരണശിക്ഷയ്ക്കോ ഏഴ് വർഷത്തിൽ കൂടുതൽ തടവിനോ വിധിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ഭീഷണിപ്പെടുത്തുന്ന ആൾ, അങ്ങനെയുള്ള നിരപരാധിയായ ആൾ ശിക്ഷിക്കപ്പെടുകയും

വിധിക്കപ്പെടുകയും ചെയ്ത അതേ രീതിയിലും അതേ വ്യാപ്തിയോളവും അതേ ശിക്ഷയും വിധിയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജമെന്ന് അറിയാവുന്ന തെളിവ് ഉപയോഗിക്കുന്നത്.

233. വ്യാജമായതോ വ്യാജമായി നിർമ്മിച്ചതോ ആണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും തെളിവ് സത്യമായതോ യഥാർഥമായതോ ആയ തെളിവായി ദുർമാർഗത്തിൽ ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്തുവെങ്കിലെന്നപോലെ ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജമായ സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പിടുകയോ ചെയ്യുന്നത്.

234. നിയമപ്രകാരം നൽകേണ്ടതോ ഒപ്പിടേണ്ടതോ ആയ ഏതെങ്കിലും സർട്ടിഫിക്കറ്റോ ഏതെങ്കിലും വസ്തുത സംബന്ധിച്ച തെളിവായി നിയമപ്രകാരം സ്വീകരിക്കേണ്ടതായ അങ്ങനെയുള്ള സർട്ടിഫിക്കറ്റോ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ഏതെങ്കിലും സാരമായ ഒരു കാര്യത്തിൽ വ്യാജമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിച്ചുകൊണ്ടോ നൽകുകയോ ഒപ്പിടുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ വ്യാജമായ തെളിവ് നൽകിയിരുന്നെങ്കിലെന്നപോലെ ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജമാണെന്ന് അറിയാവുന്ന ഒരു സർട്ടിഫിക്കറ്റ് സത്യമായ തെന്നപോലെ ഉപയോഗിക്കുന്നത്.

235. അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റ്, ഏതെങ്കിലും സാരമായ ഒരു കാര്യത്തിൽ അത് വ്യാജമെന്ന് അറിഞ്ഞുകൊണ്ട് ഒരു സത്യമായ സർട്ടിഫിക്കറ്റ് എന്നപോലെ ദുർമാർഗത്തിൽ ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ വ്യാജമായ തെളിവ് നൽകിയിരുന്നെങ്കിലെന്ന അതേ രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്.

നിയമപ്രകാരം തെളിവായി സ്വീകരിക്കാവുന്ന പ്രഖ്യാപനത്തിൽ ചെയ്തിട്ടുള്ള വ്യാജ പ്രസ്താവന.

236. താൻ ചെയ്യുകയോ ഒപ്പിട്ടുകൊടുക്കുകയോ ചെയ്തതും, ഏതെങ്കിലും വസ്തുതയുടെ തെളിവായി സ്വീകരിക്കുവാൻ ഏതെങ്കിലും കോടതിക്കോ ഏതെങ്കിലും പബ്ലിക് സർവന്റിനോ അല്ലെങ്കിൽ മറ്റൊരാൾക്കോ നിയമപ്രകാരം ബാധ്യതയോ അധികാരമോ ഉള്ളതുമായ ഏതെങ്കിലും പ്രഖ്യാപനത്തിൽ, വ്യാജമായതും, വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയതും, പ്രഖ്യാപനം ചെയ്യുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തതായ ഉദ്ദേശ്യത്തെ സാരമായി ബാധിക്കുന്ന ഏതെങ്കിലും കാര്യത്തെക്കുറിച്ച് ഏതെങ്കിലും പ്രസ്താവന

ചെയ്യുന്ന ഏതൊരാളും, അയാൾ വ്യാജമായ തെളിവ് നൽകിയിരുന്നെങ്കിലെന്ന അതേ രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്.

237. അങ്ങനെയുള്ള ഏതെങ്കിലും പ്രഖ്യാപനം ഏതെങ്കിലും സാരമായ കാര്യത്തിൽ വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് ദുർമാർഗത്തിൽ സത്യമായതെന്നപോലെ ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ വ്യാജമായ തെളിവ് നൽകിയിരുന്നെങ്കിലെന്ന അതേ രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്. വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള പ്രഖ്യാപനം സത്യമായതെന്നപോലെ ഉപയോഗിക്കുന്നത്.

*വിശദീകരണം.*— ഏതെങ്കിലും അനൗപചാരികത്വം മാത്രം കാരണമായി അസ്വീകാര്യമായ ഒരു പ്രഖ്യാപനം 236-ാം വകുപ്പിന്റെയും ഈ വകുപ്പിന്റെയും അർഥത്തിൽപ്പെടുന്ന ഒരു പ്രഖ്യാപനമാകുന്നു.

238. ഒരു കുറ്റം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, കുറ്റക്കാരനെ നിയമപ്രകാരമുള്ള ശിക്ഷയിൽ നിന്ന് സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ കുറ്റം ചെയ്യപ്പെട്ടതിന്റെ ഏതെങ്കിലും തെളിവ് അപ്രത്യക്ഷമാക്കുകയോ അല്ലെങ്കിൽ ആ ഉദ്ദേശ്യത്തോടുകൂടി ആ കുറ്റം സംബന്ധിച്ച് വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം നൽകുകയോ ചെയ്യുന്ന ഏതൊരാളും,— കുറ്റക്കാരനെ സംരക്ഷിക്കുന്നതിന് കുറ്റത്തിന്റെ തെളിവ് അപ്രത്യക്ഷമാക്കുകയോ വ്യാജമായ വിവരം നൽകുകയോ ചെയ്യുന്നത്.

(ക) ചെയ്യപ്പെട്ടതായി താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ കുറ്റം മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണെങ്കിൽ, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഖ) ആ കുറ്റം ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഗ) ആ കുറ്റം പത്ത് വർഷംവരെയാകാത്ത ഏതെങ്കിലും കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതാണെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തരത്തിലുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗം വരെയാകാവുന്ന കാലത്തേക്ക്

തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

*ദൃഷ്ടാന്തം*

ഖ, യ യെ കൊലചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് ഖ യെ ശിക്ഷയിൽനിന്ന് സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ജഡം ഒളിച്ചുവയ്ക്കുന്നതിന് ക, ഖ യെ സഹായിക്കുന്നു. ക ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവിനും പിഴയ്ക്കും കൂടി അർഹനാകുന്നതാണ്.

കുറ്റത്തെക്കുറിച്ച് വിവരം നൽകുന്നതിന് ബാധ്യസ്ഥനായ ആൾ ഉദ്ദേശ്യപൂർവം വിവരം നൽകാതിരിക്കുന്നത്.

239. ഒരു കുറ്റം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ആ കുറ്റം സംബന്ധിച്ച് നൽകുവാൻ തനിക്ക് നിയമപ്രകാരം ബാധ്യതയുള്ള ഏതെങ്കിലും വിവരം ഉദ്ദേശ്യപൂർവം നൽകാതിരിക്കുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ചെയ്യപ്പെട്ട ഒരു കുറ്റത്തെ സംബന്ധിച്ച് വ്യാജമായ വിവരം നൽകുന്നത്.

240. ഒരു കുറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ആ കുറ്റം സംബന്ധിച്ച് വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും വിവരം നൽകുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.*—238, 239 എന്നീ വകുപ്പുകളിലും, ഈ വകുപ്പിലും "കുറ്റം" എന്ന വാക്കിൽ ഇൻഡ്യയ്ക്ക് പുറത്ത് ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്യുന്നുവെങ്കിൽ, താഴെപ്പറയുന്ന ഏതെങ്കിലും വകുപ്പുകളിൻ കീഴിൽ അതായത്, 103, 105, 307, 309–ാം വകുപ്പിന്റെ (2), (3), (4) ഉപവകുപ്പുകൾ, 310–ാം വകുപ്പിന്റെ (2), (3), (4), (5) ഉപവകുപ്പുകൾ, 311, 312, 326–ാം വകുപ്പിന്റെ (ച) ഉം (ഛ) ഉം ഖണ്ഡങ്ങൾ, 331–ാം വകുപ്പിന്റെ (4), (6), (7), (8) ഉപവകുപ്പുകൾ, 332–ാം വകുപ്പിന്റെ (ക) ഉം (ഖ) ഉം ഖണ്ഡങ്ങൾ പ്രകാരം ശിക്ഷാർഹമാകുന്നതുമായ ഏത് കൃത്യവും ഉൾപ്പെടുന്നു.

241. ഒരു കോടതിയിലോ ഒരു പബ്ലിക് സർവന്റിന്റെ മുമ്പാകെ, ആ നിലയിൽ നിയമാനുസൃതമായി നടത്തപ്പെടുന്ന ഏതെങ്കിലും നടപടിയിലോ താൻ നിയമാനുസൃതം തെളിവായി ഹാജരാക്കുവാൻ നിർബന്ധിതനാകാവുന്ന ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ അങ്ങനെ ഒളിച്ചുവയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞപ്രകാരം അങ്ങനെയുള്ള കോടതിയുടെയോ പബ്ലിക് സർവന്റിന്റെയോ മുമ്പാകെ അത് തെളിവായി ഹാജരാക്കുന്നതോ ഉപയോഗിക്കുന്നതോ തടയണമെന്ന ഉദ്ദേശ്യത്തോടു കൂടിയോ അല്ലെങ്കിൽ ആ ആവശ്യത്തിലേക്ക് അയാളെ നിയമാനുസൃതം സമൻ ചെയ്യുകയോ അത് ഹാജരാക്കുവാൻ ആവശ്യപ്പെടുകയോ ചെയ്തശേഷമോ, അങ്ങനെയുള്ള രേഖയോ ഇലക്ട്രോണിക് റിക്കാർഡോ മുഴുവനായോ ഏതെങ്കിലും ഭാഗമായോ മായ്ച്ചുകളയുകയോ വായിക്കുവാൻ പറ്റാത്തവിധമാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

രേഖയോ ഇലക്ട്രോണിക് റിക്കാർഡോ തെളിവായി ഹാജരാക്കുന്നത് തടയുന്നതിനു വേണ്ടി അവയുടെ നശിപ്പിക്കൽ.

242. മറ്റൊരാളായി വ്യാജമായി ആൾമാറാട്ടം നടത്തുകയും, അങ്ങനെ സ്വീകരിച്ച രൂപത്തിൽ ഏതെങ്കിലും വ്യവഹാരത്തിലോ ക്രിമിനൽ പ്രോസിക്യൂഷനിലോ എന്തെങ്കിലും സമ്മതിക്കുകയോ പ്രസ്താവന ചെയ്യുകയോ അന്യായപ്രകാരം വിധിക്കുവാൻ സമ്മതിക്കുകയോ ഏതെങ്കിലും പ്രോസസ്സ് പുറപ്പെടുവിപ്പിക്കുകയോ ജാമ്യത്തിൽ ഇറക്കുന്നവനോ ജാമ്യക്കാരനോ ആവുകയോ, അല്ലെങ്കിൽ മറ്റേതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യവഹാരത്തിലോ പ്രോസിക്യൂഷനിലോ കൃത്യത്തിനോ നടപടിക്കോ വേണ്ടി വ്യാജമായ ആൾമാറാട്ടം നടത്തുന്നത്.

243. ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശമോ, ഒരു കോടതിയോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ പ്രസ്താവിച്ചതോ പ്രസ്താവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു ശിക്ഷാവിധിയിൻ കീഴിൽ ആ വസ്തുവോ അതിലുള്ള അവകാശമോ കണ്ടുകെട്ടിയതെന്ന നിലയിലോ ഒരു പിഴബാധ്യത തീർക്കുന്നതിലോ കൈവശപ്പെടുത്തുന്നതിൽ നിന്നോ അല്ലെങ്കിൽ ഒരു സിവിൽ വ്യവഹാരത്തിൽ ഒരു കോടതി പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കാൻ ഇടയുണ്ടെന്ന് തനിക്കറിയാവുന്നതോ ആയ ഒരു വിധിയോ ഉത്തരവോ നടത്തി കൈവശപ്പെടുത്തുന്നതിൽ നിന്നോ, അതുവഴി തടയണമെന്ന

വസ്തു കണ്ടുകെട്ടിയതെന്ന നിലയിലോ വിധി നടത്തലിലോ കൈവശപ്പെടുത്തുന്നതിനെ തടയുവാൻ വഞ്ചനാപൂർവം നീക്കം ചെയ്യുകയോ ഒളിച്ചു വയ്ക്കുകയോ ചെയ്യുന്നത്.

ഉദ്ദേശ്യത്തോടുകൂടി വഞ്ചനാപൂർവം നീക്കം ചെയ്യുകയോ ഒളിച്ചു വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് കൈയേൽപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വസ്തു കണ്ടുകെട്ടിയത് എന്ന നിലയിലോ വിധി നടത്തലിലോ കൈവശപ്പെടുത്തുന്നതിൽ നിന്ന് തടയുവാൻ വഞ്ചനാപൂർവം അവകാശപ്പെടുന്നത്.*

244. ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശമോ, തനിക്ക് അങ്ങനെയുള്ള വസ്തുവിലോ അവകാശബന്ധത്തിലോ യാതൊരു അവകാശമോ ന്യായമായ അവകാശവാദമോ ഇല്ലെന്ന് അറിഞ്ഞുകൊണ്ട്, അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനുള്ള അവകാശത്തെയോ അതിലുള്ള ഏതെങ്കിലും അവകാശബന്ധത്തെയോ സംബന്ധിക്കുന്ന ഏതെങ്കിലും കബളിപ്പിക്കൽ നടത്തുകയോ ചെയ്യുന്നതുവഴി ഒരു കോടതിയോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ പ്രസ്താവിച്ചതോ പ്രസ്താവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു ശിക്ഷാവിധി പ്രകാരം ആ വസ്തുവോ അതിലുള്ള അവകാശബന്ധമോ കണ്ടുകെട്ടിയത് എന്ന നിലയിലോ ഒരു പിഴബാധ്യത തീർക്കുന്നതിനോ, കൈവശപ്പെടുത്തുന്നതിൽ നിന്നോ അല്ലെങ്കിൽ ഒരു സിവിൽ വ്യവഹാരത്തിൽ ഒരു കോടതി പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു വിധിയോ ഉത്തരവോ നടത്തി കൈവശപ്പെടുത്തുന്നതിൽ നിന്നോ തടയണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വഞ്ചനാപൂർവം പ്രതിഗ്രഹിക്കുകയോ സ്വീകരിക്കുകയോ അവകാശപ്പെടുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*കൊടുക്കാനില്ലാത്ത തുകയ്ക്കു വേണ്ടി വിധി പാസ്സാക്കുവാൻ വഞ്ചനാപൂർവം വഴിപ്പെടുന്നത്.*

245. ഏതെങ്കിലും ആളുടെ വ്യവഹാരത്തിൽ അയാൾക്ക് കൊടുക്കുവാനില്ലാത്തതോ അങ്ങനെയുള്ള ആൾക്ക് കൊടുക്കുവാനുള്ളതിനേക്കാൾ കൂടുതലായതോ ആയ ഒരു തുകയ്ക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്ക് അവകാശപ്പെടാത്ത ഏതെങ്കിലും വസ്തുവിനോ വസ്തുവിലെ അവകാശത്തിനോ ഉള്ള ഒരു വിധിയോ ഉത്തരവോ തനിക്ക് എതിരായി പാസ്സാക്കപ്പെടുവാൻ വഞ്ചനാപൂർവം ഇടയാക്കുകയോ വഴിപ്പെടുകയോ, അല്ലെങ്കിൽ തനിക്ക് എതിരായ ഒരു വിധിയോ ഉത്തരവോ, അത് സംബന്ധിച്ച ബാധ്യത തീർന്നതിനുശേഷമോ അതിലെ ബാധ്യത തീർക്കുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ തനിക്ക് എതിരായി നടത്തുവാൻ വഞ്ചനാപൂർവം

ഇടയാക്കുകയോ വഴിപ്പെടുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തം*

ക, യ യ്ക്ക് എതിരായി ഒരു വ്യവഹാരം കൊടുക്കുന്നു. യ, തനിക്കെതിരായി ക ഒരു വിധി സമ്പാദിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് തനിക്കെതിരായി നീതിപൂർവമായ യാതൊരു അവകാശവാദവുമില്ലാത്ത ഖ യുടെ വ്യവഹാരത്തിൽ ക യുടെ വിധിപ്രകാരം നടന്നേക്കാവുന്ന തന്റെ വസ്തുവിന്റെ ഏതെങ്കിലും വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് ഖ അയാൾക്കുവേണ്ടിത്തന്നെയോ യ യുടെ ആനുകൂല്യത്തിനുവേണ്ടിയോ ഓഹരി വാങ്ങുവാനായി യ യ്ക്ക് എതിരായി കൂടുതൽ തുകയ്ക്കുള്ള ഒരു വിധിന്യായം പാസ്സാക്കപ്പെടുന്നതിന് വഞ്ചനാപൂർവം വഴിപ്പെടുന്നു. യ ഈ വകുപ്പിൻകീഴിൽ ഒരു കുറ്റം ചെയ്തിരിക്കുന്നു.

246. വഞ്ചനാപൂർവമായോ നേരുകേടായോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കുകയോ അലട്ടൽ ഉണ്ടാക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ, ഒരു കോടതിയിൽ വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും അവകാശവാദം ഉന്നയിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കോടതിയിൽ വ്യാജമായ അവകാശവാദം നേരുകേടായി ഉന്നയിക്കുന്നത്.

247. കിട്ടാനില്ലാത്തതോ കിട്ടാനുള്ളതിൽ കൂടുതലുള്ളതോ ആയ ഒരു തുകയ്ക്കോ, തനിക്ക് അവകാശപ്പെട്ടതല്ലാത്ത ഏതെങ്കിലും വസ്തുവിനോ വസ്തുവിലുള്ള അവകാശത്തിനോ വേണ്ടി ഏതെങ്കിലും ആൾക്ക് എതിരായി ഒരു വിധിയോ ഉത്തരവോ വഞ്ചനാപൂർവം സമ്പാദിക്കുകയോ, അല്ലെങ്കിൽ ഒരു വിധിയോ ഉത്തരവോ, അത് സംബന്ധിച്ചുള്ള ബാധ്യത തീർന്നതിനുശേഷമോ അതിലെ ബാധ്യത തീർന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ ഏതെങ്കിലും ആൾക്ക് എതിരായി നടത്തുവാൻ വഞ്ചനാപൂർവം ഇടയാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യം തന്റെ പേരിൽ ചെയ്യപ്പെടുന്നതിന് വഴിപ്പെടുകയോ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന

കിട്ടാനില്ലാത്ത തുകയ്ക്ക് വഞ്ചനാപൂർവം വിധി സമ്പാദിക്കുന്നത്.

കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടെ കുറ്റം ചെയ്തുവെന്ന് ഉന്നയിക്കുന്ന വ്യാജമായ ചാർജ്.

248. ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടെ, അയാൾക്ക് എതിരായി ഏതെങ്കിലും ക്രിമിനിൽ നടപടി ആരംഭിക്കുകയോ ആരംഭിക്കുവാൻ ഇടയാക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഒരു കുറ്റം ചെയ്തതായി വ്യാജമായി ചാർജ് ഉന്നയിക്കുകയോ, ആ ആൾക്കെതിരെ അങ്ങനെയുള്ള നടപടിക്കോ ചാർജിനോ നീതിപൂർവമോ നിയമപരമായ യാതൊരു കാരണവുമില്ലെന്ന് അറിഞ്ഞുകൊണ്ട്, ചെയ്യുന്ന ഏതൊരാളും,—

(ക) അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഖ) മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷമോ അതിൽ കൂടുതലോ ഉള്ള കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന്റെ വ്യാജ ചാർജിൻമേലാണ് അങ്ങനെയുള്ള ക്രിമിനൽ നടപടി ആരംഭിച്ചിട്ടുള്ളതെങ്കിൽ, പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കുറ്റക്കാരന് അഭയം നൽകുന്നത്.

249. ഒരു കുറ്റം ചെയ്യപ്പെട്ടിരിക്കവേ കുറ്റക്കാരനെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഒരാളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി അയാൾക്ക് അഭയം നൽകുകയോ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) ആ കുറ്റം മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഖ) ആ കുറ്റം ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക് തടവോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്,

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഗ) ആ കുറ്റം ഒരു വർഷംവരെയാകാവുന്നതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതല്ലാത്തതുമായ തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗം വരെയാകാവുന്നതുമായ കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

*വിശദീകരണം.*— ഈ വകുപ്പിൽ "കുറ്റം" എന്നതിൽ, ഇൻഡ്യയ്ക്ക് പുറത്ത് ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്യുന്നുവെങ്കിൽ താഴെപ്പറയുന്ന എതെങ്കിലും വകുപ്പുകളിൻകീഴിൽ, അതായത്, 103, 105, 307, 309–ാം വകുപ്പിന്റെ (2), (3), (4) ഉപവകുപ്പുകൾ, 310–ാം വകുപ്പിന്റെ (2), (3), (4), (5) ഉപവകുപ്പുകൾ, 311, 312, 326–ാം വകുപ്പിന്റെ (ച) ഉം (ഛ)ഉം ഖണ്ഡങ്ങൾ, 331–ാം വകുപ്പിന്റെ (4), (6), (7), (8) ഉപവകുപ്പുകൾ, 332–ാം വകുപ്പിന്റെ (ക) ഉം (ഖ) ഉം ഖണ്ഡങ്ങൾ പ്രകാരം ശിക്ഷാർഹമാകുമായിരുന്നതുമായ ഏതൊരു കൃത്യവും ഉൾപ്പെടുന്നതും, അങ്ങനെയുള്ള ഓരോ കൃത്യവും ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള ആൾ ആ കൃത്യത്തിന് ഇൻഡ്യയിൽ വച്ച് അപരാധി ആയിരുന്നാലെന്നപോലെ ശിക്ഷാർഹനായി കരുതപ്പെടേണ്ടതുമാണ്.

*അപവാദം.*— അഭയം നൽകുകയോ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്നത് കുറ്റം ചെയ്യുന്ന ആളുടെ ജീവിതപങ്കാളി ആകുന്ന യാതൊരു സംഗതിയിലേക്കും ഈ വകുപ്പ് വ്യാപിക്കുന്നതല്ല.

*ദൃഷ്ടാന്തം*

ഖ കൂട്ടായ്മക്കവർച്ച നടത്തിയിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് ക അയാളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് സംരക്ഷിക്കുന്നതിനു വേണ്ടി, അറിഞ്ഞുകൊണ്ട് ഖ യെ ഒളിവിൽ വയ്ക്കുന്നു. ഇവിടെ ഖ ജീവപര്യന്തത്തടവിന് അർഹനായിരിക്കുന്നതിനാൽ ക മൂന്ന് വർഷത്തിൽ കുറയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവിന് അർഹനാകുന്നതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഒരു കുറ്റക്കാരനെ ശിക്ഷയിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടി ഉപഹാരവും മറ്റും സ്വീകരിക്കുന്നത്.

250. കുറ്റം ഒളിച്ചുവയ്ക്കുന്നതിനോ ഏതെങ്കിലും കുറ്റത്തിന് നിയമപ്രകാരമുള്ള ശിക്ഷയിൽനിന്നും ഏതെങ്കിലും ആളെ സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്കെതിരായി അയാൾക്ക് നിയമപ്രകാരമുള്ള ശിക്ഷ കൊടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാതിരിക്കുന്നതിനോ പ്രതിഫലമായി തനിക്കോ മറ്റേതെങ്കിലും ആൾക്കോവേണ്ടി ഏതെങ്കിലും പാരിതോഷികമോ അല്ലെങ്കിൽ തനിക്കോ മറ്റേതെങ്കിലും ആൾക്കോ വേണ്ടി ഏതെങ്കിലും വസ്തു തിരികെ കൊടുക്കുന്നതോ, സ്വീകരിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) ആ കുറ്റം മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഖ) ആ കുറ്റം ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന തടവോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഗ) ആ കുറ്റം പത്ത് വർഷംവരെയാകാവുന്നതല്ലാത്ത തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗം വരെയാകാവുന്നതുമായ കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

കുറ്റക്കാരനെ സംരക്ഷിക്കുന്നതിന് പ്രതിഫലമായി ഉപഹാരം വാഗ്ദാനം ചെയ്യുകയോ വസ്തു തിരികെ കൊടുക്കുകയോ ചെയ്യുന്നത്.

251. ഏതെങ്കിലും ആൾക്ക്, അയാൾ ഒരു കുറ്റം ഒളിച്ചുവയ്ക്കുന്നതിനോ ഏതെങ്കിലും കുറ്റത്തിന് നിയമപ്രകാരമുള്ള ശിക്ഷയിൽ നിന്നും ഏതെങ്കിലും ആളെ സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്കെതിരായി അയാൾക്ക് നിയമപ്രകാരമുള്ള ശിക്ഷ കൊടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാതിരിക്കുന്നതിനോ പ്രതിഫലമായി ഏതെങ്കിലും പാരിതോഷികം കൊടുക്കുകയോ കൊടുപ്പിക്കുകയോ അല്ലെങ്കിൽ കൊടുക്കാമെന്നോ കൊടുപ്പിക്കാമെന്നോ

വാഗ്ദാനം ചെയ്യുകയോ സമ്മതിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും വസ്തു തിരികെ കൊടുക്കുകയോ തിരികെ കൊടുപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) ആ കുറ്റം മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഖ) ആ കുറ്റം ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന തടവോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഗ) ആ കുറ്റം പത്ത് വർഷംവരെയാകാവുന്നതല്ലാത്ത തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗം വരെയാകാവുന്നതുമായ കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും,

ആണ്.

*അപവാദം.*— കുറ്റം നിയമാനുസൃതം രാജിയാക്കാവുന്ന യാതൊരു സംഗതിയിലേക്കും ഈ വകുപ്പിലെയും 250–ാം വകുപ്പിലെയും വ്യവസ്ഥകൾ വ്യാപിക്കുന്നതല്ല.

കളവ് മുതലോ മറ്റോ വീണ്ടെടുക്കുവാൻ സഹായിക്കുന്നതിന് ഉപഹാരം സ്വീകരിക്കുന്നത്.

252. ഈ സംഹിതയിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റത്താൽ ഏതെങ്കിലും ആൾക്ക് ഇല്ലാതാക്കപ്പെട്ട ഏതെങ്കിലും ജംഗമവസ്തു വീണ്ടെടുക്കുവാൻ അയാളെ സഹായിക്കുന്നുവെന്ന ഭാവത്തിലോ സഹായിക്കുന്നതിനുവേണ്ടിയോ ഏതെങ്കിലും പാരിതോഷികം സ്വീകരിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റക്കാരനെ പിടിക്കുന്നതിനും അയാളുടെ പേരിൽ കുറ്റം സ്ഥാപിക്കുന്നതിനും തന്റെ കഴിവിലുള്ള എല്ലാ മാർഗങ്ങളും അയാൾ ഉപയോഗിക്കാത്തപക്ഷം രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്,

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടുകയോ പിടിക്കപ്പെടുന്നതിന് ഉത്തരവാകുകയോ ചെയ്തിട്ടുള്ള കുറ്റക്കാരന് അഭയം നൽകുന്നത്.

253. ഒരു കുറ്റം സ്ഥാപിക്കപ്പെടുകയോ ചാർജ് ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ ആ കുറ്റത്തിന് നിയമപരമായ കസ്റ്റഡിയിലിരിക്കെ അങ്ങനെയുള്ള കസ്റ്റഡിയിൽനിന്ന് രക്ഷപ്പെടുമ്പോഴോ അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റ് അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ തനിക്കുള്ള നിയമപരമായ അധികാരങ്ങൾ വിനിയോഗിച്ച് ഒരാളെ ഒരു കുറ്റത്തിന് പിടിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുമ്പോഴോ, അങ്ങനെയുള്ള രക്ഷപ്പെടലിനെയോ പിടിക്കുന്നതിനുള്ള ഉത്തരവിനെയോ കുറിച്ച് അറിഞ്ഞുകൊണ്ട് അയാളെ പിടിക്കുന്നത് തടയണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാൾക്ക് അഭയം നൽകുകയോ ഒളിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും താഴെപറയുന്ന രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്, അതായത്:—

(ക) ആ ആൾ കസ്റ്റഡിയിലായിരിക്കുകയോ പിടിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതോ ആയ കുറ്റം മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, അയാൾ ഏഴ് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും;

(ഖ) ആ കുറ്റം ജീവപര്യന്തത്തടവോ പത്ത് വർഷം തടവോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, അയാൾ മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടുകൂടിയോ അല്ലാതെയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും;

(ഗ) ആ കുറ്റം ഒരു വർഷംവരെയാകാവുന്നതും എന്നാൽ പത്ത് വർഷംവരെയാകാവുന്നതല്ലാത്തതുമായ തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, അയാൾ അങ്ങനെയുള്ള കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവിന്റെ ഏറ്റവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗം വരെയാകാവുന്നതുമായ കാലത്തേക്ക് തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും, ആണ്.

*വിശദീകരണം.—* ഈ വകുപ്പിൽ "കുറ്റം" എന്നതിൽ ഒരാൾ ഇൻഡ്യയ്ക്ക് പുറത്ത് വച്ച് അപരാധിയാണെന്ന് ആരോപിക്കപ്പെടുന്ന, അതിന് ഇൻഡ്യയിൽ വച്ച് അയാൾ അപരാധിയായിരുന്നുവെങ്കിൽ ഒരു കുറ്റം എന്നപോലെ ശിക്ഷാർഹനാകുമായിരുന്നതോ ആയതും, വിദേശീയ കുറ്റവാളികളുടെ പ്രത്യർപ്പണം സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിൻകീഴിലോ മറ്റുവിധത്തിലോ അയാൾ ഇൻഡ്യയിൽ വച്ച്, പിടിക്കപ്പെടുകയോ കസ്റ്റഡിയിൽ വയ്ക്കപ്പെടുകയോ ചെയ്യുവാൻ അർഹനാകുന്നതുമായ, അങ്ങനെയുള്ള ഓരോ കൃത്യവും അല്ലെങ്കിൽ കൃത്യവിലോപവും ഉൾപ്പെടുന്നതും, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള ആൾ ഇൻഡ്യയിൽ വച്ച് അപരാധി യായിരുന്നാലെന്നപോലെ ശിക്ഷാർഹനായി കരുതപ്പെടേണ്ടതുമാണ്.

*അപവാദം.—* അഭയം നൽകുകയോ ഒളിപ്പിക്കുകയോ ചെയ്യുന്നത് പിടിക്കപ്പെടേണ്ട ആളുടെ ജീവിതപങ്കാളിയാകുന്ന യാതൊരു സംഗതിയി ലേക്കും ഈ വകുപ്പിന്റെ വ്യവസ്ഥകൾ വ്യാപിക്കുന്നതല്ല.

കവർച്ച ക്കാർക്കോ കൂട്ടായ്മ ക്കവർച്ചക്കാർക്കോ അഭയം നൽകുന്ന തിനുള്ള പിഴശിക്ഷ.

254. ഏതെങ്കിലും ആളുകൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യുവാൻ പോകുന്നുവെന്നോ, അടുത്തകാലത്ത് ചെയ്തിട്ടുണ്ടെന്നോ അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, അങ്ങനെയുള്ള കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യുന്നത് സുകരമാക്കണമെന്നോ അവരെയോ അവരിൽ ആരെയെങ്കിലുമോ ശിക്ഷയിൽനിന്നും സംരക്ഷിക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി അവർക്കോ അവരിൽ ആർക്കെങ്കിലുമോ അഭയം നൽകുന്ന ഏതൊരാളും ഏഴ് വർഷംവരെ യാകാവുന്ന കാലത്തേക്ക്, കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.—* ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യണമെന്ന് ഉദ്ദേശിച്ചതോ ചെയ്തതോ ഇൻഡ്യയിൽ വച്ചാണോ പുറത്തുവച്ചാണോ എന്നത് പ്രസക്തമല്ല.

*അപവാദം.—* അഭയം നൽകുന്നത് കുറ്റക്കാരന്റെ ജീവിതപങ്കാളിയാകുന്ന സംഗതിയിലേക്ക് ഈ വകുപ്പിന്റെ വ്യവസ്ഥകൾ വ്യാപിക്കുന്നതല്ല.

ശിക്ഷയിൽ നിന്നും ആളെയോ കണ്ടുകെട്ടലിൽ നിന്നും വസ്തുവോ രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ നിയമത്തിലെ നിർദേശം പബ്ലിക് സർവന്റ് അനുസരിക്കാതിരിക്കുന്നത്.

255. ഒരു പബ്ലിക് സർവന്റായിരിക്കെ, അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ താൻ പെരുമാറേണ്ട രീതിയെക്കുറിച്ചുള്ള നിയമത്തിലെ നിർദേശത്തെ ഏതെങ്കിലും ആളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്നും അതുവഴി രക്ഷിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ താൻ അതുവഴി രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അല്ലെങ്കിൽ അയാൾ അർഹിക്കുന്ന ശിക്ഷയിലും കുറഞ്ഞ ശിക്ഷയ്ക്ക് വിധേയനാക്കണമെന്ന് അറിഞ്ഞു കൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും വസ്തു, കണ്ടുകെട്ടലിൽ നിന്നോ അത് നിയമപ്രകാരം വിധേയമായിരിക്കുന്നതായ ഏതെങ്കിലും ചാർജിൽ നിന്നോ രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയോ താൻ അതുവഴി രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അറിഞ്ഞുകൊണ്ട് അനുസരിക്കാതിരിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശിക്ഷയിൽ നിന്നും ആളെയോ കണ്ടുകെട്ടലിൽ നിന്നും വസ്തുവോ രക്ഷിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ പബ്ലിക് സർവന്റ് തെറ്റായ റിക്കാർഡോ ലിഖിതമോ രൂപപ്പെടുത്തുന്നത്.

256. ഒരു പബ്ലിക് സർവന്റും അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ ഏതെങ്കിലും റിക്കാർഡോ മറ്റ് ലിഖിതമോ തയ്യാറാക്കുവാൻ ചുമതലപ്പെട്ടവനും ആയിരിക്കേ, പൊതുജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ അതുവഴി നഷ്ടമോ ക്ഷതിയോ ഉളവാക്കണമെന്ന ഉദ്ദേശ്യത്തോടെയോ താൻ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും ആളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്നും അതുവഴി രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയോ, അതുവഴി താൻ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും വസ്തു, കണ്ടുകെട്ടലിൽനിന്നോ അത് നിയമപ്രകാരം മറ്റേത് ചാർജിന് വിധേയമായിരിക്കുന്നുവോ അങ്ങനെയുള്ള ചാർജിൽനിന്നോ രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെയോ അതുവഴി താൻ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, തെറ്റാണെന്ന് തനിക്ക് അറിയാവുന്ന ഒരു രീതിയിൽ ആ റിക്കാർഡോ ലിഖിതമോ രൂപപ്പെടുത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

257. ഒരു പബ്ലിക് സർവന്റ് ആയിരിക്കേ, നിയമവിരുദ്ധമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും റിപ്പോർട്ടോ ഉത്തരവോ വിധിയോ തീരുമാനമോ ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ദുർമാർഗത്തിലോ ദുരുദ്ദേശ്യത്തിലോ ഉണ്ടാക്കുകയോ പ്രസ്താവിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നീതിന്യായ നടപടിയിൽ പബ്ലിക് സർവന്റ് നിയമവിരുദ്ധമായി റിപ്പോർട്ട് മുതലായവ ദുർമാർഗത്തിൽ ഉണ്ടാക്കുന്നത്.

258. ആളുകളെ വിചാരണയ്ക്കോ തടങ്കലിൽ വയ്ക്കലിനോ കമ്മിറ്റ് ചെയ്യുന്നതിനോ അല്ലെങ്കിൽ ആളുകളെ തടങ്കലിൽ സൂക്ഷിക്കുന്നതിനോ നിയമപ്രകാരം തനിക്ക് അധികാരം നൽകുന്ന ഏതെങ്കിലും ഉദ്യോഗത്തിൽ ഇരിക്കേ, താൻ അങ്ങനെ ചെയ്യുന്നതുവഴി നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട്, ഏതെങ്കിലും ആളെ ആ അധികാരം വിനിയോഗിച്ച് ദുർമാർഗത്തിലോ ദുരുദ്ദേശ്യത്തിലോ വിചാരണയ്ക്കോ തടങ്കലിൽ വയ്ക്കലിനോ കമ്മിറ്റ് ചെയ്യുകയോ തടങ്കലിൽ സൂക്ഷിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

താൻ പ്രവർത്തിക്കുന്നത് നിയമത്തിന് വിരുദ്ധമായിട്ടാണെന്ന് അറിയുന്ന അധികാരമുള്ള ആൾ വിചാരണയ്ക്കോ തടങ്കലിൽ വയ്ക്കലിനോ, കമ്മിറ്റ് ചെയ്യുന്നത്.

259. ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെട്ടതോ പിടിക്കപ്പെടുവാൻ അർഹനായതോ ആയ ഏതെങ്കിലും ആളെ പിടിക്കുന്നതിനോ തടങ്കലിൽ സൂക്ഷിക്കുന്നതിനോ ഒരു പബ്ലിക് സർവന്റ് എന്ന നിലയിൽ നിയമ പ്രകാരം ബാധ്യസ്ഥനായ ഒരു പബ്ലിക് സർവന്റ് ആയിരിക്കെ അങ്ങനെയുള്ള ആളെ ഉദ്ദേശ്യപൂർവം പിടിക്കാതിരിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളെ രക്ഷപ്പെടുവാൻ ഉദ്ദേശ്യപൂർവം അനുവദിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളെ അങ്ങനെയുള്ള തടങ്കലിൽനിന്ന് രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഉദ്ദേശ്യപൂർവം സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

പിടിക്കുവാൻ ബാധ്യസ്ഥനായ പബ്ലിക് സർവന്റ് ഉദ്ദേശ്യപൂർവം പിടിക്കാതിരിക്കുന്നത്.

(ക) തടങ്കലിലുള്ളതോ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ മരണശിക്ഷ നൽകാവുന്ന ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിരുന്നുവെങ്കിൽ, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടുകൂടിയോ അല്ലാതെയോ; അല്ലെങ്കിൽ

(ഖ) തടങ്കലിലുള്ളതോ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിരുന്നുവെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് പിഴയോടുകൂടിയോ അല്ലാതെയോ; അല്ലെങ്കിൽ

(ഗ) തടങ്കലിലുള്ളതോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ പത്ത് വർഷത്തിൽ കുറഞ്ഞ കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെട്ടതോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിരുന്നുവെങ്കിൽ രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടുകൂടിയോ അല്ലാതെയോ,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശിക്ഷയ്ക്ക് വിധിക്കപ്പെട്ടതോ നിയമാനുസൃതം കമ്മിറ്റ് ചെയ്യപ്പെട്ടതോ ആയ ആളെ പിടിക്കുവാൻ ബാധ്യസ്ഥനായ പബ്ലിക് സർവന്റ് ഉദ്ദേശ്യപൂർവം പിടിക്കാതിരിക്കുന്നത്.

260. ഏതെങ്കിലും കുറ്റത്തിന് ഒരു കോടതിയാൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടതോ അല്ലെങ്കിൽ നിയമാനുസൃതം കസ്റ്റഡിയിൽ വയ്ക്കുന്നതിന് കമ്മിറ്റ് ചെയ്യപ്പെട്ടതോ ആയ ഏതെങ്കിലും ആളെ പിടിക്കുന്നതിനോ തടങ്കലിൽ സൂക്ഷിക്കുന്നതിനോ പബ്ലിക് സർവന്റ് എന്ന നിലയിൽ നിയമപ്രകാരം ബാധ്യസ്ഥനായ ഒരു പബ്ലിക് സർവന്റ് ആയിരിക്കേ, അങ്ങനെയുള്ള ആളെ ഉദ്ദേശ്യപൂർവം പിടിക്കാതിരിക്കുകയോ അല്ലെങ്കിൽ അയാളെ രക്ഷപ്പെടുവാൻ ഉദ്ദേശ്യപൂർവം അനുവദിക്കുകയോ, അല്ലെങ്കിൽ അയാളെ അങ്ങനെയുള്ള തടങ്കലിൽ നിന്നും രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഉദ്ദേശ്യപൂർവം സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) തടങ്കലിലുള്ളതോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, ജീവപര്യന്തത്തടവ് അല്ലെങ്കിൽ പതിന്നാല് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടു കൂടിയോ അല്ലാതെയോ; അല്ലെങ്കിൽ

(ഖ) തടങ്കലിലുള്ളതോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ ഒരു കോടതിയുടെ ഒരു ശിക്ഷാവിധിയാലോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയുടെ ലഘൂകരണം മുഖേന ജീവപര്യന്തത്തടവിനോ പത്ത് വർഷത്തേക്കോ അതിൽകൂടുതലോ ഉള്ള കാലത്തേക്ക് തടവിന് വിധേയനാണെങ്കിൽ, ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടുകൂടിയോ അല്ലാതെയോ; അല്ലെങ്കിൽ

(ഗ) തടങ്കലിലുള്ളതോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നതോ ആയ ആൾ ഒരു കോടതിയുടെ ഒരു ശിക്ഷാവിധിയാൽ പത്ത് വർഷം വരെയാകാവുന്നതല്ലാത്ത കാലത്തേക്ക് തടവിന് വിധേയനായതാണെങ്കിലോ അല്ലെങ്കിൽ നിയമാനുസൃതം കസ്റ്റഡിയിലേക്ക് കമ്മിറ്റ് ചെയ്യപ്പെട്ട ആൾ ആണെങ്കിലോ മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

തടങ്കലിൽ നിന്നോ കസ്റ്റഡിയിൽ നിന്നോ രക്ഷപ്പെടുവാൻ പബ്ലിക് സർവന്റ് ഉപേക്ഷയാൽ അനുവദിക്കുന്നത്.

261. ഏതെങ്കിലും കുറ്റത്തിന് ചാർജ് ചെയ്യപ്പെടുകയോ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്തതോ അല്ലെങ്കിൽ കസ്റ്റഡിയിൽ വയ്ക്കുവാൻ നിയമാനുസൃതം കമ്മിറ്റ് ചെയ്യപ്പെട്ടതോ ആയ ഏതെങ്കിലും ആളെ, തടങ്കലിൽ സൂക്ഷിക്കുന്നതിന് പബ്ലിക് സർവന്റ് എന്ന നിലയിൽ നിയമപ്രകാരം ബാധ്യസ്ഥനായ ഒരു പബ്ലിക് സർവന്റ് ആയിരിക്കെ, അങ്ങനെയുള്ള ആളെ തടങ്കലിൽ നിന്നും രക്ഷപ്പെടുവാൻ ഉപേക്ഷയാൽ അനുവദിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

തന്നെ നിയമപരമായി പിടിക്കുന്നതിനെ ഒരാൾ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.

262. തന്നിൽ ചാർജ് ചെയ്തിരിക്കുന്നതോ തന്റെ പേരിൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും കുറ്റത്തിന് അയാളെ നിയമപരമായി പിടിക്കുന്നതിന് ഉദ്ദേശ്യപൂർവം നടത്തുന്ന ഏതെങ്കിലും ചെറുത്തുനിൽപ്പോ നിയമവിരുദ്ധമായ തടസ്സപ്പെടുത്തലോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കുറ്റത്തിന് തന്നെ നിയമാനുസൃതം വച്ചിട്ടുള്ള ഏതെങ്കിലും കസ്റ്റഡിയിൽനിന്നും രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ,

ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം.*— പിടിക്കപ്പെടേണ്ടതോ കസ്റ്റഡിയിൽ വയ്ക്കപ്പെടേണ്ടതോ ആയ ആൾ അയാളെ ചാർജ് ചെയ്യുകയോ അയാളുടെ പേരിൽ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ള ആ കുറ്റത്തിന് അയാൾ അർഹനായ ശിക്ഷയ്ക്ക് പുറമേയാണ് ഈ വകുപ്പിലെ ശിക്ഷ.

മറ്റൊരാളെ നിയമപരമായി പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.

263. ഒരു കുറ്റത്തിന് മറ്റേതെങ്കിലും ആളെ നിയമപരമായി പിടിക്കുന്നതിന് ഉദ്ദേശ്യപൂർവം നടത്തുന്ന ഏതെങ്കിലും ചെറുത്തുനിൽപ്പോ നിയമവിരുദ്ധമായ തടസ്സപ്പെടുത്തലോ, അല്ലെങ്കിൽ ഒരു കുറ്റത്തിന് മറ്റേതെങ്കിലും ആളെ, ആ ആളെ നിയമാനുസൃതം വച്ചിട്ടുള്ള ഏതെങ്കിലും കസ്റ്റഡിയിൽനിന്ന് രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും; അല്ലെങ്കിൽ

(ഖ) പിടിക്കപ്പെടേണ്ട ആളോ രക്ഷപ്പെടുത്തപ്പെട്ടതോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചതോ ആയ ആളോ, ജീവപര്യന്തത്തടവിനോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് തടവിനോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; അല്ലെങ്കിൽ

(ഗ) പിടിക്കപ്പെടേണ്ടതോ രക്ഷപ്പെടുത്തപ്പെട്ടതോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചതോ ആയ ആൾ മരണം നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിന് ചാർജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; അല്ലെങ്കിൽ

(ഘ) പിടിക്കപ്പെടേണ്ടതോ രക്ഷപ്പെടുത്തപ്പെട്ടതോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചതോ ആയ ആൾ ഒരു കോടതിയുടെ ശിക്ഷാവിധിയാലോ അങ്ങനെയുള്ള ഒരു ശിക്ഷാവിധിയുടെ ലഘൂകരണം മുഖേന ജീവപര്യന്തത്തടവിനോ പത്ത് വർഷത്തേയ്ക്കോ അതിൽ കൂടുതലോ ഉള്ള കാലത്തേക്ക് തടവിന് അർഹനാണെങ്കിൽ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; അല്ലെങ്കിൽ

(ങ) പിടിക്കപ്പെടേണ്ടതോ രക്ഷപ്പെടുത്തപ്പെട്ടതോ, രക്ഷപ്പെടുത്തുവാൻ ശ്രമിച്ചതോ ആയ ആൾ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും,

ആണ്.

മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ, പബ്ലിക് സർവന്റ് പിടിക്കാതിരിക്കുകയോ രക്ഷപ്പെടുവാൻ അനുവദിക്കുകയോ ചെയ്യുന്നത്.

264. 259-ാം വകുപ്പിലോ 260-ാം വകുപ്പിലോ 261-ാം വകുപ്പിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ വ്യവസ്ഥചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ, ഏതെങ്കിലും ആളെ പിടിക്കുവാനോ തടങ്കലിൽ വയ്ക്കുവാനോ പബ്ലിക് സർവന്റ് എന്ന നിലയിൽ നിയമപ്രകാരം ബാധ്യസ്ഥനായ അങ്ങനെയുള്ള പബ്ലിക് സർവന്റ് ആയിരിക്കേ, അയാളെ പിടിക്കാതിരിക്കുകയോ തടങ്കലിൽനിന്ന് അയാൾ രക്ഷപ്പെടുന്നതിന് അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും—

(ക) അയാൾ ഉദ്ദേശ്യപൂർവം അപ്രകാരം ചെയ്യുന്നുവെങ്കിൽ, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും;

(ഖ) അയാൾ ഉപേക്ഷയാൽ അപ്രകാരം ചെയ്യുന്നുവെങ്കിൽ, രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയും,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ, നിയമപരമായി പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ രക്ഷപ്പെടുകയോ രക്ഷപ്പെടുത്തുകയോ ചെയ്യുന്നത്.

265. 262–ാം വകുപ്പിലോ 263–ാം വകുപ്പിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ, തന്നെയോ മറ്റേതെങ്കിലും ആളെയോ നിയമപരമായി പിടിക്കുന്നതിന് ഉദ്ദേശ്യപൂർവം നടത്തുന്ന ഏതെങ്കിലും ചെറുത്തുനിൽപ്പോ നിയമവിരുദ്ധമായ തടസ്സപ്പെടുത്തലോ അല്ലെങ്കിൽ തന്നെ നിയമാനുസൃതം വച്ചിട്ടുള്ള ഏതെങ്കിലും കസ്റ്റഡിയിൽ നിന്നും രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ നിയമാനുസൃതം വച്ചിട്ടുള്ള ഏതെങ്കിലും കസ്റ്റഡിയിൽ നിന്നും മറ്റേതെങ്കിലും ആളെ രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശിക്ഷയുടെ ഇളവിന്റെ ഉപാധി ലംഘിക്കുന്നത്.

266. ശിക്ഷയുടെ ഏതെങ്കിലും സോപാധികമായ ഇളവ് സ്വീകരിച്ചിരിക്കെ, അങ്ങനെയുള്ള ഇളവ് അനുവദിച്ചതായ ഏതെങ്കിലും ഉപാധി അറിഞ്ഞുകൊണ്ട് ലംഘിക്കുന്ന ഏതൊരാളും, അയാൾക്ക് ആദ്യം വിധിച്ച ശിക്ഷയുടെ, യാതൊരു ഭാഗവും അയാൾ അനുഭവിച്ചു കഴിഞ്ഞിട്ടില്ലെങ്കിൽ, ആ ശിക്ഷയുടെ, അത്രത്തോളവും, ആ ശിക്ഷയുടെ ഏതെങ്കിലും ഭാഗം അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ ശിക്ഷയുടെ അയാൾ അനുഭവിക്കാത്തിടത്തോളവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നീതിന്യായ നടപടിയിൽ ഉപവിഷ്ടനായ പബ്ലിക് സർവന്റിന് ഉദ്ദേശ്യപൂർവം ഉണ്ടാക്കുന്ന അപമാനമോ തടസ്സമോ.

267. ഏതെങ്കിലും പബ്ലിക് സർവന്റിന്, അങ്ങനെയുള്ള പബ്ലിക് സർവന്റ് ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, ഉദ്ദേശ്യപൂർവം എന്തെങ്കിലും അപമാനം ഉണ്ടാക്കുകയോ എന്തെങ്കിലും തടസ്സം ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അസസ്സറായി ആൾമാറാട്ടം നടത്തൽ.

268. ഒരു അസസ്സറായി വരിക്കപ്പെടുകയോ പാനലിൽ ഉൾപ്പെടുത്തപ്പെടുകയോ സത്യം ചെയ്യിക്കപ്പെടുകയോ ചെയ്യുവാൻ നിയമപ്രകാരം തനിക്ക് അവകാശമില്ലെന്ന് അറിയാവുന്ന ഏതെങ്കിലും സംഗതിയിൽ ആൾമാറാട്ടം നടത്തിയോ മറ്റുവിധത്തിലോ ഒരു അസസ്സറായി താൻ വരിക്കപ്പെടുന്നതിനോ പാനലിൽ ഉൾപ്പെടുത്തപ്പെടുന്നതിനോ സത്യം

ചെയ്യിക്കപ്പെടുന്നതിനോ ഉദ്ദേശ്യപൂർവം ഇടയാക്കുകയോ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ, അല്ലെങ്കിൽ അപ്രകാരം നിയമവിരുദ്ധമായി താൻ വരിക്കപ്പെടുകയോ പാനലിൽ ഉൾപ്പെടുത്തപ്പെടുകയോ സത്യം ചെയ്യിക്കപ്പെടുകയോ ചെയ്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള അസസ്സറായി സ്വേച്ഛയാ സേവനമനുഷ്ഠിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

269. ഒരു കുറ്റം ചാർജ് ചെയ്യപ്പെട്ടിരിക്കെ ജാമ്യബോണ്ടിൻമേലോ ബോണ്ടിൻമേലോ വിട്ടയക്കപ്പെട്ടതായ, ജാമ്യത്തിലെയോ ബോണ്ടിലെയോ നിബന്ധനകൾ അനുസരിച്ച്, മതിയായ കാരണം കൂടാതെ (തെളിയിക്കേണ്ട ഭാരം അയാളിലായിരിക്കുന്നതാണ്) കോടതിയിൽ ഹാജരാകുന്നതിൽ വീഴ്ച വരുത്തുന്ന, ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ജാമ്യ ബോണ്ടിൻ മേലോ ബോണ്ടിൻ മേലോ വിട്ടയ്ക്കപ്പെട്ട ആൾ കോടതിയിൽ ഹാജരാകുന്നതിൽ വരുത്തുന്ന വിഴ്ച.

*വിശദീകരണം.*—ഈ വകുപ്പിൻകീഴിലുള്ള ശിക്ഷ—

(ക) കുറ്റക്കാരൻ, അയാളുടെ മേൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള കുറ്റത്തിന്റെ കുറ്റസ്ഥാപനത്തിൻമേൽ, അർഹനാകുമായിരുന്ന ശിക്ഷയ്ക്കുപുറമെയും;

(ഖ) ബോണ്ട് കണ്ടുകെട്ടുന്നതിന് ഉത്തരവിടുന്നതിനുള്ള കോടതിയുടെ അധികാരത്തിന് ഭംഗം വരാതെയും,

ആയിരിക്കുന്നതാണ്.

## അധ്യായം XV

## പൊതുജനങ്ങളുടെ ആരോഗ്യം, സുരക്ഷിതത്വം, സൗകര്യം, സഭ്യത, സാൻമാർഗികത എന്നിവയെ ബാധിക്കുന്ന കുറ്റങ്ങളെക്കുറിച്ച്

270. പൊതുജനങ്ങൾക്കോ അല്ലെങ്കിൽ സമീപസ്ഥലത്ത് വസിക്കുകയോ വസ്തു കൈവശംവയ്ക്കുകയോ ചെയ്യുന്ന ജനങ്ങൾക്ക് സാമാന്യമായോ ഏതെങ്കിലും പൊതുവായ ക്ഷതിയോ അപായമോ പൊതുജനശല്യം.

അലട്ടലോ ഉളവാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പൊതു അവകാശം ഉപയോഗിക്കുന്നതിന് അവസരം ലഭിക്കുന്ന ആളുകൾക്ക് ക്ഷതിയോ തടസ്സമോ അപായമോ അലട്ടലോ അവശ്യമായും ഉളവാക്കുകയോ ചെയ്യുന്ന ഏതെങ്കിലും കൃത്യം ചെയ്യുകയോ ഒരു നിയമവിരുദ്ധമായ ഏതെങ്കിലും കൃത്യവിലോപത്തിന് അപരാധിയാവുകയോ ചെയ്യുന്ന ഒരാൾ പൊതുജന ശല്യത്തിന് അപരാധിയാകുന്നതാണ്, എന്നാൽ ഒരു പൊതുശല്യം, അത് എന്തെങ്കിലും സൗകര്യമോ പ്രയോജനമോ ഉളവാക്കുന്നു എന്ന കാരണത്താൽ, ക്ഷന്തവ്യമല്ല.

ജീവന് അപായ കരമായ രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ള ഉപേക്ഷാ പൂർവമായ കൃത്യം.

271. ജീവന് അപായകരമായ ഏതെങ്കിലും രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ളതും, അങ്ങനെയുള്ളതാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്യുന്നതുമായ ഏതെങ്കിലും കൃത്യം നിയമവിരുദ്ധമായോ ഉപേക്ഷാപൂർവമോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ജീവന് അപായകര മായ രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കു വാൻ ഇടയുള്ള വിദ്വേഷപൂർവ മായ കൃത്യം.

272. ജീവന് അപായകരമായ ഏതെങ്കിലും രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ളതും അങ്ങനെയുള്ളതാണെന്ന് താൻ അറിയുകയോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും കൃത്യം വിദ്വേഷപൂർവം ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ക്വാറന്റീൻ ചട്ടം അനുസരിക്കാതിരിക്കൽ.

273. ഏതെങ്കിലും ഗതാഗതമാർഗത്തെ ഒരു ക്വാറന്റീൻ സ്ഥിതിയിൽ വയ്ക്കുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും ഗതാഗതത്തിന്റെ സംസർഗം ഒരു ക്വാറന്റീൻ സ്ഥിതിയിൽ ക്രമപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഒരു പകർച്ചവ്യാധി നിലനിൽക്കുന്ന സ്ഥലങ്ങളും മറ്റ് സ്ഥലങ്ങളും തമ്മിലുള്ള സംസർഗം ക്രമപ്പെടുത്തുന്നതിനോ, സർക്കാർ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടം അറിഞ്ഞുകൊണ്ട് അനുസരിക്കാതിരിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

274. ഭക്ഷണത്തിനോ പാനീയത്തിനോ ഉള്ള ഏതെങ്കിലും പദാർഥം, അങ്ങനെയുള്ള പദാർഥം ഭക്ഷണമോ അല്ലെങ്കിൽ പാനീയമോ ആയി വിൽക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അത് ഭക്ഷണമോ പാനീയമോ ആയി വിൽക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അങ്ങനെയുള്ള പദാർഥം ഭക്ഷണമോ പാനീയമോ എന്ന നിലയിൽ ഹാനികരമായിത്തീരത്തക്കവിധം മായം ചേർക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വിൽപ്പനയ്ക്ക് ഉദ്ദേശിച്ചിട്ടുള്ള ഭക്ഷണത്തിലോ പാനീയത്തിലോ മായം ചേർക്കൽ.

275. ഹാനികരമാക്കിയതോ ഹാനികരമായിത്തീർന്നതോ അല്ലെങ്കിൽ ഭക്ഷണത്തിനോ പാനീയത്തിനോ അനുയോജ്യമല്ലാത്ത അവസ്ഥയിലുള്ളതോ ആയ ഏതെങ്കിലും പദാർഥം, അത് ഭക്ഷണമോ പാനീയമോ എന്ന നിലയിൽ ഹാനികരമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഭക്ഷണമോ പാനീയമോ ആയി വിൽക്കുകയോ വിൽപ്പനയ്ക്കായി വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഹാനികരമായ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ വിൽപ്പന.

276. ഏതെങ്കിലും ഔഷധത്തിലോ ഔഷധക്കൂട്ടിലോ, അങ്ങനെയുള്ള ഔഷധത്തിന്റെയോ ഔഷധക്കൂട്ടിന്റെയോ വീര്യം കുറയ്ക്കുകയോ പ്രവർത്തനത്തിൽ മാറ്റംവരുത്തുകയോ അല്ലെങ്കിൽ അത് ഹാനികരമാക്കിത്തീർക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള ഒരു രീതിയിൽ, അങ്ങനെയുള്ള മായം ചേർക്കലിന് വിധേയമാക്കിയിട്ടില്ലാത്തതുപോലെ, അത് ഏതെങ്കിലും ഔഷധപരമായ ആവശ്യത്തിനുവേണ്ടി വിൽക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അത് വിൽക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, മായം ചേർക്കുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഔഷധങ്ങളിൽ മായം ചേർക്കൽ.

മായം ചേർത്ത ഔഷധങ്ങളുടെ വിൽപ്പന.

277. ഏതെങ്കിലും ഔഷധമോ ഔഷധക്കൂട്ടോ, അതിന്റെ വീര്യം കുറയ്ക്കുകയോ അതിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ അത് ഹാനികരമാക്കിത്തീർക്കുകയോ ചെയ്യുന്ന രീതിയിൽ മായം ചേർത്തതാണെന്ന് അറിഞ്ഞുകൊണ്ട്, മായം ചേർക്കാത്തത് എന്ന നിലയിൽ ഔഷധപരമായ ആവശ്യങ്ങൾക്കായി അത് വിൽക്കുകയോ അതിന്റെ വിൽപ്പനയ്ക്കായി വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ഏതെങ്കിലും ഡിസ്പെൻസറിയിൽനിന്ന് അത് കൊടുക്കുകയോ അല്ലെങ്കിൽ ആ മായം ചേർക്കലിനെപ്പറ്റി അറിയാത്ത ഏതെങ്കിലും ആൾ ഔഷധപരമായ ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഔഷധം വ്യത്യസ്തമായ ഒരു ഔഷധമോ ഔഷധക്കൂട്ടോ ആയി വിൽക്കുന്നത്.

278. ഏതെങ്കിലും ഔഷധമോ ഔഷധക്കൂട്ടോ വ്യത്യസ്തമായ ഒരു ഔഷധമോ ഔഷധക്കൂട്ടോ എന്ന നിലയിൽ ഔഷധപരമായ ആവശ്യങ്ങൾക്കായി അറിഞ്ഞുകൊണ്ട് വിൽക്കുകയോ വിൽപ്പനയ്ക്ക് വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ഒരു ഡിസ്പെൻസറിയിൽനിന്നും കൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പൊതു ഉറവയിലെയോ റിസർവോയറിലെയോ ജലം മലിനമാക്കുന്നത്.

279. ഏതെങ്കിലും പൊതു ഉറവയിലെയോ റിസർവോയറിലെയോ ജലം, അത് സാധാരണമായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം സ്വേച്ഛയാ ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അന്തരീക്ഷം ആരോഗ്യത്തിന് ഹാനികരമാക്കുന്നത്.

280. ഏതെങ്കിലും സ്ഥലത്തെ അന്തരീക്ഷം, അതിന്റെ പരിസരത്ത് വസിക്കുകയോ ബിസിനസ്സ് നടത്തുകയോ ഒരു പൊതുവഴിയിലൂടെ കടന്നുപോവുകയോ ചെയ്യുന്ന ആളുകൾക്ക് സാമാന്യമായി, ആരോഗ്യത്തിന് ഹാനികരമാക്കത്തക്കവിധം സ്വേച്ഛയാ കലുഷമാക്കുന്ന ഏതൊരാളും ആയിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

281. മനുഷ്യജീവന് അപായം ഉളവാക്കത്തക്കവിധമോ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏൽപ്പിക്കുവാനിടയുണ്ടാക്കത്തക്കവിധമോ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയ രീതിയിൽ ഏതെങ്കിലും പൊതുവഴിയിൽ ഏതെങ്കിലും വാഹനം ഓടിക്കുകയോ സവാരിചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരു പൊതുവഴിയിൽ സാഹസികമായി ഓടിക്കുകയോ സവാരി ചെയ്യുകയോ ചെയ്യുന്നത്.

282. മനുഷ്യജീവന് അപായം ഉളവാക്കത്തക്കവിധമോ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏൽപ്പിക്കുവാനിടയാകത്തക്കവിധമോ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയ രീതിയിൽ ഏതെങ്കിലും ജലയാനം ഓടിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ജലയാനം സാഹസികമായി ഓടിക്കുന്നത്.

283. കപടമായ ഏതെങ്കിലും ദീപമോ ചിഹ്നമോ ബോയിയോ അങ്ങനെയുള്ള പ്രദർശനം ഏതെങ്കിലും നാവികനെ വഴിതെറ്റിക്കാൻ ഇടയുണ്ടെന്ന് ഉദ്ദേശിച്ചുകൊണ്ടോ അറിഞ്ഞുകൊണ്ടോ, പ്രദർശിപ്പിക്കുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പതിനായിരം രൂപയിൽ കുറയാത്ത പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കപടമായ ദീപമോ ചിഹ്നമോ ബോയിയോ പ്രദർശിപ്പിക്കുന്നത്.

284. ഏതെങ്കിലും ആളെ ഏതെങ്കിലും ജലയാനത്തിൽ, ആ ജലയാനം ആ ആളുടെ ജീവൻ അപകടത്തിലാക്കത്തക്ക അങ്ങനെയുള്ള സ്ഥിതിയിലുള്ളതോ അധികഭാരം കയറ്റിയതോ ആയിരിക്കെ, അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ ജലമാർഗം കൂലിക്ക് കൊണ്ടു പോവുകയോ കൊണ്ടുപോകുവാനിടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

സുരക്ഷിതമല്ലാത്തതോ അധിക ഭാരം കയറ്റിയതോ ആയ ജലയാനത്തിൽ ആളെ ജലമാർഗം കൂലിക്ക് കൊണ്ടു പോകുന്നത്.

പൊതുവഴി യിലോ ജല ഗതാഗതമാർ ഗത്തിലോ ഉള്ള അപായം അല്ലെങ്കിൽ തടസ്സം.

285. ഏതെങ്കിലും കൃത്യം ചെയ്യുകയോ തന്റെ കൈവശത്തിലോ സൂക്ഷിപ്പിലോ ഉള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് വേണ്ടത് ചെയ്യാതിരിക്കുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും പൊതുവഴിയിലോ പൊതുജലഗതാഗതമാർഗത്തിലോ ഏതെങ്കിലും ആൾക്ക് അപായമോ തടസ്സമോ ക്ഷതിയോ ഉളവാക്കുന്ന ഏതൊരാളും അയ്യായിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വിഷപദാർഥം സംബന്ധിച്ച ഉപേക്ഷാ പൂർവമായ പെരുമാറ്റം.

286. മനുഷ്യജീവന് അപായം ഉളവാക്കത്തക്കതോ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഉളവാക്കുവാൻ ഇടയാക്കത്തക്കതോ ആയ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയ ഒരു രീതിയിൽ ഏതെങ്കിലും വിഷപദാർഥം കൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ, അല്ലെങ്കിൽ തന്റെ കൈവശമുള്ള ഏതെങ്കിലും വിഷപദാർഥം, സംബന്ധിച്ച് വേണ്ടത്, അങ്ങനെയുള്ള വിഷപദാർഥത്തിൽനിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽ നിന്നും സംരക്ഷിക്കത്തക്കവിധം പര്യാപ്തമായത്, അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ ചെയ്യാതിരിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

തീയോ തീ പിടിക്കുന്ന സാധനമോ സംബന്ധിച്ച ഉപേക്ഷാപൂർവ മായ പെരുമാറ്റം

287. മനുഷ്യജീവന് അപായം ഉളവാക്കത്തക്കതോ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഉളവാക്കുവാൻ ഇടയാക്കത്തക്കതോ ആയ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയി തീകൊണ്ടോ തീപിടിക്കുന്ന ഏതെങ്കിലും സാധനം കൊണ്ടോ, ഏതെങ്കിലും കൃത്യം ചെയ്യുകയോ അല്ലെങ്കിൽ തന്റെ കൈവശമുള്ള ഏതെങ്കിലും തീയോ ഏതെങ്കിലും തീപിടിക്കുന്ന സാധനമോ സംബന്ധിച്ച് വേണ്ടത്, അങ്ങനെയുള്ള തീയിൽ നിന്നോ തീപിടിക്കുന്ന സാധനത്തിൽ നിന്നോ മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽ നിന്നും സംരക്ഷിക്കത്തക്കവിധം പര്യാപ്തമായത്, അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ ചെയ്യാതിരിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ രണ്ടായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

288. മനുഷ്യജീവന് അപായം ഉളവാക്കത്തക്കതോ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഉളവാക്കുവാൻ ഇടയാക്കത്തക്കതോ ആയ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയി ഏതെങ്കിലും സ്ഫോടകവസ്തു കൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ, അല്ലെങ്കിൽ തന്റെ കൈവശമുള്ള ഏതെങ്കിലും സ്ഫോടകവസ്തു സംബന്ധിച്ച് വേണ്ടത്, ആ പദാർഥത്തിൽ നിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽ നിന്നും സംരക്ഷിക്കത്തക്കവിധം പര്യാപ്തമായത്, അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ ചെയ്യാതിരിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. സ്ഫോടക വസ്തു സംബന്ധിച്ച ഉപേക്ഷാ പൂർവമായ പെരുമാറ്റം.

289. മനുഷ്യജീവന് അപായം ഉളവാക്കത്തക്കതോ മറ്റേതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഉളവാക്കുവാൻ ഇടയാക്കത്തക്കതോ ആയ അത്ര സാഹസികമോ ഉപേക്ഷാപൂർവമോ ആയി ഏതെങ്കിലും മെഷിനറികൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ, അല്ലെങ്കിൽ തന്റെ കൈവശമുള്ളതോ തന്റെ സംരക്ഷണത്തിലുള്ളതോ ആയ ഏതെങ്കിലും മെഷിനറി സംബന്ധിച്ച് വേണ്ടത്, അങ്ങനെയുള്ള മെഷിനറിയിൽ നിന്നും മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽനിന്നും സംരക്ഷിക്കത്തക്കവിധം പര്യാപ്തമായത്, അറിഞ്ഞുകൊണ്ടോ ഉപേക്ഷാ പൂർവമോ ചെയ്യാതിരിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. മെഷിനറി സംബന്ധിച്ച് ഉപേക്ഷാ പൂർവമായ പെരുമാറ്റം.

290. ഏതെങ്കിലും കെട്ടിടം പൊളിക്കുകയോ കേടുപാടുകൾ തീർക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിൽ, ആ കെട്ടിടമോ അതിന്റെ ഏതെങ്കിലും ഭാഗമോ വീഴുന്നതുവഴി മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽ നിന്നും സംരക്ഷിക്കത്തക്കവിധം പര്യാപ്തമായ അങ്ങനെയുള്ള മുൻകരുതലുകൾ അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ ആ കെട്ടിടം സംബന്ധിച്ച് ചെയ്യാതിരിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട കെട്ടിടങ്ങൾ പൊളിക്കുകയോ കേടുപാടുകൾ തീർക്കുകയോ നിർമ്മിക്കുകയോ മറ്റോ ചെയ്യുന്നത് സംബന്ധിച്ച ഉപേക്ഷാപൂർവമായ പെരുമാറ്റം.

തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മൃഗത്തെ സംബന്ധിച്ച ഉപേക്ഷാ പൂർവമായ പെരുമാറ്റം.

291. തന്റെ കൈവശമുള്ള ഏതെങ്കിലും മൃഗത്തിൽനിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായത്തിൽ നിന്നോ അല്ലെങ്കിൽ അങ്ങനെയുള്ള മൃഗത്തിൽനിന്ന് സംഭവിച്ചേക്കാവുന്ന കഠിനമായ ദേഹോപദ്രവത്തിനുള്ള ഏതെങ്കിലും അപായത്തിൽ നിന്നോ സംരക്ഷിക്കത്തക്കവിധം പര്യാപ്തമായ അങ്ങനെയുള്ള മുൻകരുതലുകൾ അറിഞ്ഞുകൊണ്ടോ ഉപേക്ഷാപൂർവമോ അങ്ങനെയുള്ള മൃഗത്തെ സംബന്ധിച്ച് ചെയ്യാതിരിക്കുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ പൊതുജന ശല്യത്തിനുള്ള ശിക്ഷ.

292. ഈ സംഹിതപ്രകാരം മറ്റുവിധത്തിൽ ശിക്ഷിക്കപ്പെടേണ്ടതല്ലാത്ത ഏതെങ്കിലും സംഗതിയിൽ ഒരു പൊതുജനശല്യം ചെയ്യുന്ന ഏതൊരാളും ആയിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ശല്യം തുടരരുതെന്ന ഇഞ്ചങ്ഷനു ശേഷവും തുടരുന്നത്.

293. ഒരു പൊതുജനശല്യം, അങ്ങനെയുള്ള ശല്യം ആവർത്തിക്കരുതെന്നോ തുടരരുതെന്നോ അങ്ങനെ ഇഞ്ചങ്ഷൻ പുറപ്പെടുവിക്കുന്നതിന് നിയമപരമായ അധികാരമുള്ള ഏതെങ്കിലും പബ്ലിക് സർവന്റ് നിർദേശിച്ചിരിക്കെ, ആവർത്തിക്കുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അശ്ലീലമായ പുസ്തകങ്ങളുടെയും മറ്റും വിൽപ്പനയും മറ്റും.

294. (1) (2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു പുസ്തകമോ ലഘുലേഖയോ കടലാസോ ലിഖിതമോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ അല്ലെങ്കിൽ ഇലക്ട്രോണിക് രൂപത്തിലുള്ള ഏതെങ്കിലും ഉള്ളടക്കത്തിന്റെ പ്രദർശനം ഉൾപ്പെടെ മറ്റേതെങ്കിലും വസ്തുവോ, കാമോദ്ദീപകമോ ഭോഗാസക്തിപ്രചോദകമോ അല്ലെങ്കിൽ അതിന്റെ ഫലമോ (അത് രണ്ടോ അതിലധികമോ വ്യത്യസ്തമായ ഇനങ്ങൾ ഉൾക്കൊള്ളുന്നിടത്ത്) അവയിൽ ഏതെങ്കിലും ഒരു ഇനത്തിന്റെ ഫലമോ,

സമഗ്രമായി എടുക്കുകയാണെങ്കിൽ, അതിൽ അടങ്ങിയിട്ടുള്ളതോ ആവിഷ്ക്കരിച്ചിട്ടുള്ളതോ ആയ കാര്യം, പ്രസക്തമായ എല്ലാ സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, വായിക്കുകയോ കാണുകയോ കേൾക്കുകയോ ചെയ്യാൻ ഇടയുള്ള ആളുകളെ ദുർവൃത്തരാക്കുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയോടുകൂടിയതാണെങ്കിൽ, അശ്ലീലമായി കരുതപ്പെടേണ്ട താണ്.

(2) ഏതൊരാളാണോ—

(ക) അശ്ലീലമായ ഏതെങ്കിലും പുസ്തകമോ ലഘു ലേഖയോ കടലാസോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ അല്ലെങ്കിൽ മറ്റേതെങ്കിലും അശ്ലീല വസ്തുവോ, ഏത് രീതിയിലുള്ള എന്തുതന്നെയായാലും, വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പി ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ പ്രചരിപ്പിക്കുകയോ, അല്ലെങ്കിൽ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആവശ്യങ്ങൾക്കായി നിർമ്മിക്കുകയോ ഉൽപാദിപ്പി ക്കുകയോ തന്റെ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അശ്ലീലവസ്തു മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടിയോ അല്ലെങ്കിൽ അങ്ങനെ യുള്ള വസ്തു വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ ഏതെങ്കിലും രീതിയിൽ പ്രചരിപ്പിക്കുകയോ ചെയ്യപ്പെടുമെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ഇറക്കുമതി ചെയ്യുകയോ കയറ്റുമതി ചെയ്യുകയോ കൊണ്ടു പോവുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ബിസിനസ്സിന്റെ നടത്തിപ്പിൽ, അങ്ങനെയുള്ള ഏതെങ്കിലും അശ്ലീലവസ്തുക്കൾ മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലുമായി നിർമ്മിക്കുകയോ ഉൽപാദിപ്പി ക്കുകയോ വിലയ്ക്ക് വാങ്ങുകയോ സൂക്ഷിക്കുകയോ ഇറക്കുമതി ചെയ്യുകയോ കയറ്റുമതി ചെയ്യുകയോ കൊണ്ടു പോകുകയോ

പബ്ലിക്കായി പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ പ്രചരിപ്പിക്കുകയോ ചെയ്യുമെന്ന് താൻ അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, പങ്കെടുക്കുകയോ അതിൽനിന്ന് ലാഭം സ്വീകരിക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ആൾ, ഈ വകുപ്പിൻകീഴിൽ ഒരു കുറ്റമായ ഏതെങ്കിലും കൃത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നോ, ഏർപ്പെടുവാൻ തയ്യാറാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അശ്ലീലവസ്തു ഏതെങ്കിലും ആളിൽനിന്നോ ആൾവഴിയോ നേടാവുന്നതാണെന്നോ ഏതൊരു മാർഗത്തിലൂടെയും പരസ്യം ചെയ്യുകയോ അറിയിക്കുകയോ; അല്ലെങ്കിൽ

(ങ) ഈ വകുപ്പിൻകീഴിൽ ഒരു കുറ്റമായ ഏതെങ്കിലും കൃത്യം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ,

ചെയ്യുന്നത്, ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും അയ്യായിരം രൂപവരെയാകാവുന്ന പിഴയും, രണ്ടാമത്തേതോ അതിനുശേഷമോ ഉള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പതിനായിരം രൂപവരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*അപവാദം.*- ഈ വകുപ്പ്—

(ക) (i) അങ്ങനെയുള്ള പുസ്തകമോ ലഘുലേഖയോ കടലാസോ ലിഖിതമോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ, ശാസ്ത്രത്തിന്റെയോ സാഹിത്യത്തിന്റെയോ കലയുടെയോ പഠനത്തിന്റെയോ അല്ലെങ്കിൽ സാമാന്യ പ്രതിപത്തിയുള്ള മറ്റ് വിഷയങ്ങളുടെയോ താൽപര്യത്തിന് ഉതകുന്നതാണെന്നത് അടിസ്ഥാനമാക്കി പൊതുജന നൻമയ്ക്കായി ന്യായീകരിക്കപ്പെട്ട താണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതായ പ്രസിദ്ധീകരണത്തിനോ; അല്ലെങ്കിൽ

(ii) മതപരമായ ആവശ്യങ്ങൾക്കായി സൂക്ഷിക്കുകയോ ഉത്തമവിശ്വാസപൂർവം ഉപയോഗിക്കുകയോ ചെയ്യുന്നതിനോ,

ആയ ഏതെങ്കിലും പുസ്തകത്തിലേക്കോ ലഘുലേഖയിലേക്കോ കടലാസിലേക്കോ ലിഖിതത്തിലേക്കോ രേഖാചിത്രത്തിലേക്കോ വർണ്ണ ചിത്രത്തിലേക്കോ പ്രതിരൂപത്തിലേക്കോ രൂപത്തിലേക്കോ;

(ഖ) (i) പുരാതന സ്മാരകങ്ങളും പുരാതത്ത്വീയസ്ഥാന ങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958 (1958–ലെ 24)–ന്റെ അർഥത്തിലുള്ള ഏതെങ്കിലും പ്രാചീന സ്മാരകത്തിൻമേലോ അതിനുള്ളിലോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും ക്ഷേത്രത്തിൻമേലോ അതിനു ള്ളിലോ അല്ലെങ്കിൽ വിഗ്രഹങ്ങൾ എഴുന്നള്ളിക്കുന്നതിന് ഉപയോഗിക്കുന്നതോ ഏതെങ്കിലും മതപരമായ ആവശ്യത്തിനായി സൂക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും രഥത്തിൻമേലോ,

തക്ഷണം ചെയ്തിട്ടുള്ളതോ കൊത്തിയിട്ടുള്ളതോ ചായത്തിലെഴുതി യിട്ടുള്ളതോ അല്ലെങ്കിൽ മറ്റുവിധത്തിൽ രൂപിതമോ ആയ ഏതെങ്കിലും പ്രതിരൂപത്തിനോ,

വ്യാപിക്കുന്നതല്ല.

കുട്ടിക്ക് അശ്ലീല വസ്തുക്കൾ വിൽക്കുന്നതും മറ്റും.

295. 294–ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പ്രകാരമുള്ള ഏതെങ്കിലും അശ്ലീലവസ്തു ഏതെങ്കിലും കുട്ടിക്ക് വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും രണ്ടായിരം രൂപവരെയാകാവുന്ന പിഴയും, രണ്ടാമത്തേതോ അതിനുശേഷമുള്ളതോ ആയ കുറ്റ സ്ഥാപനത്തിന്റെ സംഗതിയിൽ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അശ്ലീലമായ കൃത്യങ്ങളും പാട്ടുകളും.

296. മറ്റുള്ളവർക്ക് അലട്ടലുളവാക്കുന്ന,–

(ക) ഏതെങ്കിലും അശ്ലീലകൃത്യം ഏതെങ്കിലും പൊതു സ്ഥലത്തുവച്ച് ചെയ്യുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അശ്ലീലമായ പാട്ടോ നാടൻ പാട്ടോ വാക്കുകളോ ഏതെങ്കിലും പൊതുസ്ഥലത്തോ അതിനടുത്തോ വച്ച് പാടുകയോ ചൊല്ലുകയോ ഉച്ചരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഭാഗ്യക്കുറി ആഫീസ് നടത്തുന്നത്.

297. (1) ഒരു സംസ്ഥാനഭാഗ്യക്കുറിയോ സംസ്ഥാനസർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഭാഗ്യക്കുറിയോ അല്ലാതെയുള്ള ഏതെങ്കിലും ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിന്റെ ആവശ്യത്തിനായി ഏതെങ്കിലും ഓഫീസോ സ്ഥലമോ വച്ചുകൊണ്ടിരിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ഭാഗ്യക്കുറിയിൽ ഏതെങ്കിലും ടിക്കറ്റോ നറുക്കോ നമ്പറോ രൂപമോ എടുക്കുന്നതുമായി ബന്ധപ്പെടുന്നതോ ബാധകമാകുന്നതോ ആയ ഏതെങ്കിലും സംഭവമോ അനിശ്ചിത സംഭവമോ ഉണ്ടാകുമ്പോൾ ഏതെങ്കിലും സംഖ്യ കൊടുക്കുന്നതിനോ ഏതെങ്കിലും ചരക്കുകൾ നൽകുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ ഗുണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഉള്ള ഏതെങ്കിലും നിർദേശം പ്രസിദ്ധീകരിക്കുന്ന ഏതൊരാളും അയ്യായിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XVI

## മതം സംബന്ധിച്ച കുറ്റങ്ങളെക്കുറിച്ച്

298. ആളുകളുടെ ഏതെങ്കിലും വിഭാഗം പവിത്രമായി കരുതുന്ന ഏതെങ്കിലും ആരാധനാസ്ഥലമോ ഏതെങ്കിലും വസ്തുവോ, ആളുകളുടെ ഏതെങ്കിലും വിഭാഗത്തിന്റെ മതത്തെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള നശീകരണമോ കേടുപാടോ അശുദ്ധീകരണമോ തങ്ങളുടെ മതത്തെ അപമാനിക്കലാണെന്ന് ആളുകളുടെ ഏതെങ്കിലും വിഭാഗം കരുതുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അതുവഴി നശിപ്പിക്കുകയോ കേടുവരുത്തുകയോ അശുദ്ധമാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഏതെങ്കിലും വിഭാഗത്തിന്റെ മതത്തെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആരാധനാസ്ഥലത്തിന് ക്ഷതി ഉളവാക്കുകയോ അശുദ്ധമാക്കുകയോ ചെയ്യുന്നത്.

299. ഇൻഡ്യയുടെ പൗരൻമാരിൽ ഏതെങ്കിലും വിഭാഗത്തിന്റെ മതപരമായ വികാരങ്ങൾ ധ്വംസിക്കണമെന്ന കരുതിക്കൂട്ടിയും ദുരുദ്ദേശപരവുമായ ഉദ്ദേശ്യത്തോടുകൂടി, പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപങ്ങളാലോ ഇലക്ട്രോണിക് മാർഗങ്ങളാലോ അല്ലെങ്കിൽ മറ്റു പ്രകാരത്തിലോ ആ വിഭാഗത്തിന്റെ മതത്തെയോ മതപരമായ വിശ്വാസങ്ങളെയോ അപമാനിക്കുകയോ അപമാനിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഏതെങ്കിലും വിഭാഗത്തിന്റെ മതത്തെയോ മതപരമായ വിശ്വാസങ്ങളെയോ അപമാനിക്കുന്നതു വഴി അതിന്റെ മതപരമായ വികാരങ്ങളെ ധ്വംസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള മനഃപൂർവവും ദുരുദ്ദേശപരവുമായ കൃത്യങ്ങൾ.

300. മതപരമായ ആരാധനയുടെയോ മതപരമായ ചടങ്ങുകളുടെയോ നടത്തിപ്പിൽ നിയമാനുസൃതം ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും യോഗത്തിൽ സ്വേച്ഛയാ അലോസരം ഉണ്ടാക്കുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മതപരമായ യോഗത്തിൽ അലോസരം ഉണ്ടാക്കുന്നത്.

ശവം അടക്കുന്ന സ്ഥലങ്ങൾ മുതലായവ കൈയേറുന്നത്.

301. ഏതെങ്കിലും ആളുടെ വികാരങ്ങൾ വ്രണപ്പെടുത്തണമെന്നോ ഏതെങ്കിലും ആളുടെ മതത്തെ അപമാനിക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ ഏതെങ്കിലും ആളുടെ വികാരങ്ങൾ വ്രണപ്പെടുവാൻ ഇടയുണ്ടെന്നോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മതം അതുവഴി അപമാനിക്കപ്പെടുവാൻ ഇടയുണ്ടെന്നോ ഉള്ള അറിവോടു കൂടിയോ ഏതെങ്കിലും ആരാധനാസ്ഥലത്തോ ശവം അടക്കുന്ന ഏതെങ്കിലും സ്ഥലത്തോ ശവസംസ്കാരചടങ്ങുകൾ നിർവഹിക്കുന്നതിനോ മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനോ വേണ്ടി നീക്കിവച്ചിരിക്കുന്ന ഏതെങ്കിലും സ്ഥലത്തോ കൈയേറ്റം നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യന്റെ ശവത്തെ ഏതെങ്കിലും വിധത്തിൽ അവഹേളിക്കുകയോ അല്ലെങ്കിൽ ശവസംസ്കാര ചടങ്ങുകൾ നടത്തുന്നതിനു വേണ്ടി സമ്മേളിച്ചിരിക്കുന്ന ഏതെങ്കിലും ആളുകൾക്ക് അലോസരം ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഏതെങ്കിലും ആളുടെ മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തണമെന്ന കരുതിക്കൂട്ടിയുള്ള ഉദ്ദേശ്യത്തോടുകൂടി വാക്കുകൾ ഉച്ചരിക്കുകയും മറ്റും ചെയ്യുന്നത്.

302. ഏതെങ്കിലും ആളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തണമെന്ന കരുതിക്കൂട്ടിയുള്ള ഉദ്ദേശ്യത്തോടുകൂടി അയാൾ കേൾക്കെ ഏതെങ്കിലും വാക്ക് ഉച്ചരിക്കുകയോ എന്തെങ്കിലും ശബ്ദമുണ്ടാക്കുകയോ അല്ലെങ്കിൽ അയാൾ കാൺകെ ഏതെങ്കിലും ആംഗ്യം കാണിക്കുകയോ, അയാൾ കാൺകെ ഏതെങ്കിലും വസ്തു വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XVII

## വസ്തുവിന് നേർക്കുള്ള കുറ്റങ്ങളെക്കുറിച്ച്

### *മോഷണത്തെക്കുറിച്ച്*

മോഷണം.

303. (1) ഏതെങ്കിലും ആളുടെ കൈവശത്തിൽ നിന്നും അയാളുടെ സമ്മതം കൂടാതെ ഏതെങ്കിലും ജംഗമവസ്തു നേരുകേടായി എടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അങ്ങനെ എടുക്കുന്നതിനു വേണ്ടി ആ വസ്തു നീക്കുന്ന ഏതൊരാളും മോഷണം നടത്തുന്നതായി പറയപ്പെടുന്നു.

*വിശദീകരണം* 1.— ഒരു സാധനം ഭൂബന്ധമായിട്ടുള്ളിടത്തോളം കാലം ജംഗമവസ്തു അല്ലാത്തതുകൊണ്ട് അത് മോഷണത്തിന് വിഷയമാകുന്നതല്ല. എന്നാൽ അത് ഭൂമിയിൽനിന്നും വേർപ്പെടുത്തിയാലുടൻ മോഷണത്തിന് വിഷയമാകുവാൻ കഴിവുള്ളതായിത്തീരുന്നു.

*വിശദീകരണം* 2.— വേർപ്പെടുത്തലിനെ ബാധിക്കുന്നതായ അതേ കൃത്യത്താൽ ഉളവാക്കുന്ന ഒരു നീക്കം മോഷണമാകാവുന്നതാണ്.

*വിശദീകരണം* 3.— ഒരാൾ ഒരു സാധനം, അത് നീങ്ങുന്നതിന് തടസ്സമായി നിന്ന ഒരു പ്രതിബന്ധം നീക്കം ചെയ്യുന്നതുവഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും സാധനത്തിൽനിന്നും വേർപ്പെടുത്തുന്നതുവഴിയോ അതുപോലെ തന്നെ അത് യഥാർഥത്തിൽ നീക്കുന്നതും, നീങ്ങുന്നതിന് ഇടയാക്കുന്നതായി പറയപ്പെടുന്നു.

*വിശദീകരണം* 4.— ഏതെങ്കിലും മാർഗത്തിൽ ഒരു മൃഗത്തെ നീങ്ങുവാൻ ഇടയാക്കുന്ന ഒരാൾ ആ മൃഗത്തെ നീക്കുന്നതായും അപ്രകാരം ഇടയാക്കിയ നീക്കത്തിന്റെ അനന്തരഫലമായി ആ മൃഗത്തിനാൽ നീക്കപ്പെടുന്ന എല്ലാ സാധനങ്ങളും നീക്കുന്നതായും പറയപ്പെടുന്നു.

*വിശദീകരണം* 5.— ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള സമ്മതം പ്രകടമോ വ്യംഗ്യമോ ആയിരിക്കാവുന്നതും, കൈവശക്കാരനാലോ അല്ലെങ്കിൽ ആ ആവശ്യത്തിലേക്ക് പ്രകടമോ വ്യംഗ്യമോ ആയ അധികാരമുള്ള ഏതെങ്കിലും ആളാലോ നൽകപ്പെടാവുന്നതുമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ക, യ യുടെ ഭൂമിയിലുള്ള ഒരു വൃക്ഷം യ യുടെ കൈവശത്തിൽനിന്ന് യ യുടെ സമ്മതം കൂടാതെ ആ വൃക്ഷം നേരുകേടായി എടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി മുറിച്ചിടുന്നു. ഇവിടെ, അങ്ങനെ എടുക്കുന്നതിനായി വൃക്ഷം മുറിച്ച് വേർപ്പെടുത്തിയപ്പോൾത്തന്നെ ക മോഷണം നടത്തിയിരിക്കുന്നു.

(ഖ) ക നായ്ക്കൾക്ക് കൊതി ഉളവാക്കുന്ന സാധനം തന്റെ പോക്കറ്റിലിടുകയും അങ്ങനെ അതിനെ പിന്തുടരുവാൻ യ യുടെ നായയെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ഇവിടെ യ യുടെ സമ്മതം കൂടാതെ യ യുടെ കൈവശത്തിൽനിന്ന് നായയെ നേരുകേടായി എടുക്കണമെന്നുള്ളതാണ് ക യുടെ ഉദ്ദേശ്യമെങ്കിൽ, യ യുടെ നായ ക യെ പിന്തുടരുവാൻ ആരംഭിച്ചപ്പോൾത്തന്നെ ക മോഷണം നടത്തിയിരിക്കുന്നു.

(ഗ) ക നിധി അടങ്ങിയ ഒരു പെട്ടി വഹിക്കുന്ന ഒരു കാളയെ കാണുന്നു. നേരുകേടായി നിധി എടുക്കുന്നതിനുവേണ്ടി അയാൾ കാളയെ ഒരു പ്രത്യേക ദിക്കിലേക്ക് ഓടിക്കുന്നു. കാള നീങ്ങുവാൻ ആരംഭിച്ചപ്പോൾ ത്തന്നെ ക നിധി മോഷണം നടത്തിയിരിക്കുന്നു.

(ഘ) യ യുടെ ഭൃത്യനും യ യുടെ തളിക സൂക്ഷിക്കുവാൻ യ ചുമതലപ്പെടുത്തിയവനുമായ ക, യ യുടെ സമ്മതം കൂടാതെ നേരുകേടായി തളികയും കൊണ്ട് ഓടിപ്പോകുന്നു. ക മോഷണം നടത്തിയിരിക്കുന്നു.

(ങ) യാത്ര പോകുന്ന യ താൻ തിരിച്ചുവരുന്നതുവരെയുള്ള തന്റെ തളികയുടെ ചുമതല ഒരു പണ്ടകശാല സൂക്ഷിപ്പുകാരനായ ക യെ ഏൽപ്പിക്കുന്നു. ക തളിക ഒരു സ്വർണ്ണപ്പണിക്കാരന്റെ അടുത്തുകൊണ്ടു ചെന്ന് അത് വിൽക്കുന്നു. ഇവിടെ തളിക യ യുടെ കൈവശത്തി ലായിരുന്നില്ല. അതുകൊണ്ട് അത് യ യുടെ കൈവശത്തിൽനിന്ന് എടുക്കുവാൻ കഴിയാത്തതും, ക കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കാമെങ്കിലും മോഷണം നടത്തിയിട്ടില്ല.

(ച) ക, യ താമസിക്കുന്ന വീട്ടിലെ ഒരു മേശമേൽ യ യുടെ വക ഒരു മോതിരം കാണുന്നു. ഇവിടെ മോതിരം യ യുടെ കൈവശത്താണുള്ളത്, ക അത് നേരുകേടായി നീക്കം ചെയ്യുകയാണെങ്കിൽ ക മോഷണം നടത്തുന്നു.

(ഛ) ക ആരുടെയും കൈവശത്തിലല്ലാതെ ഒരു മോതിരം ഹൈറോഡിൽ കിടക്കുന്നത് കാണുന്നു. ക അത് എടുക്കുന്നതുവഴി അയാൾ വസ്തുവിന്റെ കുറ്റകരമായ ദുർവിനിയോഗം നടത്തുന്നുണ്ടാകാമെങ്കിലും മോഷണം നടത്തുന്നില്ല.

(ജ) ക, യ യുടെ വീട്ടിൽ ഒരു മേശമേൽ യ യുടെ വകയായ ഒരു മോതിരം കിടക്കുന്നത് കാണുന്നു. ക, ശോധന ചെയ്യപ്പെടുകയും കണ്ടുപിടിക്കപ്പെടുകയും ചെയ്യുമെന്ന് ഭയന്ന് മോതിരം ഉടനെ ദുർവിനിയോഗം ചെയ്യുവാൻ ധൈര്യപ്പെടാതെ, ആ മോതിരം എപ്പോഴെങ്കിലും യ കണ്ടുപിടിക്കുമെന്നുള്ളത് വളരെ അസംഭവ്യമാകുന്നതായ ഒരു സ്ഥലത്ത്, അത് നഷ്ടപ്പെട്ടത് മറക്കുമ്പോൾ ആ ഒളിപ്പിച്ചുവച്ച സ്ഥലത്തുനിന്ന് ആ മോതിരം എടുത്ത് വിൽക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒളിപ്പിച്ചു വയ്ക്കുന്നു. ഇവിടെ ക മോതിരം ആദ്യമായി നീക്കുന്ന സമയത്ത് മോഷണം നടത്തുന്നു.

(ഝ) ക തന്റെ വാച്ച് സമയം ക്രമപ്പെടുത്തുവാനായി ഒരു രത്നവ്യാപാരിയായ യ യുടെ കൈയിൽ കൊടുക്കുന്നു. യ അത് തന്റെ കടയിൽ കൊണ്ടുപോകുന്നു. വാച്ച് ഒരു ഈടായി നിയമാനുസൃതമായി പിടിച്ചുവയ്ക്കത്തക്ക യാതൊരു കടവും ക രത്നവ്യാപാരിക്ക് കൊടുത്തു തീർക്കുവാൻ ഇല്ലാതിരിക്കെ, ക പരസ്യമായി കടയിൽ ചെല്ലുകയും യ യുടെ കൈയിൽനിന്ന് വാച്ച് ബലാൽക്കാരമായി എടുക്കുകയും കൊണ്ടു പോകുകയും ചെയ്യുന്നു. ഇവിടെ ക ചെയ്തത് നേരുകേടായി ചെയ്തതല്ലാത്തതുകൊണ്ട് അയാൾ കുറ്റകരമായ വസ്തുകൈയേറ്റവും കൈയേറ്റവും നടത്തിയിരിക്കാമെങ്കിലും മോഷണം നടത്തിയിട്ടില്ല.

(ഞ) ക, വാച്ച് നന്നാക്കിയതിന് യ യ്ക്ക് പണം കൊടുക്കുവാൻ ഉണ്ടായിരിക്കുകയും ആ കടത്തിന് ഒരു ഈടെന്ന നിലയ്ക്ക് യ വാച്ച് നിയമാനുസൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയും ക യ്ക്ക് ആ വസ്തു തന്റെ കടത്തിനുള്ള ഒരു ഈടെന്ന നിലയിൽ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യ യുടെ കൈവശത്തിൽനിന്ന് എടുക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അത് നേരുകേടായി എടുക്കുന്നതുകൊണ്ട് അയാൾ മോഷണം നടത്തുന്നു.

(ട) കൂടാതെ, ക തന്റെ വാച്ച് യ യ്ക്ക് പണയം വച്ചിരിക്കെ, വാച്ചിന്റെ ഈടിൻമേൽ വാങ്ങിയ കടം തിരികെ കൊടുക്കാതെയും യ യുടെ സമ്മതം കൂടാതെയും യ യുടെ കൈവശത്തിൽനിന്നും ക വാച്ച് എടുക്കുകയാണെങ്കിൽ സ്വന്തം വസ്തുവാണെങ്കിലും അയാൾ അത് നേരുകേടായി എടുക്കുന്നതുകൊണ്ട് അയാൾ മോഷണം നടത്തുന്നു.

(ഠ) ക, യ യുടെ ഒരു സാധനം യ യുടെ സമ്മതംകൂടാതെ യ യുടെ കൈവശത്തിൽനിന്നും അത് തിരിച്ചുകൊടുക്കുന്നതിന് പ്രതിഫലമായി യ യിൽനിന്ന് പണം കിട്ടുന്നതുവരെ വച്ചുകൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, എടുക്കുന്നു. ഇവിടെ ക നേരുകേടായിട്ടാണ് എടുക്കുന്നത്, അതുകൊണ്ട് ക മോഷണം നടത്തിയിരിക്കുന്നു.

(ഡ) യ യുമായി സൗഹൃദത്തിൽ കഴിയുന്ന ക, യ യുടെ ഗ്രന്ഥശാലയിൽ യ ഇല്ലാത്തപ്പോൾ പോവുകയും അയാളുടെ പ്രകടമായ സമ്മതംകൂടാതെ ഒരു പുസ്തകം, അത് വായിക്കുവാൻവേണ്ടി മാത്രവും അത് തിരിച്ച് എത്തിക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും, എടുക്കുകയും ചെയ്യുന്നു. ഇവിടെ യ യുടെ പുസ്തകം ഉപയോഗിക്കുവാൻ തനിക്ക്

യ യുടെ വ്യംഗ്യമായ സമ്മതമുണ്ടെന്ന് ക ധരിച്ചിട്ടുണ്ടാകാമെന്നത് സംഭവ്യമാകുന്നു. ക യുടെ ധാരണ ഇതായിരുന്നുവെങ്കിൽ ക മോഷണം നടത്തിയിട്ടില്ല.

(ഢ) ക, യ യുടെ ഭാര്യയോട് ധർമ്മം ചോദിക്കുന്നു. അവൾ തന്റെ ഭർത്താവായ യ യുടെ വകയാണെന്ന് ക യ്ക്ക് അറിയാവുന്ന പണവും ഭക്ഷണവും വസ്ത്രവും ക യ്ക്ക് കൊടുക്കുന്നു. ഇവിടെ ഭിക്ഷ കൊടുക്കുവാൻ യ യുടെ ഭാര്യയെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന് ക ധരിക്കുന്നത് സംഭവ്യമാകുന്നു. ക യുടെ ധാരണ ഇതായിരുന്നുവെങ്കിൽ ക മോഷണം നടത്തിയിട്ടില്ല.

(ണ) ക, യ യുടെ ഭാര്യയുടെ ജാരനാകുന്നു. അവൾ, ഭർത്താവായ യ യുടെ വകയും നൽകുവാൻ അവൾക്ക് യ യുടെ അനുമതി കിട്ടിയിട്ടില്ലാത്തതുമാണെന്ന് ക അറിയുന്നതുമായ, ഒരു വിലപിടിച്ച വസ്തു കൊടുക്കുന്നു. ക ആ വസ്തു നേരുകേടായി എടുക്കുകയാണെങ്കിൽ അയാൾ മോഷണം നടത്തുന്നു.

(ത) ക, യ യുടെ വകയായ വസ്തു ക യുടെ സ്വന്തം വസ്തുവാണെന്ന് ഉത്തമവിശ്വാസപൂർവം വിശ്വസിച്ചുകൊണ്ട് ആ വസ്തു യ യുടെ കൈവശത്തിൽനിന്ന് എടുക്കുന്നു. ഇവിടെ ക നേരുകേടായി എടുക്കുന്നില്ലെന്നതുകൊണ്ട് അയാൾ മോഷണം നടത്തുന്നില്ല.

(2) മോഷണം നടത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതും ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ആളുടെ രണ്ടാമതോ അതിനുശേഷമോ ഉള്ളതുമായ കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ അയാൾ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ അഞ്ച് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ മൂല്യം അയ്യായിരം രൂപയിൽ താഴെയാകുന്നതും അയാളുടെ ആദ്യ തവണത്തെ കുറ്റസ്ഥാപനത്തിന്മേ ലുളളതുമായ മോഷണത്തിന്റെ സംഗതിയിൽ, വസ്തുവിന്റെ മൂല്യം തിരികെ

നൽകുന്നതിന്മേലോ മോഷ്ടിക്കപ്പെട്ട വസ്തു തിരികെ നൽകുന്നതിന്മേലോ സാമൂഹ്യസേവനം നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

304. (1) മോഷണം നടത്തുന്നതിനായി, കുറ്റക്കാരൻ പെട്ടെന്നോ വേഗത്തിലോ അല്ലെങ്കിൽ നിർബന്ധിതമായോ ഏതെങ്കിലും ആളിൽ നിന്നോ അല്ലെങ്കിൽ അയാളുടെ കൈവശത്തിൽ നിന്നോ ഏതെങ്കിലും ജംഗമവസ്തു ബലമായി പിടിച്ചെടുക്കുകയോ കൈക്കലാക്കുകയോ തട്ടിയെടുക്കുകയോ എടുത്തുകൊണ്ടുപോകുകയോ ചെയ്യുന്നുവെങ്കിൽ മോഷണം പിടിച്ചു പറിക്കലാകുന്നു. പിടിച്ചു പറിക്കൽ.

(2) പിടിച്ചുപറിക്കൽ നടത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

305. (ക) ഒരു മനുഷ്യവാസസ്ഥലമായി ഉപയോഗിക്കുന്നതോ വസ്തു സൂക്ഷിപ്പിനായി ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ; അല്ലെങ്കിൽ വാസഗൃഹത്തിലോ ഗതാഗത മാർഗങ്ങളിലോ അല്ലെങ്കിൽ ആരാധനാ സ്ഥലത്തോ മറ്റുമുള്ള മോഷണം.

(ഖ) ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തി നായി ഉപയോഗിക്കുന്ന ഏതെങ്കിലും ഗതാഗതമാർഗങ്ങളിൽ; അല്ലെങ്കിൽ

(ഗ) ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തി നായി ഉപയോഗിക്കുന്ന ഏതെങ്കിലും ഗതാഗതമാർഗങ്ങളിൽ നിന്നുള്ള ഏതെങ്കിലും വസ്തുവോ ചരക്കുകളോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ആരാധനാസ്ഥലത്തിലെ വിഗ്രഹമോ പ്രതി മയോ; അല്ലെങ്കിൽ

(ങ) സർക്കാരിന്റെയോ തദ്ദേശ അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വസ്തുവോ,

മോഷണം നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും, പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

യജമാനന്റെ കൈവശത്തിലുള്ള വസ്തു ക്ലാർക്കോ ഭൃത്യനോ മോഷണം നടത്തുന്നത്.

306. ഒരു ക്ലാർക്കോ ഭൃത്യനോ അല്ലെങ്കിൽ ക്ലാർക്കോ ഭൃത്യനോ എന്ന നിലയിൽ നിയോജിക്കപ്പെട്ട ആളോ ആയിരിക്കെ, തന്റെ യജമാനന്റെയോ നിയോജകന്റെയോ കൈവശത്തിലുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് മോഷണം നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതു മാണ്.

മോഷണം നടത്തുന്നതിനുവേണ്ടി മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏൽപ്പിക്കുകയോ തടസ്സമുണ്ടാക്കുകയോ ചെയ്യുന്നതിന് ഒരുക്കം കൂട്ടിയശേഷം മോഷണം നടത്തുന്നത്.

307. അങ്ങനെയുള്ള മോഷണം നടത്തുന്നതിനോ അങ്ങനെയുള്ള മോഷണം നടത്തിയശേഷം അയാൾക്ക് രക്ഷപ്പെടുന്നതിനോ അങ്ങനെയുള്ള മോഷണത്താൽ എടുത്ത വസ്തു വച്ചുകൊണ്ടിരിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ആൾക്ക് മരണമോ ദേഹോപദ്രവമോ തടസ്സമോ സംഭവിപ്പിക്കുന്നതിനോ അല്ലെങ്കിൽ മരണമോ ദേഹോപദ്രവമോ തടസ്സമോ സംഭവിപ്പിക്കുമെന്ന ഭയം ഉളവാക്കുകയോ ചെയ്യുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം മോഷണം നടത്തുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ക, യ യുടെ കൈവശത്തിലുള്ള വസ്തുവിൽ മോഷണം നടത്തുന്നു; ഈ മോഷണം നടത്തുമ്പോൾ യ ചെറുക്കുകയാണെങ്കിൽ യ യ്ക്ക് ദേഹോപദ്രവം ഏൽപ്പിക്കുവാൻ വേണ്ടി കരുതിയ ഒരു നിറച്ച കൈത്തോക്ക് അയാൾ തന്റെ വസ്ത്രത്തിനടിയിൽ വച്ചിരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

(ഖ) യ നടക്കുന്നത് എന്താണെന്നറിഞ്ഞുകൊണ്ട് ചെറുക്കുകയോ ക യെ പിടിക്കുവാൻ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ യ യെ തടസ്സപ്പെടുത്തുവാനായി തന്റെ കൂട്ടുകാരിൽ പലരേയും തന്റെ അടുത്തു നിറുത്തി, ക, യ യുടെ പോക്കറ്റടിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

## *ഭയപ്പെടുത്തിയുള്ള അപഹരണത്തെക്കുറിച്ച്*

308. (1) ഏതെങ്കിലും ആൾക്ക്, ആ ആൾക്കോ മറ്റേതെങ്കിലും ആൾക്കോ ക്ഷതി നേരിടുമെന്നുള്ള ഭയം ഉദ്ദേശ്യപൂർവം ഉളവാക്കുകയും അതുവഴി അങ്ങനെ ഭയപ്പെടുത്തപ്പെട്ട ആളെ, ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ അല്ലെങ്കിൽ ഒരു മൂല്യമുള്ള ഈടായി മാറ്റാവുന്ന ഒപ്പുവച്ചതോ മുദ്രവച്ചതോ ആയ എന്തെങ്കിലുമോ ഏതെങ്കിലും ആൾക്ക് കൊടുക്കുവാൻ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നു. ഭയപ്പെടുത്തിയുള്ള അപഹരണം.

*ദൃഷ്ടാന്തങ്ങൾ.*

(ക) യ പണം കൊടുക്കാത്തപക്ഷം യ യെക്കുറിച്ച് അപകീർത്തികരമായ ഒരു അപമാനലേഖനം പ്രസിദ്ധപ്പെടുത്തുമെന്ന് ക ഭീഷണിപ്പെടുത്തുന്നു. അങ്ങനെ അയാൾക്ക് പണം കൊടുക്കുവാൻ അയാൾ യ യെ പ്രചോദിപ്പിക്കുന്നു. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഖ) കുറെ പണം ക യ്ക്ക് കൊടുക്കുവാൻ യ യെ ബാധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു പ്രോമിസ്സറി നോട്ട് യ ഒപ്പിട്ട് ക യ്ക്ക് കൊടുക്കാത്തപക്ഷം യ യുടെ കുട്ടിയെ അയാൾ അന്യായമായി തടഞ്ഞുവയ്ക്കുമെന്ന് ക, യ യെ ഭീഷണിപ്പെടുത്തുന്നു. യ നോട്ട് ഒപ്പിടുകയും കൊടുക്കുകയും ചെയ്യുന്നു. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഗ) ഖ യ്ക്ക് കുറെ വിളവ് നൽകുവാൻ, അത് നൽകിയില്ലെങ്കിൽ പിഴ കൊടുക്കുവാനുള്ള വ്യവസ്ഥയോടുകൂടി യ യെ ബാധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു ബോണ്ട് യ ഒപ്പിട്ട് ഖ യ്ക്ക് കൊടുക്കാത്തപക്ഷം യ യുടെ നിലം ഉഴുതുകളയുവാൻ അക്രമികളെ അയയ്ക്കുമെന്ന് ക ഭീഷണിപ്പെടുത്തുകയും അതുവഴി ബോണ്ട് ഒപ്പിടുകയും കൊടുക്കുകയും ചെയ്യുവാൻ യ യെ പ്രചോദിപ്പിച്ച് അതിന് ഇടയാക്കുകയും ചെയ്യുന്നു. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഘ) കഠിനമായ ദേഹോപദ്രവത്തെക്കുറിച്ചുള്ള ഭയം ഉളവാക്കി ഒന്നുമെഴുതാത്ത ഒരു കടലാസിൽ ഒപ്പിടുകയോ തന്റെ മുദ്ര പതിക്കുകയോ ചെയ്യുകയും ക യ്ക്ക് അത് കൊടുക്കുകയും ചെയ്യുവാൻ ക നേരുകേടായി

യ യെ പ്രചോദിപ്പിക്കുന്നു. യ ആ കടലാസിൽ ഒപ്പുവയ്ക്കുകയും ആ കടലാസ് ക യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. ഇവിടെ അപ്രകാരം ഒപ്പുവച്ച കടലാസ് മൂല്യമുള്ള ഈടായി മാറ്റാമെന്നുള്ളതുകൊണ്ട് ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ങ) ക, യ യെ ഒരു ഇലക്ട്രോണിക് മാധ്യമത്തിലൂടെ "നിങ്ങളുടെ കുട്ടി എന്റെ കൈവശമുണ്ട്, നിങ്ങൾ എനിക്ക് ഒരു ലക്ഷം രൂപ അയച്ചുതരാത്തപക്ഷം കൊന്നുകളയും" എന്ന സന്ദേശം അയച്ച് ഭീഷണിപ്പെടുത്തുന്നു. തനിക്ക് പണം തരുന്നതിനുവേണ്ടി ക, യ യെ അങ്ങനെ പ്രചോദിപ്പിക്കുന്നു. ക, ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(2) ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ക്ഷതി ഏതെങ്കിലും ആൾക്ക് നേരിടുമെന്ന ഭയം ഉളവാക്കുകയോ ഏതെങ്കിലും ആൾക്ക് ഭയം ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, അയാൾക്കോ മറ്റാർക്കെങ്കിലുമോ മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏൽക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കിയോ ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) ഏതെങ്കിലും ആൾക്ക്, അയാൾക്കോ മറ്റാർക്കെങ്കിലുമോ മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏൽക്കുകയോ ചെയ്യുമെന്നുള്ള ഭയം ഉളവാക്കിക്കൊണ്ട് ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്,

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക് തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തുവെന്നോ ചെയ്യുവാൻ ശ്രമിച്ചുവെന്നോ ഉള്ള ഒരു കുറ്റാരോപണത്തിന്റെ ഭയം അയാൾക്കോ മറ്റാർക്കെങ്കിലുമോ ഉളവാക്കുകയോ ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(7) ഏതെങ്കിലും ആൾക്ക്, മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്തുവെന്നോ ചെയ്യുവാൻ ശ്രമിച്ചുവെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുവാൻ മറ്റാരെയെങ്കിലും പ്രചോദിപ്പിക്കുവാൻ ശ്രമിച്ചുവെന്നോ ഉള്ള ഒരു കുറ്റാരോപണത്തിന്റെ ഭയം അയാൾക്കോ മറ്റാർക്കെങ്കിലുമോ എതിരായി ഉളവാക്കി ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും പത്ത് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

## *കവർച്ചയെയും കൂട്ടായ്മക്കവർച്ചയെയും കുറിച്ച്*

309. (1) എല്ലാ കവർച്ചയിലും മോഷണമോ അല്ലെങ്കിൽ ഭയപ്പെടുത്തിയുള്ള അപഹരണമോ ഉണ്ടായിരിക്കുന്നതാണ്. കവർച്ച.

(2) മോഷണം നടത്തുന്നതിനുവേണ്ടിയോ മോഷണം നടത്തുന്നതിലോ അല്ലെങ്കിൽ മോഷണത്താൽ ലഭിച്ച വസ്തു കൊണ്ടുപോവുകയോ കൊണ്ടുപോകുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലോ കുറ്റക്കാരൻ, ആ ഉദ്ദേശ്യത്തിനുവേണ്ടി സ്വേച്ഛയാ ഏതെങ്കിലും ആൾക്ക് മരണമോ ദേഹോപദ്രവമോ അന്യായമായ തടസ്സമോ സംഭവിപ്പിക്കുകയോ, അല്ലെങ്കിൽ ഉടനടി മരണമോ ഉടനടി ദേഹോപദ്രവമോ ഉടനടി അന്യായമായ തടസ്സമോ

സംഭവിപ്പിക്കണമെന്ന ഭയം ഉളവാക്കുകയോ, അപ്രകാരം ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ മോഷണം കവർച്ച ആകുന്നു.

(3) ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന സമയത്ത് കുറ്റക്കാരൻ ഭയപ്പെടുത്തപ്പെട്ട ആളുടെ സാന്നിധ്യത്തിലായിരിക്കുകയും അയാൾക്ക്, അയാൾക്കോ മറ്റേതെങ്കിലും ആൾക്കോ ഉടനടി മരണമോ ഉടനടി ദേഹോപദ്രവമോ ഉടനടി അന്യായമായ തടസ്സമോ സംഭവിക്കുമെന്നുള്ള ഭയം ഉളവാക്കുകയും അപ്രകാരം ഭയം ഉളവാക്കുന്നതുവഴി അപ്രകാരം ഭയപ്പെടുത്തപ്പെട്ട ആളെ ഭയപ്പെടുത്തി അപഹരിക്കുന്ന സാധനം അപ്പോൾ അവിടെ വച്ച് കൊടുക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, ഭയപ്പെടുത്തിയുള്ള അപഹരണം കവർച്ച ആകുന്നു.

*വിശദീകരണം:—* മറ്റേ ആൾക്ക് ഉടനടി മരണമോ ഉടനടി ദേഹോപദ്രവമോ ഉടനടി അന്യായമായ തടസ്സമോ സംഭവിക്കുമെന്നുള്ള ഭയം ഉളവാക്കത്തക്കവിധം അത്ര സമീപത്താണെങ്കിൽ കുറ്റക്കാരൻ സാന്നിധ്യത്തിലാണെന്ന് പറയപ്പെടുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യെ അമർത്തിപ്പിടിക്കുകയും യ യുടെ സമ്മതം കൂടാതെ യ യുടെ വസ്ത്രത്തിൽ നിന്ന് യ യുടെ പണവും ആഭരണങ്ങളും വഞ്ചനാപൂർവമായി എടുക്കുകയും ചെയ്യുന്നു. ഇവിടെ ക മോഷണം നടത്തുകയും, ആ മോഷണം നടത്തുന്നതിനുവേണ്ടി യ യ്ക്ക് സ്വേച്ഛയാ അന്യായമായ തടസ്സമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ക കവർച്ച നടത്തിയിരിക്കുന്നു.

(ഖ) ക, യ യെ ഹൈറോഡിൽ കാണുകയും കൈത്തോക്കു കാണിച്ച് യ യുടെ പേഴ്സ് ആവശ്യപ്പെടുകയും ചെയ്യുന്നു. അനന്തരഫലമായി യ തന്റെ പേഴ്സ് വിട്ടുകൊടുക്കുന്നു. ഇവിടെ യ യ്ക്ക് ഉടനടി ദേഹോപദ്രവം ഏൽക്കുമെന്നുള്ള ഭയമുളവാക്കി ക, യ യുടെ പക്കൽ നിന്ന് പേഴ്സ് ഭയപ്പെടുത്തി അപഹരിക്കുകയും, ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന സമയത്ത് അയാളുടെ സാന്നിധ്യത്തിലായിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ക കവർച്ച നടത്തിയിരിക്കുന്നു.

(ഗ) ക, യ യെയും യ യുടെ കുട്ടിയെയും ഹൈറോഡിൽ വച്ച് കാണുന്നു. ക കുട്ടിയെ എടുക്കുകയും, യ അയാളുടെ പേഴ്സ് കൊടുക്കാത്തപക്ഷം കുട്ടിയെ കിഴുക്കാം തൂക്കായുള്ള സ്ഥലത്തുനിന്ന് താഴേക്ക് എറിയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. അനന്തരഫലമായി യ തന്റെ പേഴ്സ് കൊടുക്കുന്നു. ഇവിടെ, അവിടെ സന്നിഹിതനായിരുന്ന കുട്ടിക്ക് ഉടനടി ദേഹോപദ്രവം ഏൽക്കുമെന്ന ഭയം യ യ്ക്ക് ഉളവാക്കി ക, യ യിൽ നിന്ന് പേഴ്സ് ഭയപ്പെടുത്തി അപഹരിച്ചിരിക്കുന്നു, അതുകൊണ്ട് ക, യ യുടെ മേൽ കവർച്ച നടത്തിയിരിക്കുന്നു.

(ഘ) "നിങ്ങളുടെ കുട്ടി എന്റെ സംഘത്തിന്റെ കൈയിലാണ്, നിങ്ങൾ ഞങ്ങൾക്ക് പതിനായിരം രൂപ അയച്ചുതരാത്തപക്ഷം കൊല്ലപ്പെടുന്നതാണ്" എന്നുപറഞ്ഞ് യ യിൽ നിന്ന് ക വസ്തു കൈക്കലാക്കുന്നു. ഇത് ഭയപ്പെടുത്തിയുള്ള അപഹരണമാകുന്നു, ആ നിലയ്ക്ക് ശിക്ഷാർഹവുമാകുന്നു, എന്നാൽ യ യ്ക്ക് അയാളുടെ കുട്ടിക്ക് ഉടനടി മരണം സംഭവിക്കുമെന്നുള്ള ഭയം ഉളവാക്കാത്തപക്ഷം അത് കവർച്ച ആകുന്നതല്ല.

(4) കവർച്ച നടത്തുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; കവർച്ച നടത്തുന്നത് ഹൈവേയിൽ സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയ്ക്കാണെങ്കിൽ ആ തടവ് പതിന്നാല് വർഷംവരെയാകാവുന്നതുമാണ്.

(5) കവർച്ച നടത്തുവാൻ ശ്രമിക്കുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്ന കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഏതെങ്കിലും ആൾ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുകയാണെങ്കിൽ, അങ്ങനെയുള്ള ആളും അങ്ങനെ കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ കൂട്ടുചേർന്ന മറ്റേതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

കൂട്ടായ്മ ക്കവർച്ച.

310. (1) അഞ്ചോ അതിലധികമോ ആളുകൾ കൂട്ടായി ഒരു കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ, അല്ലെങ്കിൽ കൂട്ടായി കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നവരും, സന്നിഹിതരാവുകയും അങ്ങനെ നടത്തുന്നതിനെയോ നടത്തുവാൻ ശ്രമിക്കുന്നതിനെയോ സഹായിക്കുകയും ചെയ്യുന്നവരും കൂടി അഞ്ചോ അതിലധികമോ ആകുമ്പോൾ, അപ്രകാരം നടത്തുകയോ ശ്രമിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും കൂട്ടായ്മക്കവർച്ച നടത്തുന്നതായി പറയപ്പെടുന്നു.

(2) കൂട്ടായ്മക്കവർച്ച നടത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) കൂട്ടായ്മക്കവർച്ച കൂട്ടായി നടത്തുന്ന അഞ്ചോ അതിലധികമോ ആളുകളിൽ ഏതെങ്കിലും ഒരാൾ, അപ്രകാരം കൂട്ടായ്മക്കവർച്ച നടത്തുന്നതിൽ കൊലപാതകം നടത്തുന്നുവെങ്കിൽ ആ ആളുകളിൽ ഓരോരുത്തരും മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) കൂട്ടായ്മക്കവർച്ച നടത്തുന്നതിന് എന്തെങ്കിലും ഒരുക്കം നടത്തുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) കൂട്ടായ്മക്കവർച്ച നടത്തുന്ന ആവശ്യത്തിനുവേണ്ടി സമ്മേളിക്കുന്ന അഞ്ചോ അതിലധികമോ ആളുകളിൽ ഒരാളാകുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(6) പതിവായി കൂട്ടായ്മക്കവർച്ച നടത്തുന്ന ആവശ്യത്തിനുവേണ്ടി കൂട്ടുചേർന്നവരുടെ ഒരു സംഘത്തിൽപ്പെടുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

311. കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുന്ന സമയത്ത്, കുറ്റക്കാരൻ ഏതെങ്കിലും മാരകായുധം ഉപയോഗിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കുവാനോ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള കുറ്റക്കാരന് നൽകേണ്ട തടവ് ഏഴ് വർഷത്തിൽ കുറയുവാൻ പാടില്ലാത്തതാണ്.

മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കുന്നതിനുള്ള ശ്രമത്തോടുകൂടിയ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ.

312. കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്ന സമയത്ത് കുറ്റക്കാരൻ ഏതെങ്കിലും മാരകായുധം ധരിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കുറ്റക്കാരന് നൽകേണ്ട തടവ് ഏഴ് വർഷത്തിൽ കുറയുവാൻ പാടില്ലാത്തതാണ്.

മാരകായുധം ധരിച്ചിട്ടുള്ളപ്പോൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്നത്.

313. മോഷണമോ കവർച്ചയോ പതിവായി നടത്തുന്നതിനുവേണ്ടി കൂട്ടുചേർന്നതും, എന്നാൽ കൂട്ടായ്മക്കവർച്ചക്കാരുടെ സംഘമല്ലാത്തതുമായ ആളുകളുടെ ഏതെങ്കിലും സംഘത്തിൽപ്പെടുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

മോഷ്ടാക്കളുടെയും മറ്റും സംഘത്തിൽപ്പെടുന്നതിനുള്ള ശിക്ഷ.

## *വസ്തുവിന്റെ കുറ്റകരമായ ദുർവിനിയോഗത്തെക്കുറിച്ച്*

314. ഏതെങ്കിലും ജംഗമവസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മാറ്റുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസത്തിൽ കുറയാത്തതും എന്നാൽ രണ്ട് വർഷംവരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.

### *ദൃഷ്ടാന്തങ്ങൾ*

(ക) <u>ക</u>, <u>യ</u> യുടെ വസ്തു, അത് തന്റേതാണെന്ന് <u>യ</u> യുടെ കൈവശത്തിൽ നിന്ന് അതെടുക്കുന്ന സമയത്ത് ഉത്തമവിശ്വാസത്തോടെ വിശ്വസിച്ചുകൊണ്ട് എടുക്കുന്നു. <u>ക</u> മോഷണത്തിന് അപരാധിയല്ല, എന്നാൽ തന്റെ തെറ്റ് കണ്ടുപിടിച്ചതിനുശേഷം <u>ക</u> ആ വസ്തു നേരുകേടായി സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുകയാണെങ്കിൽ, അയാൾ ഈ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ഖ) യ യുമായി സൗഹൃദത്തിൽ കഴിയുന്ന ക, യ യുടെ അസാന്നിധ്യത്തിൽ യ യുടെ ഗ്രന്ഥശാലയിൽ ചെല്ലുകയും യ യുടെ പ്രകടമായ സമ്മതം കൂടാതെ ഒരു പുസ്തകം എടുത്തുകൊണ്ടുപോവുകയും ചെയ്യുന്നു. ഇവിടെ ആ പുസ്തകം വായിക്കുവാനായി എടുക്കുന്നതിന് തനിക്ക് യ യുടെ വ്യംഗ്യമായ സമ്മതം ഉണ്ടായിരുന്നെന്ന് ക യ്ക്ക് ധാരണയുണ്ടായിരുന്നെങ്കിൽ ക മോഷണം നടത്തിയിട്ടില്ല. എന്നാൽ ക പിന്നീട് ആ പുസ്തകം സ്വന്തം ഗുണത്തിനുവേണ്ടി വിൽക്കുന്നുവെങ്കിൽ, അയാൾ ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ഗ) ക യും ഖ യും ഒരു കുതിരയുടെ കൂട്ടുടമസ്ഥൻമാരായിരിക്കെ, ആ കുതിരയെ ഉപയോഗിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ക, ഖ യുടെ കൈവശത്തിൽനിന്ന് എടുക്കുന്നു. ഇവിടെ കുതിരയെ ഉപയോഗിക്കുന്നതിന് ക യ്ക്ക് അവകാശമുള്ളതിനാൽ അയാൾ അതിനെ നേരുകേടായി ദുർവിനിയോഗം ചെയ്യുന്നില്ല. എന്നാൽ, ക കുതിരയെ വിൽക്കുകയും അതിൽ നിന്ന് കിട്ടുന്ന മുഴുവൻ തുകയും സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുകയും ചെയ്താൽ, അയാൾ ഈ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

*വിശദീകരണം 1.*— ഒരു കാലയളവിൽ മാത്രമുള്ള ഒരു നേരുകേടായ ദുർവിനിയോഗം ഈ വകുപ്പിന്റെ അർത്ഥത്തിൽ ദുർവിനിയോഗമാകുന്നു.

*ദൃഷ്ടാന്തം*

ക, യ യുടെ വകയായുള്ളതും ബ്ലാങ്ക് എൻഡോഴ്സ്മെന്റോടുകൂടിയതുമായ ഒരു സർക്കാർ പ്രോമിസറി നോട്ട് കണ്ടെത്തുന്നു. നോട്ട് യ യുടെ വകയാണെന്ന് അറിഞ്ഞുകൊണ്ട് ക അത് പിന്നീടൊരിക്കൽ യ യ്ക്ക് തിരികെ കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു കടത്തിന് ഈടായി ഒരു ബാങ്കർക്ക് പണയം വയ്ക്കുന്നു. ക ഈ വകുപ്പിൻകീഴിൽ ഒരു കുറ്റം ചെയ്തിരിക്കുന്നു.

*വിശദീകരണം 2.*— മറ്റേതെങ്കിലും ആളുടെ കൈവശത്തിലല്ലാത്ത വസ്തു കണ്ടെത്തുകയും ഉടമസ്ഥനുവേണ്ടി, സംരക്ഷിക്കുകയോ അല്ലെങ്കിൽ തിരികെ കൊടുക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള വസ്തു എടുക്കുകയും ചെയ്യുന്ന ഒരാൾ അത് നേരുകേടായി

എടുക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്നില്ലാത്തതും ഒരു കുറ്റത്തിന് അപരാധിയുമല്ല; എന്നാൽ അയാൾ ഉടമസ്ഥനെ, അറിയുകയോ കണ്ടുപിടിക്കുവാൻ അയാൾക്ക് മാർഗങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്യുമ്പോഴോ, ഉടമസ്ഥനെ കണ്ടുപിടിക്കുവാനും നോട്ടീസ് കൊടുക്കുവാനും ന്യായമായ മാർഗങ്ങൾ ഉപയോഗിക്കുകയും ഉടമസ്ഥന് അത് അവകാശപ്പെടുവാൻ കഴിയത്തക്കവിധം ന്യായമായ കാലത്തേക്ക് അത് വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനുമുമ്പോ, അത് സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുന്നുവെങ്കിൽ അയാൾ മേൽ നിർവചിച്ച കുറ്റത്തിന് അപരാധിയാകുന്നു.

അങ്ങനെയുള്ള ഒരു സംഗതിയിൽ ന്യായമായ മാർഗങ്ങൾ എന്താണെന്നോ ന്യായമായ കാലം എന്താണെന്നോ ഉള്ളത് ഒരു വസ്തുതാപ്രശ്നമാകുന്നു.

വസ്തുവിന്റെ ഉടമസ്ഥൻ ആരാണെന്നോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക ആൾ അതിന്റെ ഉടമസ്ഥനാണെന്നോ അത് കണ്ടെത്തുന്ന ആൾ അറിയണമെന്നില്ല; അത് വിനിയോഗിക്കുന്ന സമയത്ത് അത് സ്വന്തം വസ്തുവാണെന്ന് അയാൾ വിശ്വസിക്കാതിരിക്കുകയോ, അല്ലെങ്കിൽ യഥാർഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാധ്യമല്ലെന്ന് അയാൾ ഉത്തമവിശ്വാസപൂർവം വിശ്വസിക്കുകയോ ചെയ്താൽ മതിയാകുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ക, ഹൈറോഡിൽ ഒരു രൂപ കണ്ടെത്തുന്നു, ആരുടേതാണെന്നറിയാതെ ക ആ രൂപ എടുക്കുന്നു. ഇവിടെ ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിട്ടില്ല.

(ഖ) ക ഒരു ബാങ്ക് നോട്ട് അടങ്ങിയിട്ടുള്ള ഒരു കത്ത് റോഡിൽ കണ്ടെത്തുന്നു. കത്തിലെ നിർദേശത്തിലും ഉള്ളടക്കത്തിലും നിന്ന് നോട്ട് ആരുടേതാണെന്ന് അയാൾ മനസ്സിലാക്കുന്നു. അയാൾ നോട്ട് വിനിയോഗിക്കുന്നു. ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അയാൾ അപരാധിയാകുന്നു.

(ഗ) ബെയറർക്ക് പണം കൊടുക്കേണ്ട ഒരു ചെക്ക് ക കണ്ടെത്തുന്നു. ചെക്ക് നഷ്ടപ്പെട്ട ആൾ ആരാണെന്ന് അയാൾക്ക്

ഊഹിക്കുവാൻ കഴിയുന്നില്ല. എന്നാൽ ചെക്കെഴുതിക്കൊടുത്ത ആളുടെ പേര് കാണുന്നുണ്ട്. ചെക്ക് ആർക്കാണോ എഴുതിക്കൊടുത്തത് ആ ആളുടെ വിവരം കൊടുക്കുവാൻ ഇയാൾക്ക് കഴിയുമെന്ന് ക യ്ക്ക് അറിയാം. ക ഉടമസ്ഥനെ കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ ചെക്ക് വിനിയോഗിക്കുന്നു. അയാൾ ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ഘ) യ യുടെ പണത്തോടുകൂടിയ പേഴ്സ് താഴെ വീഴുന്നത് ക കാണുന്നു. ക പേഴ്സ് യ യ്ക്ക് തിരികെ കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി എടുക്കുന്നു. എന്നാൽ പിന്നീട് അത് സ്വന്തം ഉപയോഗത്തിനായി വിനിയോഗിക്കുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റം ചെയ്തിരിക്കുന്നു.

(ങ) ക പണത്തോടുകൂടിയ ആരുടേതെന്ന് തനിക്ക് അറിഞ്ഞുകൂടാത്ത ഒരു പേഴ്സ് കണ്ടെത്തുന്നു; അത് യ യുടെ വകയാണെന്ന് പിന്നീട് അയാൾ കണ്ടുപിടിക്കുകയും, അത് സ്വന്തം ഉപയോഗത്തിന് വിനിയോഗിക്കുകയും ചെയ്യുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

(ച) ക ആരുടെ വകയാണെന്ന് അറിഞ്ഞുകൂടാതെ ഒരു വിലപിടിച്ച മോതിരം കണ്ടെത്തുന്നു. ഉടമസ്ഥനെ കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ ക അത് ഉടനെ വിൽക്കുന്നു. ക ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നു.

മരണ സമയത്ത്, മരിച്ചുപോയ ആളിന്റെ കൈവശമുണ്ടായിരുന്ന വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.

315. ഏതെങ്കിലും വസ്തു, അങ്ങനെയുള്ള വസ്തു മരിച്ചുപോയ ഒരാളുടെ മരണസമയത്ത് അയാളുടെ കൈവശത്തിലായിരുന്നുവെന്നും, അതിനുശേഷം അങ്ങനെ കൈവശം വയ്ക്കുന്നതിന് നിയമപരമായി അവകാശമുള്ള ഏതെങ്കിലും ആളുടെ കൈവശത്തിൽ ആയിരുന്നിട്ടില്ലെന്നും അറിഞ്ഞുകൊണ്ട്, നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മാറ്റുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന്വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും അങ്ങനെയുള്ള ആൾ മരിച്ച സമയത്ത് കുറ്റക്കാരൻ, അയാളുടെ ക്ലാർക്കോ ഭൃത്യനോ ആയി നിയോജിതനായിരുന്നെങ്കിൽ തടവ് ഏഴ് വർഷംവരെയാകാവുന്നതുമാണ്.

*ദൃഷ്ടാന്തം*

യ ഫർണിച്ചറും പണവും കൈവശത്തിലുണ്ടായിരിക്കെ മരിക്കുന്നു. അയാളുടെ ഭൃത്യനായ ക ആ പണം കൈവശം വയ്ക്കുന്നതിന് അവകാശമുള്ള ഏതെങ്കിലും ആളുടെ കൈവശത്തിലാകുന്നതിന് മുമ്പ് അത് നേരുകേടായി ദുർവിനിയോഗം ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

*കുറ്റകരമായ വിശ്വാസവഞ്ചനയെക്കുറിച്ച്*

316. (1) വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും രീതിയിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കെ, ആ വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മാറ്റുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിശ്വാസം നിറവേറ്റേണ്ട രീതി നിർണ്ണയിക്കുന്ന ഏതെങ്കിലും നിയമത്തിലെ നിർദേശമോ അങ്ങനെയുള്ള വിശ്വാസത്തിന്റെ നിറവേറ്റൽ സംബന്ധിച്ച് അയാൾ ചെയ്ത പ്രകടമോ വ്യംഗ്യമോ ആയ ഏതെങ്കിലും നിയമപ്രകാരമുള്ള കരാറോ ലംഘിച്ചുകൊണ്ട് ആ വസ്തു നേരുകേടായി ഉപയോഗിക്കുകയോ വ്യയനം ചെയ്യുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ മറ്റേതെങ്കിലും ആളെ ബോധപൂർവം അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റകരമായ വിശ്വാസവഞ്ചന നടത്തുന്നു. കുറ്റകരമായ വിശ്വാസ വഞ്ചന.

*വിശദീകരണം* 1.— ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റ്, 1952 (1952–ലെ 19)–ലെ 17–ാം വകുപ്പിൻകീഴിൽ ഒഴിവാക്കിയിട്ടുള്ളതോ അല്ലാത്തതോ ആയ ഒരു സ്ഥാപനത്തിന്റെ നിയോജകനായിരിക്കെ, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ സ്ഥാപിതമായ ഒരു പ്രോവിഡന്റ് ഫണ്ടിലേക്കോ കുടുംബപെൻഷൻ ഫണ്ടിലേക്കോ വരവ് വയ്ക്കാനായി ജോലിക്കാരന്റെ അംശദായം ജോലിക്കാരന് കൊടുക്കാനുള്ള വേതനത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒരാളെ അപ്രകാരം കുറവ് ചെയ്ത അംശദായത്തിന്റെ തുക ഭരമേൽപ്പിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതും അയാൾ പ്രസ്തുത നിയമം ലംഘിച്ചുകൊണ്ട് പ്രസ്തുത ഫണ്ടിലേക്ക് അങ്ങനെയുള്ള അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ മുൻപറഞ്ഞപ്രകാരമുള്ള നിയമത്തിലെ ഒരു നിർദേശം ലംഘിച്ചുകൊണ്ട് പ്രസ്തുത അംശദായത്തിന്റെ തുക നേരുകേടായി ഉപയോഗിച്ചതായി കരുതപ്പെടേണ്ടതുമാണ്.

*വിശദീകരണം* 2.— ഒരു നിയോജകനായിരിക്കെ, ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ്, 1948 (1948–ലെ 34)–ന് കീഴിൽ സ്ഥാപിക്കപ്പെട്ട, ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഹിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതിനായി ജോലിക്കാരന്റെ അംശദായം ജോലിക്കാരന് കൊടുക്കാനുള്ള വേതനത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒരാളെ അപ്രകാരം കുറവ് ചെയ്ത അംശദായത്തിന്റെ തുക ഭരമേൽപ്പിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതും അയാൾ പ്രസ്തുത ആക്റ്റ് ലംഘിച്ചുകൊണ്ട് പ്രസ്തുത ഫണ്ടിലേക്ക് അങ്ങനെയുള്ള അംശദായം ഒടുക്കുന്നതിൽ വീഴ്ചവരുത്തുകയാണെങ്കിൽ മുൻപറഞ്ഞപ്രകാരമുള്ള നിയമത്തിലെ നിർദേശം ലംഘിച്ചുകൊണ്ട് പ്രസ്തുത അംശദായത്തിന്റെ തുക നേരുകേടായി ഉപയോഗിച്ചതായി കരുതപ്പെടേണ്ടതുമാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) മരിച്ചുപോയ ഒരാളുടെ മരണശാസനത്തിന്റെ എക്സിക്യൂട്ടറായി <u>ക</u> മരണശാസനപ്രകാരം സ്വത്ത് ഭാഗിക്കുന്നതിനുള്ള നിർദേശം തനിക്ക് നൽകുന്ന നിയമം നേരുകേടായി അനുസരിക്കാതിരിക്കുകയും അവ അയാളുടെ സ്വന്തം ഉപയോഗത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. <u>ക</u> കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു.

(ഖ) <u>ക</u> ഒരു പണ്ടകശാല സൂക്ഷിപ്പുകാരനാണ്. യാത്ര പോകുന്ന <u>യ</u> തന്റെ ഫർണിച്ചർ, പണ്ടകശാല മുറിക്ക് ഒരു നിശ്ചിതതുക കൊടുക്കുമ്പോൾ അത് തിരികെ കൊടുക്കണമെന്നുള്ള കരാറിൻമേൽ <u>ക</u> യെ ഭരമേൽപ്പിക്കുന്നു. <u>ക</u> ചരക്കുകൾ നേരുകേടായി വിൽക്കുന്നു. <u>ക</u> കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു.

(ഗ) കൽക്കട്ടയിൽ താമസിക്കുന്ന <u>ക</u> ഡൽഹിയിൽ താമസിക്കുന്ന <u>യ</u> യുടെ ഏജന്റാകുന്നു. <u>യ</u>, <u>ക</u> യ്ക്ക് അയച്ചുകൊടുക്കുന്ന എല്ലാ തുകകളും <u>ക</u>, <u>യ</u> യുടെ നിർദേശമനുസരിച്ച് നിക്ഷേപിക്കണമെന്ന് <u>ക</u> യും <u>യ</u> യും തമ്മിൽ പ്രകടമോ വ്യംഗ്യമോ ആയ ഒരു കരാർ ഉണ്ട്. കമ്പനിപത്രത്തിൽ നിക്ഷേപിക്കണമെന്ന <u>ക</u> യ്ക്കുള്ള നിർദേശത്തോടുകൂടി <u>ക</u> യ്ക്ക് <u>യ</u> ഒരു ലക്ഷം രൂപ അടയ്ക്കുന്നു. <u>ക</u> നിർദേശങ്ങൾ നേരുകേടായി അനുസരിക്കാതിരിക്കുകയും പണം അയാളുടെ സ്വന്തം വ്യാപാരത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. <u>ക</u> കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു.

(ഘ) എന്നാൽ ദൃഷ്ടാന്തം (ഗ) യിൽ, ബാങ്ക് ഓഫ് ബംഗാളിൽ ഓഹരി ഉണ്ടായിരിക്കുന്നതാണ് യ യ്ക്ക് കൂടുതൽ ഗുണകരമെന്ന് ക നേരുകേടായല്ലാതെയും എന്നാൽ ഉത്തമവിശ്വാസപൂർവം വിശ്വസിച്ചുകൊണ്ടും യ യുടെ നിർദേശങ്ങൾ അനുസരിക്കാതിരിക്കുകയും കമ്പനിപത്രം വാങ്ങുന്നതിനുപകരം യ യ്ക്കുവേണ്ടി ബാങ്ക് ഓഫ് ബംഗാളിൽ ഓഹരികൾ വാങ്ങുകയും ചെയ്യുന്നുവെങ്കിൽ, ഇവിടെ, യ യ്ക്ക് നഷ്ടമുണ്ടാവുകയും ആ നഷ്ടം കാരണമായി ക യ്ക്കെതിരെ സിവിൽ നടപടി എടുക്കുവാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യാമെങ്കിലും, ക നേരുകേടായി പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിട്ടില്ല.

(ങ) ഒരു റവന്യൂ ഓഫീസറായ ക യെ പബ്ലിക് പണം ഭരമേൽപ്പിച്ചിരിക്കുകയും അയാളുടെ കൈവശമുള്ള എല്ലാ പബ്ലിക് പണവും ഒരു നിശ്ചിത ഖജനാവിൽ അടയ്ക്കണമെന്ന് നിയമത്താൽ നിർദേശം നൽകുകയോ സർക്കാരുമായുള്ള പ്രകടമോ വ്യംഗ്യമോ ആയ ഒരു കരാറിനാൽ അയാൾ ബാധ്യസ്ഥനാകുകയോ ചെയ്തിരിക്കുകയും ആകുന്നു. ക നേരുകേടായി ആ പണം വിനിയോഗിക്കുന്നു. ക കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു.

(ച) യ, ഒരു വസ്തു കരമാർഗമായോ ജലമാർഗമായോ കൊണ്ടുപോകുവാൻ ക എന്ന കാരിയറെ ഭരമേൽപ്പിക്കുന്നു. ക ആ വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുന്നു. ക കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു.

(2) കുറ്റകരമായ വിശ്വാസവഞ്ചന നടത്തുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) കാരിയറായോ പാതാറുടമയായോ പണ്ടകശാല സൂക്ഷിപ്പുകാരനായോ വസ്തു ഭരമേൽപ്പിക്കപ്പെട്ടിരിക്കെ അങ്ങനെയുള്ള വസ്തു സംബന്ധിച്ച് കുറ്റകരമായ വിശ്വാസവഞ്ചന നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) ഒരു ക്ലാർക്കോ ഭൃത്യനോ ആയിരിക്കുകയോ അല്ലെങ്കിൽ ക്ലാർക്കോ ഭൃത്യനോ ആയി നിയോജിക്കപ്പെട്ടിരിക്കുകയോ ചെയ്യുകയും അങ്ങനെയുള്ള നിലയിൽ വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും രീതിയിൽ ഭരമേൽപ്പിക്ക പ്പെട്ടിരിക്കുകയും ചെയ്തിരിക്കേ, ആ വസ്തു സംബന്ധിച്ച് കുറ്റകരമായ വിശ്വാസവഞ്ചന നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) ഒരു പബ്ലിക് സർവന്റെന്ന നിലയിലോ അല്ലെങ്കിൽ ഒരു ബാങ്കറോ കച്ചവടക്കാരനോ ഫാക്റ്ററോ ദല്ലാളോ അറ്റോർണിയോ ഏജന്റോ എന്ന നിലയിലുള്ള തന്റെ ബിസിനസ്സിനിടയിലോ വസ്തുവോ വസ്തു വിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും രീതിയിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കെ, ആ വസ്തു സംബന്ധിച്ച് കുറ്റകരമായ വിശ്വാസവഞ്ചന നടത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

## കളവുമുതൽ സ്വീകരിക്കുന്നതിനെക്കുറിച്ച്

കളവുമുതൽ.

317. (1) മോഷണമോ ഭയപ്പെടുത്തിയുള്ള അപഹരണമോ കവർച്ചയോ വഞ്ചനയോ വഴിയായി കൈവശം കൈമാറപ്പെട്ടിട്ടുള്ള വസ്തുവിനും, കുറ്റകരമായി ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ, അത് സംബന്ധിച്ച് കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിട്ടുള്ളതോ ആയ വസ്തുവിനും, ഇൻഡ്യയ്ക്ക് അകത്തോ പുറത്തോ വച്ച് അത് കൈമാറ പ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ദുർവിനിയോഗമോ വിശ്വാസവഞ്ചനയോ നടത്തപ്പെട്ടിട്ടുള്ളതോ ആയാലും കളവുമുതൽ എന്ന് പേര് പറയുന്നു, എന്നാൽ അങ്ങനെയുള്ള വസ്തു കൈവശം വയ്ക്കുന്നതിന് നിയമപ്രകാരം അവകാശമുള്ള ആളുടെ കൈവശത്തിൽ പിന്നീട് വരുന്നുവെങ്കിൽ അത് കളവുമുതൽ അല്ലാതായിത്തീരുന്നു.

(2) ഏതെങ്കിലും കളവുമുതൽ കളവുമുതലാണെന്ന് അറിഞ്ഞു കൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ നേരുകേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) കൂട്ടായ്മക്കവർച്ച നടത്തിയതുവഴി കൈവശം കൈമാറിയിട്ടുള്ളതാണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും കളവുമുതൽ നേരുകേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ അല്ലെങ്കിൽ കൂട്ടായ്മക്കവർച്ചക്കാരുടെ ഒരു സംഘത്തിൽപ്പെടുന്നതാണെന്നോ പെട്ടിരുന്നതാണെന്നോ താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുന്ന ഒരാളിൽ നിന്ന് കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു നേരുകേടായി സ്വീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു പതിവായി സ്വീകരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(5) കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു ഒളിച്ചുവയ്ക്കുകയോ വ്യയനം ചെയ്യുകയോ കടത്തിക്കൊണ്ടുപോവുകയോ ചെയ്യുന്നതിൽ സ്വേച്ഛയാ സഹായിക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

## *വഞ്ചനയെക്കുറിച്ച്*

318. (1) ഏതെങ്കിലും ആളെ കബളിപ്പിച്ചുകൊണ്ട്, അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ ഏതെങ്കിലും വസ്തു ഏതെങ്കിലും ആൾക്ക് കൊടുക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഏതെങ്കിലും വസ്തു വച്ചുകൊണ്ടിരിക്കുന്നത് സമ്മതിക്കുവാനോ, വഞ്ചനാപൂർവമായോ നേരുകേടായോ പ്രചോദിപ്പിക്കുകയോ, അല്ലെങ്കിൽ അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ, അയാൾ അപ്രകാരം കബളിപ്പിക്കപ്പെട്ടില്ലായിരുന്നെങ്കിൽ അയാൾ ചെയ്യാതിരിക്കുകയോ ഒഴിവാകുകയോ ചെയ്യുമായിരുന്നതോ വഞ്ചന.

ആയതും, അയാളുടെ ശരീരത്തിനോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ നാശനഷ്ടമോ ഹാനിയോ ഉളവാക്കുകയോ ഉളവാക്കുവാൻ ഇടയാക്കുന്നതോ ആയ കൃത്യമോ കൃത്യവിലോപമോ ചെയ്യുമായിരുന്നതുമായ എന്തെങ്കിലും ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ ഉദ്ദേശ്യപൂർവം പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും വഞ്ചിക്കുന്നതായി പറയപ്പെടുന്നു.

*വിശദീകരണം.*— വസ്തുതകളുടെ നേരുകേടായ ഒളിച്ചുവയ്ക്കലും ഈ വകുപ്പിന്റെ അർഥത്തിൽ ഒരു കബളിപ്പിക്കലാകുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, സിവിൽ സർവ്വീസിലാണെന്ന് വ്യാജമായി നടിക്കുന്നതുവഴി ഉദ്ദേശ്യപൂർവം യ യെ കബളിപ്പിക്കുകയും അങ്ങനെ താൻ വിലകൊടുക്കുവാൻ ഉദ്ദേശിക്കാത്ത ചരക്കുകൾ കടമായി കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ഖ) ക ഒരു സാധനത്തിന്റെ മേൽ ഒരു കപടാനുകരണം നടത്തിയുണ്ടാക്കിയ അടയാളം ഇടുന്നതുവഴി ഈ സാധനം സുപ്രസിദ്ധനായ ഒരു പ്രത്യേക നിർമ്മാതാവിനാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ഉദ്ദേശ്യപൂർവം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും അങ്ങനെ സാധനം വിലയ്ക്ക് വാങ്ങുവാനും പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ഗ) ക ഒരു സാധനത്തിന്റെ വ്യാജമായ സാമ്പിൾ പ്രദർശിപ്പിച്ചുകൊണ്ട് സാധനം സാമ്പിളിന് സദൃശമാണെന്ന് ഉദ്ദേശ്യപൂർവം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും, അതുവഴി ആ സാധനം വിലയ്ക്ക് വാങ്ങുവാനും പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ഘ) ഒരു സാധനത്തിന്റെ വിലയ്ക്കായി ക, താൻ പണം നിക്ഷേപിച്ചിട്ടില്ലാത്ത ഒരു സ്ഥാപനത്തിലേക്ക് ബിൽ കൊടുക്കുകയും അങ്ങനെ ബിൽ അനാദരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതുവഴി യ യെ ഉദ്ദേശ്യപൂർവം കബളിപ്പിക്കുകയും, അതുവഴി സാധനത്തിന് വിലകൊടുക്കാതിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, ആ സാധനം കൊടുക്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ങ) ക വൈരക്കല്ലുകളല്ലെന്ന് തനിക്ക് അറിയാവുന്ന സാധനങ്ങൾ വൈരക്കല്ലുകളാണെന്ന നിലയിൽ പണയം വയ്ക്കുന്നതുവഴി യ യെ ഉദ്ദേശ്യപൂർവം കബളിപ്പിക്കുകയും അതുവഴി പണം കടം കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ച) യ, ക യ്ക്ക് കടം കൊടുക്കുന്ന ഏത് തുകയും ക തിരിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് യ യെ ഉദ്ദേശ്യപൂർവം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി ക, തിരിച്ചുകൊടുക്കാൻ ഉദ്ദേശിക്കാതെ പണം കടം നൽകുവാൻ നേരുകേടായി യ യെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ഛ) ക കൊടുക്കുവാൻ ഉദ്ദേശിക്കാത്ത ഏതാനും അമരിച്ചെടി യ യ്ക്ക് കൊടുക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്ന് ക, യ യെ ഉദ്ദേശ്യപൂർവം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും, അങ്ങനെ കൊടുക്കുമെന്നുള്ള വിശ്വാസത്തിൻമേൽ പണം മുൻകൂറായി കൊടുക്കുവാൻ അതുവഴി യ യെ നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു; എന്നാൽ പണം ലഭിക്കുന്ന സമയത്ത് അമരിച്ചെടി ക കൊടുക്കണമെന്ന് ഉദ്ദേശിക്കുകയും പിന്നീട് അയാളുടെ കരാർ ലംഘിക്കുകയും അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ വഞ്ചിക്കുന്നില്ല. എന്നാൽ കരാർ ലംഘനത്തിനുള്ള സിവിൽ നടപടിക്കുമാത്രം അയാൾ വിധേയനാകുന്നതാണ്.

(ജ) ക, യ യുമായി ഏർപ്പെട്ടിട്ടുള്ള ഒരു കരാറിൽ താൻ നിറവേറ്റിയിട്ടില്ലാത്ത ക യുടെ ഭാഗം നിറവേറ്റിയിട്ടുള്ളതായി ക ഉദ്ദേശ്യപൂർവം യ യെ കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി പണം കൊടുക്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(ഝ) ക ഒരു എസ്റ്റേറ്റ് ഖ യ്ക്ക് വിൽക്കുകയും കൈമാറുകയും ചെയ്യുന്നു. അങ്ങനെയുള്ള വിൽപ്പനയുടെ അനന്തരഫലമായി ആ വസ്തുവിൽ തനിക്ക് യാതൊരു അവകാശവുമില്ലെന്ന് അറിഞ്ഞുകൊണ്ട് ക മുൻപ് ഖ യ്ക്ക് വിൽക്കുകയും കൈമാറുകയും ചെയ്തത് വെളിപ്പെടുത്താതെ, അത് യ യ്ക്ക് വിൽക്കുകയോ പണയം വയ്ക്കുകയോ ചെയ്യുകയും യ യിൽ നിന്ന് ക്രയവിലയോ പണയത്തുകയോ സ്വീകരിക്കുകയും ചെയ്യുന്നു. ക വഞ്ചിക്കുന്നു.

(2) വഞ്ചിക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) താൻ നിയമപ്രകാരമോ ഒരു നിയമപ്രകാരമുള്ള കരാറിനാലോ സംരക്ഷിക്കുവാൻ താൻ ബാധ്യസ്ഥനായ, വഞ്ചനയുമായി ബന്ധപ്പെട്ട ആ ഇടപാടിൽ താൽപര്യമുള്ള ഒരാൾക്ക് താൻ അതുവഴി അന്യായമായ നഷ്ടം ഉളവാക്കുവാൻ ഇടയുണ്ടെന്ന അറിവോടുകൂടി വഞ്ചിക്കുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) വഞ്ചിക്കുകയും അതുവഴി കബളിപ്പിക്കപ്പെട്ട ആളെ, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും വസ്തു നൽകുവാനോ അല്ലെങ്കിൽ ഒരു മൂല്യമുള്ള ഈട് മുഴുവനുമോ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ ഒപ്പുവച്ചിട്ടുള്ളതോ മുദ്രവച്ചതോ ആയതും ഒരു മൂല്യമുള്ള ഈടായി മാറ്റാവുന്നതുമായ എന്തെങ്കിലുമോ ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുവാനോ, നേരുകേടായി പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ആൾമാറാട്ടം വഴിയുള്ള വഞ്ചന.

319. (1) ഒരാൾ, മറ്റൊരാളാണെന്ന് നടിക്കുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഒരാളെ മറ്റൊരാൾക്ക് പകരമായി കാണിക്കുകയോ അല്ലെങ്കിൽ അയാളോ മറ്റേതെങ്കിലും ആളോ യഥാർഥത്തിൽ ഏതൊരാളാണോ ആ ആളല്ലാ വേറൊരു ആളാണെന്ന് ധരിപ്പിക്കുകയോ ചെയ്യുന്നതുവഴി അയാൾ വഞ്ചിക്കുകയാണെങ്കിൽ, അയാൾ ആൾമാറാട്ടം വഴി വഞ്ചിക്കുന്നതായി പറയപ്പെടുന്നു.

*വിശദീകരണം.*– ആൾമാറാട്ടം നടത്തിയ വ്യക്തി യഥാർഥത്തിലുള്ളതോ സങ്കൽപ്പത്തിലുള്ളതോ ആയ ആളായിരുന്നാലും കുറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക തന്റെ തന്നെ പേരുള്ള ധനവാനായ ഒരു പ്രത്യേക ബാങ്കറായി നടിക്കുന്നതുവഴി വഞ്ചിക്കുന്നു. ക ആൾമാറാട്ടം വഴി വഞ്ചിക്കുന്നു.

(ഖ) ക മരിച്ചുപോയ ഒരാളായ ഖ യാണെന്ന് നടിക്കുന്നതുവഴി വഞ്ചിക്കുന്നു. ക ആൾമാറാട്ടം വഴി വഞ്ചിക്കുന്നു.

(2) ആൾമാറാട്ടം വഴി വഞ്ചിക്കുന്ന ഏതൊരാളും അഞ്ച് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

## *വഞ്ചനാപൂർവമായ കരണങ്ങളെയും വസ്തു വിനിയോഗങ്ങളെയും കുറിച്ച്*

320. ഏതെങ്കിലും വസ്തു അങ്ങനെ ചെയ്യുന്നതുവഴി ആ വസ്തു തന്റെ ഉത്തമർണ്ണൻമാരുടെ ഇടയിലോ മറ്റേതെങ്കിലും ആളുടെ ഉത്തമർണ്ണൻമാരുടെ ഇടയിലോ നിയമാനുസരണം വിതരണം ചെയ്യുന്നത് അതുവഴി തടയണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അതുവഴി താൻ തടയുവാൻ ഇടയുണ്ടെന്ന് അറിഞ്ഞു കൊണ്ടോ നേരുകേടായോ വഞ്ചനാപൂർവമായോ നീക്കംചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ഏതെങ്കിലും ആളെ കൈയേൽപ്പിക്കുകയോ മതിയായ പ്രതിഫലം കൂടാതെ ഏതെങ്കിലും ആൾക്ക് കൈമാറ്റം ചെയ്യുകയോ കൈമാറ്റം ചെയ്യുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസത്തിൽ കുറയാത്തതും എന്നാൽ രണ്ട്വർഷം വരെയാകാവുന്നതുമായ കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഉത്തമർണ്ണൻമാരുടെ ഇടയിൽ വിതരണം ചെയ്യുന്നത് തടയുവാനായി വസ്തു നേരുകേടായോ വഞ്ചനാപൂർവമായോ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.

321. തനിക്കോ മറ്റേതെങ്കിലും ആൾക്കോ കിട്ടേണ്ട ഏതെങ്കിലും കടമോ ഡിമാൻന്റോ തന്റെ കടങ്ങളോ അങ്ങനെയുള്ള മറ്റാളുടെ കടങ്ങളോ നിയമാനുസരണം കൊടുത്തുതീർക്കുവാനായി ലഭ്യമാകുന്നത് നേരുകേടായോ വഞ്ചനാപൂർവമായോ തടയുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഉത്തമർണ്ണൻമാർക്ക് കടം ലഭ്യമാക്കുന്നത് നേരുകേടായോ വഞ്ചനാപൂർവമായോ തടയുന്നത്.

322. ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശമോ, കൈമാറ്റം ചെയ്യുകയോ ഏതെങ്കിലും ചാർജിന് വിധേയമാക്കുകയോ ചെയ്യുന്നതായി കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതും അങ്ങനെയുള്ള കൈമാറ്റത്തിനോ ചാർജിനോ ഉള്ള പ്രതിഫലം സംബന്ധിച്ചോ, അല്ലെങ്കിൽ ആ ആളുടെയോ ആളുകളുടെയോ ഉപയോഗത്തിനോ ഗുണത്തിനോ വേണ്ടി അത് പ്രാവർത്തികമാകണമെന്ന് യഥാർഥത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതോ, ആയും ബന്ധപ്പെട്ട ഏതെങ്കിലും വ്യാജപ്രസ്താവന അടങ്ങിയതുമായ ഏതെങ്കിലും കരണമോ പ്രമാണമോ നേരുകേടായോ വഞ്ചനാപൂർവമായോ

പ്രതിഫലത്തെപ്പറ്റി വ്യാജമായ പ്രസ്താവന അടങ്ങിയ കൈമാറ്റക്കരണം നേരുകേടായോ വഞ്ചനാപൂർവമായോ ഒപ്പിട്ടു പൂർത്തീകരിക്കുന്നത്.

ഒപ്പിടുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ അല്ലെങ്കിൽ കക്ഷിയാവുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നേരുകേടായോ വഞ്ചനാപൂർവമായോ വസ്തു നീക്കംചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.

323. തന്റെയോ മറ്റേതെങ്കിലും ആളുടെയോ ഏതെങ്കിലും വസ്തു നേരുകേടായോ വഞ്ചനാപൂർവമായോ, ഒളിച്ചുവയ്ക്കുകയോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അത് ഒളിച്ചുവയ്ക്കുകയോ നീക്കംചെയ്യുകയോ ചെയ്യുന്നതിന് നേരുകേടായോ വഞ്ചനാപൂർവമായോ, സഹായിക്കുകയോ, അല്ലെങ്കിൽ തനിക്ക് അവകാശപ്പെട്ട ഏതെങ്കിലും ഡിമാൻന്റോ അവകാശവാദമോ, നേരുകേടായി വിട്ടുകൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

## ദ്രോഹത്തെക്കുറിച്ച്

ദ്രോഹം.

324. (1) പൊതുജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ അന്യായമായ നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ഏതെങ്കിലും വസ്തു നശിപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിലോ അതിന്റെ സ്ഥിതിയിലോ, അതിന്റെ മൂല്യമോ പ്രയോജനമോ നശിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതോ അതിനെ ക്ഷതികരമായി ബാധിക്കുന്നതോ ആയ അങ്ങനെയുള്ള ഏതെങ്കിലും മാറ്റം ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും ദ്രോഹം ചെയ്യുന്നു.

*വിശദീകരണം 1.*—ദ്രോഹം എന്ന കുറ്റത്തിന് ക്ഷതി ഉളവാക്കപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ വസ്തുവിന്റെ ഉടമസ്ഥന് നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കണമെന്ന് കുറ്റക്കാരൻ ഉദ്ദേശിച്ചിരിക്കണമെന്നത് ആവശ്യമല്ല. അയാൾ ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും വസ്തുവിന് അത് അയാളുടെ വകയായാലും അല്ലെങ്കിലും, ക്ഷതി ഉളവാക്കുന്നതുവഴി അന്യായമായ നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്താൽ മതിയാകുന്നതാണ്.

*വിശദീകരണം 2.*— ദ്രോഹം, കൃത്യം ചെയ്യുന്ന ആൾക്കോ ആ ആൾക്കും മറ്റുള്ളവർക്കും കൂട്ടായോ അവകാശപ്പെട്ട വസ്തുവിനെ ബാധിക്കുന്ന ഒരു കൃത്യത്തിലൂടെ ചെയ്യാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യ്ക്ക് അന്യായമായ നഷ്ടം സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യ യുടെ വകയായ ഒരു മൂല്യമുള്ള ഈട് സ്വേച്ഛയാ കത്തിക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഖ) ക, യ യ്ക്ക് അന്യായമായ നഷ്ടം സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യ യുടെ വകയായ ഒരു ഐസ് ഹൗസിൽ വെള്ളം കടത്തിവിടുകയും അങ്ങനെ ഐസ് ഉരുകുവാൻ ഇടയാക്കുകയും ചെയ്യുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഗ) ക, യ യുടെ വകയായ ഒരു മോതിരം ഒരു നദിയിൽ എറിയുന്നതുവഴി യ യ്ക്ക് അന്യായമായ നഷ്ടം സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സ്വേച്ഛയാ അങ്ങനെ എറിയുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഘ) ക യുടെ പക്കൽ നിന്ന് യ യ്ക്ക് കിട്ടേണ്ട ഒരു കടം തീർക്കുന്നതിനുവേണ്ടി അയാളുടെ സ്വത്തുക്കൾ വിധിനടത്തി എടുക്കുവാൻ പോകുന്നു എന്നറിഞ്ഞുകൊണ്ട്, യ യ്ക്ക് കടം തീർന്നുകിട്ടുന്നത് തടയുകയും അതുവഴി യ യ്ക്ക് നാശനഷ്ടം സംഭവിപ്പിക്കുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ സ്വത്തുക്കൾ നശിപ്പിക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ങ) ക ഒരു കപ്പൽ ഇൻഷ്വർ ചെയ്തിട്ട് അണ്ടർ റൈറ്റർമാർക്ക് നാശനഷ്ടം സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സ്വേച്ഛയാ അത് ഉപയോഗശൂന്യമാക്കിക്കളയുവാൻ ഇടയാക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ച) ക ഒരു കപ്പൽ ഉപയോഗശൂന്യമാക്കിക്കളയുവാൻ ഇടയാക്കുന്നതുവഴി, പണയംവെച്ചുകൊണ്ടുള്ള കപ്പൽ പണയാധാരത്തിൻ

മേൽ പണം കടം കൊടുത്ത യ യ്ക്ക് നാശനഷ്ടം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഛ) യ യുമായി ഒരു കുതിരയുടെ കൂട്ടുടമസ്ഥതയുള്ള ക ആ കുതിരയെ വെടി വയ്ക്കുന്നതുവഴി യ യ്ക്ക് അന്യായമായ നഷ്ടം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വെടിവയ്ക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ജ) ക, യ യുടെ വിളവിന് നാശനഷ്ടം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടും യ യുടെ വകയായ ഒരു വയലിൽ കന്നുകാലികൾ പ്രവേശിക്കുവാൻ ഇടയാക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(2) ദ്രോഹം ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ദ്രോഹം ചെയ്യുകയും അതുവഴി ഏതെങ്കിലും വസ്തുവിന്, സർക്കാരിന്റെയോ തദ്ദേശ അധികാരസ്ഥാനത്തിന്റെയോ, വസ്തു ഉൾപ്പെടെ, നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കുന്ന ഏതൊരാളും ഒരു വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) ദ്രോഹം ചെയ്യുകയും അതുവഴി ഇരുപതിനായിരം രൂപയ്ക്കോ അതിൽ കൂടുതലോ എന്നാൽ ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള തുകയ്ക്കോ ഉള്ള നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ട താണ്.

(5) ദ്രോഹം ചെയ്യുകയും അതുവഴി ഒരു ലക്ഷം രൂപയ്ക്കോ അതിൽ കൂടുതലോ ഉള്ള തുകയ്ക്കോ ഉള്ള നഷ്ടമോ നാശനഷ്ടമോ സംഭവിപ്പിക്കുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(6) ഏതെങ്കിലും ആൾക്ക് മരണമോ ദേഹോപദ്രവമോ അന്യായമായ തടസ്സമോ സംഭവിപ്പിക്കുകയോ അല്ലെങ്കിൽ മരണമോ ദേഹോപദ്രവമോ

അന്യായമായ തടസ്സമോ സംഭവിപ്പിക്കുമെന്നുള്ള ഭയം ഉളവാക്കുകയോ, ചെയ്യുവാൻ ഒരുക്കം കൂട്ടിയശേഷം ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

മൃഗത്തിനെ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നത് വഴിയുള്ള ദ്രോഹം.

325. ഏതെങ്കിലും മൃഗത്തിനെ കൊല്ലുകയോ വിഷം കൊടുക്കുകയോ അംഗഭംഗപ്പെടുത്തുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്നതുവഴി ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ക്ഷതിയാലോ നിറഞ്ഞു കവിയലാലോ തീയാലോ സ്ഫോടക വസ്തുവാലോ മറ്റുമുള്ള ദ്രോഹം.

326. ദ്രോഹം ചെയ്യുന്ന ഏതൊരാളും,—

(ക) കാർഷികാവശ്യങ്ങൾക്കോ മനുഷ്യജീവികളുടെയോ സ്വത്തായി ഗണിക്കപ്പെടുന്ന മൃഗങ്ങളുടെയോ ആഹാരത്തിനോ പാനീയത്തിനോ അല്ലെങ്കിൽ ശുചീകരണത്തിനോ അല്ലെങ്കിൽ ഏതെങ്കിലും നിർമ്മാണം നടത്തുന്നതിനോ വേണ്ടി വെള്ളം നൽകുന്നതിൽ കുറവു വരുത്തുന്നതോ കുറവുവരുത്തുവാൻ ഇടയുള്ളതാണെന്ന് തനിക്ക് അറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഖ) ഏതെങ്കിലും പബ്ലിക് റോഡോ പാലമോ ജലഗതാഗതയോഗ്യമായ നദിയോ അല്ലെങ്കിൽ പ്രകൃത്യാ ഉള്ളതോ ഉണ്ടാക്കപ്പെട്ടതോ ആയതും ജലയാനങ്ങൾക്ക് സഞ്ചരിക്കാവുന്നതുമായ ചാലോ, സഞ്ചാരയോഗ്യമല്ലാതാക്കുകയോ യാത്രചെയ്യുന്നതിനോ വസ്തുക്കൾ കൊണ്ടുപോകുന്നതിനോ ഉള്ള സുരക്ഷിതത്വത്തിൽ കുറവുള്ളതാക്കിത്തീർക്കുകയോ ചെയ്യുന്നതോ ചെയ്യുവാനിടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഗ) ഏതെങ്കിലും പബ്ലിക് ഡ്രെയിനേജിന് നിറഞ്ഞു കവിയലോ തടസ്സമോ, ക്ഷതിയോടോ നാശനഷ്ടത്തോടോ കൂടി ഉണ്ടാക്കുന്നതോ ഉണ്ടാക്കുവാനിടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്,

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ഘ) റെയിൽമാർഗമോ വിമാനമാർഗമോ കപ്പൽമാർഗമോ ഉള്ള ഗതാഗതത്തിനായി ഉപയോഗിക്കുന്ന ഏതെങ്കിലും അടയാളമോ സിഗ്നലോ നാവികർക്ക് മാർഗദർശനമായി വച്ചിട്ടുള്ള മറ്റ് സാധനമോ നശിപ്പിക്കുകയോ സ്ഥാനം മാറ്റുകയോ ചെയ്യുന്നതോ വഴി അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അടയാളത്തിന്റെയോ സിഗ്നലിന്റെയോ നാവികരുടെ മാർഗദർശകമെന്ന നിലയിലുള്ള പ്രയോജനം കുറയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും കൃത്യം ചെയ്യുന്നതോവഴി ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ങ) ഒരു പബ്ലിക് സർവന്റിന്റെ അധികാരപ്രകാരം ഉറപ്പിക്കപ്പെട്ട ഏതെങ്കിലും ഭൂമി-ചിഹ്നം നശിപ്പിക്കുകയോ സ്ഥാനം മാറ്റുകയോ ചെയ്യുന്നതുവഴിയോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമി-ചിഹ്നത്തിന്റെ ആ നിലയിലുള്ള പ്രയോജനം കുറയ്ക്കുന്ന ഏതെങ്കിലും കൃത്യം വഴിയോ ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്;

(ച) തീയാലോ ഏതെങ്കിലും സ്ഫോടകവസ്തുവാലോ കാർഷികോൽപ്പന്നമുൾപ്പെടെയുള്ള ഏതെങ്കിലും വസ്തുവിന് നാശനഷ്ടം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയോ അല്ലെങ്കിൽ ഉണ്ടാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ചെയ്യുന്നതുവഴി ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്;

(ഛ) തീയാലോ ഏതെങ്കിലും സ്ഫോടക വസ്തുവാലോ ആരാധനാസ്ഥലമായോ മനുഷ്യവാസസ്ഥലമായോ വസ്തു സൂക്ഷിപ്പ് സ്ഥലമായോ സാധാരണമായി ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടം നശിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ നശിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ചെയ്യുന്നതുവഴി ജീവപര്യന്തത്തടവോ പത്ത് വർഷംവരെ

യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

തീവണ്ടിപ്പാളമോ വിമാനമോ ഡെക്കോടു കൂടിയതോ ഇരുപത് ടൺ കേവു ഭാരമുള്ളതോ ആയ ജലയാനമോ നശിപ്പിക്കുകയോ ആപൽക്കരമാക്കുകയോ ചെയ്യുവാനുള്ള ഉദ്ദേശ്യത്തോടു കൂടിയുള്ള ദ്രോഹം.

327. (1) തീവണ്ടിപ്പാളത്തിനെയോ വിമാനത്തിനെയോ ഡെക്കോടു കൂടിയ ഏതെങ്കിലും ജലയാനത്തിനെയോ ഇരുപത് ടണ്ണോ അതിൽ കൂടുതലോ കേവുഭാരമുള്ള ഏതെങ്കിലും ജലയാനത്തിനെയോ നശിപ്പിക്കുകയോ ആപൽക്കരമാക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അതുവഴി താൻ ആ റെയിൽപ്പാളമോ വിമാനമോ ജലയാനമോ നശിപ്പിക്കുവാനോ ആപൽക്കരമാക്കുവാനോ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് ദ്രോഹം ചെയ്യുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ വിവരിച്ച പ്രകാരമുള്ള ദ്രോഹം, തീയാലോ ഏതെങ്കിലും സ്ഫോടകവസ്തുവാലോ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

മോഷണമോ മറ്റോ നടത്തണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടി ജലയാനം ഉദ്ദേശ്യപൂർവം മണ്ണിലോ കരയ്ക്കോ കയറ്റുന്നതിനുള്ള ശിക്ഷ.

328. ഏതെങ്കിലും ജലയാനം, അതിലുള്ള ഏതെങ്കിലും വസ്തു മോഷണം നടത്തുകയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അങ്ങനെയുള്ള വസ്തുവിന്റെ മോഷണമോ ദുർവിനിയോഗമോ നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശ്യത്തോടുകൂടിയോ ഉദ്ദേശ്യപൂർവം മണ്ണിലോ കരയ്ക്കോ കയറ്റുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

## കുറ്റകരമായ വസ്തുകൈയേറ്റത്തെക്കുറിച്ച്

കുറ്റകരമായ വസ്തു കൈയേറ്റവും ഭവന കൈയേറ്റവും.

329. (1) മറ്റൊരാളുടെ കൈവശത്തിലുള്ള വസ്തുവിൽ കുറ്റം ചെയ്യണമെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു കൈവശം വച്ചിരിക്കുന്ന ഏതെങ്കിലും ആളെ ഭയപ്പെടുത്തുകയോ അപമാനിക്കുകയോ അലട്ടുകയോ

ചെയ്യണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി പ്രവേശിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുവിൽ നിയമാനുസൃതം പ്രവേശിക്കുകയും അങ്ങനെയുള്ള ഏതെങ്കിലും ആളെ ഭയപ്പെടുത്തുകയോ അപമാനിക്കുകയോ അലട്ടുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ ഒരു കുറ്റം ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ നിയമവിരുദ്ധമായി അവിടെ തങ്ങുകയും ചെയ്യുന്ന ഏതൊരാളും കുറ്റകരമായ വസ്തുകൈയേറ്റം നടത്തുന്നതായി പറയപ്പെടുന്നു.

(2) മനുഷ്യവാസസ്ഥലമായി ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ അല്ലെങ്കിൽ ആരാധനാസ്ഥലമായോ വസ്തു സൂക്ഷിപ്പുസ്ഥലമായോ ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടത്തിലോ പ്രവേശിക്കുകയോ തങ്ങുകയോ ചെയ്യുന്നതുവഴി കുറ്റകരമായ വസ്തുകൈയേറ്റം നടത്തുന്ന ഏതൊരാളും ഭവനകൈയേറ്റം നടത്തുന്നതായി പറയപ്പെടുന്നു.

*വിശദീകരണം.*— കുറ്റകരമായ വസ്തുകൈയേറ്റം നടത്തുന്ന ആളുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം കടത്തുന്നത് ഭവനകൈയേറ്റം ആകുവാൻ മതിയായ പ്രവേശനമാണ്.

(3) കുറ്റകരമായ വസ്തുകൈയേറ്റം നടത്തുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) ഭവനകൈയേറ്റം നടത്തുന്ന ഏതൊരാളും ഒരു വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഭവന കൈയേറ്റവും ഭവനഭേദനവും.

330. (1) കൈയേറ്റത്തിന് വിധേയമാകുന്ന കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ നിന്ന് കൈയേറ്റക്കാരനെ ഒഴിച്ചു നിറുത്തുകയോ പുറത്താക്കുകയോ ചെയ്യുവാൻ ഒരു അവകാശമുള്ള ഏതെങ്കിലും ആളിൽ നിന്ന് അങ്ങനെയുള്ള ഭവനകൈയേറ്റം ഒളിച്ചുവയ്ക്കുന്നതിന് മുൻകരുതൽ എടുത്തിരിക്കെ ഭവനകൈയേറ്റം നടത്തുന്ന ഏതൊരാളും പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റം നടത്തുന്നതായി പറയപ്പെടുന്നു.

(2) ഭവനകൈയേറ്റം നടത്തുന്ന ആൾ ആ ഭവനത്തിനകത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഇതിനുശേഷം വിവരിക്കുന്ന ആറ് മാർഗങ്ങളിൽ ഏതിലെങ്കിലും കൂടെ അയാൾ പ്രവേശിക്കുന്നുവെങ്കിലോ അല്ലെങ്കിൽ ഒരു കുറ്റം ചെയ്യുന്നതിനായി ഭവനത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഉണ്ടായിരുന്നിട്ടോ അതിനുള്ളിൽ വച്ച് ഒരു കുറ്റം ചെയ്തിട്ടോ ഭവനത്തിൽ നിന്നോ അതിന്റെ ഏതെങ്കിലും ഭാഗത്തിൽ നിന്നോ താഴെപ്പറയുന്ന ഏതെങ്കിലും മാർഗത്തിലൂടെ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിലോ അയാൾ ഭവനഭേദനം നടത്തുന്നതായി പറയപ്പെടുന്നു, അതായത്:—

(ക) ഭവനകൈയേറ്റം നടത്തുന്നതിനുവേണ്ടി താനോ ഭവനകൈയേറ്റത്തിന്റെ ഏതെങ്കിലും പ്രേരകനോ ഉണ്ടാക്കിയ ഒരു വഴിയിലൂടെ അയാൾ പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഖ) താനോ കുറ്റത്തിന്റെ പ്രേരകനോ അല്ലാത്ത ആൾ, മനുഷ്യ പ്രവേശനത്തിന് ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും വഴിയിലൂടെയോ ഏതെങ്കിലും മതിലിന്മേലോ കെട്ടിടത്തിലോ ഏണിയിലൂടെയോ പിടിച്ചു കയറിയോ അയാൾക്ക് പ്രവേശനം ലഭിച്ചിട്ടുള്ള ഏതെങ്കിലും വഴിയിലൂടെയോ അയാൾ പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഗ) ഭവനകൈയേറ്റം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും വിധത്തിൽ താനോ ഭവനകൈയേറ്റത്തിന്റെ പ്രേരകനോ തുറന്നിട്ടുള്ളതും, ഭവനത്തിന്റെ കൈവശക്കാരൻ തുറക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വഴി, ആ വഴിയിലൂടെ അയാൾ പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഘ) ഭവനകൈയേറ്റം നടത്തുന്നതിനുവേണ്ടിയോ ഭവനകൈയേറ്റം നടത്തിയശേഷം ഭവനത്തിൽ നിന്ന് പുറത്തേയ്ക്ക് പോകുന്നതിനുവേണ്ടിയോ ഏതെങ്കിലും പൂട്ടുതുറന്ന് അയാൾ പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ങ) കുറ്റകരമായ ബലം പ്രയോഗിച്ചോ ഒരു കൈയേറ്റം നടത്തിയോ, ഏതെങ്കിലും ആളെ കൈയേറ്റം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയോ അയാളുടെ പ്രവേശനമോ പുറത്തുകടക്കലോ നടത്തുന്നുവെങ്കിൽ;

(ച) അങ്ങനെയുള്ള പ്രവേശനമോ പുറത്തുകടക്കലോ തടയുന്നതിനായി കെട്ടിയടയ്ക്കപ്പെട്ടതും താനോ ആ ഭവനകൈയേറ്റത്തിന്റെ ഒരു പ്രേരകനോ തുറന്നിട്ടിട്ടുള്ളതുമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും വഴിയിലൂടെ അയാൾ പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ.

*വിശദീകരണം.*— ഒരു ഭവനത്തോടൊപ്പം കൈവശം വച്ചിരിക്കുന്ന ഏതെങ്കിലും ഉപഭവനമോ കെട്ടിടമോ, അവയും അങ്ങനെയുള്ള ഭവനവുമായി ഉള്ളിൽകൂടി നേരിട്ടുള്ള പോക്കുവരവിന് സൗകര്യമുള്ളതു മായത്, ഈ വകുപ്പിന്റെ അർഥത്തിൽ ആ ഭവനത്തിന്റെ ഭാഗമാകുന്നു.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യുടെ ഭവനത്തിന്റെ ചുവരിൽ ഒരു ദ്വാരമുണ്ടാക്കി ആ പഴുതിൽകൂടി തന്റെ കൈയിട്ട് ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദന മാകുന്നു.

(ഖ) ക ഡെക്കുകളുടെ ഇടയ്ക്കുള്ള ഒരു പാർശ്വദ്വാരത്തിൽകൂടി ഒരു കപ്പലിൽ ഇഴഞ്ഞുകയറി ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദന മാകുന്നു.

(ഗ) ക ഒരു ജനാലയിൽകൂടി യ യുടെ ഭവനത്തിൽ കടന്ന് ഭവന കൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഘ) ബന്ധിച്ചിരുന്ന ഒരു വാതിൽ തുറന്ന് ക ആ വാതിൽ വഴി യ യുടെ ഭവനത്തിൽ കടന്ന് ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവന ഭേദനമാകുന്നു.

(ങ) വാതിലിലുള്ള ഒരു ദ്വാരത്തിലൂടെ ക ഒരു കമ്പി ഇട്ട് കൊളുത്ത് പൊന്തിച്ച് ആ വാതിൽ വഴി യ യുടെ വീട്ടിൽ പ്രവേശിച്ച് ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ച) യ യുടെ ഭവനത്തിന്റെ വാതിലിന്റെ യ യ്ക്ക് നഷ്ടപ്പെട്ട താക്കോൽ ക കണ്ടെത്തുകയും ആ താക്കോൽ കൊണ്ട് വാതിൽ തുറന്ന് യ യുടെ ഭവനത്തിൽ പ്രവേശിച്ച് ഭവനകൈയേറ്റം നടത്തുകയും ചെയ്യുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഛ) യ തന്റെ വാതിൽക്കൽ നിൽക്കുകയാകുന്നു. ക, യ യെ തള്ളിവീഴ്ത്തിയിട്ട് ബലാൽക്കാരം ഒരു വഴിയുണ്ടാക്കി ഭവനത്തിൽ പ്രവേശിച്ച് ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ജ) മ യുടെ ദ്വാരപാലകനായ യ, മ യുടെ വാതിൽക്കൽ നിൽക്കുകയാകുന്നു. ക, അയാളെ അടിക്കുമെന്ന് ഭീഷണിപ്പെടുത്തി തന്നെ എതിർക്കുന്നതിൽ നിന്ന് യ യെ പിൻതിരിപ്പിച്ച് ആ ഭവനത്തിൽ പ്രവേശിച്ച് ഭവനകൈയേറ്റം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

ഭവനകൈയേറ്റത്തിനോ ഭവനഭേദനത്തിനോ ഉള്ള ശിക്ഷ.

331. (1) പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനു മുമ്പും, പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യുന്നതിന് പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; ചെയ്യണമെന്ന് ഉദ്ദേശിച്ച കുറ്റം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി പത്ത് വർഷംവരെ ആകാവുന്നതുമാണ്.

(4) തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യുന്നതിനുവേണ്ടി സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനുമുമ്പും, പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; ചെയ്യണമെന്ന് ഉദ്ദേശിച്ച കുറ്റം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി പതിന്നാല് വർഷംവരെയാകാവുന്നതുമാണ്.

(5) ഏതെങ്കിലും ആൾക്ക് ദേഹോപദ്രവമേൽപ്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേറ്റം ചെയ്യുന്നതിനോ ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവമോ കൈയേറ്റമോ അന്യായമായ തടസ്സമോ നേരിടണമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിനു ശേഷം പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

(6) ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേറ്റം ചെയ്യുന്നതിനോ ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവമോ കൈയേറ്റമോ അന്യായമായ തടസ്സമോ നേരിടുമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിനുശേഷം സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനുമുമ്പും പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും പതിന്നാല് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

(7) പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുമ്പോൾ ഏതെങ്കിലും ആൾക്ക് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(8) സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനു മുമ്പും, പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്ന സമയത്ത്, അങ്ങനെയുള്ള കുറ്റത്തിന് അപരാധിയായ ഏതെങ്കിലും ആൾ സ്വേച്ഛയാ ഏതെങ്കിലും ആൾക്ക് മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കുകയോ സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ, സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനുമുമ്പും അങ്ങനെ പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനകൈയേറ്റമോ ഭവനഭേദനമോ നടത്തുന്നതിൽ കൂട്ടായി പങ്കെടുക്കുന്ന ഓരോ ആളും ജീവപര്യന്തത്തടവോ പത്ത്

വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

332. ഏതെങ്കിലും കുറ്റം ചെയ്യുന്നതിനുവേണ്ടി ഭവനകൈയേറ്റം നടത്തുന്ന ഏതൊരാളും— കുറ്റം ചെയ്യുന്നതിനു വേണ്ടിയുള്ള ഭവനകൈയേറ്റം.

(ക) മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതിന്, ജീവപര്യന്തത്തടവോ പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക് കഠിനതടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്;

(ഖ) ജീവപര്യന്തത്തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതിന്, പത്ത് വർഷത്തിൽ കവിയാത്ത കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്;

(ഗ) തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതിന്, രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്:

എന്നാൽ ചെയ്യണമെന്ന് ഉദ്ദേശിച്ച കുറ്റം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി ഏഴ് വർഷംവരെയാകാവുന്നതുമാണ്.

333. ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏൽപ്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേറ്റം ചെയ്യുന്നതിനോ ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവമോ കൈയേറ്റമോ അന്യായമായ തടസ്സമോ നേരിടുമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിന് ശേഷം ഭവനകൈയേറ്റം നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്. ദേഹോപദ്രവത്തിനോ കൈയേറ്റത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിന് ശേഷമുള്ള ഭവനഭേദനം.

334. (1) നേരുകേടായോ ദ്രോഹം ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ വസ്തു അടങ്ങിയിട്ടുള്ളതോ അടങ്ങിയതാണെന്ന് താൻ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അടച്ച പാത്രം കുത്തിത്തുറക്കുകയോ അഴിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്ക്, വസ്തു അടങ്ങിയിട്ടുള്ള പാത്രം നേരുകേടായി കുത്തിത്തുറക്കുന്നത്.

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) വസ്തു അടങ്ങിയിട്ടുള്ളതോ അടങ്ങിയിട്ടുണ്ടെന്ന് താൻ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അടച്ച പാത്രം ഭരമേൽപിക്കപ്പെട്ടിരിക്കെ അത് തുറക്കുവാനുള്ള അധികാരമില്ലാതെ നേരുകേടായോ ദ്രോഹം ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ ആ പാത്രം കുത്തിത്തുറക്കുകയോ അഴിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XVIII

## രേഖകളും വസ്തുഅടയാളങ്ങളും സംബന്ധിച്ച കുറ്റങ്ങളെക്കുറിച്ച്

വ്യാജമായ ഒരു രേഖ നിർമ്മിക്കുന്നത്.

335. (ക) ഏതെങ്കിലും ആൾ, അങ്ങനെയുള്ള രേഖയോ രേഖയുടെ ഭാഗമോ ഇലക്ട്രോണിക് റിക്കാർഡോ ഇലക്ട്രോണിക് ഒപ്പോ, ഒരാളാലോ ഒരാളുടെ അധികാരിതയിലുള്ള ആളാലോ അധികാരിയാലോ അത് നിർമ്മിക്കപ്പെട്ടതോ ഒപ്പുവയ്ക്കപ്പെട്ടതോ മുദ്രവയ്ക്കപ്പെട്ടതോ ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതോ പതിക്കപ്പെട്ടതോ അല്ലെന്ന് അയാൾ അറിഞ്ഞുകൊണ്ട്, നിർമ്മിക്കപ്പെട്ടതായും മുദ്രവയ്ക്കപ്പെട്ടതായും ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ടതായും അയക്കപ്പെട്ടതായും പതിക്കപ്പെട്ടതായും വിശ്വസിക്കുവാൻ ഇടയാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി നേരുകേടായോ വഞ്ചനാപൂർവമായോ—

(i) ഒരു രേഖയോ ഒരു രേഖയുടെ ഭാഗമോ നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്രവയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ;

(ii) ഏതെങ്കിലും ഇലക്ട്രോണിക് റിക്കാർഡോ ഏതെങ്കിലും ഇലക്ട്രോണിക് റിക്കാർഡിന്റെ ഭാഗമോ നിർമ്മിക്കുകയോ അയക്കുകയോ;

(iii) ഏതെങ്കിലും ഇലക്ട്രോണിക് റിക്കാർഡിൽ ഏതെങ്കിലും ഇലക്ട്രോണിക് ഒപ്പ് പതിക്കുകയോ;

(iv) ഒരു രേഖ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന്റെയോ ഇലക്ട്രോണിക് ഒപ്പിന്റെ പ്രാമാണികതയെയോ സൂചിപ്പിക്കുന്ന ഏതെങ്കിലും അടയാളം ഉണ്ടാക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആൾ, നിയമപരമായ അധികാരം കൂടാതെ റദ്ദാക്കൽ വഴിയോ മറ്റുപ്രകാരത്തിലോ ഒരു രേഖയോ ഒരു ഇലക്ട്രോണിക് റിക്കാർഡോ അതിന്റെ ഏതെങ്കിലും സാരവത്തായ ഭാഗം സംബന്ധിച്ച്, അത് അയാളോ മറ്റേതെങ്കിലും ആളോ നിർമ്മിക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ഇലക്ട്രോണിക് ഒപ്പ് പതിക്കുകയോ ചെയ്തതിനുശേഷം നേരുകേടായോ വഞ്ചനാപൂർവമായോ വ്യത്യാസപ്പെടുത്തുന്നത്, അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലിന്റെ സമയത്ത് അങ്ങനെയുള്ള ആൾ ജീവിച്ചിരിപ്പുള്ളതോ മരണപ്പെട്ടതോ ആയാലും; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആൾ, ഒരു രേഖയോ ഒരു ഇലക്ട്രോണിക് റിക്കാർഡോ ഒപ്പുവയ്ക്കുകയോ മുദ്രവയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുവാനോ ഏതെങ്കിലും ഇലക്ട്രോണിക് റിക്കാർഡിൽ അയാളുടെ ഇലക്ട്രോണിക് ഒപ്പ് പതിക്കുവാനോ അങ്ങനെയുള്ള ആൾക്ക് ആ രേഖയുടെയോ ഇലക്ട്രോണിക് റിക്കാർഡിന്റെയോ ഉള്ളടക്കമോ ആ വ്യത്യാസപ്പെടുത്തലിന്റെ സ്വഭാവമോ, ചിത്തഭ്രമമോ ലഹരിയോ കാരണമായി അല്ലെങ്കിൽ അയാൾ കബളിപ്പിക്കപ്പെട്ടത് കാരണമായി അറിയുവാൻ കഴിയില്ലെന്ന് അറിഞ്ഞുകൊണ്ട്, നേരുകേടായോ വഞ്ചനാപൂർവമായോ ഇടയാക്കുന്നത്,

അയാൾ വ്യാജമായ ഒരു രേഖയോ വ്യാജമായ ഇലക്ട്രോണിക് റിക്കാർഡോ നിർമ്മിക്കുന്നതായി പറയപ്പെടുന്നു.

*ദൃഷ്ടാന്തങ്ങൾ.*

(ക) യ്യ, ഖ യ്ക്കെഴുതിയ 10,000 രൂപയുടെ ഒരു പ്രത്യയപത്രം ക യുടെ കൈവശമുണ്ട്. ക, ഖ യെ വഞ്ചിക്കുന്നതിനുവേണ്ടി, 10,000 ത്തോട് ഒരു പൂജ്യം ചേർക്കുകയും യ്യ ആ പത്രം അങ്ങനെ എഴുതിയതാണെന്ന് ഖ വിശ്വസിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തുക 1,00,000 ആക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഖ) ക, യ്യ യുടെ അധികാരം കൂടാതെ, യ്യ, ക യ്ക്ക് ഒരു എസ്റ്റേറ്റ് കൈമാറ്റം ചെയ്ത ആധാരമാണെന്ന് കരുതപ്പെടണമെന്നുദ്ദേശിച്ചുകൊണ്ടുള്ള ഒരു രേഖയിൽ ആ എസ്റ്റേറ്റ് ഖ യ്ക്ക് വിൽക്കുകയും അതുവഴി ഖ യിൽ നിന്ന്

ക്രയവില പറ്റുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി, യ യുടെ മുദ്രകുത്തുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഗ) ക, ഖ ഒപ്പിട്ടതും ബെയറർക്ക് പണം കൊടുക്കേണ്ടതും എന്നാൽ ചെക്കിൽ യാതൊരു തുകയും ചേർത്തിട്ടില്ലാത്തതുമായ, ഒരു ബാങ്കർക്കുള്ള ഒരു ചെക്ക് എടുക്കുന്നു. ക വഞ്ചനാപൂർവമായി പതിനായിരം രൂപയുടെ തുക ചേർത്ത് കൊണ്ട് ചെക്ക് പൂരിപ്പിക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഘ) ക ഒപ്പിട്ടതും കൊടുക്കേണ്ട തുക ചേർക്കാത്തതുമായ, ഒരു ബാങ്കർക്കുള്ള ഒരു ചെക്ക് ക അയാളുടെ ഏജന്റായ ഖ യെ ഏൽപ്പിക്കുകയും കൊടുക്കുവാനുള്ള ചില തുകകൾ കൊടുക്കുവാനായി പതിനായിരം രൂപയിൽ കവിയാത്ത ഒരു തുക ചേർത്ത് ചെക്ക് പൂരിപ്പിക്കുവാൻ ഖ യ്ക്ക് അധികാരം നൽകുകയും ചെയ്യുന്നു. ഖ വഞ്ചനാപൂർവമായി ഇരുപതിനായിരം രൂപയുടെ തുക ചേർത്തുകൊണ്ട് ചെക്ക് പൂരിപ്പിക്കുന്നു. ഖ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ങ) ക, ഖ യുടെ അധികാരം കൂടാതെ ഖ യുടെ പേര് വച്ച് ഒരു വിനിമയപത്രം, അതൊരു യഥാർഥ വിനിമയപത്രമെന്ന നിലയിൽ ഒരു ബാങ്കറുടെ അടുക്കൽ ഡിസ്ക്കൗണ്ട് ചെയ്യാമെന്ന് ഉദ്ദേശിച്ചുകൊണ്ടും വിനിമയപത്രം, അതിന്റെ കാലാവധിയാകുമ്പോൾ പണം കൊടുത്ത് എടുക്കാമെന്ന് ഉദ്ദേശിച്ചുകൊണ്ടും തന്റെ പേർക്ക് എഴുതിയുണ്ടാക്കുന്നു. ഇവിടെ ക, ബാങ്കറെ അയാൾക്ക് ഖ യുടെ ജാമ്യമുണ്ടെന്ന് കരുതുവാനിടയാക്കി കബളിപ്പിക്കണമെന്നും അതുവഴി വിനിമയപത്രം ഡിസ്ക്കൗണ്ട് ചെയ്യണമെന്നും ഉദ്ദേശിച്ചുകൊണ്ട് വിനിമയപത്രം എഴുതുന്നതുകൊണ്ട് ക വ്യാജനിർമ്മാണത്തിന് അപരാധിയാകുന്നു.

(ച) യ യുടെ മരണശാസനത്തിൽ താഴെപ്പറയുന്ന വാക്കുകൾ അടങ്ങിയിരിക്കുന്നു— "എന്റെ ശേഷിച്ച എല്ലാ വസ്തുക്കളും ക യ്ക്കും ഖ യ്ക്കും ഗ യ്ക്കും സമമായി വിഭജിക്കണമെന്ന് ഞാൻ നിർദേശിക്കുന്നു". ക മുഴുവനും തനിക്കും ഗ യ്ക്കുമായി വച്ചിട്ടുള്ളതാണെന്ന് വിശ്വസിച്ചുകൊള്ളട്ടെ എന്ന് ഉദ്ദേശിച്ചുകൊണ്ട് നേരുകേടായി ഖ യുടെ പേര് ചുരണ്ടിക്കളയുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഛ) ക ഒരു സർക്കാർ പ്രോമിസറി നോട്ട്, ആ ബില്ലിൻമേൽ "യ യ്ക്കോ അയാളുടെ ഓർഡർ പ്രകാരമോ കൊടുക്കുക" എന്ന വാക്കുകൾ എഴുതുകയും ആ എൻഡോഴ്സ്മെന്റിൽ ഒപ്പു വയ്ക്കുകയും ചെയ്ത്, യ യ്ക്കോ

അയാളുടെ ഓർഡർ പ്രകാരമോ കൊടുക്കത്തക്കതാക്കുകയും ചെയ്യുന്നു. ഖ നേരുകേടായി "യ യ്ക്കോ അയാളുടെ ഓർഡർ പ്രകാരമോ കൊടുക്കുക" എന്ന വാക്കുകൾ മായ്ച്ചുകളയുകയും അതുവഴി ആ പ്രത്യേക എൻഡോഴ്സ്മെന്റ് ബ്ലാങ്ക് എൻഡോഴ്സ്മെന്റായി മാറ്റുകയും ചെയ്യുന്നു. ഖ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ജ) ക, ഒരു എസ്റ്റേറ്റ് യ യ്ക്ക് വിൽക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. അതിനുശേഷം ക, യ യിൽ നിന്ന് അയാളുടെ എസ്റ്റേറ്റ് വഞ്ചിച്ചെടുക്കുന്നതിനായി അതേ എസ്റ്റേറ്റ് ഖ യ്ക്ക് കൈമാറ്റം ചെയ്യുന്ന ഒരു ആധാരം, അയാൾ യ യ്ക്ക് ആധാരം വഴി എസ്റ്റേറ്റ് കൈമാറ്റം ചെയ്യുന്നതിനു മുൻപ്, അത് ഖ യ്ക്ക് ആധാരം വഴി കൈമാറ്റം ചെയ്തതായി വിശ്വസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് യ യ്ക്കുള്ള കൈമാറ്റാധാരത്തിന്റെ തീയതിയിൽ ആറ് മാസം മുമ്പുള്ള തീയതി വച്ച് ഒപ്പിട്ട് പൂർത്തീകരിക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഝ) യ അയാളുടെ മരണശാസനം ക യ്ക്ക് എഴുതി എടുക്കുവാനായി പറഞ്ഞുകൊടുക്കുന്നു. യ പേര് പറഞ്ഞുകൊടുത്ത ഒരു ഒസ്യത്തവകാശിയിൽ നിന്ന് വ്യത്യസ്തനായ ഒരു ഒസ്യത്തവകാശിയുടെ പേര് ക ഉദ്ദേശ്യപൂർവം എഴുതിയെടുക്കുകയും യ യുടെ നിർദ്ദേശമനുസരിച്ചാണ് താൻ മരണശാസനം തയ്യാറാക്കിയതെന്ന് ധരിപ്പിച്ച് ആ മരണശാസനം ഒപ്പുവയ്ക്കാൻ യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഞ) ക, ഖ യുടെ അധികാരം കൂടാതെ ക ഒരു സൽസ്വഭാവിയാണെന്നും അപ്രതീക്ഷിതമായ ദൗർഭാഗ്യത്താൽ ദുരിതപൂർണ്ണമായ സാഹചര്യങ്ങളിലാണെന്നും സർട്ടിഫൈ ചെയ്തുകൊണ്ടുള്ള ഒരു കത്ത്, അങ്ങനെയുള്ള കത്തുമൂലം യ യിൽ നിന്നും മറ്റാളുകളിൽ നിന്നും ഭിക്ഷ ലഭിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് എഴുതുകയും അതിൽ ഖ യുടെ പേര് വച്ച് ഒപ്പുവയ്ക്കുകയും ചെയ്യുന്നു. ഇവിടെ ക, വസ്തു ഉപേക്ഷിക്കുന്നതിന് യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുന്നതിനുവേണ്ടി ഒരു വ്യാജരേഖ നിർമ്മിച്ചതിനാൽ ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ട) ക, ഖ യുടെ അധികാരം കൂടാതെ ക യുടെ സ്വഭാവം സർട്ടിഫൈ ചെയ്തുകൊണ്ടുള്ള ഒരു കത്ത് എഴുതുകയും അതുവഴി യ യുടെ കീഴിൽ ജോലി ലഭിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അതിൽ ഖ യുടെ പേര് വച്ച്

ഒപ്പുവയ്ക്കുകയും ചെയ്യുന്നു. വ്യാജനിർമ്മിതമായ സർട്ടിഫിക്കറ്റുമൂലം യ യെ കബളിപ്പിക്കുകയും അതുവഴി പ്രകടമോ വ്യംഗ്യമോ ആയ ഒരു സർവീസ് കരാറിൽ ഏർപ്പെടുവാൻ യ യെ പ്രചോദിപ്പിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിച്ചതിനാൽ ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

വിശദീകരണം 1.— ഒരാൾ സ്വന്തം പേര് വച്ച് ഒപ്പുവയ്ക്കുന്നത് വ്യാജനിർമ്മാണമാകാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, ഒരു വിനിമയപത്രത്തിൽ ആ വിനിമയപത്രം തന്റെ അതേ പേരുള്ള മറ്റൊരാൾ എഴുതിയുണ്ടാക്കിയതാണെന്ന് വിശ്വസിച്ചുകൊള്ളട്ടെ യെന്ന് ഉദ്ദേശിച്ചുകൊണ്ട് സ്വന്തം പേര് വച്ച് ഒപ്പുവയ്ക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഖ) ക, ഒരു കഷണം കടലാസിൽ, പിന്നീട് ഖ ആ കടലാസിൽ യ യുടെ പേരിൽ എഴുതിയുണ്ടാക്കിയ ഒരു വിനിമയപത്രം എഴുതുകയും ആ വിനിമയപത്രം, അത് യ പ്രതിഗ്രഹിച്ചിരുന്നാൽ എന്നപോലെ കൈമാറുവാൻവേണ്ടി ''പ്രതിഗ്രഹിച്ചു'' എന്ന വാക്ക് എഴുതുകയും അതിൽ യ യുടെ പേരെഴുതി ഒപ്പുവയ്ക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയതിന് അപരാധിയാകുന്നു; കൂടാതെ ഖ ഈ വസ്തുത അറിഞ്ഞു കൊണ്ട് ക യുടെ ഉദ്ദേശ്യമനുസരിച്ച് ആ കടലാസിൽ വിനിമയപത്രം എഴുതി ഉണ്ടാക്കുകയാണെങ്കിൽ ഖ യും വ്യാജനിർമ്മാണത്തിന് അപരാധിയാകുന്നു.

(ഗ) ക, തന്റെ പേരുതന്നെയുള്ള വേറൊരു ആളുടെ ഓർഡർ പ്രകാരം പണം കൊടുക്കാവുന്ന ഒരു വിനിമയപത്രം എടുക്കുന്നു. ആ വിനിമയപത്രം, പണം കൊടുക്കുന്നതിന് ഓർഡർ ചെയ്യാവുന്ന ആളിനാൽ എൻഡോഴ്സ് ചെയ്തതാണെന്ന് വിശ്വസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ക സ്വന്തം പേരുവച്ച് അത് എൻഡോഴ്സ് ചെയ്യുന്നു; ഇവിടെ ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഘ) ക, ഖ യ്ക്ക് എതിരായ ഒരു വിധിയുടെ നടത്തലിൽ വിറ്റ ഒരു എസ്റ്റേറ്റ് വാങ്ങുന്നു. എസ്റ്റേറ്റ് ഏറ്റെടുത്തതിനുശേഷം യ യുമായി കപടസന്ധി യിൽ ഏർപ്പെട്ട്, ഖ എസ്റ്റേറ്റ് നാമമാത്രമായ പാട്ടത്തിന്, ദീർഘകാലത്തേയ്ക്ക്

പാട്ടത്തീയതി ഏറ്റെടുത്തതിന്റെ ആറ്മാസം മുമ്പുള്ള തീയതിയായി കാണിച്ച് ക യെ വഞ്ചിക്കുകയും ഏറ്റെടുക്കുന്നതിനുമുമ്പ് പാട്ടത്തിന് കൊടുത്തതാണെന്ന് വിശ്വസിപ്പിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യ യ്ക്ക് കൊടുക്കുന്നു. തന്റെ സ്വന്തം പേര് വച്ചാണ് ഖ പാട്ടത്തിന് എഴുതിക്കൊടുക്കുന്നതെങ്കിലും അതിൽ മുൻതീയതി വയ്ക്കുന്നതുവഴി ഖ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ങ) ഒരു കച്ചവടക്കാരനായ ക നിർധനത്വം നേരിടുമെന്ന് മുൻകൂട്ടിക്കണ്ട് ക യുടെ ഗുണത്തിനുവേണ്ടിയും തന്റെ ഉത്തമർണ്ണൻമാരെ വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും തന്റെ സ്വത്തുക്കൾ ഖ യുടെ പക്കൽ ഏൽപ്പിക്കുകയും; കൂടാതെ ഇടപാട് യഥാർത്ഥമാണെന്ന് തോന്നിക്കുന്നതിനുവേണ്ടി ഖ യ്ക്ക് മൂല്യം കൈപ്പറ്റിയതിന് ഒരു തുക കൊടുക്കുവാൻ സ്വയം ബാധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു പ്രോമിസറിനോട്ട് എഴുതുകയും ക നിർധനാവസ്ഥയിൽ എത്തുന്ന ഘട്ടത്തിനുമുമ്പ് ഉണ്ടാക്കിയതാണെന്ന് വിശ്വസിച്ചുകൊള്ളട്ടെ എന്ന് ഉദ്ദേശിച്ചുകൊണ്ട് ആ നോട്ടിൽ മുൻതീയതി വയ്ക്കുകയും ചെയ്യുന്നു. ക, ഈ നിർവചനത്തിന്റെ ഒന്നാം ഭാഗത്തിൻ കീഴിൽ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

*വിശദീകരണം 2.*— ഒരു വ്യാജരേഖ, ആ രേഖ യഥാർത്ഥത്തിലുള്ള ഒരാൾ നിർമ്മിച്ചതാണെന്ന് വിശ്വസിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് കല്പിതനായ ഒരാളുടെ പേര് വച്ചോ, അല്ലെങ്കിൽ ആ രേഖ, മരിച്ചുപോയ ഒരാളുടെ പേരിൽ അയാൾ ജീവിച്ചിരിക്കുമ്പോൾ നിർമ്മിച്ചതാണെന്ന് വിശ്വസിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കുന്നത് വ്യാജനിർമ്മാണമാകാവുന്നതാണ്.

*ദൃഷ്ടാന്തം*

ക കല്പിതനായ ഒരാളുടെ പേർക്ക് ഒരു വിനിമയപത്രം എഴുതി ഉണ്ടാക്കുകയും അത് കൈമാറണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള കല്പിതനായ ആളുടെ പേരുവച്ച് ആ വിനിമയപത്രം വഞ്ചനാപൂർവമായി പ്രതിഗ്രഹിക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

*വിശദീകരണം 3.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി “ഇലക്ട്രോണിക് ഒപ്പ് പതിക്കൽ” എന്ന പദപ്രയോഗത്തിന് ഇൻഫർമേഷൻ

ടെക്നോളജി ആക്റ്റ്, 2000 (2000–ലെ 21)–ന്റെ 2–ാം വകുപ്പ് (1)–ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർഥം ഉണ്ടായിരിക്കുന്നതാണ്.

വ്യാജ നിർമ്മാണം.

336. (1) പൊതുജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ നാശനഷ്ടമോ ക്ഷതിയോ ഉളവാക്കുകയോ ഏതെങ്കിലും അവകാശവാദമോ ഉടമസ്ഥാവകാശമോ ശക്തിപ്പെടുത്തുകയോ ഏതെങ്കിലും ആൾ വസ്തു ഉപേക്ഷിക്കുവാനോ പ്രകടമോ വ്യംഗ്യമോ ആയ ഏതെങ്കിലും കരാറിൽ ഏർപ്പെടുവാനോ ഇടയാക്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയോ അല്ലെങ്കിൽ വഞ്ചന നടത്തുന്നതിനോ വഞ്ചന നടന്നുകൊള്ളട്ടെ യെന്നോ ഉള്ള ഉദ്ദേശ്യത്തോടു കൂടിയോ ഏതെങ്കിലും വ്യാജമായ രേഖയോ വ്യാജമായ ഇലക്ട്രോണിക് റിക്കാർഡോ അല്ലെങ്കിൽ രേഖയുടെയോ ഇലക്ട്രോണിക് റിക്കാർഡിന്റെയോ ഭാഗമോ നിർമ്മിക്കുന്ന ഏതൊരാളും വ്യാജനിർമ്മാണം നടത്തുന്നു.

(2) വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും രണ്ട് വർഷം വരെയാ കാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) വ്യാജനിർമ്മിത രേഖയോ ഇലക്ട്രോണിക് റിക്കാർഡോ വഞ്ചിക്കുന്നതിനുവേണ്ടി ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്ക പ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) വ്യാജനിർമ്മിത രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ഏതെങ്കിലും കക്ഷിയുടെ ഖ്യാതിക്ക് ഹാനി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ ആ ആവശ്യത്തിന് ഉപയോഗിക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

കോടതി റിക്കാർഡിന്റെയോ പബ്ലിക് രജിസ്റ്ററിന്റെയോ മറ്റോ വ്യാജ നിർമ്മാണം.

337. ഒരു കോടതിയുടെ റിക്കാർഡോ നടപടിയോ അല്ലെങ്കിൽ വോട്ടർ തിരിച്ചറിയൽ കാർഡോ ആധാർ കാർഡോ ഉൾപ്പെടെ സർക്കാർ പുറപ്പെടു വിക്കുന്ന ഒരു തിരിച്ചറിയൽ രേഖയോ അല്ലെങ്കിൽ ജനനത്തിന്റെയോ വിവാഹ ത്തിന്റെയോ ശവം അടക്കം ചെയ്യുന്നതിന്റെയോ ഒരു രജിസ്റ്ററോ അല്ലെങ്കിൽ

ഒരു പബ്ലിക് സർവന്റ് അങ്ങനെയുള്ള നിലയിൽ സൂക്ഷിക്കുന്ന ഒരു രജിസ്റ്ററോ ആണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു രേഖയോ ഇലക്ട്രോണിക് റിക്കാർഡോ അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റ് തന്റെ ഔദ്യോഗിക നിലയിൽ ഉണ്ടാക്കിയതാണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റോ രേഖയോ, അല്ലെങ്കിൽ ഒരു വ്യവഹാരം ബോധിപ്പിക്കുകയോ പ്രതിവാദം ചെയ്യുകയോ ചെയ്യുന്നതിനോ അതിൽ ഏതെങ്കിലും നടപടികൾ എടുക്കുന്നതിനോ വിധിയെ അംഗീകരിക്കുന്നതിനോ ഉള്ള ഒരു അധികാരപത്രമോ അല്ലെങ്കിൽ ഒരു മുക്ത്യാർനാമയോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും ഏഴ് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

*വിശദീകരണം.*— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "രജിസ്റ്റർ" എന്നതിൽ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 2000 (2000-ലെ 21)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ദ) ഖണ്ഡത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരം ഇലക്ട്രോണിക് രൂപത്തിൽ വച്ചുപോരുന്ന ഏതെങ്കിലും ഉൾക്കുറിപ്പു കളുടെ ഏതൊരു ലിസ്റ്റോ ഡാറ്റയോ റിക്കാർഡോ ഉൾപ്പെടുന്നതാണ്.

മൂല്യമുള്ള ഈട്,മരണ ശാസനം മുതലായവ യുടെ വ്യാജ നിർമ്മാണം.

338. ഒരു മൂല്യമുള്ള ഈടോ ഒരു മരണശാസനമോ ഒരു പുത്രനെ ദത്തെടുക്കുവാനുള്ള അധികാരപത്രമോ ആണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും മൂല്യമുള്ള ഈട് ഉണ്ടാക്കുകയോ കൈമാറ്റം ചെയ്യുവാനോ അതിന്റെ മുതലോ പലിശയോ ലാഭവീതമോ സ്വീകരിക്കുവാനോ, ഏതെങ്കിലും പണമോ ജംഗമവസ്തുവോ മൂല്യമുള്ള ഈടോ സ്വീകരിക്കുവാനോ കൈയേൽപ്പിക്കുവാനോ ഉള്ള അധികാരം നൽകുന്നതാണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചു കൊണ്ടുള്ളതോ ആയ ഒരു രേഖയോ അല്ലെങ്കിൽ പണം കൊടുത്ത് സമ്മതിക്കുന്ന ഒരു മുക്തിപത്രമോ രസീതോ അല്ലെങ്കിൽ ഏതെങ്കിലും ജംഗമവസ്തുവോ മൂല്യമുള്ള ഈടോ കൈയേൽപ്പിച്ചതിനുള്ള മുക്തിപത്രമോ രസീതോ ആണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും രേഖയോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും ജീവപര്യന്ത ത്തടവോ പത്ത് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

337-ാം വകുപ്പിലോ 338-ാം വകുപ്പിലോ വിവരിച്ച രേഖ, അത് വ്യാജനിർമ്മിത മാണെന്ന അറിഞ്ഞു കൊണ്ടും, അത് യഥാർഥമായ തെന്നപോലെ ഉപയോഗിക്കണ മെന്ന ഉദ്ദേശിച്ചു കൊണ്ടും കൈവശം വയ്ക്കുന്നത്.

339. ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ അത് വ്യാജനിർമ്മിതമാണെന്ന് അറിഞ്ഞുകൊണ്ടും, അത് വഞ്ചനാപൂർവമായോ നേരുകേടായോ യഥാർഥമായതെന്നപോലെ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ടും തന്റെ കൈവശം വയ്ക്കുന്ന ഏതൊരാളും ആ രേഖയോ ഇലക്ട്രോണിക് രേഖയോ ഈ സംഹിതയിലെ 337-ാം വകുപ്പിൽ പറഞ്ഞ വിവരണത്തിൽപ്പെട്ട ഒന്നാണെങ്കിൽ, ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതും; ആ രേഖ 338-ാം വകുപ്പിൽ പറഞ്ഞ വിവരണത്തിൽപ്പെട്ട ഒന്നാണെങ്കിൽ ജീവപര്യന്തത്തടവോ അല്ലെങ്കിൽ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

വ്യാജനിർമ്മിത രേഖയോ ഇലക്ട്രോണിക് റിക്കാർഡോ അത് യഥാർഥമാ യതെന്നപോലെ ഉപയോഗി ക്കുന്നത്.

340. (1) പൂർണ്ണമായോ ഭാഗികമായോ വ്യാജനിർമ്മാണം നടത്തി യുണ്ടാക്കിയ ഒരു വ്യാജ രേഖയ്ക്കോ ഇലക്ട്രോണിക് റിക്കാർഡിനോ, വ്യാജനിർമ്മിതമായ രേഖയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡോ എന്ന് പേര് പറയുന്നു.

(2) ഒരു വ്യാജനിർമ്മിത രേഖയോ ഇലക്ട്രോണിക് റിക്കാർഡോ ആണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ യഥാർഥമായതെന്നപോലെ വഞ്ചനാപൂർവമായോ നേരുകേടായോ ഉപയോഗിക്കുന്ന ഏതൊരാളും അയാൾ അങ്ങനെയുള്ള രേഖയോ ഇലക്ട്രോണിക് റിക്കാർഡോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കിയിരുന്നാലെന്ന രീതിയിൽ ശിക്ഷിക്കപ്പെടേണ്ടതാണ്.

338-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹമായ വ്യാജ നിർമ്മാണം നടത്തണമെന്ന ഉദ്ദേശ്യത്തോടു കൂടി കപടാനുകരണം നടത്തിയ മുദ്ര മുതലായവ ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.

341. (1) ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മുദ്രണം ചെയ്യുവാനുള്ള മറ്റുപകരണമോ, അത് ഈ സംഹിതയുടെ 338-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും വ്യാജനിർമ്മാണം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കുകയോ കപടാനുകരണം നടത്തിയുണ്ടാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മറ്റ് ഉപകരണമോ, അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന്

അറിഞ്ഞുകൊണ്ട് തന്റെ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മുദ്രണം ചെയ്യുവാനുള്ള മറ്റ് ഉപകരണമോ, അത് ഈ അധ്യായത്തിലെ 338-ാം വകുപ്പ് ഒഴികെയുള്ള ഏതെങ്കിലും വകുപ്പിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും വ്യാജ നിർമ്മാണം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കുകയോ കപടാനുകരണം നടത്തിയുണ്ടാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മറ്റ് ഉപകരണമോ, അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് തന്റെ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(3) ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മറ്റ് ഉപകരണമോ, അത് കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വയ്ക്കുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(4) ഏതെങ്കിലും മുദ്രയോ പ്ലേറ്റോ മറ്റ് ഉപകരണമോ, അത് കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ യഥാർഥമായതെന്നപോലെ വഞ്ചനാപൂർവമായോ നേരുകേടായോ ഉപയോഗിക്കുന്ന ഏതൊരാളും, അയാൾ അങ്ങനെയുള്ള മുദ്രയോ പ്ലേറ്റോ മറ്റ് ഉപകരണമോ ഉണ്ടാക്കുകയോ കപടാനുകരണം നടത്തുകയോ ചെയ്തിരുന്നാലെന്ന അതേ രീതിയിൽ, ശിക്ഷിക്കപ്പെടേണ്ടതാണ്.

338-ാം വകുപ്പിൽ വിവരിച്ച രേഖകൾ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണമോ ചിഹ്നമോ കപടാനുകരണം നടത്തിയുണ്ടാക്കുകയോ കപടാനുകരണം നടത്തിയ ചിഹ്നമുള്ള പദാർഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത്.

342. (1) ഏതെങ്കിലും പദാർഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ 338-ാം വകുപ്പിൽ വിവരിച്ച ഏതെങ്കിലും രേഖ പ്രമാണീകരിക്കുന്നതിനു വേണ്ടി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും ഉപകരണമോ ചിഹ്നമോ അങ്ങനെയുള്ള ഉപകരണമോ ചിഹ്നമോ അങ്ങനെയുള്ള പദാർഥത്തിൻ മേൽ അപ്പോൾ വ്യാജനിർമ്മാണം നടത്തി ഉണ്ടാക്കുന്നതോ പിന്നീട് വ്യാജ നിർമ്മാണം നടത്തി ഉണ്ടാക്കുവാനുള്ളതോ ആയ ഏതെങ്കിലും രേഖ, പ്രമാണീകരിച്ചതാണെന്ന പ്രതീതി ഉളവാക്കുന്നതിനുവേണ്ടി, ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് കപടാനുകരണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള ഏതെങ്കിലും ഉപകരണമോ ചിഹനമോ കപടാനുകരണം നടത്തിയിട്ടുള്ളതായ ഏതെങ്കിലും പദാർഥമോ അതിന്റെ ഉപദാനമോ കൈവശം വയ്ക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

(2) ഏതെങ്കിലും പദാർഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ 338-ാം വകുപ്പിൽ വിവരിച്ച രേഖകളല്ലാത്ത ഏതെങ്കിലും രേഖയോ ഇലക്ട്രോണിക് റിക്കാർഡോ പ്രമാണീകരിക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും ഉപകരണമോ ചിഹ്നമോ അങ്ങനെയുള്ള ഉപകരണമോ ചിഹ്നമോ, അങ്ങനെയുള്ള പദാർഥത്തിൻമേൽ അപ്പോൾ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്നതോ പിന്നീട് വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുവാനുള്ളതോ ആയ ഏതെങ്കിലും രേഖ, പ്രമാണീകരിച്ചതാണെന്ന പ്രതീതി ഉളവാക്കുന്നതിനുവേണ്ടി, ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് കപടാനുകരണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടി അങ്ങനെയുള്ള ഏതെങ്കിലും ഉപകരണമോ ചിഹ്നമോ കപടാനുകരണം നടത്തിയിട്ടുള്ളതായ ഏതെങ്കിലും പദാർഥമോ അതിന്റെ ഉപദാനമോ കൈവശം വയ്ക്കുന്ന ഏതൊരാളും ഏഴ് വർഷം വരെയാകാവുന്നകാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

343. വഞ്ചനാപൂർവമായോ നേരുകേടായോ അല്ലെങ്കിൽ പൊതു ജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ നാശനഷ്ടമോ ക്ഷതിയോ ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ, ഒരു മരണശാസനമോ ഒരു പുത്രനെ ദത്തെടുക്കുവാനുള്ള ഒരു അധികാരപത്രമോ, ഏതെങ്കിലും മൂല്യമുള്ള ഈടോ ആയതോ, അല്ലെങ്കിൽ ആയതാണെന്ന് കരുതപ്പെടണമെന്നുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും രേഖ റദ്ദാക്കുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ ചെയ്യുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഒളിപ്പിച്ചുവയ്ക്കുകയോ ഒളിപ്പിച്ചുവയ്ക്കുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രേഖ സംബന്ധിച്ച് ദ്രോഹം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

മരണശാസനത്തിന്റെയോ ദത്തെടുക്കുവാനുള്ള അധികാരപത്രത്തിന്റെയോ മൂല്യമുള്ള ഈടിന്റെയോ വഞ്ചനാപൂർവമായ റദ്ദാക്കൽ, നശിപ്പിക്കൽ മുതലായവ.

344. ഒരു ക്ലാർക്കോ ഓഫീസറോ കീഴ്ജീവനക്കാരനോ ആയിരിക്കുകയോ അല്ലെങ്കിൽ ഒരു ക്ലാർക്കോ ഓഫീസറോ കീഴ്ജീവനക്കാരനോ എന്ന നിലയിൽ നിയോജിതനാകുകയോ പ്രവർത്തിക്കുകയോ ചെയ്യവെ, മനഃപൂർവമായും വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും അയാളുടെ നിയോജകന്റെ വകയായതോ കൈവശത്തിലുള്ളതോ അല്ലെങ്കിൽ അയാളുടെ നിയോജകനായോ നിയോജകനുവേണ്ടിയോ അയാൾക്ക് കിട്ടിയതോ ആയ ഏതെങ്കിലും പുസ്തകമോ ഇലക്ട്രോണിക് റിക്കാർഡോ കടലാസോ ലിഖിതമോ മൂല്യമുള്ള ഈടോ കണക്കോ, നശിപ്പിക്കുകയോ വ്യത്യാസപ്പെടുത്തുകയോ വികൃതമാക്കുകയോ വ്യാജീകരിക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ മനഃപൂർവമായും വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും അങ്ങനെയുള്ള ഏതെങ്കിലും പുസ്തകത്തിലോ ഇലക്ട്രോണിക് റിക്കാർഡിലോ കടലാസിലോ ലിഖിതത്തിലോ മൂല്യമുള്ള ഈടിലോ കണക്കിലോ ഏതെങ്കിലും വ്യാജമായ ഉൾക്കുറിപ്പ് ചേർക്കുകയോ ചേർക്കുവാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും സാരവത്തായ വിവരം വിട്ടുകളയുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകയോ വിട്ടുകളയുവാനോ വ്യത്യാസപ്പെടുത്തുവാനോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കണക്കുകളുടെ വ്യാജീകരണം.

*വിശദീകരണം.—* ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും ചാർജിന് വഞ്ചിക്കുവാനുള്ള ഒരു സാമാന്യോദ്ദേശ്യം വഞ്ചിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേക ആളുടെ പേര് പറയുകയോ അല്ലെങ്കിൽ വഞ്ചനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേക തുകയോ കുറ്റം നടത്തിയ ഏതെങ്കിലും പ്രത്യേക ദിവസമോ നിർദേശിക്കുകയോ ചെയ്യാതെ ആരോപിച്ചാൽ മതിയാകുന്നതാണ്.

### *വസ്തുചിഹ്നങ്ങളെക്കുറിച്ച്*

വസ്തുചിഹ്നം.

345. (1) ജംഗമവസ്തു ഒരു പ്രത്യേക ആളുടെ വകയാണെന്ന് കാണിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ചിഹ്നത്തിന് വസ്തു ചിഹ്നം എന്നു പേര് പറയുന്നു.

(2) ഏതെങ്കിലും ജംഗമവസ്തുവിനോ ചരക്കുകൾക്കോ അല്ലെങ്കിൽ ജംഗമവസ്തുവോ ചരക്കുകളോ അടങ്ങുന്ന ഏതെങ്കിലും പെട്ടിക്കോ പൊതിക്കോ മറ്റ് പാത്രത്തിനോ ചിഹ്നമിടുകയോ അല്ലെങ്കിൽ ഏതെങ്കിലും ചിഹ്നമുള്ള ഏതെങ്കിലും പെട്ടിയോ പൊതിയോ മറ്റ് പാത്രമോ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെ ചിഹ്നമിട്ട അങ്ങനെയുള്ള ഏതെങ്കിലും പാത്രത്തിൽ അടങ്ങിയ ഏതെങ്കിലും വസ്തുവോ ചരക്കുകളോ, അവ സ്വന്തമല്ലാത്ത ഒരാളുടെ വകയാണെന്ന് വിശ്വസിപ്പിക്കണമെന്ന് ന്യായമായി കണക്കാക്കിയ ഒരു രീതിയിലായാൽ, വ്യാജമായ ഒരു വസ്തുചിഹ്നം ഉപയോഗിക്കുന്നതായി പറയപ്പെടുന്നു.

(3) ഏതെങ്കിലും വ്യാജമായ ഒരു വസ്തുചിഹ്നം ഉപയോഗിക്കുന്ന ഏതൊരാളും വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യം കൂടാതെയാണ് പ്രവർത്തിച്ചതെന്ന് അയാൾ തെളിയിക്കാത്തപക്ഷം, ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വസ്തു ചിഹ്നത്തിന് കേടുപാട് വരുത്തുന്നത്.

346. ഏതെങ്കിലും ആൾക്ക് അയാൾ അതുവഴി ക്ഷതി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഏതെങ്കിലും വസ്തുചിഹ്നം നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന ഏതൊരാളും

ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഒരു വസ്തു ചിഹ്നത്തിന്റെ കപടാനുകരണം.

347. (1) മറ്റേതെങ്കിലും ആൾ ഉപയോഗിക്കുന്ന ഏതെങ്കിലും വസ്തുചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്ന ഏതൊരാളും രണ്ട്വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഒരു പബ്ലിക് സർവന്റ് ഉപയോഗിക്കുന്ന ഏതെങ്കിലും വസ്തു ചിഹ്നത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തു ഒരു പ്രത്യേക ആളാലോ ഒരു പ്രത്യേക സമയത്തോ സ്ഥലത്തുവച്ചോ നിർമ്മിക്കപ്പെട്ടതാണെന്നോ, ആ വസ്തു ഒരു പ്രത്യേക ഗുണനിലവാരമുള്ളതാണെന്നോ ഒരു പ്രത്യേക ഓഫീസിലൂടെ വന്നിട്ടുള്ളതാണെന്നോ അത് ഏതെങ്കിലും ഒഴിവാക്കലിന് അവകാശപ്പെട്ടതാണെന്നോ സൂചിപ്പിക്കുന്നതിന് പബ്ലിക് സർവന്റ് ഉപയോഗിക്കുന്ന ഏതെങ്കിലും ചിഹ്നത്തിന്റെയോ കപടാനുകരണം നടത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചിഹ്നം അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കും കൂടി അർഹനാകുന്നതുമാണ്.

ഒരു വസ്തു ചിഹ്നത്തിന്റെ കപടാനുകരണത്തിനുള്ള ഏതെങ്കിലും ഉപകരണം നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.

348. ഒരു വസ്തുചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും അച്ചോ പ്ലേറ്റോ മറ്റുപകരണമോ നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ചരക്കുകൾ അവ സ്വന്തമല്ലാത്ത ഒരാളുടെ വകയാണെന്ന് സൂചിപ്പിക്കുന്നതിലേക്ക് ഒരു വസ്തുചിഹ്നം തന്റെ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കപടാനുകരണം നടത്തിയ ഒരു വസ്തു ചിഹ്നം കൊണ്ട് ചിഹ്നമിട്ട ചരക്കുകൾ വിൽക്കുന്നത്.

349. ഏതെങ്കിലും ചരക്കുകളോ സാധനങ്ങളോ അതിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള ചരക്കുകൾ അടങ്ങിയ ഏതെങ്കിലും പെട്ടിയിലോ പൊതിയിലോ മറ്റ് പാത്രത്തിലോ അല്ലെങ്കിൽ അവയിൻമേലോ ഒരു കപടാനുകരണം നടത്തിയ വസ്തുചിഹ്നം ഒട്ടിക്കുകയോ പതിക്കുകയോ

ചെയ്തിട്ടുള്ളതായത്, വിൽക്കുകയോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാൾ—

(ക) ഈ വകുപ്പിനെതിരെയുള്ള ഒരു കുറ്റം ചെയ്യാതിരിക്കുവാൻ വേണ്ട ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തതിനുശേഷം ആരോപിക്കപ്പെട്ട കുറ്റം ചെയ്ത സമയത്ത് ചിഹ്നത്തിന്റെ യഥാർഥത സംശയിക്കുവാൻ തനിക്ക് യാതൊരു കാരണവും ഇല്ലായിരുന്നുവെന്നും;

(ഖ) പ്രോസിക്യൂട്ടറോ പ്രോസിക്യൂട്ടർക്ക് വേണ്ടിയോ ആവശ്യപ്പെട്ടപ്പോൾ അങ്ങനെയുള്ള ചരക്കുകളോ സാധനങ്ങളോ തനിക്ക് ലഭ്യമാക്കിയതായ ആളുകളെ സംബന്ധിച്ച് തനിക്ക് നൽകുവാൻ കഴിയുമായിരുന്ന എല്ലാ വിവരങ്ങളും താൻ നൽകിയെന്നും; അല്ലെങ്കിൽ

(ഗ) മറ്റുപ്രകാരത്തിൽ താൻ നിരപരാധമായാണ് പ്രവർത്തിച്ചതെന്നും,

തെളിയിക്കാത്തപക്ഷം ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പാത്രത്തിൻ മേൽ ഒരു വ്യാജമായ ചിഹ്നം ഇടുന്നത്.

350. (1) ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പെട്ടിയിൻമേലോ പൊതിയിൻമേലോ മറ്റ് പാത്രത്തിൻമേലോ അങ്ങനെയുള്ള പാത്രത്തിൽ അടങ്ങിയിട്ടില്ലാത്ത ചരക്കുകൾ അടങ്ങിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിൽ അടങ്ങിയിട്ടുള്ള ചരക്കുകൾ അടങ്ങിയിട്ടില്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള പാത്രത്തിൽ അടങ്ങിയിട്ടുള്ള ചരക്കുകൾ അവയുടെ യഥാർഥസ്വഭാവത്തിലോ ഗുണനിലവാരത്തിലോ നിന്ന് വ്യത്യസ്തമായ ഒരു സ്വഭാവത്തോടോ ഗുണനിലവാരത്തോടോ കൂടിയതാണെന്നോ ഏതെങ്കിലും പബ്ലിക് സർവന്റിനെയോ മറ്റേതെങ്കിലും ആളെയോ വിശ്വസിപ്പിക്കണമെന്ന് ന്യായമായി കണക്കാക്കിയ ഒരു രീതിയിൽ ഏതെങ്കിലും വ്യാജമായ ചിഹ്നം ഇടുന്ന ഏതൊരാളും, താൻ വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യം കൂടാതെയാണ് പ്രവർത്തിച്ചതെന്ന് അയാൾ തെളിയിക്കാത്തപക്ഷം, മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഏതെങ്കിലും വ്യാജമായ ചിഹ്നം (1)–ാം ഉപവകുപ്പിൻ കീഴിൽ നിരോധിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ ഉപയോഗിക്കുന്ന ഏതൊരാളും, താൻ വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടാതെയാണ് പ്രവർത്തിച്ചതെന്ന് അയാൾ തെളിയിക്കാത്തപക്ഷം, (1)–ാം ഉപവകുപ്പിൻകീഴിലുള്ള കുറ്റം അയാൾ ചെയ്തിരുന്നാലെന്നപോലെ ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XIX

## കുറ്റകരമായ ഭയപ്പെടുത്തലിനെയും അപമാനിക്കലിനെയും അലട്ടലിനെയും അപകീർത്തിപ്പെടുത്തലിനെയും മറ്റും കുറിച്ച്

351. (1) മറ്റൊരാളെ, അയാൾക്കോ അയാളുടെ ഖ്യാതിക്കോ വസ്തുവിനോ അല്ലെങ്കിൽ അയാൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആൾക്കോ അയാളുടെ ഖ്യാതിക്കോ ഏതെങ്കിലും ക്ഷതി ഉളവാക്കുന്നതിന്, അയാൾക്ക് സംഭ്രാന്തി ഉണ്ടാക്കുകയോ അയാൾ നിയമപ്രകാരം ചെയ്യുവാൻ ബാധ്യസ്ഥനല്ലാത്ത ഏതെങ്കിലും കൃത്യം അയാളെക്കൊണ്ട് ചെയ്യിക്കുകയോ അയാൾക്ക് നിയമപ്രകാരം ചെയ്യുവാൻ അവകാശമുള്ള ഏതെങ്കിലും കൃത്യം ചെയ്യിക്കാതിരിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള ഭീഷണി നടപ്പിൽ വരുത്തുന്നത് ഒഴിവാക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ, ഏതെങ്കിലും മാർഗത്തിലൂടെ ഭീഷണിപ്പെടുത്തുന്ന ഏതൊരാളും കുറ്റകരമായ ഭയപ്പെടുത്തൽ നടത്തുന്നു. കുറ്റകരമായ ഭയപ്പെടുത്തൽ.

*വിശദീകരണം.*— ഭീഷണിപ്പെടുത്തപ്പെട്ട ആൾക്ക് താൽപര്യമുള്ള മരിച്ചുപോയ ഏതെങ്കിലും ആളുടെ ഖ്യാതിക്ക് ക്ഷതി ഉളവാക്കുമെന്നുള്ള ഒരു ഭീഷണി ഈ വകുപ്പിൽപ്പെടുന്നു.

*ദൃഷ്ടാന്തം*

ഒരു സിവിൽ വ്യവഹാരം നടത്തുന്നതിൽ നിന്നും പിൻമാറുവാൻ ഖ യെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി ഖ യുടെ ഭവനത്തിന് തീ വയ്ക്കുമെന്ന് ക ഭീഷണിപ്പെടുത്തുന്നു. ക കുറ്റകരമായ ഭയപ്പെടുത്തലിന് അപരാധിയാകുന്നു.

(2) കുറ്റകരമായ ഭയപ്പെടുത്തൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഭീഷണിയിലൂടെ, മരണമോ കഠിനമായ ദേഹോപദ്രവമോ സംഭവിപ്പിക്കുകയോ ഏതെങ്കിലും വസ്തു തീ മൂലം നശിപ്പിക്കുകയോ ചെയ്യുവാൻ ഇടയാക്കുകയോ, അല്ലെങ്കിൽ മരണശിക്ഷയോ ജീവപര്യന്ത ത്തടവോ ഏഴ് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവോ നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ഇടയാക്കുകയോ ഒരു സ്ത്രീക്ക് ചാരിത്ര്യശുദ്ധിയില്ലെന്ന് ദോഷാരോപണം നടത്തുകയോ ചെയ്ത്, കുറ്റകര മായ ഭയപ്പെടുത്തൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും ഏഴ് വർഷംവരെ യാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) അജ്ഞാതമായ ഒരു ആശയവിനിമയം വഴിയോ അല്ലെങ്കിൽ ഭീഷണി നൽകുന്ന ആളുടെ പേരോ വാസസ്ഥലമോ ഒളിച്ചുവയ്ക്കുന്നതിന് മുൻകരുതൽ എടുത്തിട്ടോ കുറ്റകരമായ ഭയപ്പെടുത്തൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും (1)–ാം ഉപവകുപ്പിൻകീഴിലുള്ള കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് പുറമെ രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നൽകണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ഉദ്ദേശ്യപൂർവം അപമാനിക്കുന്നത്.

352. ഏതെങ്കിലും ആളെ ഏതെങ്കിലും രീതിയിൽ ഉദ്ദേശ്യപൂർവം അപമാനി ക്കുകയും അതുവഴി അയാൾക്ക് പ്രകോപനം, അങ്ങനെയുള്ള പ്രകോപനം അയാൾ പൊതുസമാധാനം ലംഘിക്കുവാനോ മറ്റേതെങ്കിലും കുറ്റം ചെയ്യുവാനോ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അറിഞ്ഞുകൊണ്ടോ, നൽകുകയും ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പൊതു ദ്രോഹത്തിന് വഴിയാക്കുന്ന പ്രസ്താവനകൾ.

353. (1) ഇലക്ട്രോണിക് മാർഗങ്ങളിലൂടെയുൾപ്പെടെ ഏതെങ്കിലും പ്രസ്താവനയോ തെറ്റായ വിവരമോ കിംവദന്തിയോ റിപ്പോർട്ടോ—

(ക) ഇൻഡ്യയുടെ കരസേനയിലെയോ നാവികസേനയിലെയോ വ്യോമസേനയിലെയോ ഏതെങ്കിലും ഓഫീസറോ സൈനികനോ നാവികനോ വൈമാനികനോ കലാപം ചെയ്യുകയോ അയാളുടെ ആ നിലയിലുള്ള കർത്തവ്യത്തെ മറ്റുപ്രകാരം അവഗണിക്കുകയോ വീഴ്ചവരു ത്തുകയോ ചെയ്യുവാൻ ഇടയാക്കണമെന്നോ ഇടയാക്കുവാൻ ഇടയുള്ളതാക്ക ണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ; അല്ലെങ്കിൽ

(ഖ) സ്റ്റേറ്റിനെതിരായോ പൊതുപ്രശാന്തിക്കെതിരായോ ഒരു കുറ്റം ചെയ്യുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കാനിടയാക്കാവുന്നവിധം പൊതുജനങ്ങൾക്കോ, ഏതെങ്കിലും പൊതുജന വിഭാഗത്തിനോ ഭയമോ സംഭ്രാന്തിയോ ഉണ്ടാക്കണമെന്നോ ഉണ്ടാക്കുവാൻ ഇടയുള്ളതാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആളുകളുടെ വിഭാഗത്തെയോ സമുദായത്തെയോ മറ്റേതെങ്കിലും വിഭാഗത്തിനോ സമുദായത്തിനോ എതിരായി ഏതെങ്കിലും കുറ്റം ചെയ്യുവാൻ പ്രചോദിപ്പിക്കണമെന്നോ പ്രചോദിപ്പിക്കുവാൻ ഇടയുള്ളതാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയോ,

ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) മതത്തിന്റെയോ വംശത്തിന്റെയോ ജനനസ്ഥലത്തിന്റെയോ വാസസ്ഥലത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ കാരണങ്ങളാലോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ, അത് എന്തുതന്നെയായാലും, വ്യത്യസ്ത മത–വംശ–ഭാഷ–പ്രാദേശിക ഗ്രൂപ്പുകളോ ജാതികളോ സമുദായങ്ങളോ തമ്മിൽ ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ ഉണ്ടാക്കുകയോ പുലർത്തുകയോ ചെയ്യണമെന്നോ അല്ലെങ്കിൽ ഉണ്ടാക്കുവാനോ പുലർത്തുവാനോ ഇടയുള്ളതാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി തെറ്റായ വിവരമോ കിംവദന്തിയോ സംഭ്രമജനകമായ വാർത്തയോ, ഇലക്ട്രോണിക് മാർഗങ്ങളിലൂടെ ഉൾപ്പെടെ, ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രസ്താവനയോ റിപ്പോർട്ടോ ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്ന് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ ചടങ്ങുകളോ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും യോഗത്തിലോ വച്ച് (2)–ാം ഉപവകുപ്പിൽ നിർദേശിച്ചിരിക്കുന്ന ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന കാലത്തേക്ക്, തടവ് നൽകി ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

*അപവാദം.—* അങ്ങനെയുള്ള ഏതെങ്കിലും പ്രസ്താവനയോ തെറ്റായ വിവരമോ കിംവദന്തിയോ റിപ്പോർട്ടോ ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആൾക്ക്, അങ്ങനെയുള്ള പ്രസ്താവനയോ തെറ്റായ വിവരമോ കിംവദന്തിയോ റിപ്പോർട്ടോ സത്യമായതാണെന്ന് വിശ്വസിക്കുവാൻ ന്യായമായ കാരണങ്ങൾ ഉണ്ടായിരിക്കുകയും മേൽപ്പറഞ്ഞപ്രകാരമുള്ള ഏതെങ്കിലും ഉദ്ദേശ്യം കൂടാതെയും ഉത്തമവിശ്വാസത്തോടുകൂടിയും അത് ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ അത് ഈ വകുപ്പിന്റെ അർഥത്തിൽ ഒരു കുറ്റമായിത്തീരുന്നതല്ല.

ദൈവീക അപ്രീതിക്ക് താൻ പാത്രമാകുമെന്ന് ഒരാൾക്ക് വിശ്വാസം ജനിപ്പിക്കുന്നതുവഴി സംഭവിപ്പിക്കുന്ന കൃത്യം.

354. ഏതെങ്കിലും ആൾ, അയാളെക്കൊണ്ട് ചെയ്യിക്കണമെന്ന് കുറ്റക്കാരന് ലക്ഷ്യമുള്ള എന്തെങ്കിലും കാര്യം ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ അയാളെക്കൊണ്ട് ചെയ്യാതിരിപ്പിക്കണമെന്ന് കുറ്റക്കാരന് ലക്ഷ്യമുള്ള എന്തെങ്കിലും കാര്യം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ അയാളോ അയാൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആളോ കുറ്റക്കാരന്റെ ഏതെങ്കിലും കൃത്യം കൊണ്ട് ദൈവീക അപ്രീതിക്ക് പാത്രമാവുകയോ പാത്രമാക്കപ്പെടുകയോ ചെയ്യുമെന്ന് അയാളിൽ വിശ്വാസം ജനിപ്പിക്കുകയോ ജനിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതുവഴി സ്വേച്ഛയാ അയാളെക്കൊണ്ട്, അയാൾ നിയമപ്രകാരം ചെയ്യുവാൻ അവകാശമില്ലാത്ത എന്തെങ്കിലും ചെയ്യിക്കുകയോ അല്ലെങ്കിൽ അയാൾ നിയമപ്രകാരം ചെയ്യുവാൻ അവകാശമുള്ളതായ എന്തെങ്കിലും ചെയ്യാതിരിപ്പിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെയാകാവുന്ന കാലത്തേക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ക, യ യുടെ വാതിൽക്കൽ ധർണ്ണ ഇരിക്കുന്നതുവഴി താൻ യ യെ ദൈവീക അപ്രീതിക്ക് പാത്രമാക്കുന്നു എന്ന് വിശ്വസിപ്പിക്കപ്പെടുവാൻ ഇടയാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അപ്രകാരം ഇരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുറ്റം ചെയ്തിരിക്കുന്നു.

(ഖ) യ ഒരു പ്രത്യേക കൃത്യം ചെയ്യാത്തപക്ഷം ക സ്വന്തം കുട്ടികളിൽ ഒരാളെ കൊല്ലുമെന്ന്, കൊല്ലുന്നത് യ യെ ദൈവീക അപ്രീതിക്ക് പാത്രമാക്കുമെന്ന് വിശ്വസിപ്പിക്കപ്പെടുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ ക, യ യെ ഭീഷണിപ്പെടുത്തുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുറ്റം ചെയ്തിരിക്കുന്നു.

355. ഏതെങ്കിലും പൊതുസ്ഥലത്തോ അല്ലെങ്കിൽ തന്റെ പ്രവേശനം ഒരു കൈയേറ്റമാകുന്ന ഏതെങ്കിലും സ്ഥലത്തോ ഒരു ലഹരി പിടിച്ച അവസ്ഥയിൽ കാണപ്പെടുകയും അവിടെവച്ച് താൻ ഏതെങ്കിലും ആൾക്ക് അലട്ടൽ ഉണ്ടാക്കുന്ന രീതിയിൽ പെരുമാറുകയും ചെയ്യുന്ന ഏതൊരാളും ഇരുപത്തി നാല് മണിക്കൂർവരെയാകാവുന്ന കാലത്തേക്ക്, വെറുംതടവോ ആയിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അല്ലെങ്കിൽ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. മദ്യപിച്ച ഒരാൾ പൊതുസ്ഥലത്ത് അപമര്യാദ യായി പെരുമാറുന്നത്.

*അപകീർത്തിപ്പെടുത്തലിനെക്കുറിച്ച്*

356. (1) പറയപ്പെടുന്നതോ വായിക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ആയ വാക്കുകളാലോ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ ഏതെങ്കിലും ആളെ സംബന്ധിച്ച് ഏതെങ്കിലും ദോഷാരോപണം അങ്ങനെ യുള്ള ആളുടെ ഖ്യാതിക്ക് ഹാനി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള ഹാനി ഉളവാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും രീതിയിൽ ഉന്നയിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, ഇതിനുശേഷം അപവാദമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, ആ ആളെ അപകീർത്തിപ്പെടുത്തുന്നതായി പറയപ്പെടുന്നു. അപകീർത്തി പ്പെടുത്തൽ.

*വിശദീകരണം 1.—* മരിച്ചുപോയ ഒരാളെക്കുറിച്ച് ഏതെങ്കിലും ദോഷാരോപണം ഉന്നയിക്കുന്നത് ആ ദോഷാരോപണം, അയാൾ ജീവിച്ചിരി പ്പുണ്ടെങ്കിൽ അയാളുടെ ഖ്യാതിക്ക് ഹാനി ഉളവാക്കുകയും അയാളുടെ കുടുംബത്തിന്റെയോ മറ്റ് അടുത്ത ബന്ധുക്കളുടെയോ വികാരങ്ങൾക്ക് മുറിവേൽപ്പിക്കണമെന്ന് ഉദ്ദേശിച്ചിട്ടുള്ളതായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അപകീർത്തിപ്പെടുത്തൽ ആകാവുന്നതാണ്.

*വിശദീകരണം 2.—* ഒരു കമ്പനിയെയോ ഒരു സമാജത്തെയോ ആളുകളുടെ ഒരു കൂട്ടത്തെയോ കുറിച്ച് ആ നിലയിൽ ഒരു ദോഷാരോപണം ഉന്നയിക്കുന്നത് അപകീർത്തിപ്പെടുത്തലാകാവുന്നതാണ്.

*വിശദീകരണം 3.— ഒരു* സദൃശരൂപത്തിലുള്ളതോ വിപരീതാർഥം സൂചിപ്പിക്കുന്നതോ ആയ ഒരു ദോഷാരോപണം അപകീർത്തിപ്പെടുത്തൽ ആകാവുന്നതാണ്.

*വിശദീകരണം 4.—* യാതൊരു ദോഷാരോപണവും, അത് മറ്റുള്ളവരുടെ മതിപ്പിൽ നേരിട്ടോ നേരിട്ടല്ലാതെയോ അയാളുടെ സാൻമാർഗികമോ ബൗദ്ധികമോ ആയ പ്രകൃതത്തെ തരംതാഴ്ത്തുന്നതോ അയാളുടെ ജാതിയോ തൊഴിലോ സംബന്ധിച്ചുള്ള അയാളുടെ പ്രകൃതത്തെ തരംതാഴ്ത്തുന്നതോ അയാളുടെ മാന്യതയെ തരംതാഴ്ത്തുന്നതോ അല്ലെങ്കിൽ അയാളുടെ ശരീരം അറപ്പുണ്ടാക്കുന്ന ഒരു സ്ഥിതിയിലാണെന്നോ അപമാനകരമായി പൊതുവേ കരുതപ്പെടുന്ന ഒരു സ്ഥിതിയിലാണെന്നോ വിശ്വസിക്കുവാൻ ഇടയാക്കുകയോ ചെയ്യാത്തപക്ഷം, ഒരാളുടെ ഖ്യാതിയ്ക്ക് ഹാനി ഉളവാക്കുന്നതായി പറയപ്പെടുന്നില്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) യ, ഖ യുടെ വാച്ച് മോഷ്ടിച്ചു എന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ഖ, "യ സത്യസന്ധനായ ഒരാൾ ആകുന്നു. അയാൾ ഖ യുടെ വാച്ച് ഒരിക്കലും മോഷ്ടിച്ചിട്ടില്ല" എന്ന് പറയുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം ഇത് അപകീർത്തിപ്പെടുത്തൽ ആകുന്നു.

(ഖ) ആരാണ് ഖ യുടെ വാച്ച് മോഷ്ടിച്ചതെന്ന് ക യോട് ചോദിക്കുന്നു. യ, ഖ യുടെ വാച്ച് മോഷ്ടിച്ചുവെന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ക, യ യെ ചൂണ്ടിക്കാണിക്കുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം ഇത് അപകീർത്തിപ്പെടുത്തൽ ആകുന്നു.

(ഗ) യ, ഖ യുടെ വാച്ച് മോഷ്ടിച്ചുവെന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട്, യ, ഖ യുടെ വാച്ചുമായി ഓടിപ്പോകുന്ന ഒരു പടം ക വരയ്ക്കുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം ഇത് അപകീർത്തിപ്പെടുത്തൽ ആകുന്നു.

*അപവാദം 1.—* ഏതെങ്കിലും ആളെ സംബന്ധിച്ച് സത്യമായ എന്തിനെയെങ്കിലും കുറിച്ച് ദോഷാരോപണം നടത്തുന്നത്, ആ ദോഷാരോപണം ഉന്നയിക്കുന്നതോ പ്രസിദ്ധപ്പെടുത്തുന്നതോ അത് പൊതുജനനൻമയ്ക്കാണെങ്കിൽ അപകീർത്തിപ്പെടുത്തലല്ല. അത് പൊതുജന നൻമയ്ക്ക്വേണ്ടിയുള്ളതോ അല്ലാത്തതോ എന്നുള്ളത് ഒരു വസ്തുതാപ്രശ്നമാകുന്നു.

*അപവാദം 2.—* ഒരു പബ്ലിക് സർവന്റ് അയാളുടെ പബ്ലിക് ചുമതലകൾ നിർവഹിക്കുന്നതിലുള്ള അയാളുടെ പെരുമാറ്റത്തെക്കുറിച്ചോ അല്ലെങ്കിൽ ആ പെരുമാറ്റത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും

അത്രമാത്രവും അയാളുടെ സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും അഭിപ്രായം, എന്തുതന്നെയായാലും, ഉത്തമവിശ്വാസപൂർവം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

*അപവാദം 3.*— ഏതെങ്കിലും പൊതുപ്രശ്നത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും ആളുടെ പെരുമാറ്റത്തെക്കുറിച്ചും ആ പെരുമാറ്റത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും അത്രമാത്രവും അയാളുടെ സ്വഭാവത്തെക്കുറിച്ചും ഏതെങ്കിലും അഭിപ്രായം, എന്തുതന്നെയായാലും, ഉത്തമവിശ്വാസപൂർവം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

*ദൃഷ്ടാന്തം*

ഒരു പൊതുപ്രശ്നത്തെക്കുറിച്ച് സർക്കാരിന് ഹർജികൊടുക്കുകയോ ഒരു പൊതുപ്രശ്നം സംബന്ധിച്ച് ഒരു യോഗം ചേരുന്നതിനുള്ള ഒരു അഭ്യർഥനയിൽ ഒപ്പുവയ്ക്കുകയോ അങ്ങനെയുള്ള യോഗത്തിൽ ആധ്യക്ഷ്യം വഹിക്കുകയോ സന്നിഹിതനാകുകയോ പൊതുജനപിന്തുണ ക്ഷണിക്കുന്ന ഏതെങ്കിലും സംഘം രൂപവൽക്കരിക്കുകയോ ചേരുകയോ, പൊതുജന ങ്ങൾക്ക് താൽപര്യമുള്ളതായ കർത്തവ്യങ്ങളുടെ കാര്യക്ഷമമായ നിർവഹണ ത്തിൽ ഏതെങ്കിലും സ്ഥാനത്തേക്ക് ഒരു പ്രത്യേക സ്ഥാനാർഥിക്കുവേണ്ടി വോട്ടുചെയ്യുകയോ പ്രചരണം നടത്തുകയോ ചെയ്യുന്നതിലുള്ള യ യുടെ പെരുമാറ്റത്തെകുറിച്ച് ക ഏതെങ്കിലും അഭിപ്രായം, എന്തുതന്നെയായാലും ഉത്തമവിശ്വാസപൂർവം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

*അപവാദം 4.*— ഒരു കോടതിയുടെ നടപടികളെയോ അങ്ങനെയുള്ള ഏതെങ്കിലും നടപടികളുടെ ഫലത്തെയോ കുറിച്ച് വസ്തുതാപരമായി സത്യമായിട്ടുള്ള റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നത് അപകീർത്തിപ്പെടുത്തലല്ല.

*വിശദീകരണം.*— ഒരു കോടതിയിലെ ഒരു വിചാരണയ്ക്ക് പ്രാരംഭമായി തുറന്നകോടതിയിൽ ഒരു അന്വേഷണവിചാരണ നടത്തുന്ന ഒരു മജിസ്ട്രേറ്റോ, മറ്റ് ഓഫീസറോ മുൻവകുപ്പിന്റെ അർഥത്തിൽ ഒരു കോടതിയാകുന്നു.

*അപവാദം 5.*— ഒരു കോടതിയാൽ തീരുമാനിക്കപ്പെട്ട സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും കേസിന്റെ ഗുണവശങ്ങളെക്കുറിച്ചോ അങ്ങനെയുള്ള ഏതെങ്കിലും കേസിൽ ഒരു കക്ഷിയോ സാക്ഷിയോ ഏജന്റോ എന്ന നിലയിലുള്ള ഏതെങ്കിലും ആളുടെ പെരുമാറ്റത്തെക്കുറിച്ചോ ആ പെരുമാറ്റത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും അത്ര

മാത്രവും അങ്ങനെയുള്ള ആളുടെ സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും അഭിപ്രായം എന്തുതന്നെയായാലും ഉത്തമവിശ്വാസപൂർവം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) "യ യുടെ ആ വിചാരണയിലെ തെളിവ് അയാൾ മൂഢനോ നേരുകെട്ടവനോ ആയിരിക്കത്തക്കവിധം അത്ര പരസ്പരവിരുദ്ധമാണെന്ന് ഞാൻ വിചാരിക്കുന്നു" എന്ന് ക പറയുന്നു. ക, അയാൾ ഇത് പറയുന്നത് ഉത്തമവിശ്വാസപൂർവമാണെങ്കിൽ, അയാൾ പ്രകടിപ്പിക്കുന്ന ആ അഭിപ്രായം ഒരു സാക്ഷിയായുള്ള യ യുടെ പെരുമാറ്റത്തിൽ ദൃശ്യമായിടത്തോളവും, അത്രമാത്രവും, യ യുടെ സ്വഭാവത്തെക്കുറിച്ച് ഉള്ളതായതുകൊണ്ട്, ഈ അപവാദത്തിൽപ്പെടുന്നു.

(ഖ) എന്നാൽ "സത്യനിഷ്ഠയില്ലാത്ത ഒരാളാണെന്ന് എനിക്ക് അറിയാവുന്നതുകൊണ്ട് ആ വിചാരണയിൽ യ ഉറപ്പിച്ചുപറഞ്ഞത് ഞാൻ വിശ്വസിക്കുന്നില്ല"; എന്ന് ക പറയുന്നുവെങ്കിൽ അയാൾ യ യുടെ സ്വഭാവത്തെപ്പറ്റി പ്രകടിപ്പിക്കുന്ന ആ അഭിപ്രായം ഒരു സാക്ഷിയായുള്ള യ യുടെ പെരുമാറ്റത്തെ അടിസ്ഥാനമാക്കിയതായ ഒരു അഭിപ്രായമല്ലാത്തിടത്തോളം ക ഈ അപവാദത്തിൽപ്പെടുന്നില്ല.

*അപവാദം 6.—* ഏതെങ്കിലും പ്രകടനത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് അതിന്റെ രചയിതാവ് പൊതുജനവിധിക്ക് സമർപ്പിച്ചിട്ടുള്ളതിലോ അല്ലെങ്കിൽ ആ രചയിതാവിന്റെ സ്വഭാവത്തെക്കുറിച്ച് അങ്ങനെയുള്ള പ്രകടനത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും, അത്രമാത്രവും, ഏതെങ്കിലും അഭിപ്രായം ഉത്തമവിശ്വാസപൂർവം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

*വിശദീകരണം.—* ഒരു പ്രകടനം, പൊതുജനവിധിക്കായി പ്രകടമായോ, അല്ലെങ്കിൽ പൊതുജനവിധിക്ക് അപ്രകാരം സമർപ്പിച്ചതായി ധ്വനിപ്പിക്കുന്ന രചയിതാവിന്റെ ഭാഗത്തുനിന്നുള്ള കൃത്യങ്ങൾ വഴിയോ സമർപ്പിക്കാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ*

(ക) ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്ന ഒരാൾ, ആ പുസ്തകം ഒരു പൊതുജനവിധിക്ക് സമർപ്പിക്കുന്നു.

(ഖ) പൊതുജനസമക്ഷം ഒരു പ്രസംഗം ചെയ്യുന്ന ഒരാൾ ആ പ്രസംഗം പൊതുജനവിധിക്ക് സമർപ്പിക്കുന്നു.

(ഗ) ഒരു പബ്ലിക് സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്ന ഒരു നടനോ ഗായകനോ താൻ അഭിനയിക്കുന്നതോ പാടുന്നതോ പൊതുജനവിധിക്ക് സമർപ്പിക്കുന്നു.

(ഘ) "യ യുടെ പുസ്തകം വിഡ്ഢിത്തമാണ്, യ ദുർബലനായ ഒരാളാണ്; യ യുടെ പുസ്തകം അസഭ്യമാണ്; യ മലിനമനസ്കനായ ഒരു മനുഷ്യനായിരിക്കണം" എന്ന് ക, യ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തെക്കുറിച്ച് പറയുന്നു. അയാൾ ഇത് ഉത്തമവിശ്വാസപൂർവം പറയുന്നതാണെങ്കിൽ യ യെ കുറിച്ച് അയാൾ പ്രകടിപ്പിക്കുന്ന അഭിപ്രായം യ യുടെ സ്വഭാവത്തെക്കുറിച്ച് യ യുടെ പുസ്തകത്തിൽ ദൃശ്യമാകുന്നിടത്തോളവും, അത്രമാത്രവും, ആയതുകൊണ്ട് ക ഈ അപവാദത്തിൽപ്പെടുന്നു.

(ങ) എന്നാൽ "യ ദുർബ്ബലനായ ഒരാളും വിഷയലമ്പടനും ആയതുകൊണ്ട് യ യുടെ പുസ്തകം വിഡ്ഢിത്തമായതും അസഭ്യമായതും ആയതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല" എന്ന് ക പറയുന്നുവെങ്കിൽ, അയാൾ യ യുടെ സ്വഭാവത്തെക്കുറിച്ച് പ്രകടിപ്പിക്കുന്നതായ അഭിപ്രായം യ യുടെ പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ളതായ ഒരു അഭിപ്രായമല്ലാത്തിടത്തോളം ക ഈ അപവാദത്തിൽപ്പെടുന്നില്ല.

*അപവാദം 7.*— മറ്റൊരാളുടെ മേൽ നിയമത്താൽ നൽകപ്പെട്ടതോ അല്ലെങ്കിൽ ആ മറ്റാളുമായി ഉണ്ടാക്കിയിട്ടുള്ള നിയമപരമായ ഒരു കരാറിൽ നിന്ന് ഉദ്ഭവിക്കുന്നതോ ആയ ഏതെങ്കിലും അധികാരമുള്ള ഒരാൾ, അങ്ങനെയുള്ള നിയമപരമായ അധികാരം സംബന്ധിക്കുന്നതായ കാര്യങ്ങളിൽ മറ്റാളുടെ സ്വഭാവത്തെക്കുറിച്ച് ഉത്തമവിശ്വാസപൂർവം നൽകുന്ന ഏതെങ്കിലും ശാസന അപകീർത്തിപ്പെടുത്തലല്ല.

*ദൃഷ്ടാന്തം*

ഒരു ജഡ്ജി, ഒരു സാക്ഷിയുടെയോ കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെയോ പെരുമാറ്റത്തെ ഉത്തമവിശ്വാസപൂർവം ശാസന ചെയ്യുന്നത്; ഒരു വകുപ്പുമേധാവി, തന്റെ ആജ്ഞകൾക്ക് അധീനരായവരെ ഉത്തമവിശ്വാസപൂർവം ശാസനചെയ്യുന്നത്; ഒരു രക്ഷിതാവ്, ഒരു കുട്ടിയെ മറ്റ് കുട്ടികളുടെ സാന്നിധ്യത്തിൽ ഉത്തമവിശ്വാസപൂർവം ശാസന ചെയ്യുന്നത്; ഒരു വിദ്യാർത്ഥിയെ ഒരു രക്ഷിതാവിൽ നിന്നുള്ള അധികാരത്തോടുകൂടി ഒരു അധ്യാപകൻ മറ്റ് വിദ്യാർത്ഥികളുടെ സാന്നിധ്യത്തിൽ ഉത്തമവിശ്വാസപൂർവം

ശാസനചെയ്യുന്നത്; ഒരു യജമാനൻ ജോലിയിലുള്ള ഉദാസീനതക്ക് ഒരു വേലക്കാരനെ ഉത്തമവിശ്വാസപൂർവം ശാസനചെയ്യുന്നത്; ഒരു ബാങ്കർ, തന്റെ ബാങ്കിലെ കാഷ്യറെ അങ്ങനെയുള്ള കാഷ്യർ എന്ന നിലയിലുള്ള അങ്ങനെയുള്ള കാഷ്യറുടെ പെരുമാറ്റത്തെ ഉത്തമവിശ്വാസപൂർവം ശാസനചെയ്യുന്നത്, എന്നിവ ഈ അപവാദത്തിൽപ്പെടുന്നു.

*അപവാദം 8.—* ഏതെങ്കിലും ആൾക്കെതിരായി ഒരു ആരോപണം, ആ ആരോപണ വിഷയം സംബന്ധിച്ച്, ആ ആളുടെമേൽ നിയമപരമായ അധികാരമുള്ളവരിൽ ആരുടെയെങ്കിലും മുമ്പാകെ ഉത്തമവിശ്വാസപൂർവം ബോധിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തൽ അല്ല.

*ദൃഷ്ടാന്തം*

ഒരു മജിസ്ട്രേറ്റിന്റെ മുമ്പാകെ യ യെ കുറിച്ച് ഉത്തമവിശ്വാസപൂർവം ക ആരോപണം നടത്തുന്നുവെങ്കിൽ; ഒരു ഭൃത്യനായ യ യുടെ പെരുമാറ്റത്തെക്കുറിച്ച് യ യുടെ യജമാനനോട് ഉത്തമവിശ്വാസപൂർവം ക പരാതിപ്പെടുന്നുവെങ്കിൽ; ഒരു കുട്ടിയായ യ യുടെ പെരുമാറ്റത്തെക്കുറിച്ച് യ യുടെ അച്ഛനോട് ഉത്തമവിശ്വാസപൂർവം ക പരാതിപ്പെടുന്നുവെങ്കിൽ, ക ഈ അപവാദത്തിൽപ്പെടുന്നു.

*അപവാദം 9.—* മറ്റൊരാളുടെ സ്വഭാവത്തെക്കുറിച്ച് ദോഷാരോപണം നടത്തുന്നത്, ആ ദോഷാരോപണം, അത് നടത്തുന്ന ആളുടെയോ മറ്റേതെങ്കിലും ആളുടെയോ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോ പൊതുജന നന്മയ്ക്കോ ഉത്തമവിശ്വാസപൂർവം നടത്തിയിട്ടുള്ളതാകുന്ന പക്ഷം, അപകീർത്തിപ്പെടുത്തൽ അല്ല.

*ദൃഷ്ടാന്തങ്ങൾ*

(ക) "യ യുടെ സത്യസന്ധതയെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമില്ലാത്തതുകൊണ്ട് അയാൾ നിങ്ങൾക്ക് രൊക്കം പണം തരാത്തപക്ഷം അയാൾക്ക് യാതൊന്നും വിൽക്കരുത്" എന്ന് ഒരു കടയുടമയായ ക തന്റെ കച്ചവടം നടത്തുന്ന ഖ യോട് പറയുന്നു. തന്റെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉത്തമവിശ്വാസപൂർവം യ യെ കുറിച്ച് ഈ ആരോപണം നടത്തിയിട്ടുള്ളതാണെങ്കിൽ ക ഈ അപവാദത്തിൽപ്പെടുന്നു.

(ഖ) ഒരു മജിസ്ട്രേറ്റായ ക്ക തന്റെ മേലുദ്യോഗസ്ഥന് ഒരു റിപ്പോർട്ട് കൊടുക്കുന്നതിൽ യ യുടെ സ്വഭാവത്തെക്കുറിച്ച് ഒരു ദോഷാരോപണം നടത്തുന്നു. ഇവിടെ, ദോഷാരോപണം ഉത്തമവിശ്വാസ പൂർവവും പൊതുജന നന്മക്ക് വേണ്ടിയും നടത്തുന്നതാണെങ്കിൽ ക്ക ഈ അപവാദത്തിൽപ്പെടുന്നു.

*അപവാദം 10.*— ഒരാൾക്ക് മറ്റൊരാൾക്കെതിരായി ഉത്തമവിശ്വാസപൂർവം ഒരു മുന്നറിയിപ്പ് നൽകുന്നത്, ആ മുന്നറിയിപ്പ് നൽകുന്നത് ആ ആളുടെയോ ആ ആൾക്ക് താൽപര്യമുള്ള മറ്റൊരാളുടെയോ നന്മയ്ക്കോ പൊതുജന നന്മയ്ക്കോ ഉദ്ദേശിച്ചിട്ടുള്ളതാകുന്നപക്ഷം അപകീർത്തിപ്പെടുത്തൽ അല്ല.

(2) മറ്റൊരാളെ അപകീർത്തിപ്പെടുത്തുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക് വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അല്ലെങ്കിൽ സാമൂഹ്യസേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ട താണ്.

(3) ഏതെങ്കിലും സംഗതി, അങ്ങനെയുള്ള സംഗതി ഏതെങ്കിലും ആൾക്ക് അപകീർത്തികരമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ തക്ക കാരണമുണ്ടായിട്ടോ, അച്ചടിക്കുകയോ കൊത്തിയുണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെയാകാവുന്ന കാലത്തേക്ക് വെറും തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ട താണ്.

(4) അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുള്ള, അച്ചടിച്ചതോ കൊത്തിയുണ്ടാക്കിയതോ ആയ പദാർഥം ഏതെങ്കിലും, അത് അങ്ങനെയുള്ള സംഗതി അടങ്ങിയിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ട് വിൽക്കുകയോ വിൽപ്പനയ്ക്ക് വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷംവരെ യാകാവുന്ന കാലത്തേക്ക് വെറുംതടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

### *നിസ്സഹായനായ ആളുടെ പരിചരണത്തിനും ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള കരാറിന്റെ ലംഘനം*

നിസ്സഹായനായ ആളുടെ പരിചരണത്തിനും ആവശ്യങ്ങൾ നിറവേറ്റുന്നതിനു മുള്ള കരാറിന്റെ ലംഘനം.

357. യുവപ്രായമോ ചിത്തഭ്രമമോ രോഗമോ ശാരീരിക ദൗർബല്യമോ കാരണമായി നിസ്സഹായനോ അല്ലെങ്കിൽ സ്വന്തം രക്ഷയ്ക്കോ തന്റെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിനോ വേണ്ടതുചെയ്യുവാൻ കഴിവില്ലാത്തവനോ ആയ ഏതെങ്കിലും ആളെ പരിചരിക്കുന്നതിനോ

അയാളുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിനോ നിയമപരമായ ഒരു കരാർ വഴി ബാധ്യസ്ഥനായിരിക്കെ, സ്വേച്ഛയാ അപ്രകാരം ചെയ്യാതിരിക്കുന്ന ഏതൊരാളും മൂന്ന് മാസംവരെയാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

# അധ്യായം XX

## റദ്ദാക്കലും ഒഴിവാക്കലും.

റദ്ദാക്കലും ഒഴിവാക്കലും.

358. (1) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന നിയമസംഹിത റദ്ദാക്കിയിരുന്നാൽത്തന്നെയും,-

(ക) അങ്ങനെ റദ്ദാക്കിയ നിയമസംഹിതയുടെ മുൻകാല പ്രവർത്തനം അല്ലെങ്കിൽ യഥാവിധി ചെയ്തതോ അതിൻകീഴിൽ അനുഭവിച്ചതോ ആയ എന്തിനെയെങ്കിലുമോ; അല്ലെങ്കിൽ

(ഖ) അങ്ങനെ റദ്ദാക്കപ്പെട്ട നിയമസംഹിതയിൻ കീഴിൽ ആർജിച്ചതോ സിദ്ധിച്ചതോ നേടിയെടുത്തതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ; അല്ലെങ്കിൽ

(ഗ) അങ്ങനെ റദ്ദാക്കപ്പെട്ട നിയമസംഹിതയ്ക്കെതിരായി ചെയ്ത ഏതെങ്കിലും കുറ്റങ്ങൾക്ക് നേരിടേണ്ടിവന്ന ഏതെങ്കിലും പിഴശിക്ഷയെയോ ശിക്ഷയെയോ; അല്ലെങ്കിൽ

(ഘ) അങ്ങനെയുള്ള ഏതെങ്കിലും പിഴശിക്ഷയെയോ ശിക്ഷയെയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തെയോ പ്രതിവിധിയെയോ; അല്ലെങ്കിൽ

(ങ) മേൽപ്പറഞ്ഞപ്രകാരമുള്ള ഏതെങ്കിലും പിഴയോ അല്ലെങ്കിൽ ശിക്ഷയോ സംബന്ധിച്ച ഏതെങ്കിലും നടപടിക്രമത്തെയോ അന്വേഷണത്തെയോ പ്രതിവിധിയെയോ,

അത് ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും നടപടിക്രമമോ അല്ലെങ്കിൽ പ്രതിവിധിയോ ആരംഭിക്കുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതും ആ നിയമസംഹിത റദ്ദാക്കിയിട്ടില്ലാതിരുന്നാലെന്നപോലെ അങ്ങനെയുള്ള ഏതെങ്കിലും പിഴശിക്ഷ ചുമത്തുകയും ചെയ്യാവുന്നതാണ്.

(3) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത നിയമസംഹിതയിൻ കീഴിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ സംഹിതയിലെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിലെ പ്രത്യേക കാര്യങ്ങളുടെ പരാമർശം, റദ്ദാക്കലിന്റെ പ്രഭാവവുമായി ബന്ധപ്പെട്ട സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 6-ാം വകുപ്പിലെ പൊതുവായ പ്രയോഗത്തെ മുൻവിധികളാക്കാനോ ബാധിക്കാനോ പാടില്ലാത്തതാണ്.